KOTTAYAM PUBLIC LIBRARY

Call No M01 PAR.B Acc. No 7363

Author പരമേശ്വരക്കുറുപ്പ്
കോഴിപ്പുറത്ത്

Title ഭാഷാസാഹിത്യത്തിലെ
പദ്യശകലങ്ങൾ

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# ഭാഷാസാഹിത്യത്തിലെ
# പഴയ തലമുറ

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണ**

**സംഘം ലിമിററഡ്**

# BHASHASAHITHYATHILE
# PAZHAYA THALAMURA

(MEMOIRS)

BY

KOYIPPILLI

PARAMESWARA KURUP

First Impression | June 1956

RIGHTS RESERVED

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
POST BOX 40, KOTTAYAM

Rs. 1—4—0

No. 7363

# ഭാഷാസാഹിത്യത്തിലെ
# പഴയ തലമുറ

കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്

KOTTAYAM PUBLIC LIBRARY, KOTTAYAM.

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം

വില 1 ക. 4 ണ.

Printed at the India Press, Kottayam. Copies 1000.

## ഉള്ളടക്കം


| | പേജ് |
|---|---|
| കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ | 7 |
| ഉള്ളൂർ | 37 |
| നടുവത്തു് അച്ഛൻനമ്പൂതിരി | 83 |
| വി. സി. ബാലകൃഷ്ണപ്പണിക്കർ | 97 |
| ടി. കെ. കൃഷ്ണമേനോൻ | 125 |
| ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ | 136 |
| ഒറവങ്കര നീലകണ്ഠൻനമ്പൂതിരി (രാജാ) | 162 |

No. 7363
THE KOTTAYAM PUBLIC LIBRARY KOTTAYAM.

# കവിസാൎവ്വഭൌമൻ
# കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ

'കവിസാൎവ്വഭൌമൻ' കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻതിരുമനസ്സിലേയ്ക്കു് ഇയ്യുള്ളവനോടുണ്ടായിരുന്ന വാത്സല്യം വാസ്തവത്തിൽ അപരിമിതമായിരുന്നു. ഞാൻ ഒരു ചെറിയ കുട്ടിയായിരിക്കുമ്പോൾതന്നെ അദ്ദേഹത്തെ കാണ്മാനിടവന്നിട്ടുണ്ടെന്നു മാത്രമല്ല, അദ്ദേഹത്തിൻെറ ലാളനയ്ക്കു പാത്രീഭവിക്കുകയുമുണ്ടായിട്ടുണ്ടു്. ആ തിരുമേനി, എൻെറ പ്രധാനഗുരുനാഥനായിരുന്ന ശ്രീ. കാത്തുള്ളി അച്യുതമേനോൻെറ ഭാഗിനേയിയുടെ ഭൎത്താവും, അദ്ദേഹത്തിൻെറ സമകാലീനനും, വയസ്യനും മാത്രമല്ല, കവിതാവ്യവസായത്തിൽ അവർ കൊടുങ്ങല്ലൂർ കവിസദസ്സിലെ പ്രധാനാംഗങ്ങളുമായിരുന്നതിനാൽ, എനിക്കു സ്മൎത്തവ്യപുരുഷനെ മിക്കസമയവും കാണ്മാനും, അദ്ദേഹത്തിൻെറ ഉപദേശങ്ങൾ സ്വീകരിക്കുവാനുമിടവന്നിട്ടുണ്ടു

ന്നുള്ള പരമാൎത്ഥവും പ്രസ്താവ്യമാണ്. 'കവിസാൎവ്വഭൗമ' ന്റെ ആദ്യകാലകൃതികളായ 'ഭദ്രോല്പത്തി,' 'ഉമാവിവാഹം' തുടങ്ങിയ നാടകങ്ങൾ ഞാൻ മുമ്പുതന്നെ വായിച്ചിട്ടുള്ളതിനാൽ അദ്ദേഹത്തിനു കവനവിഷയത്തിലുള്ള വാസനാബലവും, സംസ്കൃതത്തിലുള്ള ദൃഢവ്യുല്പത്തിയും നിസ്സീമമായിരുന്നു എന്നു ധരിക്കുകയുമുണ്ടായിട്ടുണ്ട്. മാത്രമല്ല, വെണ്മണിമഹൻ നമ്പൂതിരിപ്പാട് 'കവിപുഷ്പമാല'യിൽ അദ്ദേഹത്തെപ്പററി "പവിഴാഖ്യ മല്ലിക യതാക ട്ടേ പകിട്ടേന്നിയെ"യെന്നും, മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട് 'കവിഭാരത'ത്തിൽ "കൊച്ചുണ്ണിക്ഷോണിപാലൻ കൊടിയ കവിവരൻ ദിവ്യനാം സവ്യസാചി," എന്നും പ്രശംസിച്ചിട്ടുള്ളതും ഞാൻ അന്നുതന്നെ ധരിച്ചിരുന്നു. കൂടാതെ, ആ മഹാശയന്റെ ബുദ്ധിവൈഭവവും, ഭക്തിയും, വൈദ്യവിഷയത്തിലുള്ള വിദഗ്ദ്ധതയും എനിക്കു നല്ലപോലെ മനസ്സിലായിട്ടുമുണ്ടായിരുന്നു. ചുരുക്കിപ്പറയുന്നതായാൽ, അക്കാലത്ത് ആ തിരുമേനിയെപ്പോലെ സകല വിഷയങ്ങളിലും ഉറച്ച പാണ്ഡിത്യമുണ്ടായിരുന്ന ഒരു മഹാനെ ഞാൻ കണ്ടിരുന്നില്ലെന്നുതന്നെ പറയാം.

പ്രസ്തുത ഗുണഗണങ്ങൾക്കെല്ലാം വിളനിലമായ ആ മഹാശയൻ, തന്റെ സമകാലീനന്മാരായ മററു പ്രധാന കവികളുമൊരുമിച്ചു സാഹിത്യവിനോദത്തിലേർപ്പെട്ടു സ്വാഭിപ്രായം വെളിവാക്കി, പ്രശംസാൎഹനായിത്തീൎന്നിരുന്നതും അന്നു ചെറുപ്പമായിരുന്ന ഞാൻ കേവലം ദൃക്സാക്ഷിയുടെ നിലയിൽ സൂക്ഷ്മമായി ധരിക്കുകയും ചെയ്തിരുന്നു. ആയിടയ്ക്കു കവനവിഷയത്തിൽ കുശലരായ

മോഹം ജനിച്ചു 'കാത്തുള്ളി'യുടേയും, കുഞ്ഞിക്കുട്ടൻതമ്പുരാൻെറയും അന്തേവാസിത്വത്താലും ശിഷ്യത്വത്താലും പല പ്രോത്സാഹനങ്ങൾക്കും പാത്രമായ ഞാൻ ഒഴിവു കിട്ടുമ്പോഴെല്ലാം ചരിത്രപുരുഷനേയും കണ്ടു് അഭിവാദ്യംചെയ്തു ഭാഷാകവിതയെസംബന്ധിച്ചു് പല ഉപദേശങ്ങളും വാങ്ങുക പതിവായിരുന്നു. അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം ഞാൻ അദ്ദേഹത്തെ സമീപിച്ചു് ഇപ്രകാരം പറഞ്ഞു: "ഭാഷാകവിതയിൽ ചില 'നാൽക്കാലികൾ' അടിയനും സൃഷ്ടിച്ചുവിടാറുണ്ടു്. പക്ഷേ, വൃത്തത്തിലും മററും യാതൊരു പിടിപാടും എനിക്കു് ഇതുവരെയും കിട്ടിയിട്ടില്ല. അലങ്കാരത്തിലുള്ള അറിവോ കേവലം പൂജ്യംതന്നെ. തിരുമേനി എനിക്കു് അവയിൽ സാരമായ പല സംഗതികളും പറഞ്ഞുതന്നു് എന്നെ പ്രോത്സാഹിപ്പിച്ചാൽ കൊള്ളാം." ഉടനെ അദ്ദേഹം കല്പിച്ചതു്, "തൻെറ ചില പദ്യങ്ങൾ ഞാൻ നോക്കിയല്ലോ. പരിശ്രമംകൊണ്ടു തനിക്കു് ഉയൎന്നുവരാം; വൃത്തത്തിലും അലങ്കാരത്തിലും കുറച്ചു ശ്രദ്ധിച്ചു പഠിക്കാനുണ്ടു്. എൻെറ 'കാന്തവൃത്തം' എന്ന ലഘുകൃതി വൃത്തങ്ങൾ മനസ്സിലാക്കുവാൻ നല്ലതാണു്. 'വൃത്തരത്നാവലി'യിൽ ഗണങ്ങൾ ആസ്പദിച്ചു കൊടുത്തിട്ടുള്ള വിവരങ്ങളും നല്ലതുതന്നെ. അലങ്കാരങ്ങളെ സംബന്ധിച്ചു് രാജരാജവൎമ്മ കോയിത്തമ്പുരാൻതന്നെ നിൎമ്മിച്ച 'ഭാഷാഭൂഷണം' നോക്കിയാൽ മതി. എന്നാൽ, ഞാൻ ഉപദേശിക്കുന്നതു ചെറുശ്ശേരിയുടെ 'കൃഷ്ണഗാഥ' പതിവായി വായിക്കുവാനാണു്. 'എഴുത്തച്ഛൻകൃതി'കളും വളരെ ഉപകാരപ്പെടും. കുറച്ചു സംസ്കൃതപരിചയമുള്ളതുകൊണ്ടു് തനിക്കു കവനവിഷയ

ത്തിൽ മെച്ചം നേടുവാൻ ഇതൊക്കെ മതി. സൗകൎയ്യമുള്ള പ്പോഴെല്ലാം ഞാൻ പല ഉപദേശവും തരാം. പിന്നെ കുഞ്ഞിക്കുട്ടനും, കാത്തുള്ളിയുമുണ്ടല്ലൊ. അവരുടെ പ്രബലമായ സഹായം തനിക്കുണ്ടുതാനും," എന്നും മററുമായിരുന്നു. അപ്പോൾ ഞാൻ അദ്ദേഹത്തോടു സവിനയം മറുപടി പറഞ്ഞു, അവിടുത്തെ 'കാന്തവൃത്തം' ഞാൻ വായിക്കാറുണ്ടെന്നും, മാത്രമല്ല ഭാഷാഭൂഷണവും നോക്കിയിട്ടുണ്ടെന്നും, കൂടാതെ എനിക്കു 'വൃത്തരത്നാവലി'യെക്കാൾ എളുപ്പം വൃത്തം മനസ്സിലാക്കുവാൻ 'കാന്തവൃത്ത'മാണെന്നും. 'കാന്തവൃത്തത്തിൽ ഓരോ വൃത്തത്തിന്നും ഉദാഹരണമായി അതേ വൃത്തത്തിലുള്ള പദ്യം,

"ആൎയ്യാ പൂൎവ്വാൎദ്ധം പോ-
ലായ്യേ! യാതൊന്നിലുത്തരാൎദ്ധമതും
ഭാൎയ്യേ! വൎദ്ധിത മന്മഥ-
വീൎയ്യേ! കാണുന്ന 'ഗീതി'യാണങ്ങടോ!"

എന്ന രീതിയിൽ കൊടുത്തിട്ടുള്ളതു് ഇയ്യുള്ളവൎക്കു വൃത്തഗ്രഹണത്തിന്നു കൂടുതൽ എളുപ്പമുണ്ടാക്കിത്തീൎത്തിട്ടുണ്ടെന്നും ഞാൻ അദ്ദേഹത്തെ ധരിപ്പിച്ചു. ഉടനെ അദ്ദേഹം എന്നെ ഉപദേശിച്ചതു്, ഇനി ദിവസേന ഒന്നും രണ്ടും വൃത്തങ്ങൾ നല്ലപോലെ പരിചയിപ്പാൻ തക്ക നിലയിൽ ചില ശ്ലോകങ്ങൾ ഉണ്ടാക്കുവാനും, അവ അദ്ദേഹത്തെ കാണിക്കുവാനുമാണു്. അതുപ്രകാരം ഞാൻ പലപ്പോഴും ചില ശ്ലോകങ്ങൾ നിൎമ്മിച്ചു് അദ്ദേഹത്തെ കാണിച്ചു് അവയ്ക്കുള്ള അററകുററങ്ങൾ തീൎപ്പിക്കുകയും ചെയ്തിരുന്നു. ആ നിലയിൽ, 'കവിസാൎവ്വഭൗമ'ന്റെ കീഴിലും ഒരുവിധം കവനപരിശീലനം കഴിപ്പാൻ എനിക്കു

ഭാഗ്യമുണ്ടായിട്ടുണ്ടെന്നു ഞാൻ ഇവിടെ ചരിത്രാൎത്ഥത യോടെ പ്രസ്താവിച്ചുകൊള്ളട്ടെ.

അപ്രകാരം 'കവിസാൎവ്വഭൌമ'നുമായി അടുത്തു പരിചയിപ്പാൻ എനിക്കു സംഗതിവന്ന കാലത്താണു്, അദ്ദേഹം 'ലക്ഷ്മീഭായി'മാസികയിൽ 'മലയാംകൊല്ല'മെന്ന വിശിഷ്ടകൃതി പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങിയതു്. ഭാഷാസാഹിത്യത്തിൽ പ്രസ്തുത കൃതി ഒരു പുതിയ പ്രസ്ഥാനവും, അലങ്കാരബഹുലവും, വിജ്ഞാനപ്രദവുമായ ഒന്നാണെന്നു് അന്നും ഇന്നും യഥാൎത്ഥ സാഹിത്യനിരൂപകന്മാർ സമ്മതിച്ചിട്ടുണ്ടു്. പ്രകൃത കൃതിയിലെ മംഗളപദ്യം,

"തുംഗശ്രീ 'സിംഹ'വാഹേ! തുഹിനശിഖരിതൻ
'കന്യ'കേ! നി'സ്തുലാ'ഭേ!
ഭൃം'ഗാളീ' കേശി! 'ചാപ'ഭ്രുകുടി! 'മൃഗ'സമാ-
നാക്ഷി! 'കുംഭ'സ്തനാഢ്യേ!
ഭംഗം 'മീനാ'ക്ഷി! തീൎത്തീടുക മധുമഥ'നാ-
ജാ'ദി സേവ്യേ! 'വൃഷാ'ങ്കോ-
ത്സംഗശ്രീസൌമ്യ ഗേഹേ! 'ഭഗവതി!' 'കടകൊ'-
ല്ലാസിഹസ്തേ! നമസ്തേ!"

എന്നുള്ളതാണു്. മലയാളവൎഷത്തിലെ 12 മാസങ്ങളുടെയും പേരുകൾകൂടി ഉൾക്കൊള്ളിച്ചു് അത്യുൽകൃഷ്ടമായ ആശയപ്രൗഢിയോടുകൂടി നിൎമ്മിക്കപ്പെട്ടിട്ടുള്ള ആ മംഗളപദ്യത്തിന്റെ ധാടിയും മോടിയും സ്തുത്യൎഹമെന്നേ പറയേണ്ടൂ. കൂടാതെ, ചിങ്ങമാസത്തെപ്പററിയുള്ള പ്രഥമപദ്യം,

"ചേരുന്ന സിംഹമയി! സിംഹകടിപ്രദേശേ!
നീരുള്ള നീരദഗജങ്ങൾ നശിച്ചിടുന്നു
താരങ്ങളെന്നു പറയും മണിമൗക്തികങ്ങൾ
പാരാതനേകദിശി ചേൎന്നു വിളങ്ങിടുന്നു."

എന്നുള്ളതാകയാൽ അതിലടങ്ങിയ അൎത്ഥവത്തായ അലങ്കാരധോരണിയും അഭിനന്ദനീയമാണ്. മാത്രമല്ല,

"ചൊല്ലാൎന്ന വായുരജകൻ ഘനവസ്ത്രജാല-
മെല്ലാടവും ജലകണം ചിതറുംപ്രകാരം
കല്ലോത്ത കാന്തികലരും ഗഗനത്തിലിട്ടു
തല്ലീട്ടതിന്നിഹ വെളുപ്പു വരുത്തിടുന്നു."

എന്നും,

"കാലാനുകൂലമഥകന്ദുകലീലചെയ്യും
ബാലാ ജനങ്ങളുടെ വാർകുഴൽ മേഘവൃന്ദം
ലോലങ്ങളായടിപതിച്ചു വിളങ്ങിടുന്നു
ചാലേ ശ്രമാംബുകണതാരകൾ മിന്നിടുന്നു."

എന്നും മററുമുള്ള ചിങ്ങമാസ വൎണ്ണനയിലെ ഇതരപദ്യങ്ങളും ഏററവും ചമൽക്കാരപരമായവയാണെന്നാണ് സഹൃദയാഭിപ്രായം. എന്നുവേണ്ട കന്നിമാസ വൎണ്ണനയിൽ,

"ആകുന്നമട്ടു 'ജല'ബാധയൊഴിച്ചു 'വെള്ള-
ക്കാർ' കൂട്ടമിട്ടു വിലസുന്നൊരു കാലമല്ലേ?"

എന്നു തുടങ്ങിയ പ്രയോഗങ്ങളിൽ കാലാനുകൂലമായ രാഷ്ട്രീയകാൎയ്യസൂചനയും മററും പ്രത്യേകം ആലോചിക്കുമ്പോൾ 'കവിസാൎവ്വഭൗമ'ൻെറ ബുദ്ധിയും, യുക്തിയും, ലോകപരിചയവുംകൂടി നമുക്കു നിഷ്പ്രയാസം മനസ്സി

ലാക്കാം. ഈ വിവരമെല്ലാം ഒരിക്കൽ ഞാൻ അദ്ദേഹത്തോടു നേരിട്ടു പറയുകയുണ്ടായി. അതിന്നു മറുപടിയായി അദ്ദേഹം എന്നോടു കല്പിച്ചതു്, "വാക്യം രസാത്മകം കാവ്യം" എന്ന അൎത്ഥവത്തായ കവിവാക്യാനുസരണം ചമല്ക്കാരപരമായ കൃതികൾ നിൎമ്മിപ്പാനാണു നാം നോക്കേണ്ടതെന്നും, എന്റെ കഴിവനുസരിച്ചെല്ലാം ഞാൻ 'മലയാം കൊല്ലം' സഹൃദയപ്രശംസയ്ക്കു പാത്രീഭവിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടെന്നുമാണു്.

ഭാഷാനാടകങ്ങളെ സംബന്ധിച്ചാണു പിന്നീടൊരിക്കൽ എനിക്കു് അദ്ദേഹത്തിന്റെ സദുപദേശങ്ങൾ പലതും ലഭിക്കുവാനിടയായതു്. നാടകങ്ങൾ നിൎമ്മിക്കുക എന്നതു് ഒരിക്കലും ഒരെളുപ്പമുള്ള കാൎയ്യമല്ലെന്നും, പക്ഷേ, ഇന്നാകട്ടെ പലരും "നാടകാന്തം കവിത്വം" എന്ന അൎത്ഥവത്തായ വാക്യത്തെ തീരെ അവഗണിച്ചു് "നാടകാദ്യം കവിത്വം" എന്ന നിലയിൽ നാടകങ്ങൾ എഴുതിക്കൂട്ടുന്നുണ്ടെന്നും, സംസ്കൃതത്തിലുള്ള കാവ്യനാടകാലങ്കാരാദികൾ നല്ലപോലെ മനസ്സിലാക്കാതെയും, 'ഭരതശാസ്ത്ര'ത്തിലും കുറച്ചൊക്കെ അറിവു സിദ്ധിക്കാതെയും നാടകനിൎമ്മാണത്തിനൊരുങ്ങുന്നവരുടെ സാഹസത്തെപ്പററി 'ശാന്തം പാപ'മെന്നേ താൻ പറയുന്നുള്ളുവെന്നും അദ്ദേഹം എന്നോടു് ഉപദേശരീതിയിൽ തുറന്നുപറഞ്ഞു. ഉടനടി ഞാൻ അദ്ദേഹത്തോടു സവിനയം പറഞ്ഞതു്, ഇപ്പോൾ ഭാഷയിലുള്ള പല പ്രധാനനാടകങ്ങളും ഞാൻ വായിച്ചിട്ടുണ്ടെന്നും, പക്ഷേ, അവയിൽ ചിലതൊക്കെ എനിക്കു നാടകനിൎമ്മാണപരിശീലനത്തിന്നു സഹായക

മായിട്ടുണ്ടെന്നും, അവയിൽ പ്രധാനമായവ അവിടത്തെ 'ഉമാവിവാഹം,' കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സിലെ 'ആശ്ചര്യചൂഡാമണി,' ചാത്തുക്കുട്ടിമന്നാടിയാരുടെ 'ഉത്തരരാമചരിതം,' വലിയകോയിത്തമ്പുരാൻതിരുമനസ്സിലെ 'അഭിജ്ഞാനശാകുന്തളം' എന്നിങ്ങനെയുള്ളവയാണെന്നും, വിശേഷിച്ച് അവിടത്തെ 'ഉമാവിവാഹ'ത്തിലെ പ്രസ്താവനയിലുള്ള,

"പട്ടൊന്നമ്പോടുടുക്കും, പുനരതു തെളി-
യാഞ്ഞിട്ടഴിക്കും, കചത്തെ-
ക്കെട്ടും, പിന്നീടഴിക്കും, കറിതൊട്ടു,മുടനേ
മാച്ചുമീമട്ടിലായി

കഷ്ടം! കാലം വൃഥാ നീ കളയുക ചിതമ,-
ല്ലിസ്സഭാവാസികൾക്കീ-
മട്ടിന്നൊട്ടും രസിക്കില്ലയി! വരികചലാ-
പാംഗി! നീ രംഗദേശേ!"

എന്ന രസകരമായ പദ്യം ഭരതശാസ്ത്രത്തിൽ ദൃഢമായ അറിവുള്ള ഒരു ഉത്തമകവിയുടേതാണെന്നു പ്രസ്പഷ്ടമാവുന്നുണ്ടെന്നും മററുമാകുന്നു. കൂടാതെ, സ്വകപോലകല്പിതങ്ങളായ നാടകങ്ങളിൽ അവിടത്തെ 'കല്യാണീനാടക'വും, കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സിലെ 'ചന്ദ്രിക'യുംമററും എനിക്ക് ഏറെക്കുറെ ഇഷ്ടപ്പെട്ടവയാണെന്നും ഞാൻ അദ്ദേഹത്തെ ധരിപ്പിച്ചു. ഉദാഹരണമായി, കല്യാണീനാടകത്തിലുള്ള,

"വങ്കത്തമുണ്ടു പരദേശിജനത്തിനെന്നാ-
തെങ്കൽപ്പെട്ടി,ല്ലിളകിടേണ്ടിളമാഞ്ചലാക്ഷി!

തിങ്കൾ പ്രസന്നമുഖി! കേരളവാസിയാമീ
വെങ്കപ്പരായർ മതിയാൽ മലയാളിയത്രേ."

എന്ന ശ്ലോകത്തിൻെറ രസികത്വം എല്ലാനിലയിലും ഹൃദയാവജ്ജകമായിട്ടുണ്ടെന്നും ഞാൻ അദ്ദേഹത്തോടു തുറന്നുപറഞ്ഞു. പ്രസ്തുതപദ്യത്തിൽ കവി, കാവ്യോദ്ദേശ്യത്തെ മുൻനിൎത്തി സ്വദേശത്തെ(കേരളത്തെ)യും, കേരളീയരേയും മുക്തകണ്ഠം പുകഴ്ത്തുവാൻ ഒരവസരമുണ്ടാക്കിയിട്ടുള്ളതു്, കവനരചനയിൽ അദ്ദേഹത്തിന്നു സന്ദർഭശുദ്ധിക്കനുസരിച്ചുള്ള കാവ്യകലാപാടവം പ്രദശിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതിന്നുത്തമനിദർശനമാണു്. 'കവിസാൎവ്വഭൗമ'ൻെറ ഫലിതരസപ്രധാനമായ സാഹിത്യകലാവൈദശ്ധ്യത്തിന്നും ഇത്തരം പദ്യങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. അദ്ദേഹത്തെക്കണ്ടു് ആ ഘട്ടത്തിൽ പല സംഗതികളും സംസാരിച്ചു കാൎയ്യമായ സാഹിത്യമർമ്മത്തെക്കൂടി മനസ്സിലാക്കുവാൻ ഇയ്യുള്ളവന്നു് അങ്ങനെ പലസന്ദർഭങ്ങളിലും സാധിച്ചിട്ടുമുണ്ടു്.

കവിസാൎവ്വഭൗമന്നു് അന്നത്തെ കൊടുങ്ങല്ലൂർ കവിസദസ്സിൽ എല്ലാനിലയിലും ഒരു പ്രധാനസ്ഥാനമുണ്ടായിരുന്നുവെന്നും, ആയിടയ്ക്കു് ആ മാന്യസദസ്സിൻെറ നേതൃത്വം വഹിച്ചിരുന്ന വെണ്മണിഅച്ഛൻ നമ്പൂതിരിപ്പാടു് അദ്ദേഹത്തെപ്പററിയുംമററും പ്രശംസിച്ചിരിക്കുന്ന രസകരമായ ഒരു പദ്യത്തിൽനിന്നു മനസ്സിലാക്കാം. അന്നു കോവിലകത്തു കൂടാറുള്ള പ്രധാനകവികളിൽ ഓരോരുത്തൎക്കും അവരുടെ യോഗ്യതാനുസരണം 'മാൎക്കു' കൊടുത്തിട്ടുള്ള ആ സുപ്രസിദ്ധകവി (വെണ്മണിഅച്ഛൻ) ന

മ്മുടെ സ്മൃ്വപുരുഷനെപ്പററി പ്രകൃതപദ്യത്തിൽ പ്രത്യേ കം പുകഴ്ത്തുന്നതു നോക്കുക.

"ജാതിത്തത്തിന്നു 'രാജൻ,' ഭൃതകവിതയില-
'ക്കുഞ്ഞഭൂജാനി,' ഭാഷാ-
രീതിക്കൊക്കും പഴക്കത്തിന്നു 'നടുവ,'മിട-
'യ്ക്കച്യുതൻ' മെച്ചമോടേ
ജാതപ്രാസം തകൎക്കും, 'ശുചിമണി'രചനാ-
ഭംഗിയിൽപ്പൊങ്ങിനില്ക്കും
ചേതോമോദം പരക്കെത്തരുവതിനൊരുവൻ
'കൊച്ചുകൊച്ചുണ്ണിഭൂപൻ.'"

വെണ്മണിഅച്ഛൻ തുടങ്ങിയ അന്നത്തെ പ്രധാനകവി കൾക്കു കഥാപുരുഷനോടു് അത്രമാത്രം സ്നേഹബഹുമാനാദികളുണ്ടായിരുന്നുവെന്നു് ഇതിൽനിന്നെല്ലാം പ്രത്യക്ഷമായല്ലൊ. അദ്ദേഹത്തിന്റെ കവനകലാപാടവം പ്രസ്പഷ്ടമാണെന്നു മററുപല അവസരങ്ങളിലും അസ്മാദൃശർ മനസ്സിലാക്കിയിട്ടുണ്ടു്. അന്നു പലപ്പോഴും വെണ്മണി അച്ഛന്റെ നേതൃത്വത്തിൽത്തന്നെ പ്രധാനകവികളായ വിദ്വാൻ കുഞ്ഞിരാമവർമ്മതമ്പുരാൻ, സ്മൃ്വപുരുഷൻ, ഒറവങ്കര, കാത്തുള്ളി, കുഞ്ഞിക്കുട്ടൻതമ്പുരാൻ, നടുവത്തച്ഛൻനമ്പൂതിരി, കുണ്ടൂർ തുടങ്ങിയവർ ചേൎന്നു് അക്ഷരശ്ലോകമത്സരപരീക്ഷകൾ നടത്തിയിട്ടുണ്ടു്. ആ ഘട്ടങ്ങളിൽ പദ്യങ്ങൾ സ്വയമേവ ഉണ്ടാക്കിച്ചൊല്ലുകയും അവൎക്കു ക്ഷിപ്രസാദ്ധ്യമായിരുന്നു. അപ്രകാരം പദ്യങ്ങൾ ഉണ്ടാക്കിച്ചൊല്ലുന്നതിലും 'കവിസാൎവ്വഭൗമൻ' കണക്കിലേറെ പാടവം പ്രദർശിപ്പിച്ചിട്ടുണ്ടു്. അവസാനം അ

വർ കേവലം വിനോദത്തിന്നും, തങ്ങളുടെ ധാരണാശക്തിയെ പ്രത്യേകം മനസ്സിലാക്കുവാനും ഓരോരുത്തർ ഉണ്ടാക്കിച്ചൊല്ലിയ പദ്യങ്ങൾ വീണ്ടും അവിടെ ഉച്ചരിച്ചു രസിക്കാറുമുണ്ട്. ആ അവസരങ്ങളിൽ കവിസാവ്വഭൗമനും, കുഞ്ഞിക്കുട്ടൻതമ്പുരാനുമാണ് കൂടുതൽ യോഗ്യത കാണിക്കാറുള്ളതു്. അവർ രണ്ടുപേരും, തങ്ങൾ തല്ക്കാലം നിർമ്മിച്ച പദ്യങ്ങളിൽ ഒന്നെങ്കിലും വിട്ടുകളയാതെയും വീഴ്ച കൂടാതെയും ഉച്ചരിച്ചിട്ടുണ്ടെന്നുള്ളതു് ഇയ്യുള്ളവന്നും മററുപലക്കും സൂക്ഷ്മമായി അറിയുവാനിടയായിട്ടുണ്ട്. മാത്രമല്ല, കവിസാവ്വഭൗമന് മററുള്ളവരേക്കാൾ ബുദ്ധിയും, ധാരണാശക്തിയും കൂടുമെന്നുള്ളതിന്നും ദൃഷ്ടാന്തമുണ്ട്. അദ്ദേഹം താനുണ്ടാക്കിച്ചൊല്ലിയ പദ്യങ്ങൾ മുഴവനും അന്നു വീണ്ടും ഉച്ചരിച്ചിരുന്നുവെന്നു മാത്രമല്ല, മററുകവികളിൽ ചിലരുടെ പദ്യങ്ങളും ചൊല്ലി എല്ലാവരേയും വിസ്മയിപ്പിച്ചിരുന്നു. വിശേഷവിധിയായി, മററുചില കവനകലാപരിശ്രമങ്ങളും അവിടെ നടത്തപ്പെടാറുണ്ട്. നമ്മുടെ ചരിത്രപുരുഷൻ ആ സന്ദർഭത്തിൽ ഒരേസമയത്തു് ഒരു നാടകം, ഒരു ഖണ്ഡകാവ്യം, ഒരു തുള്ളൽക്കൃതി, ഒരു 'ഭാണം' എന്നിങ്ങനെ വിവിധരീതിയിലുള്ള കൃതികൾ അടുത്തു് അവ പകത്തുവാൻ സാമത്ഥ്യമുള്ളവരെ ഇരുത്തി ക്രമപ്രകാരം പറഞ്ഞുകൊടുത്തു് എഴുതിക്കുകകൂടി ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള രസകരമായ, അത്ഭുതകരമായ എന്നുതന്നെ പറയട്ടെ, സാഹിത്യവിനോദങ്ങൾ കണ്ടു് ആശ്ചയ്യപരതന്ത്രരായിട്ടുള്ളവരാണ് അന്നത്തെ പല കവികളും, സാഹിത്യനിരൂപകന്മാരും. അവരെല്ലാം കൊച്ചു

ണ്ണിത്തമ്പുരാൻ തിരുമനസ്സിലേയ്ക്കുള്ള സാഹിത്യകലാ വിദഗ്ദ്ധതയെക്കുറിച്ച് ഉള്ളഴിഞ്ഞു ശ്ലാഘിച്ചിട്ടുണ്ട്. പ്രസ്തുത സംഗതികൾ പലതും ആസ്പദമാക്കി ഒരിക്കൽ ഇയ്യുള്ളവൻ അദ്ദേഹത്തോടു ചോദിച്ചു: "തിരുമേനി, അവിടുന്ന് ഒരേ സമയത്തുതന്നെ പലതരം കൃതികൾ നിർമ്മിച്ച്, അവിടുത്തെ ബുദ്ധിവൈഭവവും, സാഹിത്യപരിചയവും പ്രസ്പഷ്ടമാക്കുന്നതിൽ അസ്മാദൃശർ അത്ഭുതപരതന്ത്രരാണ്. അങ്ങനെയുള്ള കവനകലാനിപുണത കണ്ട് അവിടുത്തെ പ്രശംസിക്കുന്നവരാണ് ഇന്നു മററു സകല കവികളും. അവിടുത്തെ അനുഗ്രഹത്താലും ഉപദേശത്താലും ഇയ്യുള്ളവക്കു സാഹിത്യത്തിൽ സാമത്ഥ്യം കൈവരുവാൻ മാഗ്ഗമുണ്ടെന്നു തീത്തുപറയാം." ഉടനടി അദ്ദേഹം മറുപടി പറഞ്ഞു, ആ വക സാഹിത്യപരിശ്രമങ്ങൾക്കു കാൎയ്യമായി ആവശ്യമായിട്ടുള്ളതു ശരിയായ പഠിപ്പും, നല്ല പരിശീലനവുമാണ്, "നിത്യാഭ്യാസി ആനയെ എടുക്കും" എന്നു കേട്ടിട്ടുണ്ടല്ലൊ, അതിനാൽ നിങ്ങളൊക്കെ വഴിപോലെ കവനകലയിൽ പരിശ്രമിച്ചുമിടുക്കന്മാരാവുമെന്നാണ് എനിക്കു തോന്നുന്നതെന്ന്. അപ്രകാരം വാത്സല്യപൂൎവ്വം ഇയ്യുള്ളവനുപദേശം തന്നശേഷം അദ്ദേഹം എന്നോടു ചോദിച്ചു, "എന്താ പരമേശ്വരന്ന് ഇനി ഇംഗ്ലീഷ് പഠിക്കേണമെന്നില്ലേ?വേണ്ടെങ്കിൽ ഒരു വഴിയുണ്ട്; ഇപ്പോഴത്തെ കൊച്ചി വിദ്യാഭ്യാസഡയറക്ടർ പൗരസ്ത്യഭാഷാപരിചയമുള്ള പോപ്പ് എന്ന ഒരു സായ്പാണ്, അയാൾക്ക് എന്നെ കുറച്ചു ബഹുമാനമുണ്ട്, വേണമെങ്കിൽ ഞാൻ ഒരു കത്തു തരാം,

വല്ല മുൻഷിപ്പണിയും കിട്ടിയാലായില്ലേ?" എന്നു്. ഞാൻ വിനയപൂർവ്വം അതിന്നു മറുപടി ഉണർത്തിച്ചതു, തിരുമേനി ദയാപൂർവ്വം ചെയ്തു തരുന്ന സഹായങ്ങൾകൊണ്ടു് ഇയ്യുള്ളവന്നു് അഭിവൃദ്ധിയുണ്ടാകുമെന്നും, അവിടുന്നു കല്പിക്കുന്ന പ്രകാരം ചെയ്യുമെന്നുമാണു്. "ആട്ടേ, എന്നാൽ ഒരെഴുത്തു തരാം, അതു സംസ്കൃതത്തിലാക്കാം" എന്നു പറഞ്ഞു് അദ്ദേഹം ഉടനെ പോപ്പു സായ്പിന്നു കൊടുപ്പാൻ എനിക്കൊരു കത്തു തന്നു. സംസ്കൃതത്തിലുള്ള പ്രസ്തുത കത്തു് ഗദ്യമെന്നും പദ്യമെന്നും തോന്നുന്ന ഒരു രീതിയിലാണു്. അതിലുണ്ടായിരുന്ന ആദ്യത്തെ പദ്യമായ,

"ജാനാമ്യമുമഹം സമ്യക്
കോയിപ്പിള്ളി ഗൃഹേ ഭവം
മഹാപുരുഷ പാദാബ്ജ-
സംഭവം പരമേശ്വരം."

എന്നതു മാത്രമേ എനിക്കിപ്പോൾ ഓർമ്മയുള്ളു. ആകെ ആറു പദ്യങ്ങളുണ്ടായിരുന്നു. മററു പദ്യങ്ങളിൽ, എനിക്കു സാമാന്യം ഇംഗ്ലീഷു പരിചയമുണ്ടെന്നും, കവിതാവാസനയും, സംസ്കൃതത്തിലും ഭാഷയിലും മുൻഷിപ്പണിക്കു് ആവശ്യമായ പഠിപ്പുണ്ടെന്നും, ഏതെങ്കിലും സക്കാർ പള്ളിക്കൂടത്തിൽ ഒരു മുൻഷിപ്പണി കൊടുത്തു് ഇയ്യാളെ സഹായിച്ചാൽ കൊള്ളാമെന്നും അദ്ദേഹം ശുപാർശ ചെയ്തിരുന്നു. അപ്രകാരം അനുഗ്രഹപൂർവ്വം അദ്ദേഹം എനിക്കു തന്ന കത്തു വാങ്ങി ഞാൻ അന്നുതന്നെ വിദ്യാഭ്യാസ ഡയറക്ടരായിരുന്ന പോപ്പു സായ്പിനെ കാണ്മാൻ തൃശ്ശൂക്കു പോയി.

ഞാൻ അന്ന വൈകുന്നേരം തൃശ്ശൂരെത്തി, പിറേറന്ന രാവിലെ സായ്പിനെ കാണ്മാൻ പുറപ്പെട്ടു. ഡയറക്ടരുടെ ആപ്പീസ്സിൽനിന്ന മനസ്സിലായതു്, സായ്പിനെ കാണ്മാൻ നല്ല സമയം പതിനൊന്ന മണിക്ക ശേഷമാണെന്നാണ്. അതിനാൽ ആ സമയം നോക്കി ഞാൻ ഡയറക്ടരുടെ ആപ്പീസ്സിൽ കാത്തിരുന്നു. ഏകദേശം പതിനൊന്നമണി കഴിഞ്ഞപ്പോഠം ഞാൻ, തമ്പുരാൻ തിരുമനസ്സിലെ കത്തു് ഒരു ശിപായി പക്കൽ സായ്പിന്ന കൊടുപ്പാൻ ഏല്പിച്ചു. ഏതാണ്ടു് അരമണിക്കൂർ കഴിഞ്ഞപ്പോഠം സായ്പു് എന്നെ ഒരു ശിപായി മുഖേന വിളിപ്പിച്ചു. പോപ്പ സായ്പു് കാഴ്ചയിൽ നല്ല തറവാടിത്തമുള്ള ഒരു വെള്ളക്കാരനും, ഒരു വൃദ്ധനും ഗൗരവമുള്ള ഒരാളുമാണ്. സുശീലനാണ് അദ്ദേഹമെന്നും എനിക്ക മുമ്പുതന്നെ മനസ്സിലായിരുന്നു. ഗംഭീരപുരുഷനായ ആ 'ദൊര' യുടെ മുമ്പിൽ ഞാൻ ഭയാശങ്കകളോടുകൂടിച്ചെന്ന നിന്നതു്, സിംഹത്തിന്റെ മുമ്പിൽ ഒരു മുയലിനെപ്പോലെയാണ്. സായ്പ്, ഞാൻ കൊടുത്തയച്ച കത്തു വായിച്ചു നോക്കിയിരുന്നു. പക്ഷേ, എന്നെ കണ്ടപ്പോഠം സായ്പിന്നു് അത 'കണ്ണിൽ പിടിച്ചില്ല.' കാരണം, ഞാൻ നന്നെ ചെറുപ്പമാണല്ലൊ. കേവലം യുവാവായ ഞാൻ പ്രായവും പഠിപ്പുമുള്ളവർ നടത്തേണ്ടതായ മുൻഷിപ്പണി നടത്തുവാൻ പ്രാപ്തനാവുകയില്ലെന്നായിരുന്നു സായ്പിന്റെ അനുമാനം. അതു പക്ഷെ, സ്വാഭാവികവുമാണ്. അതിനാൽ, അദ്ദേഹം ഗൗരവഭാവത്തോടുകൂടി എന്നോടു് ഇംഗ്ലീഷിൽ കല്പിച്ചതിന്റെ ഒരു ഏകദേശ പരിഭാഷ താഴെ കൊടുക്കുന്നു:

"തമ്പുരാനു സുഖമെന്നറിയുന്നതിൽ സന്തോഷമുണ്ടു്. എനിക്കു് അദ്ദേഹത്തെ ബഹുമാനമാണു്. പക്ഷെ, തനിക്കു് ഒരു മുൻഷിപ്പണിയോ! താൻ കേവലം 'താടി മുളയ്ക്കാത്ത' ഒരു യുവാവല്ലേ? മുൻഷിപ്പണി താൻ ശരിക്കു നടത്തുമോ? ഇക്കാര്യത്തിൽ എനിക്കു സംശയമുണ്ടു്. എങ്കിലും ഞാൻ തന്നെ പ്രോത്സാഹിപ്പിക്കുവാൻ ശ്രമിക്കാമെന്നു തമ്പുരാനോടു പറയു." സായ്പിന്റെ കല്പന കേട്ടു് അദ്ദേഹത്തോടു നന്ദിപറഞ്ഞു് ഉടനെതന്നെ ഞാൻ കൊടുങ്ങല്ലൂക്കു മടങ്ങി. പക്ഷേ, സായ്പു, കേവലം ചെറുപ്പക്കാരനായ ഇയ്യുള്ളവൻ മുൻഷിപ്പണിക്കു പററിയ ഒരാളല്ലെന്നു കരുതിയിട്ടുള്ളതിനാൽ എനിക്കു് ഉദ്യോഗം കിട്ടുന്ന കാര്യം സംശയമാണെന്നുതന്നെ കണക്കാക്കിക്കൊണ്ടാണു് ഞാൻ കൊടുങ്ങല്ലൂരെത്തിയതും, കോവിലകത്തു ചെന്നു തമ്പുരാനെക്കണ്ടു സകല വിവരവും ഉണത്തിച്ചതും. തമ്പുരാൻ കല്പിച്ചതു ജ്ഞാനവൃദ്ധനും വയോവൃദ്ധനുമായ സായ്പു വളരെ ചെറുപ്പമായ തന്നെ കണ്ടപ്പോൾ തനിക്കു് ഒരറിവുമില്ലെന്നു കരുതി അപ്രകാരം പറഞ്ഞതാണു്. അതു പക്ഷേ, ഒരു നിലയ്ക്കു ന്യായവുമാണു്, എങ്കിലും അദ്ദേഹം തന്നെ പ്രോത്സാഹിപ്പിക്കുമെന്നാണു ഞാൻ വിശ്വസിക്കുന്നതു് എന്നാകുന്നു. "ഏതായാലും ഇനി ഭാഗ്യംപോലെ ഒക്കെ വരട്ടെ," എന്നു് അദ്ദേഹത്തെ താണുതൊഴുതുകൊണ്ടു പറഞ്ഞു് ഞാൻ തല്ക്കാലം മടങ്ങി വീട്ടിലേയ്ക്കു പോയി. തമ്പുരാൻതിരുമനസ്സിലേയ്ക്കു പരോപകാരം ചെയ്യാനും, ആശ്രിതജനങ്ങളെ സഹായിക്കുവാനുമുള്ള ആത്മാർത്ഥമായ ആഗ്രഹം ഈ ഒരു സംഭവത്തിൽനിന്നുതന്നെ ധാരാളം വ്യക്തമായല്ലോ.

കവിസാർവ്വഭൗമനെ പിന്നീടും പലപ്പോഴും ഞാൻ കാണാറുണ്ട്. അങ്ങനെയിരിക്കുമ്പോൾ എനിക്കു വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിൽ ജോലിയും കിട്ടി. അതു തമ്പുരാൻെറ കരുണാതിരേകത്താലാണെന്നു കരുതാം. അക്കാലത്തും ഇടയ്ക്കിടയ്ക്കു ഞാൻ തമ്പുരാനെ കാണുകയും, ഞാൻ എഴുതാറുള്ള പല പദ്യങ്ങളും അദ്ദേഹത്തെക്കാണിച്ചു ഗുണദോഷങ്ങൾ മനസ്സിലാക്കുകയും പതിവാണ്. ആയിടയ്ക്കു കോവിലകത്തും കാത്തുള്ളിവീട്ടിലുംവെച്ചു പല പ്രധാന കവികളും ചേൎന്നു വിവിധരീതിയിലുള്ള സാഹിത്യപരിശ്രമങ്ങൾ പലതും നടന്നിട്ടുണ്ട്. അവയിൽ എല്ലാററിലും മുന്നണിയിൽ നിന്നു തൻെറ മികച്ച ബുദ്ധിസാമൎത്ഥ്യവും, കവനകലാപാടവവും, പഠിപ്പും തമ്പുരാൻ പ്രത്യക്ഷപ്പെടുത്തിയിട്ടുമുണ്ട്. അക്കാലത്തു ചിലപ്പോൾ വള്ളത്തോൾ,കുണ്ടൂർ, ഒട്ടു തുടങ്ങിയ പലരും പ്രസ്തുത സാഹിത്യപരിശ്രമങ്ങളിൽ പങ്കുകൊണ്ടിരുന്നു. ആയിടയ്ക്കാണ് അദ്ദേഹം തൻെറ ഒരു പ്രധാന കൃതിയായ 'പാണ്ഡവോദയം' മഹാകാവ്യം നിൎമ്മിച്ചിട്ടുള്ളതു്. പാണ്ഡവോദയം 'ലക്ഷ്മീഭായിമാസിക'യിൽ തുടരെത്തുടരെ പ്രസിദ്ധപ്പെടുത്തുകയും, അതു് പിന്നീടു പുസ്തകരൂപത്തിൽ പുറത്തുവരികയും, യഥാൎത്ഥ സാഹിത്യനിരൂപകന്മാരുടെ ഗാഢമായ അഭിനന്ദനത്തിനു പാത്രീഭവിക്കുകയും ചെയ്തിട്ടുണ്ട്. വഴിയെ അദ്ദേഹം 'ഗോശ്രീശാദിത്യചരിതം' എന്ന മഹാകാവ്യം നിൎമ്മിച്ചു്, അന്നത്തെ കൊച്ചിമഹാരാജാവു തിരുമനസ്സിലെ പ്രീതിക്കും ബഹുമാനത്തിനും പാത്രമായിത്തീൎന്നു. 'കവിസാർവ്വഭൗമൻ' എന്ന ബിരുദം നേടിയിട്ടുള്ള വസ്തുതയും മററും സർവ്വവിദിത

മാണ്. കൂടാതെ അദ്ദേഹം 'ഷഷ്ടിപൂർത്തിമഹോത്സവം' എന്ന പേരിൽ ഒരു ശീതങ്കൻതുള്ളൽ നിർമ്മിച്ചിട്ടുള്ളതു്, 'കവനകൌമുദി'മാസിക വകയായി പുറപ്പെട്ട ഒരു വിശേഷാൽപ്രതിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. സ്ഥാനത്യാഗം ചെയ്ത കൊച്ചിമഹാരാജാവു തിരുമനസ്സിലെ ഷഷ്ടിപൂർത്തിയെ ഉദ്ദേശിച്ചു ശ്രീ. പി. വി. കൃഷ്ണവാരിയർ (കവനകൌമുദി പത്രാധിപർ) പല പ്രധാനകവികളെക്കൊണ്ടും പല രീതിയിൽ കവിതകളെഴുതിച്ചുചേർത്തു് പുസ്തകരൂപത്തിൽ പുറത്തിറക്കിയതാണു് ആ വിശേഷാൽപ്രതി. ശ്രീ. കൃഷ്ണവാരിയരുടെ ആവശ്യപ്രകാരം പ്രസ്തുതകൃതി തമ്പുരാനെക്കൊണ്ടു് എഴുതിച്ചതു് ഇയ്യുള്ളവനാണു്. കൃഷ്ണവാരിയർക്കു് അപ്രകാരം ഒരു കവിതയെഴുതിക്കൊടുക്കേണമെന്നു ഞാൻ തമ്പുരാനോടപേക്ഷിച്ചപ്പോൾ, അദ്ദേഹം ഉടനടി എന്നോടു കല്പിച്ചതു്, "അങ്ങനെയുമിങ്ങനെയും ഒരു കവിതയെഴുതിയാൽ പോരാ, മഹാരാജാവു മഹായോഗ്യനായ ഒരു ഭരണാധികാരിയാണു്, അദ്ദേഹത്തിൻെറ ഭരണഗുണത്തെപ്പററി പരക്കെ അറിയത്തക്കവണ്ണമുള്ള പല സംഗതികളും അതിൽ വേണം, അതുകൊണ്ടു് അതുസംബന്ധിച്ച വിവരങ്ങൾ എല്ലാം എനിക്കു വിശദമായിത്തരണം, ഞാൻ ഒരു ശീതങ്കൻതുള്ളൽ എഴുതിത്തരാ"മെന്നാണു്. അതുപ്രകാരം ഞാൻ തമ്പുരാൻ തിരുമനസ്സിലേയ്ക്കു്, സുപ്രസിദ്ധ സാഹിത്യകാരനും, കൊച്ചിഗവർമ്മെണ്ടു സിക്രട്ടറിയുമായിരുന്ന ശ്രീ. സി. അച്യുതമേനോൻെറ 'സ്റ്റേററുമാന്വവൽ' എന്ന വിലയേറിയ ഗ്രന്ഥവും മററും നോക്കി അദ്ദേഹത്തിന്നു പല സംഗതികളും പറഞ്ഞുകൊടുത്തു. അദ്ദേഹം

ഒരാഴ്ചകൊണ്ടു് അതിവിശിഷ്ടമായ ഒരു ശീതങ്കൻതു ള്ളൽ എനിക്കു് എഴുതിത്തരികയും ചെയ്തു. കവിതാഗു ണംകൊണ്ടും, സാരവത്തായ പല സംഗതികളുടെ ഉള്ളട ക്കത്താലും പ്രകൃതകൃതിയെപ്പററി അന്നു പല രാജ്യത ന്ത്രനിപുണന്മാരും, സാഹിത്യനിരൂപകന്മാരും മുക്തക ണ്ഠം പ്രശംസിച്ചിട്ടുണ്ടു്. പ്രകൃതകൃതിയിൽ മഹാരാജാവു തിരുമനസ്സിലെ യോഗ്യതയെ ശരിയായി വിവരിച്ചിട്ടു ള്ളതിനു പുറമെ, അദ്ദേഹത്തിൻെറ കീഴിൽ ദിവാന്മാരാ യിരുന്ന പട്ടാഭി രാമറാവു, രാജഗോപാലാചാരി, ഏ. ആർ. ബാനർജി തുടങ്ങിയവരുടെ ഭരണനിപുണതയേ യും അവർ രാജ്യാഭിവൃദ്ധിക്കായി ചെയ്തിട്ടുള്ള പല പ രിഷ്കാരങ്ങളെയുംകുറിച്ചു തമ്പുരാൻ വിശദമായി വർണ്ണി ച്ചിട്ടുമുണ്ടു്. ഉദാഹരണത്തിന്നായി,

"ക്ഷിപ്രതരം കാൎയ്യകാരിപര-
മപ്രതിമാ ധൈൎയ്യവാരിരാശി
വിപ്രവരൻ രാജഗോപാലന-
തിപ്രതിഭാഢ്യനാചാരി."

എന്നുംമററും അവിടവിടെയുള്ള ചില ചില്ലറ വരികൾ മാത്രമല്ലാതെ കൂട്ടതലായി എന്തെങ്കിലും ഇവിടെ ഉദ്ധരി ക്കുവാൻ എനിക്കു സാദ്ധ്യമല്ലാത്തതിൽ ഞാൻ നിൎവ്യാജം വ്യസനിക്കതന്നെ ചെയ്യുന്നു. ആയിടയ്ക്കുതന്നെ ശ്രീ. പി. വി. കൃഷ്ണവാരിയർ കവനകൗമുദിക്കു വേണ്ടി 'ശ്രുതിഗീ ത' തുടങ്ങിയ പല പ്രധാനകൃതികളും (ഭാഷ) ഞാൻ ക വിസാൎവ്വഭൗമനെക്കൊണ്ടു് എഴുതിച്ചയച്ചു കൊടുത്തിട്ടുമു ണ്ടു്. ആ ഘട്ടങ്ങളിൽത്തന്നെയാണു് ഇയ്യുള്ളവൻ 'കവന

No. 2363
KOTTAYAM.

കൗമുദി'യിലേയ്ക്കും മററും എഴുതിയിരുന്ന പല കൃതികളും അദ്ദേഹത്തെ കാണിച്ചു ഗുണദോഷമറിഞ്ഞ ശേഷം തൃപ്തിയടഞ്ഞിട്ടുള്ളതു്. ഞാൻ അക്കാലത്തെഴുതിയിട്ടുള്ള ചില കൃതികൾ(വിഷയങ്ങളെപ്പററി എഴുതിയിട്ടുള്ളവ)ക്കും നല്ല അഭിനന്ദനമാണു് അദ്ദേഹം പ്രോത്സാഹജനകമാംവണ്ണം പ്രസ്പഷ്ടമാക്കിയിട്ടുള്ളതു്. ഒരിക്കൽ എൻെറ ഒന്നുരണ്ടു ചെറുകൃതികൾ (അവയിൽ ചില ഗൂഢാർത്ഥങ്ങളും മററുമടങ്ങിയിരുന്നു.) അദ്ദേഹം നോക്കിയശേഷം എന്നോടു് ഉപദേശരീതിയിൽ കല്പിച്ചതു്, ഞാൻ ഇന്നും കേവലം 'വേദവാക്യ'മായി പരിഗണിക്കുന്നുണ്ടു്. കവിസാർവ്വഭൗമൻ പറഞ്ഞ അഭിപ്രായമിപ്രകാരമാണു്:

"ഇക്കാലത്തു് ഇപ്രകാരം ഗൂഢാർത്ഥത്തിൽ ഉപായേന ചിലരെ ഉദ്ദേശിച്ചെഴുതുന്ന കൃതികൾ പുറത്തിറക്കുമ്പോൾ സൂക്ഷിക്കണം. ഞങ്ങൾ ചിലർ പണ്ടു 'കല്യാണീനാടക'വും മററും നിർമ്മിച്ച കാലമല്ലാ ഇതു്. അന്നു് ആരെക്കുത്തി എഴുതിയാലും ഗവൺമെണ്ടു കാര്യമായ ചോദ്യങ്ങളൊന്നും ചെയ്യുമായിരുന്നില്ല. ഇന്നത്തെ പരിതഃസ്ഥിതിയതല്ല. അതിനാൽ, കാവ്യനിർമ്മാണത്തെ സംബന്ധിച്ചേടത്തോളം ഇന്നു ഗവൺമെണ്ടിനേയും കുറെയൊക്കെ ശങ്കിക്കേണ്ടതുണ്ടു്. ഏതായാലും തൻെറ കവനവ്യവസായത്തിൽ ഞാൻ തന്നെ ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കുകതന്നെ ചെയ്യുന്നു." ഈ നിലയിൽ വാത്സല്യപൂർവ്വം അദ്ദേഹം എനിക്കു തന്നിട്ടുള്ള ഉപദേശങ്ങൾ എൻെറ എളിയ സാഹിത്യപരിശ്രമങ്ങൾക്കു സർവ്വോപരി സഹായകമായിത്തീർന്നിട്ടുള്ളതിനാൽ, ഏതുകാലത്തും എൻെറ

ഹൃദയഭിത്തിയിൽനിന്നു് അദ്ദേഹത്തെക്കുറിച്ചുള്ള ഭക്തിപൂർവ്വകമായ സ്മരണ മാഞ്ഞുപോകുവാനിടയില്ല.

ചരിത്രപുരുഷൻ സംസ്കൃതത്തിൽ ദൃഢവ്യുൽപ്പന്നനായിരുന്നതിനാലും, അലങ്കാരശാസ്ത്രത്തിലും മററും അദ്ദേഹത്തിന്നു് അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നതിനാലും അദ്ദേഹത്തെ ആത്മാൎത്ഥമായി ബഹുമാനിക്കുവാൻ അന്നു നിഷ്പക്ഷമതികളായ സാഹിത്യനിരൂപകന്മാർ സൎവ്വഥാ സന്നദ്ധരായിരുന്നു. ഭാഷാകവിതയിൽ കുറകളഞ്ഞ അലങ്കാരഭംഗി പ്രസ്പഷ്ടമാക്കി അദ്ദേഹം പണ്ടു നിൎമ്മിച്ചിട്ടുള്ള,

"ചാരുശ്രീധരണിക്കിടയ്ക്കുയിൽ നിലാവാം
മേൽവിരിപ്പിട്ടുടൻ
താരാനായകനാം ഗ്ലോബ്ബു തെളിയി-
ച്ചാകാശമേൽക്കെട്ടിയിൽ
ചേരും താരരസക്കുട്ടക്കകൾ മുദാ
തൂക്കിജ്ജഗന്മന്ദിരം
പാരം മോടിവരുത്തിടുന്നു രജനീ-
വേശ്യാദ്യവശ്യാദരാൽ"

എന്ന സന്ധ്യാവൎണ്ണനപദ്യവും മററും വിദ്യാവിനോദിനിമാസികയിൽ, പ്രകാശിതമായിരുന്ന കാലത്തു് അദ്ദേഹത്തെ പുകഴ്ത്താത്ത യഥാൎത്ഥ സാഹിത്യനിരൂപകന്മാരും ഭാഷാഭിമാനികളും മലയാളത്തിലുണ്ടായിരുന്നില്ല. അദ്ദേഹം പലതരത്തിൽ നിൎമ്മിച്ചിട്ടുള്ള കൃതികൾക്കും ഒരു കയ്യും കണക്കുമില്ല. ഖണ്ഡകൃതികൾ, സന്ദേശങ്ങൾ, ഭാണങ്ങൾ, പലവിധ നാടകങ്ങൾ, തുള്ളൽപ്പാട്ടുകൾ (സുന്ദര

കാണ്ഡം തുള്ളൽ തുടങ്ങിയവ), ഉപദേശരീതിയിലുള്ള കൃതികൾ തുടങ്ങിയ പല പ്രസ്ഥാനങ്ങളിലും തമ്പുരാൻ കൈവെച്ചു സാഹിത്യലോകത്തിൽ സർവ്വസമ്മതനായിട്ടുണ്ടു്. അവയിൽ ഓരോന്നിൽനിന്നും ഉദാഹരണത്തിന്നായി ചിലതൊക്കെ എടുത്തിവിടെ ഉദ്ധരിക്കുമ്പോൾ ഈ ഉപന്യാസം ഒരു വലിയ ഗ്രന്ഥമായിത്തീരുമെന്നു കരുതി ഞാൻ അതിനുദ്യമിക്കുന്നില്ല. ദ്രാവിഡവൃത്തങ്ങളിലും കാവ്യരചനയ്ക്കു നല്ല പഴക്കവും തഴക്കവും സിദ്ധിച്ചിട്ടുണ്ടായിരുന്ന കവിസാർവ്വഭൌമന്നു് ഇന്ന വൃത്തങ്ങളിലോ, ഇന്ന വിഷയങ്ങളിലോ മാത്രമേ കാവ്യനിർമ്മാണത്തിന്നു കഴിവുള്ളു എന്നുണ്ടായിരുന്നില്ല. അദ്ദേഹത്തിന്നു് എല്ലാവിധ കൃതികളും ക്ഷിപ്രസാദ്ധ്യമായിരുന്നു. അദ്ദേഹം അതിന്നുത്തമനിദർശനമായിട്ടാണല്ലോ 'ശ്രീമഹാഭാഗവതം' 'ഗാഥാ'രീതിയിൽ പരിഭാഷപ്പെടുത്തിയിട്ടുള്ളതു്. അദ്ദേഹം സംസ്കൃതഭാഷയിൽ അതിവിദഗ്ദ്ധനായിരുന്നതിനാൽ പല കാവ്യങ്ങളും ആ ഭാഷയിൽ നിർമ്മിച്ചിട്ടുമുണ്ടു്. മാത്രമല്ല, വളരെക്കാലം മുമ്പു മഹാവിദ്വാനായ കൊടുങ്ങല്ലൂർ 'വിദ്വാൻ'ഇളയതമ്പുരാൻ സംസ്കൃതത്തിൽ 'രാമചരിതം' എന്ന ഒരു വിശിഷ്ടകാവ്യം നിർമ്മിച്ചിരുന്നു. അദ്ദേഹത്തിന്നു, നിർഭാഗ്യവശാൽ അതു മുഴമിക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ പ്രകൃതകൃതിയുടെ യോഗ്യത പ്രസ്പഷ്ടമായിരുന്നു. ബോമ്പായിലുള്ള 'നിർണ്ണയസാഗരം' പ്രസ്സിൽനിന്നു് ആ അപൂർണ്ണമായ കാവ്യം ഭംഗിയായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ടു്. വിദ്വാനിളയതമ്പുരാന്റെ കാലശേഷം പ്രസ്തുത കാവ്യം നിർണ്ണയസാഗരം പ്രസ്സിൽ എങ്ങനെ ചെന്നുചേൎന്നു എന്നുള്ള വി

വരം ഇന്നും അജ്ഞാതമാണെന്നു പറയാം. ആ രാമചരിതം കാവ്യം നമ്മുടെ സ്മൎത്ത്യപുരുഷൻ യാതൊരു ന്യൂനതയും കൂടാതെ മുഴമിപ്പിച്ചിട്ടുള്ളതും, പ്രസിദ്ധന്മാരായ പല സംസ്കൃതപണ്ഡിതന്മാരുടെ അഭിനന്ദനത്തിന്നു പാത്രീഭവിച്ചിട്ടുള്ളതും സുപ്രസിദ്ധമാണ്. വിദ്വാനെളയതമ്പുരാൻെറ രാമചരിതംകാവ്യത്തിലുള്ള,

"സുവൎണ്ണചൂൎണ്ണദ്യുതി തുല്യകാന്ത്യാഃ
സമാശ്രിതസ്സാഗരകന്യയായാഃ
വിഭാതിഗാത്രത്തമത ചാരുദേഹഃ
ക്ഷണപ്രഭാവാനിവ കാളമേഘാഃ"

എന്നും മററുമുള്ള പദ്യങ്ങളും സ്തുത്യൎഹങ്ങളാണ്. നമ്മുടെ ചരിത്രപുരുഷൻ നിൎമ്മിച്ചതും, പ്രകൃതകാവ്യത്തിലടങ്ങിയതുമായ ഒരു പദ്യമെങ്കിലും ഇവിടെ ഉദാഹരണത്തിന്നുപോലും ഉദ്ധരിക്കുവാൻ തല്ക്കാലം സാധിക്കാത്തതിൽ എനിക്കു കുണ്ഠിതമുണ്ട്. ഈ നിലയിൽ, തമ്പുരാൻതിരുമനസ്സിലേയ്ക്കു സംസ്കൃതത്തിൽ അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നുവെന്നുള്ളതു ശ്രദ്ധേയമാണ്.

തമ്പുരാൻതിരുമനസ്സിലേയ്ക്കു കവനകലയിലുള്ള പാടവം നിസ്സീമമാണെങ്കിൽ, അതുപോലെതന്നെ അദ്ദേഹത്തിന്നു വൈദ്യവിഷയത്തിലുള്ള പ്രാവീണ്യവും പ്രശംസാൎഹമാണ്. ആയുൎവ്വേദത്തിൽ തമ്പുരാനെ കവച്ചുവെയ്ക്കുവാൻ അക്കാലത്തു മറെറാരു ആയുൎവ്വൈദ്യനുമുണ്ടായിട്ടില്ല കേരളത്തിൽ എന്നു പറയുന്നതു് ഒരിക്കലും അതിശയോക്തിയല്ല. അദ്ദേഹത്തിന്നു വൈദ്യവിഷയത്തിൽ അനവധി ശിഷ്യന്മാരുമുണ്ടായിട്ടുണ്ട്. അവരെല്ലാം പ്രമാണികളുമായിരുന്നു. വൈദ്യത്തിൽക്കൂടി നിപു

ണനായിരുന്ന പ്രസിദ്ധ കവി നടുവത്തു് അച്ഛൻനമ്പൂതിരി ഒരിക്കൽ കലശലായ ഒരു സുഖക്കേടിൽ പെട്ടു. അന്നു പല പ്രസിദ്ധ വൈദ്യന്മാരും അദ്ദേഹത്തെ കയ്യൊഴിച്ചു. ഒടുവിൽ കവിസാർവ്വഭൗമൻെറ ചികിത്സയാലാണു് അദ്ദേഹം അരോഗദൃഢഗാത്രനായതെന്നു് അദ്ദേഹത്തിന്റെ (നടുവത്തച്ഛൻെറ)'ഭഗവദ്ദൂതു്' നാടകത്തിലെ പ്രസ്താവനയിൽനിന്നു വിശദമാകുന്നുണ്ടു്.

> "അച്ഛൻ മഹീസുരവരന്നുളവായ ദീന-
> മിച്ഛാനുകൂലതരമായ ചികിത്സയാലെ
> കൊച്ചുണ്ണി ഭൂമിപതി മാററിയവർത്തമാനം
> നൽച്ചാരുചന്ദ്രമുഖി! നീയറിയുന്നതില്ലേ?"

എന്നു ഭഗവദ്ദൂതിലെ പ്രസ്താവനയിലുള്ള പ്രകൃതപദ്യം കൊണ്ടും നമുക്കു കവിസാർവ്വഭൗമൻെറ വൈദ്യവിദഗ്ദ്ധത വിശദമായി മനസ്സിലാകുന്നുണ്ടു്.

നാട്യകലയിൽ നമ്മുടെ ചരിത്രപുരുഷനുണ്ടായിരുന്ന നൈപുണ്യം സർവ്വസമ്മതമാണു്. കഥകളിയെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന്നു് അസംഖ്യം ശിഷ്യന്മാരുണ്ടായിട്ടുണ്ടു്. അവരെല്ലാവരും സുപ്രസിദ്ധന്മാരുമാണു്. കഴിഞ്ഞുപോയ കൊടുങ്ങല്ലൂർ ചെറിയ കുഞ്ഞുണ്ണിത്തമ്പുരാൻ (കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സിലെ കനിഷ്ഠസഹോദരൻ—ഇദ്ദേഹം ഒരു നല്ല ഭാഷാകവിയും കൂടിയായിരുന്നു) കവിസാർവ്വഭൗമൻെറ പ്രധാന ശിഷ്യനായിരുന്നു നാട്യകലയിലെന്നുള്ളതു് അസ്വാദൃശക്കു നല്ലപോലെ അറിവുള്ള ഒരു പരമാർത്ഥമാണു്. പ്രസ്തുത കുഞ്ഞുണ്ണിത്തമ്പുരാൻെറ ശിഷ്യപരമ്പരയിൽപ്പെട്ട ഒരു

പ്രധാന നാട്യകലാവിദഗ്ദ്ധനായിരുന്ന 'കേരളകലാമണ്ഡല'ത്തിലെ പേരുകേട്ട ഒരു നടനായിരുന്ന കഴിഞ്ഞുപോയ പട്ടിക്കാംതൊടി രാമുണ്ണിമേനോൻ. നാട്യവിദ്യയിൽ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെയ്ക്കുണ്ടായിരുന്ന വൈദഗ്ദ്ധ്യത്തിന്നുത്തമനിദർശനങ്ങൾ പലതും പറയുവാനുണ്ടു്. പണ്ടു കൊടുങ്ങല്ലൂർ കോവിലകത്തു് ഒരു നാടകസംഘംതന്നെ ഉണ്ടായിരുന്നു. അന്നു് ഉമാവിവാഹം, ഭഗവദ്ദൂതു്, കുചേലഗോപാലം, ഉത്തരരാമചരിതം, ആശ്ചര്യചൂഡാമണി, ശാകുന്തളം മുതലായ ഭാഷാനാടകങ്ങൾ ആ കോവിലകത്തെ തമ്പുരാക്കന്മാർതന്നെ വേഷക്കാരായി ഭംഗിയായി അഭിനയിച്ചിട്ടുണ്ടു്. അവരുടെ സംഘത്തിൽ കൊടുങ്ങല്ലൂക്കാരായ ചില വിദഗ്ദ്ധനടന്മാരും ഉൾപ്പെട്ടിരുന്നു. ഒരിക്കൽ അവരെല്ലാവരും ചേൎന്നു കുഞ്ഞിക്കുട്ടൻതമ്പുരാൻെറ 'ആശ്ചര്യചൂഡാമണി' എന്ന നാടകം അഭിനയിക്കയായിരുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാൻ സീതയുടെയും, കൊച്ചുണ്ണിത്തമ്പുരാൻ ലക്ഷ്മണൻെറയും, ചെറിയ കുഞ്ഞുണ്ണിത്തമ്പുരാൻ (കുഞ്ഞിക്കുട്ടൻതമ്പുരാൻെറ കനിഷ്ഠസഹോദരൻ) ശൂർപ്പണഖയുടേയും വേഷങ്ങൾകെട്ടി ഭംഗിയായി അഭിനയിച്ചിട്ടുണ്ടു്. ശ്രീരാമൻെറ വേഷം കെട്ടാറുള്ളതു നീലത്തു ശങ്കരൻനായർ എന്ന സുമുഖനും സമർത്ഥനുമായ ഒരു യുവാവായിരുന്നു. ചൂഡാമണി അഭിനയിക്കുമ്പോൾ, പൊന്മാൻവടിവായ മാരീചൻ ശ്രീരാമൻെറ ശരമേററു വീണു ശ്രീരാമൻെറ വേഷമെടുത്തു കിടന്നു സീതയേയും, ലക്ഷ്മണനേയും മററും വിളിച്ചു നിലവിളിക്കുന്ന ഘട്ടത്തിലെത്തി അവരുടെ അഭിനയം. അപ്പോൾ ലക്ഷ്മണൻ

സീതയുടെ നിർബ്ബന്ധത്താൽ, അഥവാ മുള്ളുവാക്കാൽ, ശ്രീരാമനെ തിരഞ്ഞു പുറപ്പെട്ടു് രാക്ഷസനായ മാരീചൻ ശ്രീരാമൻെറ വേഷമെടുത്തു കിടക്കുന്ന സ്ഥലത്തെത്തി. മാരീചൻ ശ്രീരാമശരങ്ങളേററു കിടന്നു കഷ്ടപ്പെടുന്നതു കണ്ടു സാക്ഷാൽ ശ്രീരാമനാണതെന്നു കരുതി ലക്ഷ്മണൻ (ലക്ഷ്മണൻെറ വേഷംകെട്ടിയിരുന്നതു കവിസാർവ്വഭൗമനാണു്) ആ കപടവേഷധാരിയുടെ ശരീരത്തിൽത്തറച്ചിരുന്ന അമ്പു വലിച്ചെടുക്കുകയായിരുന്നു. ആ ഘട്ടത്തിലാണല്ലോ സാക്ഷാൽ ശ്രീരാമൻ അവിടെ ലക്ഷ്മണനേയും തിരഞ്ഞെത്തുന്നതു്. സാക്ഷാൽ ശ്രീരാമൻ, (സാക്ഷാൽ ശ്രീരാമൻ മുമ്പറഞ്ഞ നീലത്തു ശങ്കരൻ നായരായിരുന്നു) ലക്ഷ്മണൻ സൂക്ഷ്മം മനസ്സിലാക്കാതെ രാമവേഷധാരിയായ മാരീചൻെറ ശരീരത്തിൽനിന്നു് അസ്ത്രം വലിച്ചെടുക്കുന്നതു കണ്ടു് ലക്ഷ്മണനോടു്,

"അറി മായാദുഃഖംകള-
കരികിൽ കാണ്കനുജ,നാഥ്യനാമെന്നെ"

എന്നു സഹതാപപൂർവ്വം പറഞ്ഞപ്പോൾ, സാക്ഷാൽ ശ്രീരാമനായിരിക്കും രാക്ഷസനായ മാരീചനെന്നു ധരിച്ചു് ലക്ഷ്മണൻ കഠിനമായ കോപത്തോടും വ്യസനത്തോടും കൂടി യഥാർത്ഥ വീരരസം പ്രസ്പഷ്ടമാക്കിക്കൊണ്ടുച്ചരിച്ചതു്,

"അരിദയാരഗ്രജനെക്കൊന്നോ-
രരിശമൊടെന്നോടടുത്തിടുന്നോ നീ?"

എന്നാണു് ലക്ഷ്മണൻെറ ആ അവസരത്തിലുണ്ടായ മഹാഗംഭീരമായ വീരരസപ്രകടനവും, കോപവും, അതി

ന്നു നിദൎശനമായ കണ്ണുകളുടെ ചൈതന്യവിശേഷവും കണ്ടപ്പോൾ ശ്രീരാമൻ ഭയവിഹ്വലനായി ഉടനടി നിലംപതിച്ചുപോയി. ഉടനെ നാടകാഭിനയം നിൎത്തിവെച്ചു ശ്രീരാമനെ (ശങ്കരൻനായരെ) എടുത്തുകൊണ്ടുപോയി വേണ്ടവിധത്തിലുള്ള ശുശ്രൂഷകൾ ചെയ്യുവാനാണു നടന്മാരായ തമ്പുരാന്മാരും മററുള്ളവരും ബദ്ധകങ്കണരായതു്. അതുപ്രകാരം അവർ ബോധരഹിതനായ ശങ്കരൻനായൎക്കു് യഥോചിതം ചികിത്സകൾ നടത്തിക്കൊണ്ടിരുന്നു എങ്കിലും ഒരാഴ്ചയ്ക്കുള്ളിൽ കലശലായ പനിമൂലം അയാൾ മരിച്ചുപോയെന്നു് അസ്മാദൃശർ സൂക്ഷ്മമായി മനസ്സിലാക്കിയിട്ടുണ്ടു്. ഇതിൽനിന്നെല്ലാം പ്രത്യക്ഷമാവുന്നതു നമ്മുടെ സ്മൎത്തവ്യപുരുഷന്നു നടനകലയിലുള്ള നിസ്സീമമായ സാമൎത്ഥ്യവും, വിശേഷിച്ചു് വീരരസം നടിക്കുന്നതിലുള്ള സ്തുത്യൎഹമായ വൈദഗ്ദ്ധ്യവുമാണു്. കൂടാതെ, മററു പല ഘട്ടങ്ങളിലും കവിസാൎവ്വഭൗമൻ തന്റെ നടനകലാനിപുണതയാൽ പല പ്രസിദ്ധ നടന്മാരെയും അത്ഭുതപരതന്ത്രരാക്കിയിട്ടുമുണ്ടു്. അതുമൂലം നമ്മുടെ ചരിത്രപുരുഷൻ നാട്യവിദ്യയിൽ മഹാ പ്രമാണിയായിരുന്നുവെന്നുള്ളതു സൎവ്വവിദിതമാണു്.

കൊച്ചുണ്ണിത്തമ്പുരാൻതിരുമനസ്സിലെ ഭക്തിയെപ്പററിയും ഇനി കുറച്ചു പറയേണ്ടതുണ്ടു്. ഭക്തിവിഷയത്തിൽ അദ്ദേഹത്തിനെ ജയിപ്പാൻ അന്നു കൊടുങ്ങല്ലൂർ കോവിലകത്തും അടുത്തുള്ള മററു സ്ഥലങ്ങളിലും ആരുമുണ്ടായിട്ടില്ലെന്നാണു് പറഞ്ഞുകേട്ടിട്ടുള്ളതു്. കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ തങ്ങളുടെ ഉപനയനക്രിയകഴിഞ്ഞാൽ ഒരു കൊല്ലത്തോളം അവിടത്തെ (കൊടുങ്ങല്ലൂർ)

ഭഗവതിയെ ഭക്തിപൂർവ്വം ഭജിക്കാറുണ്ടു്. 'പള്ളിബ്ഭജനം' എന്നാണതിന്നു പേർ പറയാറുള്ളതു്. പ്രകൃതഭജനാനന്തരമാണു്, അവയ്ക്കു് സാധാരണമായി കവനകലയിലും, മററു സകലകലാവിദ്യകളിലും കൂടുതൽ പ്രാവീണ്യം സിദ്ധിക്കാറുള്ളതും. കൊച്ചുണ്ണിത്തമ്പുരാന്റെ ദേവീഭജനത്തിന്നു് ഒരു പ്രത്യേകത ഉണ്ടായിരുവെന്നുള്ളതു പ്രസിദ്ധമാണു്. അദ്ദേഹം ഉള്ളഴിഞ്ഞ ഭക്തിയോടുകൂടി ഭഗവതിയെ ഒരു കൊല്ലത്തോളം ഭജിച്ചിട്ടുള്ളതു ദിനംപ്രതി ഒരുതവി നെയ്യുമാത്രം (നിവേദിച്ച നെയ്) കഴിച്ചിട്ടാണെന്നുള്ള സംഗതിയും പരമാത്ഥമാണു്. പ്രകൃതഭജനം കഴിഞ്ഞശേഷം അദ്ദേഹത്തിന്നു് എല്ലാ നിലയിലും ഉപര്യുപരി ശ്രേയസ്സുണ്ടായിട്ടുണ്ടെന്നുള്ളതും ഒരിക്കലും അതിശയോക്തിയല്ല. ഈ വിവരം അദ്ദേഹവും, കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടും പലപ്പോഴും പറഞ്ഞുകേട്ടിട്ടുള്ളവരിലൊരാളാണീയുള്ളവൻ. അതിനാൽ കവിസാർവ്വഭൗമൻ യഥാത്ഥത്തിൽ ഒരു ഭക്തമഹാകവികൂടിയായിരുന്നുവെന്നു തീർത്തുപറയാം.

കൊച്ചുണ്ണിത്തമ്പുരാൻതിരുമനസ്സിലേയ്ക്കു് എല്ലാ ശാസ്ത്രങ്ങളിലും അളവററ പാണ്ഡിത്യമുണ്ടായിരുന്നു. ജ്യോതിഷം, തച്ചുശാസ്ത്രം, തക്കം, വ്യാകരണം മുതലായവയിൽ അദ്ദേഹം മഹാസമർത്ഥനായിരുന്നു. മാത്രമല്ല നിയമവിഷയത്തിൽക്കൂടി അദ്ദേഹം വിദഗ്ദ്ധനായിരുന്നുവെന്നു തെളിയിക്കുവാൻ പല ഉദാഹരണങ്ങളും ഉദ്ധരിക്കുവാൻ എനിക്കു കഴിയും. ഒരിക്കൽ കൊച്ചി ചീഫ് കോട്ടിലെ ഒരു പ്രസിദ്ധ ജഡ്ജിയായിരുന്ന ശ്രീ. കൊട്ടിൽ നാരായണമാരാരും, കഴിഞ്ഞുപോയ പ്രസിദ്ധ നിയമ

ജ്ഞനായ ശ്രീ. കരിമ്പററ രാമൻമേനോനും മററും അഭി പ്രായപ്പെട്ടിട്ടുണ്ട്, കൊച്ചുണ്ണിത്തമ്പുരാന് ഒരു സന്നതു കൂടി ലഭിച്ചാൽ ചീഫ്കോർട്ടിലും മററും നിഷ്പ്രയാസം പ്രാക്റ്റീസ്നടത്തി പ്രമാണിയാവാൻ സാധിക്കുമെന്ന്. അദ്ദേഹത്തിന്നു നാട്ടുകാര്യസ്ഥത, കൃഷി മുതലായ വിഷയങ്ങളിലുമുണ്ടായിരുന്ന അറിവും അപരിമിതമായിരുന്നു. ചുരുക്കിപ്പറയുന്നതായാൽ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ മഹാബുദ്ധിശാലിയായ ഒരു സകലകലാവല്ലഭനായിരുന്നുവെന്നാണ് അദ്ദേഹവുമായി അടുത്തു പരിചയിച്ചിട്ടുള്ളവരെല്ലാം അഭിപ്രായം പാസ്സാക്കിയിട്ടുള്ളതു്.

കവിസാർവ്വഭൗമന്റെ അതിരററ ബുദ്ധിസാമർത്ഥ്യവും പാണ്ഡിത്യവും ഒരിക്കൽ പ്രസ്പഷ്ടമായ ഒരു യഥാർത്ഥ സംഭവം ഇതിന്നുമുമ്പ് വിവരിക്കുവാൻ ഞാൻ മറന്നുപോയി. ഒരു ഗംഭീരപണ്ഡിതനും, ബുദ്ധിമാനുമായ ഒരു പരദേശബ്രാഹ്മണൻ (തഞ്ചാവൂർക്കാരനായ ഒരു ശാസ്ത്രിയായിരുന്നുപോലദ്ദേഹം) ഒരിക്കൽ കവിസാർവ്വഭൗമന്റെ പ്രശംസാർഹങ്ങളായ അപദാനങ്ങളെപ്പററി കേട്ട് അദ്ദേഹത്തിന്റെ യോഗ്യത പരീക്ഷിച്ചറിയണമെന്നു കരുതി കൊടുങ്ങല്ലൂർ കോവിലകത്ത് ഒരിക്കൽ വരികയുണ്ടായി. അദ്ദേഹം തമ്പുരാനുമായി ഏററുമുട്ടിയതു പ്രധാനമായി അലങ്കാരവിഷയത്തിലായിരുന്നു. മഹാസമർത്ഥനും, ഗംഭീരപണ്ഡിതനുമായ ശാസ്ത്രികൾ തമ്പുരാനോട് അലങ്കാരവിഷയത്തിൽ സംസാരിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ യുക്തികളെല്ലാം തമ്പുരാനോടേററപ്പോൾ കേവലം അസ്ഥാനത്തിലായി. മാത്രമല്ല, തമ്പുരാന്റെ വാശിയോടുകൂടിയ സംഭാഷണവും, പാണ്ഡിത്യവുംമൂലം

ശാസ്ത്രികൾ, "പോരും, നാൻ ഇതൊന്നും നമ്പാതെ വന്തേൻ, വന്ദനം, വന്ദനം," എന്നു പറഞ്ഞു് അദ്ദേഹത്തെ അഭിവാദ്യംചെയ്തു മടങ്ങുകയുണ്ടായിട്ടുണ്ടു്. ആ ശാസ്ത്രികളെ തമ്പുരാൻ മുട്ടുകുത്തിച്ച വർത്തമാനം ഇന്നും കൊടുങ്ങല്ലൂർ കോവിലകത്തുള്ള അംഗങ്ങൾ പലരും വിവരിച്ചു പറയുന്നുണ്ടു്. ഈ യഥാർത്ഥ കഥ പരദേശങ്ങളിലായ തഞ്ചാവൂരും പരന്നിരുന്നു.

അങ്ങനെ പല നിലയിലും പ്രസിദ്ധനും, മഹാബുദ്ധിമാനുമായിരുന്ന കവിസാർവ്വഭൗമൻ കേവലം പൂർണ്ണമായ വാർദ്ധക്യദശയിൽത്തന്നെയാണു് ദിവംഗതനായതെങ്കിലും, അദ്ദേഹത്തിൻെറ ശാശ്വതമായ അഭാവം ഭാഷാസാഹിത്യലോകത്തിന്നു വരുത്തിവെച്ചിട്ടുള്ള നഷ്ടം നിശ്ചയമായും തീർത്താൽ തീരാത്തതാണു്. മുമ്പു മലയാളമനോരമതുടങ്ങിയ പത്രങ്ങളും, വിദ്യാവിനോദിനി, രസികരഞ്ജിനി, ലക്ഷ്മീഭായി മുതലായ മാസികകളും തമ്പുരാൻെറ സഹായസഹകരണങ്ങളാൽ സർവ്വോപരി ശ്രേയസ്കരമായ നിലയിൽ പ്രശോഭിക്കയുണ്ടായിട്ടുണ്ടു്. ഇന്നും അദ്ദേഹത്തെക്കുറിച്ചു് വിദ്വാന്മാൎക്കു വളരെ വിലപിടിച്ച അഭിപ്രായമാണുള്ളതു്. സകല വിഷയങ്ങളിലും അറിവുള്ള ഒരഗാധബുദ്ധിമാനായിരുന്നു കൊച്ചുണ്ണിത്തമ്പുരാനെന്നുള്ള പരമാർത്ഥം 'കന്യാകുമാരിമുതൽ ഗോകർണ്ണംവരെ' പരക്കെ അറിവുള്ള ഒരു പരമാർത്ഥമാണുതാനും.

അദ്ദേഹം കേവലം ദിവ്യനായ ഒരു ദീർഘദർശിയായിരുന്നുവെന്നു പറയുവാനും മതിയായ ഉദാഹരണമുണ്ടു്. താൻ ദിവംഗതനാവുന്ന ദിവസവും സമയവും അദ്ദേഹം

കാലേക്കൂട്ടി പരിഗണിച്ചുവെച്ചിരുന്നു. ശരിക്കു് ആ സമയമായപ്പോൾ, അദ്ദേഹം തൻെറ ഭാര്യയേയും സന്താനങ്ങളേയും മററു ബന്ധുക്കളേയും വിവരമറിയിച്ചു കേവലം ജീവന്മുക്തനായെന്നു പറയുന്നതിൽ ഒരിക്കലും അബദ്ധമില്ല. വാസ്തവം പറയുകയാണെങ്കിൽ അഗാധമായ പഠിപ്പും, ബുദ്ധിയും ഒത്തുചേൻടലെടുത്ത ഒരു മഹാമനസ്കനായിരുന്നു ആ തിരുമേനി. കേരളമണ്ഡലത്തിൽ അടുത്തകാലത്തെങ്ങും ആ മഹാശയനെപ്പോലെ പഠിപ്പും, പാണ്ഡിത്യവും, കവനപാടവവും തികഞ്ഞ ഒരു മഹാനുണ്ടായിട്ടില്ല—തീർച്ചതന്നെ.

★

# മഹാകവി ഉള്ളൂർ

അന്ന് എനിക്കു നന്നെ ചെറുപ്പമായിരുന്നു. വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ (1-ാം ഫോറം 2-ാം ഫാറം എന്നീ ക്ലാസുകളിൽ പഠിക്കുമ്പോൾ തന്നെ) പരേതന്മാരായ സുപ്രസിദ്ധകവി കാത്തുള്ളി അച്യുതമേനോൻ, മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ തുടങ്ങിയ മഹാമനസ്കന്മാരുടെ വാത്സല്യാതിരേകത്തിന്നു പാത്രീഭവിച്ചിരുന്നതിനാൽ എനിക്കു കവിതാഭ്രമം കലശലായിരുന്നു. അതു സ്വാഭാവികവുമാണല്ലൊ. അക്കാലത്തു മലയാളമനോരമ (കോട്ടയം) കേരളസഞ്ചാരി, സുജനാനന്ദിനി, കേരളപത്രിക മുതലായ പത്രങ്ങളും, ഭാഷാപോഷിണി, ലക്ഷ്മീഭായി, രസികരഞ്ജിനി തുടങ്ങിയ പ്രശസ്ത മാസികകളും വായിച്ച് അവയിലുള്ള പലേ ലേഖനങ്ങളുടേയും സാരം മനസ്സിലാക്കുവാൻ എനിക്കു സാധിച്ചിരുന്നുവെന്നു പറയാതെ കഴിയൂ. പ്രകൃതപത്രങ്ങളിലും മാസികകളിലും അക്കാലങ്ങളിൽതന്നെ തൂലികാചലനവൈചിത്ര്യം പ്രദർശിപ്പിച്ചിരുന്ന സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ ഏതാണ്ടു മുന്നണിയിൽ നിന്നിരുന്ന ഒരു മഹാശയനാണ് സ്മർത്തവ്യപുരുഷൻ. അദ്ദേഹത്തിൻെറ കവനങ്ങളിൽ അന്നുതന്നെ എനിക്കു കലശലായ പ്രതിപത്തിയും ഭ്രമവുമുണ്ടായിരുന്നതിനാൽ, പത്രങ്ങളും മാസികകളും കൈവശമായാൽ ആ മഹാശയൻെറ ലേഖനങ്ങൾ വല്ലതും അവയിലുണ്ടോ എന്നു പരിശോധിക്കയായിരു

ന്നു എന്റെ പ്രഥമകൃത്യം. അദ്ദേഹത്തിന്റെ ഗദ്യലേഖ
നങ്ങളും വിജ്ഞാനത്തിന്നുതകുന്നവയായിരുന്നതുകൊണ്ട്
അവയിൽനിന്നു പല സംഗതികളും മനസ്സിലാക്കുവാനും
ഞാൻ അത്യുത്സുകനായിരുന്നു. തനിക്കു പ്രിയപ്പെട്ട സാ
ഹിത്യകാരന്മാരുടെ ലേഖനങ്ങൾ ആദ്യമായി വായിക്കു
വാൻ ഏതൊരാൾക്കും ആഗ്രഹമുണ്ടാകുന്നത് സർവ്വസാ
ധാരണമാകയാൽ ഞാൻ എന്റെ ഇഷ്ടകവിയായ ഉള്ളൂ
രിന്റെ കൃതികൾ കാണ്മാൻ പല പത്രങ്ങളും, മാസിക
കളും തിരിച്ചും മറിച്ചും നോക്കുക പതിവായിരുന്നു. ഉ
ള്ളൂർ എസ്. പരമേശ്വരയ്യർ എം. എ., ബി. എൽ.,
എം. ആർ. എ. എസ്. എന്ന നീണ്ടപേർ കാണാത്ത
പത്രങ്ങളും മാസികകളും അന്നു കേവലം ദുർല്ലഭമായിരു
ന്നതിനാൽ, ആ പേരിന്ന് എന്റെ ദൃഷ്ടിയിൽ മാത്രമ
ല്ല, ഭാഷാസ്നേഹികളായ സകലജനങ്ങളുടേയും ഇടയിൽ
പ്രശസ്തിയും പ്രചാരവും സിദ്ധിച്ചതിൽ അത്ഭുതവുമില്ല
ല്ലോ. അങ്ങനെ ഉള്ളൂരിനെ ഞാൻ മനസാ ബഹുമാനി
ച്ചാരാധിച്ചുവന്നിരുന്ന അവസരങ്ങളിൽ അദ്ദേഹത്തി
ന്റെ പല കവിതകളും എന്റെ അഭിവന്ദ്യഗുരുനാഥ
നായിരുന്ന മഹാകവി കുഞ്ഞുക്കുട്ടൻതമ്പുരാൻ തിരുമന
സ്സിലേയ്ക്കു വരാറുണ്ടായിരുന്നു. അവയ്ക്കു തക്ക മറുപടി
കൾ യഥാകാലം—പലപ്പോഴും പദ്യങ്ങളിൽ—തമ്പു
രാൻ തിരുമനസ്സുകൊണ്ട് എനിക്കു പറഞ്ഞുതന്ന് എഴു
തിക്കയാണു പതിവ്. ആ നിലയ്ക്കും എനിക്ക് ഉള്ളൂർ
ഭ്രമം ജാസ്തിയായിത്തീർന്നു. ആയിടയ്ക്കാണ്, തൃശ്ശിവപേ
രൂർ ഭാരതവിലാസം പ്രസ്സിന്റെ ഉടമസ്ഥനായിരുന്ന
പ്രസിദ്ധ ഭാഷാഭിമാനി പരേതനായ മാളിയമ്മാവിൽ

കുഞ്ഞുവറീതിന്റെയും, മററു പല സാഹിത്യരസികന്മാരുടേയും അത്യുത്സാഹത്താൽ 'ഭാരതവിലാസം' എന്ന പേരിൽ പ്രസിദ്ധിനേടിയ ഒരു സാഹിത്യസദസ്സ് പൂരക്കാലത്തു തൃശ്ശിവപേരൂരിൽവെച്ചു കുറച്ചുകാലം ആണ്ടുതോറും നടന്നതു്. പ്രസ്തുത സദസ്സിൽ സംബന്ധിച്ചിരുന്ന അന്നത്തെ പ്രധാന സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ ഉള്ളൂരിന്റെ പേർ പ്രത്യേകം പ്രസ്താവ്യമാണു്. ആ സാഹിത്യസദസ്സിൽ ഒരിക്കൽ, കഴിഞ്ഞുപോയ ശ്രീ. ഐ. എസ്. നാരായണയ്യർ, വെണ്മണികൃതികളെപ്പററി ഏതാണ്ടു ക്രൂരമായ ഒരു നിരൂപണപ്രസംഗം ചെയ്തപ്പോൾ, അതിന്നു മറുപടിയെന്ന നിലയിൽ അത്യാവേശത്തോടെ, ആ പ്രസംഗത്തിലടങ്ങിയ സംഗതികളെ അക്ഷരംപ്രതി ഖണ്ഡിച്ചു, ശ്രീ. നാരായണയ്യരെ വിഷണ്ണനാക്കിയവരിൽ പ്രഥമഗണനീയനായിരുന്നു സ്വർഗ്ഗപുരുഷൻ. കഴിഞ്ഞുപോയ സരസകവി ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോനും, മററു ചില മാന്യകവികളുംകൂടി അന്നു ശ്രീ. നാരായണയ്യൎക്കു കണക്കിലേറെ ആശാഭംഗംവരത്തക്ക പ്രസംഗങ്ങൾ ചെയ്യുകയുണ്ടായി. എന്നാൽ, എല്ലാ പ്രസംഗങ്ങളിലുംവെച്ചു് അൎത്ഥവത്തും യുക്തിയുക്തവും ശക്തിമത്തുമായിരുന്നതു് ഉള്ളൂരിന്റെ അനൎഗ്ഗളമായ വാചോവിലാസമായിരുന്നു എന്നു സൎവ്വസമ്മതമായിരുന്നു. ആ പ്രസംഗാനന്തരം അദ്ദേഹത്തെ ഹാർദ്ദമായി അഭിനന്ദിക്കുവാനാണു സഭാവാസികളെല്ലാം സന്നദ്ധരായതു്. ആ രസകരമായ കാഴ്ച ദൂരത്തൊരു ദിക്കിൽ ഒതുങ്ങിനിന്നു കാണ്മാൻ കേവലം ബാലനായിരുന്ന എനിക്കു് അന്നു സാധിച്ചു. പക്ഷെ, അന്നാകട്ടെ, മഹാശയനും സര

സഗംഭീരനമായ അദ്ദേഹത്തെ അടുത്തുചെന്നു് അഭിവാദ്യം ചെയ്യുവാനൊ, അദ്ദേഹത്തിൻെറ പരിചയം സമ്പാദിച്ചു് അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങുവാനൊ ഞാൻ തുനിയാഞ്ഞതും, മററു ചിലർ വഴിക്കു് ഉത്സാഹിക്കാഞ്ഞതും, അങ്ങനെ ചെയ്യുന്നതു് എൻെറ അന്നത്തെ എളിയനിലയ്ക്കു് ഒരു സാഹസമാണെന്നു് എനിക്കു തോന്നുകയാൽ മാത്രമാണു്. അപ്രകാരമായിരുന്ന സ്മർത്ത്യപുരുഷനെ ഞാൻ ആദ്യമായി ഒരു നോക്കു കണ്ടതും, അദ്ദേഹത്തോടുള്ള എൻെറ പ്രതിപത്തി ദ്വിഗുണീഭവിച്ചതും.

അനന്തരകാലങ്ങളിലും—പിന്നീടു ഭാരതവിലാസം സഭ ഒന്നുരണ്ടു കുറിയെ ഉണ്ടായുള്ളു—ഉള്ളൂർ ഭാരതവിലാസസഭയിൽ സന്നിഹിതനാവുകയും, കാര്യമായ പല പരിപാടികളിലും പങ്കെടുക്കുകയും, ഒരിക്കൽ "ഉള്ളൂരു-ന്ന രസത്തൊടിസ്സഭയിലിന്നഗ്രാസനാദ്ധ്യക്ഷനാ—മുള്ളൂരെസ്. പരമേശ്വരയ്യരും" എന്ന കവിപ്രശംസാനുസരണം അദ്ധ്യക്ഷനാവുകയും ചെയ്ത വിവരങ്ങളെല്ലാം എനിക്കറിവുണ്ടു്. അക്കാലങ്ങളിൽ സാധാരണമായി സാഹിത്യസമാജസമ്മേളനങ്ങളിൽ നടപ്പുള്ള ഒരു പ്രധാനപ്പെട്ട ചടങ്ങാണു് കവിതാമത്സരപരീക്ഷ. അങ്ങനെയുള്ള പരീക്ഷ 'ഭാരതവിലാസം' സഭയുടെ ആഭിമുഖ്യത്തിൽ ഒരിക്കൽ നടന്നതിൽ അദ്ദേഹം ഒന്നാം സമ്മാനത്തിന്നർഹനായതും ഞാൻ അറിഞ്ഞു് അത്യധികം സന്തുഷ്ടനായിട്ടുണ്ടു്. അപ്രകാരം പല നിലയിലും ഉള്ളൂരിനെ ആത്മാർത്ഥമായി പൂർവ്വാധികം സ്നേഹിക്കുവാനും, ബഹുമാനിക്കുവാനും, ഭ്രമിക്കുവാനും എനിക്കിടവന്നു.

അങ്ങിനെയിരിക്കുമ്പോഴാണു് കഴിഞ്ഞുപോയ മഹാകവി പന്തളം കേരളവർമ്മതമ്പുരാന്റെ ആധിപത്യ

ത്തിൽ 'കവനകൗമുദി' എന്ന വത്തമാനപദ്യപത്രം പുറപ്പെട്ടു പ്രചരിച്ചിരുന്നതു്. ആ പത്രത്തിൽ കേവലം നാട്ടുവത്തമാനങ്ങളും രാഷ്ട്രീയകാര്യങ്ങളും സാധാരണ കത്തുകൾപോലും ഭാഷാകവിതയിൽത്തന്നെ വേണമെന്നു നിർബ്ബന്ധംതന്നെയുണ്ടായിരുന്നു. ഉള്ളൂർ ആ പ്രസിദ്ധ പത്രത്തിൽ ഓരോ ലക്കത്തിലും പലതരത്തിലുള്ള കവിതകൾ പേർവെയ്ക്കാതെയും അജ്ഞാതനാമാവിൻെറ നിലയിലും എഴുതിയിരുന്നുവെന്നു് എനിക്കറിയാം. നാട്ടുവത്തമാനങ്ങളും സ്വന്തംനിലയിലുള്ള പല സംഗതികളും അദ്ദേഹം കവിതയിൽ കൗമുദിവഴിയായി പ്രത്യക്ഷപ്പെടുത്തിയിരുന്നുവെന്നതിന്നു് അദ്ദേഹത്തിൻെറ ഔദ്യോഗിക കാര്യങ്ങളെക്കുറിച്ചുംമററും ഒട്ടു തുടങ്ങിയവക്കു് എഴുതിയിരുന്ന കത്തിൽ,

"തേനും പഴപ്രഥമനും സിതയും സലാംവെ-
പ്പാനുള്ള മാധുരിയെഴും തവപദ്യസാരം
ഞാനുണ്ടു ദിവ്യസുധ മേശകഴിച്ചു രത്ന-
സാനുസ്ഥനായ്മരുവുമിന്ദ്രനെയുംജയിച്ചേൻ."

എന്നും,

"ആരുംകൊതിക്കുമൊരു ജോലികുറഞ്ഞ കുന്ന-
ത്തൂരിങ്കൽനിന്നരിയ കൽക്കളമെത്തിയപ്പോൾ
പാരംകടുത്തപണി വേണ്ടതു വന്നുചേൎന്നു
നേരംകൃതിപ്പതിനു മേ കഴിവില്ല തെല്ലും"

എന്നും,

"വ്യൽപ്പന്നർ,സൽക്കവികൾ,പുസ്തകശാല,
തെല്ലു നല്ലൊന്നഭാഷ, വരകൈരളിയിൽ പ്രമോദം

ഇപ്പുണ്യവസ്തുനിരയൊക്കെയുമോത്തുകണ്ടാ-
ലൊപ്പംനിനച്ചിടുക വൈഷ്ണവഗോപിതന്നെ"

എന്നും മററും എഴുതിയിരുന്നതു് ഇന്നുള്ള പഴയ കവികരം പലരും മറന്നിരിപ്പാനിടയില്ല. 'കവനകൗമുദി'യുടെ പ്രധാനലേഖകന്മാർ മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, കുണ്ടൂർ നാരായണമേനോൻ, വള്ളത്തോറം, കെ. സി. നാരായണൻനമ്പ്യാർ, കുററിപ്പുറത്തു കേശവൻനായർ, നടുവത്തു മഹൻനമ്പൂതിരി, പി. ജി. രാമയ്യർ, ഉള്ളൂർ മുതലായ സരസസാഹിത്യകാരന്മാരായിരുന്നു എന്നു പറഞ്ഞാൽതന്നെ ആ മാന്യപത്രത്തിൻെറ അന്തസ്സിനെപ്പററി കൂടുതൽ വിവരിക്കേണ്ടതില്ലല്ലോ. അന്നും ഉള്ളൂരാകട്ടെ, തനിക്കു് ഉറച്ച പാണ്ഡിത്യവും, നിസ്തുലമായ കവനപാടവവും ഉണ്ടായിട്ടുകൂടി, പന്തളം കേരളവമ്മതമ്പുരാൻെറ യോഗ്യതയെപ്പററി ആ പത്രംവഴിയായി ഒരു മാന്യകവിക്കു് അയച്ചിരുന്ന കത്തിൽ,

"ഉൗക്കിൽപ്പെരുത്തനുപസൽകൃതിയാംവിലാത്തി-
ത്തീക്കപ്പലോടുകിടനിൽക്കുവതിന്നിദാനീം
ഈക്കെല്ലെഴാത്ത മമ ദുഷ്കൃതിയാകുമോടി-
യേൽക്കിൽപ്പുരുന്തൊടിനിയീച്ചപടയ്ക്കൊരുങ്ങും"

എന്നും,

"ശ്രീപാരമാണ്ടവിധികാന്തകടാക്ഷമെല്ലാം
ദീപാളിവെച്ചുവിലസുംകൃത 'കൗമുദീശൻ'
ഭൂപാലമദ്ധ്യമണിസൽക്കവിതാവിധാന-
വ്യാപാരമാൻ സുഖദമ മരുവന്നതില്ലേ?"

എന്നും മററും പ്രസ്താവിച്ചിരുന്നതു് അദ്ദേഹത്തിൻെറ നിസ്സീമമായ വിനയാതിരേകത്തിന്നു് ഒരു മാതൃകയായിട്ടാണു കണക്കാക്കേണ്ടതു്. 'കവനകൗമുദി' ആ നിലയിൽ (പത്രമായി) പരക്കെ സംതൃപ്തി ചേത്തുകൊണ്ടിരുന്നു. അനന്തരം 'കവനകൗമുദി' ഒരു മാസികയായി പ്രചരിക്കുവാൻ തുടങ്ങിയപ്പോഴാണു് ഉള്ളൂരിൻെറ കവനകലാനൈപുണ്യം കേവലം കണ്ണാടിയിൽക്കൂടിയെന്നപോലെ അതുവഴിയായി (ആ മാസികവഴിയായി) യഥാത്ഥ സാഹിത്യരസികന്മാക്കു് ഏററവും വ്യക്തമായി കാണ്മാനിടവന്നതു്. ഖണ്ഡകാവ്യപ്രസ്ഥാനത്തിന്നു സവ്വോപരി പ്രാധാന്യം നല്കപ്പെട്ടിരുന്ന ആ ആദ്യ കാലഘട്ടത്തിൽ ഉള്ളൂരിൻെറ ഒട്ടധികം ഖണ്ഡകാവ്യങ്ങൾ ആ മാസികവഴിയായി പുറത്തു വന്നിട്ടുണ്ടു്. മാത്രമല്ല, പല വിഷയങ്ങളെ ആസ്പദിച്ചുള്ള അനേകം ചെറുകവിതകളും ഉള്ളൂർ കവനകൗമുദിവഴിയായി അന്നു പുറത്തിറക്കുകയുണ്ടായി. അക്കാലത്തുതന്നെയാണു ഖണ്ഡകാവ്യങ്ങൾ കൂട്ടായി (കൂട്ടകവിതയായി) എഴുതുവാൻ അന്നത്തെ യഥാത്ഥ ഭാഷാകവികൾക്കുത്സാഹമുണ്ടായതും. അതുപ്രകാരം പല സരസങ്ങളായ ഖണ്ഡകാവ്യങ്ങളും കൂട്ടകവിതകളായി 'കവനകൗമുദി'യിൽ പരിലസിച്ചിട്ടുണ്ടു്. പ്രസ്തുത 'കൂട്ടകവിതാ'നിമ്മാതാക്കന്മാരിൽ പ്രധാനികൾ ഉള്ളൂർ, പന്തളം, ഒട്ട, വള്ളത്തോൾ, കുണ്ടൂർ, കാത്തുള്ളി, കുററിപ്പുറം, നട്ടവത്തു മഹൻനമ്പൂതിരി മുതലായ സരസകവികളായിരുന്നു. അപ്രകാരമുള്ള കൂട്ടകവിതകളിൽ സരള, ദേവകി, വിഷ്ണുമായ മുതലായവ ഒരു നിലയ്ക്കു ദ്രുതകവനരീതിയിലായിരുന്നെങ്കിലും അവയിലുള്ള ഓരോ

പദ്യവും യഥാർത്ഥ സാഹിത്യഗുണം തുളുമ്പുന്നവയായിരുന്നുവെന്ന്,

"സുരതടിനി,വിഭൂതി, ഭോഗിവൃന്ദം,
പരമമലപ്പുകൾ,തിങ്കളെന്നിതെല്ലാം
ഹരനുസമമണിഞ്ഞു'വംഗ'ദേശം
ധരണിയിൽ നിർഭരമുല്ലസിച്ചിടുന്നു."

എന്നാരംഭിക്കുന്നതും,

"ധീവായ്പിണങ്ങുമൊരുഗ്രഹണബലേശിതാവാം
ക്ലൈവാ നവാബൊടൊടുവിൽപ്പടവെട്ടിയപ്പോൾ
ചാവാതെ ചത്തു ജളനോടിയൊളിച്ചുപവ്
ജൈവാതൃകോദയമതിൽ തിമിരംകണക്കെ."

എന്നുള്ളതും മററുമായ 'സരസ'യിലേയും,

"ചേട്ടത്തംചെറുത്തുമെഴായ്കകൊണ്ടുവക്കീൽ-
ക്കൂട്ടത്തിൻകൊടിയൊരു പേനതന്റെ തുമ്പിൽ
ആട്ടക്കൊറ്റപ്പുകളിൽ മഴട്ടിനങ്ങളിൽപ്പോൽ
വാട്ടംവിട്ടൊരുവക വന്നുരുമ്പുമേറി."

എന്നുള്ളതും,

"കാട്ടിൽപ്പെട്ടുന്ന കടുവാതലവൻ കടന്നൊ-
രാട്ടിന്റെയാലയിലണഞ്ഞലറുന്നപോലെ
പാട്ടിൽപ്പയോജമിഴിമാർമരുവും പരുത്തി-
ക്കാട്ടിൽക്കടന്നു കതകിന്നു വിളിച്ചുയോധൻ."

എന്നും മററും 'ദേവകി'യിലുള്ളതും,

"നീലത്തലക്കുഴലഴിഞ്ഞു മുഖംവിയർത്തു,
ശീലത്തരംപകുതി തെന്നലടിച്ചുനീങ്ങി
പാലത്തൽപൂണ്ട മൊഴി പന്തുകളിച്ചിടുന്ന
കോലത്തെനോക്കി മൂഢനങ്ങിനെ നിന്നുപോയി"

എന്നു തുടങ്ങി 'വിഷ്ണുമായ'യിലുമുള്ള അദ്ദേഹത്തിൻെറ പദ്യരത്നങ്ങൾ വിളിച്ചുപറയുന്നു. കൂടാതെ, സ്വയ്മ്പപുരുഷൻ 'ദേവയാനി' എന്ന ഖണ്ഡകാവ്യത്തിൽ (ഇതു കൂട്ടുകവിതയാണു്. സ്വയ്മ്പപുരുഷനും, കുണ്ടൂരും, ഒട്ടുവും ചേന്നു രാമാനുജൻ മാസികയിലാണിതെഴുതിയതു്.)

എഴുതിയ,

"ഇളതാമലയേററു ചെററുമേല്ലോ-
ട്ടിളകിത്താണ നിതംബബിംബമോട്ടും
വളർപൂങ്കുഴൽകെട്ടഴിഞ്ഞിഴഞ്ഞും
കളധൗതാംഗികൾ വാപിയിങ്കൽ നീന്തി"

എന്നു തുടങ്ങിയ തന്മയത്വമേറിയ പദ്യങ്ങളും മററും അദ്ദേഹത്തിൻെറ ഖണ്ഡകവനനിർമ്മാണവൈദഗ്ദ്ധ്യത്തിനു മകുടോദാഹരണങ്ങളാണു്. 'ലക്ഷ്മീഭായി' മാസികയിൽ 'തങ്കമ്മ' എന്ന പച്ചമലയാളകവിതയും സ്വയ്മ്പപുരുഷനും പന്തളവുംകൂടി കൂട്ടായി എഴുതിയതാണു്.

കവനകലയിൽ ഉള്ളൂർ പ്രദർശിപ്പിച്ചിരുന്ന നിസ്സീമമായ നൈപുണ്യം അപ്രകാരമുള്ള പല കാവ്യങ്ങളും പല മാസികകൾവഴിയായും പ്രസ്പഷ്ടമായപോലെതന്നെ വിവിധ വിഷയങ്ങളെ ആസ്പദിച്ച ഗദ്യരചനയിലും അദ്ദേഹം കാണിച്ച അസാമാന്യമായ പാടവം അന്നുള്ള സകല പത്രഗ്രന്ഥങ്ങളും വിശദമാക്കിക്കൊണ്ടിരുന്ന കാലഘട്ടത്തിലാണെന്നു തോന്നുന്നു, ഭാഷാസാഹിത്യലോകത്തിൽ ഒരു വലിയ ഒച്ചപ്പാടു് ദ്വിതീയാക്ഷരപ്രാസവഴക്കുമൂലമുത്ഭവിച്ചതു്. ഉള്ളൂരാകട്ടെ, ഭാഷാകവിതയ്ക്കു് എത്രതന്നെ അത്ഥപുഷ്ടിയുണ്ടായാലും ദ്വിതീ

യാക്ഷരപ്രാസവുംകൂടിയുണ്ടായാലേ അതിന്നു പരിപൂൎണ്ണമായ അഴകുണ്ടാവുകയുള്ളുവെന്നുള്ള തൻെറ വാദം പ്രബലമായി പുറപ്പെടുവിക്കയും, അതിന്നെതിരായി കഴിഞ്ഞുപോയ പ്രസിദ്ധകവി, ശ്രീ. കെ. സി. കേശവപിള്ള, 'കേരളപാണിനി' എന്നു സുപ്രസിദ്ധനായിരുന്ന പ്രൊഫസ്സർ ഏ. ആർ. രാജരാജവൎമ്മകോയിത്തമ്പുരാൻെറ അഭിപ്രായം പ്രത്യക്ഷപ്പെടുത്തുവാനെന്നോണം, ഭാഷാകാവ്യങ്ങൾക്ക് അൎത്ഥം കല്പിക്കുവാൻ കൂടുതൽ സൗകൎയ്യം ദ്വിതീയാക്ഷരപ്രാസമില്ലാതിരിക്കയാണെന്നുള്ള എതിർവാദം കൊണ്ടുവരികയും, അന്നത്തെ സുപ്രസിദ്ധ സാഹിത്യകാരന്മാരിൽ പലരും പ്രകൃതവാദപ്രതിവാദങ്ങളിൽ അവരവരുടെ അഭിപ്രായങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും പത്രങ്ങൾവഴിയായി പറയുകയുമുണ്ടായി. ആ അവസരത്തിലാണു കേവലം മദ്ധ്യസ്ഥൻെറ നിലയിൽ അങ്ങനെയുള്ള വഴക്കുതീൎക്കുവാൻ 'കേരളകാളിദാസ'നെന്ന വിഖ്യാതനാമത്തിന്നർഹനായ മഹാമഹിമശ്രീ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ "വാസന്തീമധുവാൎന്ന..." ഇത്യാദി പദ്യം പത്രപംക്തിവഴിയായി പുറത്തിറക്കിയതും, അതുപോലെതന്നെ കേരളവ്യാസനെന്നു പരക്കെ അറിയപ്പെട്ടിരുന്ന മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാനും ആ കശപിശയിൽ മദ്ധ്യസ്ഥതയ്ക്കൊരുന്നോണം,

"ക്ലേശകരം പ്രാസമിത-
ക്കേശവമതമതിന്നെതിൎത്തു വിപരീതം
മോശതയതിനില്ലെന്നാ-
പ്പേശല പരമേശ്വരാൎയ്യ സിദ്ധാന്തം"

എന്നും,

"പ്രായേണ ദ്രാവിഡച്ചൊൽകളിലിടകലരും
 പ്രാസസൗഭാഗ്യമുണ്ടെ-
ന്നായേലോകം രസിക്കു, കവിതയിലതിനാൽ
 ഭൂരിപക്ഷത്തെ നോക്കി
ഛായേന്നം നമ്മളങ്ങോട്ടതിനിടയിൽ വെറും
 വാഗ്വിവാദം തുടങ്ങി-
പ്പോയെച്ചാൽ കാര്യമുണ്ടോ കവിതകളെഴുതി
 ക്കൂട്ടുവിൻ കൂട്ടുകാരെ!"

എന്നും മററും സ്വാഭിപ്രായം പുറപ്പെടുവിച്ചു സ്വൎഗ്ഗപുരുഷനെ ഏതാണ്ടനുകൂലിച്ചതും മററും. ചുരുക്കിപ്പറയുന്നതായാൽ, ആ പ്രാസവഴക്കിലാകട്ടെ, യഥാൎത്ഥത്തിൽ വിജയം ഉള്ളൂരാണു കരസ്ഥമാക്കിയതെന്നു പറയുവാൻ മതിയായ പല ഉദാഹരണങ്ങളുമുണ്ടു്. പ്രാസപക്ഷപാതികൾക്കു കാവ്യനിൎമ്മാണവിഷയത്തിൽ അൎത്ഥകല്പന കൂടുതൽ പ്രസ്പഷ്ടമാക്കുവാൻ സാമൎത്ഥ്യമില്ലെന്നുകൂടി എതിർകക്ഷികൾ സൂചിപ്പിച്ചതിനാൽ അവരുടെ ആ വാദം ശുഷ്കമാണെന്നു കാണിപ്പാനാവണം, ഉള്ളൂർ 'സത്യവതി' എന്ന ഖണ്ഡകാവ്യം ദ്വിതീയാക്ഷരപ്രാസനിൎബ്ബന്ധം കൂടാതെ നിൎമ്മിച്ചതു്. ആ കാവ്യത്തിലെ ഓരോ പദ്യത്തിന്നുമുള്ള അൎത്ഥപുഷ്ടി സമൎത്ഥന്മാരായ സകല സാഹിത്യകാരന്മാരും സമ്മതിച്ചിട്ടുണ്ടെന്നുള്ള സംഗതി "പനിമതി കുലതന്നുപ്പാൎപ്പിടം പാൽക്കടൽപ്പെൺ-കടമിഴികൾ കളിക്കും വാരൊളിക്കേളിമുററം" എന്നും മററുമുള്ള പദ്യരത്നങ്ങളാൽ സുപ്രസിദ്ധമാണു്. പ്രാസംകൂടാതെ അന്നു പല മാന്യകവികളും കാവ്യങ്ങൾ നിൎമ്മിക്കയുമുണ്ടായിട്ടുണ്ടു്. ആ നിലയിൽ, അക്കാലത്തു പുറത്തിറങ്ങിയതാ

ണ്, കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ 'ദൈവയോഗ'മെന്ന കാവ്യമെന്നുകൂടി ഈ അവസരത്തിൽ പ്രസ്താവിക്കുന്നതു സന്ദർഭോചിതമാണെന്നു കരുതുന്നു.

ഉള്ളൂരിൻെറ അനിതരസാധാരണമായ കവനകലാനിപുണത പല പത്രങ്ങളും മാസികകളും വഴിയായി അപ്രകാരം പ്രസ്പഷ്ടമായിരുന്ന കാലത്തും അതിന്നുമുമ്പും കൊടുങ്ങല്ലൂർ ഭഗവതിയുടേയും, എൻെറ അഭിവന്ദ്യഗുരുഭൂതന്മാരായ കാത്തുള്ളിൽ അച്യുതമേനോൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ എന്നീ മഹാകവികളുടേയും അനുഗ്രഹത്താൽ ഞാനും 'കവനകൗമുദി'യിലും മററു പല പത്രങ്ങളിലും മാസികകളിലും 'അണ്ണാറക്കണ്ണൻ തന്നാലായതു്' എന്ന നിലയിൽ ചിലതൊക്കെ എഴുതിവന്നിരുന്നു. എന്നാൽ, ആ പ്രത്യേകകാലഘട്ടത്തിന്നു് ഏതാണ്ടു രണ്ടുമൂന്നുകൊല്ലം മുമ്പാണു്, എനിക്കെൻെറ 'ഇഷ്ടകവി'യായ ഉള്ളൂരിനെ നേരിട്ടുകണ്ടു് അദ്ദേഹത്തിൻെറ പരിചയവും, വാത്സല്യവും സമ്പാദിപ്പാൻ സംഗതിവന്നതെന്നുള്ളതു പ്രസ്താവ്യമാണു്. വയ്ക്കത്തുവെച്ചു നടന്ന ഭാഷാപോഷിണീസഭയിൽ (1085-ലാണെന്നുതോന്നുന്നു. അതു പ്രസ്തുതസഭയുടെ ഒടുവിലത്തെ യോഗമായിരുന്നു. അതോടുകൂടി ആ സഭ 'ഇങ്ങിനിവരാത്ത' നിലയിലായ സംഗതി സ്മർത്തവ്യമാണു്.) എൻെറ അഭിവന്ദ്യഗുരുനാഥനും, മഹാകവിയുമായ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമേനിയെ അനുഗമിച്ചു് എനിക്കും ഭാഗ്യവശാൽ സംബന്ധിപ്പാൻ സാധിച്ചു. ഏതാണ്ടു പതിനെട്ടു വയസ്സിലധികമാകാത്ത ഞാൻ ആ മഹാസഭയിൽവെച്ചു് അന്നത്തെ പ്രധാന സാ

ഹിത്യനായകന്മാരായ മഹാമഹിമശ്രീ കേരളവമ്മ വലിയകോയിത്തമ്പുരാൻ, എം. രാജരാജവമ്മതമ്പുരാൻ, മാവേലിക്കര ഉദയവമ്മതമ്പുരാൻ, പന്തളം കേരളവമ്മ തമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, കെ. സി. മാമ്മൻമാപ്പിള, കെ സി. നാരായണൻനമ്പ്യാർ, അമ്പലപ്പുഴ മാധവപ്പൂതുവാൾ, പന്തളം കൃഷ്ണവാരിയർ, കടത്തനാട്ടു കൃഷ്ണവാരിയർ, നടുവത്തു മഹൻനമ്പൂതിരി തുടങ്ങിയ പല മഹാശയന്മാരുമായി അഭിമുഖസംഭാഷണം ചെയ്തു് അവരുടെ അനുഗ്രഹത്തിന്നും, പ്രീതിക്കും പാത്രീഭവിച്ചു. പ്രകൃതസഭയുടെ കാൎയ്യപരിപാടിയിൽ ഒരു പ്രധാനപ്പെട്ട ഘടങ്ങായിരുന്നു കവിതാവേഗപരീക്ഷ. ആ പരീക്ഷയിൽ അന്നു സംബന്ധിച്ചിരുന്നവർ എന്നേക്കാൾ എത്രയോ പ്രായംകൂടിയവരും പഠിപ്പും യോഗ്യതയുമുള്ളവരുമയ കവികളായിരുന്നു. അവരിൽ ഒടുവിൽ ശങ്കരൻകുട്ടിമേനോൻ, വിദ്വാൻ കെ. പി. കറുപ്പൻ, വയ്ക്കം സി. എൻ. രാമൻപിള്ള, ചങ്ങരംകൊത കൃഷ്ണൻകത്താവു്, പെട്ടരഴിയത്തു് വലിയരാമൻ എളയതു് എന്നു തുടങ്ങിയവരുടെ പേരുകൾ ഇവിടെ പറയുന്നതു് അസംഗതമാണെന്നു തോന്നുന്നില്ല. ആ കവിതാമത്സരപരീക്ഷയിൽ ഞാനും ചേരുവാനിടവന്നതു്, യഥാൎത്ഥത്തിൽ യുവകവികളെ പ്രോത്സാഹിപ്പിക്കുന്നതിൽ ഏററവും ഉത്സുകനും, ഉദാരമതിയും, ഉത്സാഹശീലനുമായ സൽപുരുഷൻെറ നിർബ്ബന്ധം ഒന്നുകൊണ്ടു മാത്രമാണു്. കേവലം കുട്ടിയായിരുന്ന എന്നെ ഗുരുനാഥൻമുഖേന കണ്ടു പരിചയിച്ച മാത്രയിൽത്തന്നെ അദ്ദേഹത്തിന്നു എൻെറ പേരിലുണ്ടാ

യിരുന്ന വാത്സല്യം നിസ്സീമമായിരുന്നു. കൂടാതെ, അദ്ദേഹം എന്നെ പ്രോത്സാഹിപ്പിക്കുവാൻവേണ്ടി, "'കവനകൗമുദി'യിലും മററും പല സരസകൃതികളും ഇടതടവെന്നിയെ എഴുതിവിടാറുള്ള കൊച്ചുകവിയല്ലേ കുട്ടിക്കുറുപ്പ്? ആ നിലയ്ക്കു് ഇന്നത്തെ കവിതാപരീക്ഷയിൽ ചേർന്നുകൊള്ളൂ. നിശ്ചയമായും വിജയം സിദ്ധിക്കും," എന്നും എന്നെ അനുഗ്രഹിച്ചുകൊണ്ടു് പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ഒഴിച്ചുകൂടാത്ത നിർബന്ധത്താലും അവിടെയുണ്ടായിരുന്ന മററു പല സാഹിത്യനായകന്മാരുടെ ഉപദേശത്താലും എനിക്കും ആ കവിതാപരീക്ഷയിൽ ചേരുവാൻ ധൈര്യം വരികയും, ഭാഗ്യവശാൽ, കേവലം അപടുവായ ഞാൻ ആ പരീക്ഷയിൽ ഒന്നാമനായി വിജയിയാവുകയുമുണ്ടായി. എന്നേക്കാൾ വളരെ പ്രായവും യോഗ്യതയും കൂടിയവരായ പെട്ടരഴിയം വലിയ രാമനെളയതും, വയ്ക്കം സി. എൻ. രാമൻപിള്ളയുമായിരുന്നു യഥാക്രമം രണ്ടും മൂന്നും സമ്മാനത്തിന്നർഹന്മാർ. കവിതാപരീക്ഷയിൽ ഞാൻ വിജയിയായപ്പോൾ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് വാത്സല്യപൂർവ്വം എന്നെ അനുഗ്രഹിച്ചു് എനിക്കു സമ്മാനം തന്നുകഴിഞ്ഞ ഉടനെ പെട്ടെന്നു് എൻെറ അടുക്കലെത്തി കൈപിടിച്ചു് അത്യാനന്ദപൂർവ്വം എന്നെ അനുഗ്രഹിച്ചവരിൽ ഒന്നാമത്തെ മാന്യൻ നമ്മുടെ സ്വർഗ്ഗപുരുഷൻതന്നെയായിരുന്നു. അദ്ദേഹത്തിൻെറ അപ്രകാരത്തിലുള്ള ഉള്ളഴിഞ്ഞ അനുഗ്രഹവും, സദുപദേശവും സാഹിത്യവിഷയകമായ എൻെറ പ്രവൎത്തനങ്ങൾക്കു പലനിലയിലും പൂർവ്വാധികം സഹായകമായിത്തീർന്നിരുന്നു

വെന്ന് എനിക്കു പിന്നീട്ട പല കാരണങ്ങളാലും അനു മാനിക്കുവാൻ കഴിഞ്ഞു.

ഞാനും സ്വത്വപുരുഷനും തമ്മിൽ അങ്ങനെ നേരിട്ടു കണ്ടു ഞങ്ങൾ തമ്മിലുള്ള ഹൃദയപരിചയം യഥാൎത്ഥ മുഖപരിചയവുംകൂടിയായി—അഥവാ പ്രത്യക്ഷ പരിച യമായി—ഉറപ്പിച്ചശേഷം ഞാൻ പലപ്പോഴും കവന കൗമുദി, ഭാഷാപോഷിണി, ആത്മപോഷിണി, മലയാ ളമനോരമ തുടങ്ങിയ മാസികകളിലും പത്രങ്ങളിലും എ ഴുതിക്കൊണ്ടിരുന്ന കവിതകളേയും, ഗദ്യലേഖനങ്ങളേ യും പ്രത്യേകം അഭിനന്ദിച്ചുകൊണ്ടു് ആ ഉദാരാശയൻ എനിക്കു സസ്നേഹം കത്തുകൾ എഴുതുക പതിവായിരു ന്നു. മാത്രമല്ല, ആ അവസരങ്ങളിലെല്ലാം അദ്ദേഹം കൂടെ ക്കൂടെ മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ, കാത്തുള്ളി അച്യുതമേനോൻ, ഒട്ടവിൽ കുഞ്ഞിക്കൃഷ്ണമേനോൻ തു ടങ്ങിയ അന്നത്തെ ഒന്നാംകിട കവികൾക്കുകൂടി എ ന്നെപ്പററി അഭിനന്ദനരൂപത്തിൽ എഴുതുകയും ചെയ്തി രുന്നു.

ഞങ്ങൾതമ്മിലുള്ള സ്നേഹബന്ധം അങ്ങനെ ക്രമ ത്തിൽ സുദൃഢമാവുകയും, അദ്ദേഹത്തിന്റെ പല കൃതിക ളും വായിച്ചു ഞാൻ അവയിൽനിന്നു പല നൂതനങ്ങളായ ആശയങ്ങൾ ധരിക്കുകയും ചെയ്തുകൊണ്ടിരുന്ന ഒരു അവ സരത്തിലാണു്, അതായതു് 1088 മകരം 10-ാംനു-, മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ ദിവംഗതനായതു്. ആ സങ്കടവൎത്തമാനം ഞാൻ മഹാമഹിമശ്രീ കേരളവൎമ്മ വലിയകോയിത്തമ്പുരാൻമുതൽ അന്നുള്ള പല പ്രധാന കവികൾക്കും കത്തുമൂലം അറിവു കൊടുക്കുകയുണ്ടായി.

അവരിൽ മിക്കവരും കേരളവ്യാസൻെറ അഭാവത്തിൽ ആത്മാർത്ഥമായി അനുശോചിച്ച് അന്നു മറുപടി അയച്ചിരുന്നു. എന്നാൽ, ഉള്ളൂർ ആ വിഷയത്തിൽ എനിക്കയച്ച കത്തിൽ എനിക്കു പ്രത്യേകം ബാധകമാകത്തക്ക സംഗതികൾ ചിലതെല്ലാം എടുത്തുപറഞ്ഞിരുന്നതുകൊണ്ട് അദ്ദേഹത്തിന്ന് എന്നോടുണ്ടായിരുന്ന വാത്സല്യം കേവലം അകൃത്രിമവും അഗാധവുമായിരുന്നുവെന്ന് വിശദമായി. പ്രസ്തുത കത്തിലെ ഉള്ളടക്കം ഇപ്രകാരമായിരുന്നു: "കേരളവ്യാസൻ തിരുമേനിയുടെ നിര്യാണം കൈരളിക്കുമാത്രമല്ല, കേരളമണ്ഡലത്തിന്ന് ഒട്ടാകെ അപരിമിതമായ ഒരു നഷ്ടമാണെന്നുള്ളതിന്നു സംശയമില്ല.

"പതിനെട്ടു പുരാണങ്ങൾ—പതിരററുകിടക്കവേ
മതിമങ്ങിച്ചിപ്രവൃത്തി—മതിയാക്കുകിൽ മോശമാം."

എന്നു മഹാഭാരതം തർജ്ജമയ്ക്കുശേഷം സധൈര്യം പ്രസ്താവിക്കയും, അതുപ്രകാരം മററുള്ള മഹാപുരാണങ്ങളും പുറത്തിറക്കുവാൻ പ്രയത്നിക്കയും ചെയ്തിരുന്ന അവിടുത്തെ ശാശ്വതമായ വേർപാടു മലയാളസാഹിത്യത്തിന്നു ബാധിച്ചിട്ടുള്ള കഠിനമായ ഗ്രഹപ്പിഴയ്ക്കു് ഒരു മതിയായ ഉദാഹരണമാണ്. മനോഗുണവും കവിതാഗുണവും തുല്യനിലയിൽ ഒത്തുചേൎന്ന് ഉടലെടുത്ത ഒരാളായിരുന്നു ആ തിരുമേനി. അദ്ദേഹത്തിൻെറ ചവിട്ടടിയിൽക്കൂടി മുന്നോട്ടുപോയിരുന്ന അസ്മാദൃശൎക്ക് ഇനി അവലംബമാരാണ്? ലോകത്തിൽ നല്ലനല്ല വസ്തുക്കൾക്കാണ് വേഗത്തിൽ നാശമെന്നുള്ള തത്വം യഥാർത്ഥമാണ്. പക്ഷെ, ആ നല്ലനല്ല വസ്തുക്കളുടെ ഗുണാതിരേകത്തെ മാതൃകയാക്കിക്കൊണ്ടു നാം മുന്നോട്ടുപോകുവാൻ ശ്രമിക്കുക

യെന്നല്ലാതെ ഇനി ദുഃഖിച്ചിട്ടു പ്രയോജനമില്ല. ആ മഹാപുരുഷൻെറ ആത്മാവു നിത്യശാന്തിയിൽ ലയിക്കട്ടെ!

"കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സിലെ നിൎയ്യാണത്താൽ നിങ്ങൾക്കു പററിയ ദുസ്സഹദുഃഖത്തിൽ ഞാൻ ഹാർദ്ദമായി പങ്കുകൊള്ളുന്നുണ്ട്. ആ തിരുമേനിയുടെ ആത്മാൎത്ഥമായ വാത്സല്യവും, അനുഗ്രഹവും നിങ്ങളുടെ അഭിവൃദ്ധിക്കു സൎവ്വഥാ സംഗതി വരുത്തിയിരിക്കെ, അദ്ദേഹത്തിൻെറ അഭാവത്തിൽ നിങ്ങൾ എങ്ങനെ സമാധാനപ്പെടും? ഏതായാലും, മനസ്സു പതറാതെ കവനവിഷയത്തിൽ കൈകാൎയ്യം ചെയ്യുവാൻ ഉദാസീനത കാണിക്കാതിരിക്കുക. നിങ്ങൾക്ക് ഏതുകാലത്തും അസ്മാദൃശരുടെ സഹായസഹകരണങ്ങളുണ്ടായിക്കൊണ്ടിരിക്കും. തല്ക്കാലം ഇത്രമാത്രം—സ്വന്തം ഉള്ളൂർ (ഒപ്പ്)." ഉള്ളൂർ അയച്ച പ്രസ്തുത കത്തിൽ, അദ്ദേഹം ഉള്ളുതുറന്ന് എന്നെപ്പററി പ്രസ്താവിച്ചിട്ടുള്ള സംഗതികളിൽനിന്ന് അദ്ദേഹത്തിന്ന് എൻെറപേരിലുള്ള അകൃത്രിമമായ സ്നേഹവാത്സല്യാദികൾ പ്രത്യക്ഷം പ്രസ്പഷ്ടമായിരിക്കുന്നു.

മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സിലെ നിൎയ്യാണാനന്തരം അവിടത്തെ സ്മാരകമായി കൊടുങ്ങല്ലൂർനിന്ന് 'കേരളവ്യാസൻ' എന്നപേരിൽ ഒരു മലയാളമാസിക പുറത്തിറക്കുവാൻ ഞാനും, എൻെറ മാന്യസ്നേഹിതനും, സരസകവിയുമായിരുന്ന നന്ത്യേലത്തു പത്മനാഭമേനോനും പ്രത്യേകപരിശ്രമങ്ങൾ പലതും ചെയ്തുകൊണ്ടിരിക്കയും, ആ ഉദ്ദേശ്യത്തെ ലാക്കാക്കി ഞാൻ തിരുവനന്തപുരത്തുപോയി ഉള്ളൂർ, പന്തളം കേരളവൎമ്മ

തമ്പുരാൻ തുടങ്ങിയ പല സാഹിത്യനായകന്മാരേയും കാണ്മാൻ തീർച്ചപ്പെടുത്തുകയുമുണ്ടായി. അന്നു തിരുവനന്തപുരത്തു ബി. എൽ. ക്ലാസ്സിൽ പഠിച്ചിരുന്ന എൻെറ മാന്യസ്നേഹിതൻ പത്മനാഭമേനോനും എന്നെ ആ വിഷയത്തെ ആസ്പദമാക്കി അങ്ങോട്ടു ക്ഷണിച്ചിരുന്നു. ആ അവസരത്തിലാണ്—1089 കന്നിയിലാണ്—കഴിഞ്ഞുപോയ സുപ്രസിദ്ധകവി ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോനും ഒരു തിരുവനന്തപുരം യാത്രയ്ക്കു തയ്യാറായിരുന്നതു്. ഭാഗ്യവശാൽ, അദ്ദേഹം തന്നോടുകൂടി ഞാനും ഉണ്ടാകുന്നതു തനിക്കു് ഏററവും സംതൃപ്തികരമാണെന്നു് എന്നോടു തുറന്നുപറഞ്ഞതനുസരിച്ചു് ഞങ്ങൾ രണ്ടുപേരും നവരാത്രിക്കു രണ്ടുമൂന്നുദിവസംമുമ്പു് തിരുവനന്തപുരത്തേയ്ക്കു പുറപ്പെട്ടു. ഞങ്ങൾ അവിടെ എത്തിയ ഉടനെ കഴിഞ്ഞുപോയ മഹാകവി പന്തളത്തു കേരളവമ്മതമ്പുരാൻതിരുമനസ്സിലെ വസതിയിലേയ്ക്കു പോയി അവിടെ താമസമുറപ്പിക്കയാണുണ്ടായതു്. ഒടുവിൻെറ സഹോദരീഭത്താവായിരുന്നു പരേതനായ പന്തളംതമ്പുരാൻ. ആ നിലയ്ക്കും അദ്ദേഹത്തിന്നു് (ഒടുവിന്നു്) അവിടെ താമസിപ്പാൻ പ്രത്യേകസന്തുഷ്ടിയും, അവകാശവുമുണ്ടായിരുന്നുവെന്നു പറയേണ്ടതില്ലല്ലൊ. ഞങ്ങൾ പന്തളംതമ്പുരാൻെറ വസതിയിലെത്തി കുളിമുതലായവ കഴിച്ചു് ഏതാണ്ടു് ഉച്ചയ്ക്കുശേഷം (മൂന്നുമണിയോടുകൂടി) ഹജ്ജൂരാപ്പീസിലേയ്ക്കു് ഉള്ളൂരിനെ കാണ്മാൻ പുറപ്പെടുകയെന്നു തീർച്ചപ്പെടുത്തി. "ഞാനും നിങ്ങളുടെകൂടെ വരാം" എന്നു പന്തളം പറഞ്ഞുകഴിയുമ്പോഴേയ്ക്കും

പത്മനാഭമേനോനും അവിടെ വന്നുചേർന്നു. ഉടനെ ഞ ങ്ങൾ നാലുപേരുംകൂടി ഹജൂരാപ്പീസിൽ ചെന്നു്, ഞങ്ങൾ വന്നിട്ടുള്ള വിവരം ഒരു ശിപായിമുഖേന ഉള്ളൂരിനെ അറിയിച്ചു. ഉള്ളൂർ അപ്പോൾ ഹജൂരിൽ അസിസ്റ്റൻറു സിക്രട്ടറിയായിരുന്നു. ഞങ്ങൾ വന്നിട്ടുണ്ടെന്നു കേട്ടമാ ത്രയിൽ ആ മഹാമനസ്കൻ, താൻ തിരക്കായി നോക്കി ക്കൊണ്ടിരുന്ന ചില ഫയലുകളെ അതേനിലയിൽ മേശ പ്പുറത്തുവെച്ചു് ഉടനടി ഞങ്ങളെ സ്വീകരിപ്പാൻ സുസ്മേര വദനനായി വരികയും, അദ്ദേഹത്തിൻെറ മുറിയിലേ യ്ക്കു ഞങ്ങളെ സാദരം ക്ഷണിച്ചുകൊണ്ടുപോവുകയും ചെയ്തു. എന്നാൽ, ഞങ്ങളിൽ നാലുപേരോടുമുള്ള സ്നേ ഹം അദ്ദേഹം പ്രത്യേകം പ്രസ്പഷ്ടമാക്കിയകൂട്ടത്തിൽ, എ ന്നോടുള്ള വാത്സല്യം കുറെക്കൂടി ബാഹ്യമായി സൂചിപ്പി ച്ചതു് എന്റെ ചുമലിൽ കൈയുംവെച്ചു് "ഞാനേററവും സന്തുഷ്ടനായി" എന്നു ചിരിച്ചുകൊണ്ടുച്ചരിച്ചതിൽനി ന്നു വെളിവായി. ഒട്ടവും, പന്തളവും അദ്ദേഹത്തിൻെറ പഴയ സ്നേഹിതന്മാർ, പഴക്കവും തഴക്കവുംചെന്ന കവി കൾ, ഞാനാകട്ടേ ഉയൻവരുവാനാശിക്കുന്ന ഒരു കവികി ശോരൻ, ആ നിലയ്ക്കു് അദ്ദേഹം എന്റെപേരിൽ പ്രത്യേ കം പ്രതിപത്തി പ്രദർശിപ്പിച്ചതു് ഏതുനിലയിലും യുക്ത മായെന്നുതന്നേയാണു് എനിക്കും തോന്നുന്നതു്. പത്മ നാഭമേനോനേയും അദ്ദേഹം പ്രത്യേകം സന്തുഷ്ടനാക്കി എന്നുതന്നെ പറയാം. അങ്ങനെ ഞങ്ങളെല്ലാവരുംകൂടി കുറച്ചുനേരം അദ്ദേഹത്തിൻെറ മുറിയിലിരുന്നു കുശലപ്ര ശ്നങ്ങൾ നടത്തിയശേഷം ഉള്ളൂർ പറഞ്ഞതു് ഇപ്രകാ രമാണു്: "ഇന്നെനിക്കു് ഒരു സുദിനമാണു്. ഇപ്പോൾ

തന്നെ നമുക്ക് ഇവിടെനിന്ന് ഇറങ്ങാം. സാഹിത്യസമാരാധനയ്ക്കു സന്ദർഭം കിട്ടിയ ഈ ഘട്ടത്തിൽ തലവേദന ഉണ്ടാക്കുന്ന കച്ചേരിപ്രവൃത്തി നാളേയ്ക്കു നിർത്തിവെയ്ക്കാം." അനന്തരം അദ്ദേഹം തൻെറ ആപ്പീസിലെ ഒരു സൂപ്രണ്ടിനെ വിളിച്ച്, താൻ തൽക്കാലം പോകുന്നു എന്നു മാത്രം പറയുകയും, ഞങ്ങളെല്ലാവരുംകൂടി പുറത്തേയ്ക്കിറങ്ങുകയും ചെയ്തു. അവിടെനിന്നു പന്തളത്തിൻെറ വസതിയിലെത്തുംവരെ അദ്ദേഹം എൻെറ ചുമലിൽ കൈവെച്ചുകൊണ്ടു രസകരമായ സാഹിത്യസംഭാഷണത്തിലേർപ്പെട്ടുകയാണുണ്ടായതു്.

ഞങ്ങളെല്ലാവരുംകൂടി അങ്ങനെ പന്തളത്തിൻെറ വസതിയിലെത്തിയപ്പോൾ അവിടെ ഞങ്ങളേയും കാത്തുകൊണ്ടു മൂന്നുപേർ ഇരുന്നിരുന്നു. അവർ കഴിഞ്ഞുപോയ സരസകവികളായ വി. പി. പത്മനാഭൻനമ്പൂതിരിപ്പാടും, ആലത്തൂർ അനുജൻനമ്പൂതിരിപ്പാടും സുഭാഷിണിപത്രാധിപർ പി. കെ. ഗോവിന്ദപ്പിള്ളയുമായിരുന്നു. അവരെക്കൂടി അവിടെ കണ്ടപ്പോൾ ഞങ്ങൾക്കെല്ലാവർക്കും സാഹിത്യവിഷയകമായ സംഭാഷണങ്ങളിലേർപ്പെടുവാൻ കൂടുതൽ ഉത്സാഹം ജനിച്ചു. ഉടനെ ഞങ്ങളെല്ലാം കാപ്പികുടി കഴിഞ്ഞു് ഒന്നിച്ചിരുന്നു സരസമായ സാഹിത്യസല്ലാപത്തിലുത്സുകരായി. കഴിഞ്ഞുപോയ കവിതിലകൻ ഒടുവിൽ ശങ്കരൻകുട്ടിമേനോനും ഏതാനും ദിവസങ്ങൾക്കുമുമ്പ് അവിടെ വന്നു താമസമാക്കിയിരുന്നതിനാൽ അദ്ദേഹത്തേയും ഞങ്ങളുടെ സാഹിത്യസംഭാഷണങ്ങളിൽ പങ്കുകൊള്ളിക്കുവാൻ ഞങ്ങൾക്കു സാധിച്ചു. അങ്ങനെ ആ സരസമായ സംഭാഷണം കൊ

ണ്ടുപിടിച്ചുകൊണ്ടിരിക്കെ ഉള്ളൂർ അഭിപ്രായപ്പെട്ടതു് "ഇപ്പോഴാണു്, ഒരു 'കൂട്ടകവിത'യെഴുതുവാൻ നമുക്കു് ഏററവും സമുചിതമായ സമയ"മെന്നാകുന്നു. "എന്നാൽ അങ്ങനെതന്നെയാവട്ടെ, ഇക്കാലം കൂട്ടകവിതക്കൃഷിയാണല്ലോ ഭാഷാസാഹിത്യകേദാരത്തിൽ കാര്യമായി നടക്കുന്നതു്" എന്നു പന്തളവും, "ആട്ടെ, ദ്രുതകവന പരീക്ഷ തന്നെയാവട്ടെ. ചെറുപ്പക്കാരായ ഈ കവികളുടെ സാമർത്ഥ്യമൊന്നു കാണട്ടേ, "(എന്നേയും, പത്മനാഭമേനോനേയും, നമ്പൂതിരിപ്പാടന്മാരേയും നോക്കി പുഞ്ചിരിതൂകിക്കൊണ്ടു്) എന്നു് ഒടുവു് ഉടനടി ഉത്തരം പറഞ്ഞു. "എന്നാൽ ഒരു കഥ എടുക്കുക" എന്നായി പന്തളം. "അതിന്നു സർവ്വഥാ സമർത്ഥൻ ഉള്ളൂരാണു്," എന്നു് ഒടു അഭിപ്രായപ്പെട്ടു: "അതു ഞാനല്ലെങ്കിലും, സർവ്വസമ്മതനായ ഒരു സരസകവി കല്പിച്ചാൽ അതിനു വഴിപ്പെടേണ്ടതു് എന്റെ മുറയല്ലേ," എന്നു പറഞ്ഞുകൊണ്ടു് ഉള്ളൂർ 'പാതാളരാമായണ'ത്തിൽ (തമിഴിൽ) ഉള്ള ഒരു കഥ (ഹനുമാന്റെ മാഹാത്മ്യം) വിസ്തരിച്ചു ഭംഗിയായി ഞങ്ങളെ പറഞ്ഞുകേൾപ്പിച്ചു. അപ്പോൾ "കഥ പങ്കിടുന്ന ചുമതല ഇനി ഒടുവിന്നാവട്ടെ," എന്നുള്ള ഉള്ളൂരിന്റെ അഭിപ്രായപ്രകാരം ഒടു എട്ടു കടലാസ്സു തുണ്ടുകളിൽ (നറുക്കുകളിൽ) പ്രസ്തുത കഥയുടെ ഓരോ ഭാഗത്തിന്റെ ഉള്ളടക്കം ഏററവും ചുരുക്കി (ഏതാണ്ടു് ഒററവാചകത്തിൽ) എഴുതി ഒരു വെള്ളിത്തട്ടിൽ വെച്ചു് ഒന്നിച്ചു നന്നായിളക്കി തന്റെ പ്രിയപ്പെട്ട സഹോദരനും ജാത്യാന്ധനുമായ ശങ്കരൻകുട്ടിമേനോനെക്കൊണ്ടു് ഓരോ നറുക്കെടുപ്പിച്ചു് ഓരോരുത്തൎക്കും കൊടുപ്പിച്ചു.

ബാക്കിയായ ഒരു നറുക്ക് അദ്ദേഹത്തോടെടുക്കുവാനും പറഞ്ഞു. അതുപ്രകാരം ഞങ്ങൾക്കെല്ലാം ഓരോ നറുക്കു കിട്ടിയ ഉടനെ, ഒരു ഘടികാരമെടുത്തുവെച്ചു സമയം നോക്കുകയും, ഒരു മണിക്കൂർകൊണ്ടു പ്രസ്തുത കവിത എല്ലാവരുംകൂടി എഴുതിത്തീർക്കേണമെന്നു നിർദ്ദേശിക്കയും, പതിനഞ്ചു പദ്യംവീതം ഓരോരുത്തർ ഓരോ സംസ്കൃത വൃത്തത്തെ കഥയിലുള്ള പേരുകൾക്കു യോജിച്ചവിധം കൈക്കൊണ്ടു യഥാക്രമം കഥ മുഴമിക്കേണമെന്നും അഭിപ്രായപ്പെട്ടു. അപ്രകാരം വൈകുന്നേരം അഞ്ചുമണിക്ക് ഞങ്ങൾ ആ കവിതാവേഗപരീക്ഷയിലേർപ്പെടുകയും 6 മണി കഴിഞ്ഞപ്പോഴേയ്ക്കും മിക്കവാറും എല്ലാവരും അവരവരുടെഭാഗം എഴുതിക്കഴിയുകയും, അവിടെവെച്ചുതന്നെ അവനവൻെറ ഭാഗം അവനവൻതന്നെ വായിച്ചു മററുള്ളവരുടെ അഭിപ്രായാനുസരണം ചില്ലറയായ ചില മാററങ്ങൾ ചെയ്യുകയുമുണ്ടായി. ആ കൂട്ടകവിതാരചനയിൽ കൃത്യസമയത്തിന്നുമുമ്പുതന്നെ തൻെറ ഭാഗം എഴുതിത്തീർത്തു് ഉള്ളൂർ ഒരു പുഞ്ചിരിയോടുകൂടി എൻ്റെ മുഖത്തൊന്നു നോക്കി. അപ്പോൾ എൻെറ ഭാഗവും കഴിഞ്ഞിരിക്കുന്നുവെന്നു് അദ്ദേഹത്തിന്നു് ഊഹിക്കുവാൻ സാധിച്ചു. വാസ്തവത്തിൽ, ദ്രുതകവനത്തിന്നു ഞാൻ കുറച്ചു സാമത്ഥ്യംകാട്ടാറുണ്ടെന്നു തനിക്കു മുമ്പുതന്നെ അറിവുള്ളതുകൊണ്ടാണു് ഉള്ളൂർ ആ അവസരത്തിൽ തൻ്റെ ശ്രദ്ധ സവിശേഷം എന്നിൽ പതിപ്പിച്ചതെന്നു് ഇവിടെ പ്രസ്താവിക്കുന്നതു് അശേഷം ആത്മസ്തുതിയായിട്ടല്ലെന്നു മാന്യവായനക്കാർ മനസ്സിലാക്കുമല്ലോ. അങ്ങനെ ശരിക്ക് ആറുമണിക്കുമുമ്പു് ഒടുവും തൻെറ കൃത്യം നിറവേററി. മററുള്ളവരും ഏതാണ്ടു തക്കസമയത്തു

തന്നെയാണവരുടെ പണി തീൎത്തതു്. എന്നാൽ ഉള്ളൂർ വളരെ മുമ്പുതന്നെ തൻെറ ഭാഗം എഴുതിത്തീൎത്തുവെന്നു മനസ്സിലായതിനാലായിരിക്കാം ഒട്ടു ഒരു പുഞ്ചിരിയോടു കൂടി "അമ്പട പട്ടരേ! എന്നെ തോല്പിച്ചു, അല്ലേ?" എന്നു് ഉള്ളൂരിനോടു് നേരിട്ടു ചോദിച്ചതു്. സ്നേഹസൂചകമായി അങ്ങനെ പച്ചയായി ഫലിതരൂപത്തിൽ പറഞ്ഞപ്പോഴം, "ഒട്ടു കവിതയിൽ ഞങ്ങളേക്കാൾ മുമ്പനാണെങ്കിലും, ഒട്ടു എന്ന പേർ അൎത്ഥവത്താക്കുവാനായിരിക്കുമോ ഇത്ര അമാന്തിച്ചതു്?" എന്നു് ഉള്ളൂർ എതിർ ചോദ്യം ചെയ്തു. അങ്ങനെ തമാശയോടുകൂടി ഞങ്ങളെല്ലാപേരും ചേൎന്നു് എഴുതിത്തീൎത്ത ആ ഖണ്ഡകവിതയ്ക്കു്, 'ആഞ്ജനേയവിജയം' എന്നു പേർ കൊടുക്കുകയും, അതു് താമസിയാതെ 'കവനകൗമുദി'ക്കു് കൊടുപ്പാൻ ഐകകണ്ഠ്യേന ഞങ്ങൾ തീൎച്ചപ്പെടുത്തുകയും ചെയ്തു. ഒരാഴ്ചയ്ക്കുശേഷം ഞാൻ ആ കാവ്യം 'കവനകൗമുദി'മാസികയ്ക്കു കൊടുക്കുകയും താമസിയാതെ അതു പ്രസിദ്ധപ്പെടുത്തിക്കാണുകയുമുണ്ടായി. അങ്ങനെയുള്ള കൂട്ടുകവിതാനിൎമ്മാണവും സരസമായ സാഹിത്യസംഭാഷണവും മററും പിന്നീടു വളരെക്കാലം നിലനില്ക്കാതെപോയതു്, ക്രമേണ ഭാഷാസാഹിത്യത്തിൽ പ്രസ്ഥാനസംബന്ധമായ ചില പരിവൎത്തനങ്ങൾക്കിടവന്നതുകൊണ്ടാണെങ്കിൽ, അങ്ങനെയുള്ള സുവൎണ്ണകാലങ്ങൾതന്നെയായിരുന്നു യഥാൎത്ഥ സാഹിത്യകാരന്മാൎക്കു് വിജ്ഞാനത്തിന്നും വിനോദത്തിന്നും സൎവ്വോപരി സഹായകമായ ദശാഘട്ടങ്ങളെന്നു് ഇതു് എഴുതുന്ന ആൾ പറയുമ്പോൾ 'ശ്ലോകമത്സരി'മാരെ പഴിച്ചു 'വായിൽതോന്നുന്നതെല്ലാം പാട്ടാക്കി' ഇ

ന്നത്തെ ചില 'സാഹിത്യകേസരികൾ' നീരസത്താൽ പല്ലിറുമ്മാനും കണ്ണുരുട്ടുവാനും സംഗതിയായേക്കും. അ പ്രകാരമുള്ള പരിഹാസകലവികളും, വിജാതീയമായ നിരൂപണരീതികളും 'കാലത്തിന്നൊത്തകോലങ്ങ'ളെന്നുമാത്രം സമാധാനിച്ചിരിക്കുകയല്ലാതെ ആ വിഷയങ്ങളിൽ കൂടുതലായി മറെറാന്നും പറയുവാൻ ഞാൻ ഇപ്പോൾ തുനിയുന്നില്ല.

മേൽപ്രസ്താവിച്ച നിലയിലുള്ള കവനസാമർത്ഥ്യപരീക്ഷ കഴിഞ്ഞശേഷവും ഞങ്ങൾ കാര്യമായി ചെലവാക്കിയതു്, സാഹിത്യപരമായ സംഭാഷണങ്ങൾക്കുതന്നെയായിരുന്നു. ആ അവസരത്തിൽ, താൻ എഴുതുവാൻതുടങ്ങിയിട്ടുള്ള 'കേരളസാഹിത്യചരിത്ര'ത്തെപ്പററി ഉള്ളൂർ സംക്ഷിപ്തമായി ചില സംഗതികൾ ഞങ്ങളോടു പറഞ്ഞിട്ടുണ്ടു്. പ്രസ്തുത സാഹിത്യചരിത്രമാണു് ആ മഹാശയൻെറ അന്നുമുതലുള്ള അശ്രാന്തപരിശ്രമത്തിൻെറ ഫലമായി ഇപ്പോൾ ഏതാണ്ടു പരിപൂർണ്ണമായിട്ടുള്ളതു്. തിരുവിതാംകൂർ ഗവമ്മെണ്ടു് ആ മഹത്തായ ഗ്രന്ഥത്തെ ഏറെറടുത്തു് അച്ചടിപ്പിക്കുവാൻപോകുന്നുണ്ടെന്നു കേൾക്കുന്നുണ്ടെങ്കിലും, അതു പുസ്തകരൂപത്തിൽ പുറത്തുവന്നു കാണ്മാൻ അല്പകാലവുംകൂടി ആ അതിസമർത്ഥനായിരുന്ന സാഹിത്യചരിത്രാന്വേഷകനായ ധിഷണാശാലിക്കു ജീവിച്ചിരിപ്പാൻ ദൈവം ആയുസ്സുനീട്ടിക്കൊടുത്തില്ലല്ലോ എന്നാകുന്നു അസ്മാദൃശർ ഉള്ളുരുകിക്കൊണ്ടു കുണ്ഠിതപ്പെടുന്നതു്. ഞങ്ങളുടെ സരസസംഭാഷണമദ്ധ്യേ മുമ്പുണ്ടായ പ്രാസവഴക്കു മുതലായ പലസംഗതികളും പ്രതിപാദ്യവിഷയങ്ങളായിരുന്നു. അങ്ങനെ ഏതാണ്ടു് എട്ടുമണിവ

രെ ഞങ്ങൾ കവിതയും, തമാശയുമായി കളിച്ചു ചിരിച്ചു കഴിച്ചുകൂട്ടിയശേഷം പിറേറന്നു വൈകുന്നേരം എല്ലാവരും വീണ്ടും പന്തളത്തിൻെറ വസതിയിൽ വന്നുകൂടിക്കൊള്ളണമെന്നുള്ള നിശ്ചയത്തിന്മേൽ ആ സൗഹാർദ്ദസമ്മേളനം അപ്പോൾ അവസാനിപ്പിച്ചു.

ഞങ്ങളിൽ നമ്പൂതിരിപ്പാടന്മാർ രണ്ടുപേരും അവർ താമസിക്കുന്ന സ്ഥലങ്ങളിലേയ്ക്കും, ഞാൻ പത്മനാഭമേനോനൊരുമിച്ച് അദ്ദേഹത്തിൻെറ പാർപ്പിടത്തിലേയ്ക്കും തിരിച്ചു. ഉള്ളൂർ തൻെറ ഭവനത്തിലേയ്ക്കുതന്നെ പോയി. ഒട്ടവും സഹോദരനും അവരുടെ ബന്ധുവായ പന്തളമൊരുമിച്ചുതന്നെയാണ് താമസിച്ചിരുന്നത്.

പിറേറദിവസം പറഞ്ഞുവെച്ചപോലെ ഞങ്ങളെല്ലാവരും പന്തളത്തിൻെറ വസതിയിലൊരുമിച്ചുചേർന്നു. അന്നു വഞ്ചിയൂർ നിവാസികളുടെ ഒരു സാഹിത്യസമാജത്തിൻെറ വാർഷികദിനമായിരുന്നതിനാൽ ഒട്ടവിനെ അവർ അദ്ധ്യക്ഷപദത്തിലേയ്ക്കു ക്ഷണിക്കുകയും, ഞങ്ങളോടും ആ സമ്മേളനത്തിൽ സന്നിഹിതരാകുവാൻ സാദരം അപേക്ഷിക്കയും ചെയ്തിരുന്നു. അതുപ്രകാരം ഞങ്ങളെല്ലാവരുംകൂടി ആ സാഹിത്യസമാജവാർഷികോത്സവത്തിൽ പങ്കുകൊള്ളുകയുണ്ടായി. അന്നുതന്നെ വയോവൃദ്ധനായിരുന്ന പഴയ സാഹിത്യകാരനായ റിട്ടയാർഡ് ജഡ്ജി ദിവാൻബഹദൂർ എ. ഗോവിന്ദപ്പിള്ളയവർകൾ അവിടെവെച്ചു ഞങ്ങളെ എല്ലാവരേയും ഒന്നിച്ചുകണ്ടപ്പോൾ പൊട്ടിച്ചിരിച്ചു "ബലേ! ഭേഷ്!" എന്നു മുക്തക

ണ്ടും ഉച്ചരിച്ചതു് ഇന്നലെ കഴിഞ്ഞതപോലെയാണെന്നി
ക്ക തോന്നുന്നതു്.

ആ വാർഷികയോഗസമ്മേളനാനന്തരം ഞങ്ങളെ
ല്ലാവരുംകൂടി തിരിച്ചതു് കടൽപ്പുറത്തേയ്ക്കാണു്. ഏക
ദേശം ആറുമണിയോടുകൂടി (വൈകുന്നേരം) ഞങ്ങൾ
അവിടെ എത്തി പ്രകൃതിരമണീയമായ അസ്തമയകാന്തി
കണ്ടു് ആനന്ദിച്ചു് കുറച്ചുനേരം വെടിപറഞ്ഞിരുന്ന
പ്പോൾ ഉള്ളൂരിന്നു തോന്നിയതു്, "എന്നാൽ ഇനി നമ്മ
ക്കു് ഇവിടെത്തന്നെ ഇരുന്നു കുറെസമയം അക്ഷരശ്ലോ
കം ചൊല്ലിക്കഴിക്കുകയല്ലേ," എന്നായിരുന്നു. അദ്ദേഹ
ത്തിൻെറ അഭിപ്രായത്തെ ഞങ്ങൾ ഐകകണ്ഠ്യേന അ
നുകൂലിക്കയും, ഉടനടി അക്ഷരശ്ലോകോച്ചാരണത്തിന്നു
ബദ്ധകങ്കണരാവുകയുംചെയ്തു. ഞങ്ങൾ ഏതാണ്ടു മൂന്നു
മണിക്കൂറിലധികസമയം ആ അക്ഷരശ്ലോകം ചൊല്ലൽ
ഏററവും സരസമായ രീതിയിൽ നടത്തി. ഭാഷാപദ്യ
ങ്ങൾമാത്രമേ ചൊല്ലാൻ പാടുള്ളു എന്നു നിർബന്ധമു
ണ്ടായിരുന്നു. അന്നത്തെ ആ രസകരമായ സാഹിത്യവി
നോദത്തിൽ ഉള്ളൂർ പ്രദർശിപ്പിച്ച അസാമാന്യമായ
ധാരണാശക്തിയും, ധിഷണാവൈഭവവും പ്രത്യേകം സ്തു
ത്യർഹമാണു്. ഞങ്ങളിൽ ആരെങ്കിലും ചൊല്ലുന്ന പദ്യ
ത്തെപ്പററി അതു് ആ നാടകത്തിലുള്ളതല്ലെ, ആ കാവ്യ
ത്തിലുള്ളതല്ലെ, ആ മഹാകവിയുടെ ശ്ലോകമല്ലെ, എ
ന്നും മററും ചോദിച്ചുകൊണ്ടാണു് തൻെറ അഗാ
ധമായ ഭാഷാസാഹിത്യപരിചയം അദ്ദേഹം വിശദ
മായി വെളിപ്പെടുത്തിയതു്. ഒടുവിൽ ഓരോരുത്ത
രുടേയും കൈവശമുള്ള പദ്യങ്ങൾ (സ്റ്റോക്കു്) തീർന്ന

പ്പോൾ "എന്നാൽ, ഇനി കുറച്ചുനേരം പദ്യങ്ങൾ നമുക്ക് ഉണ്ടാക്കിക്കളയാമല്ലോ" എന്നായി ഉള്ളൂർ. അതിനും ഞങ്ങൾ ഏവരും ഉടനടി ഏറ്റെപ്പെട്ടു അപ്രകാരവും കുറെ അധികനേരം യഥാർത്ഥസാഹിത്യവിനോദാമൃതത്തിൽ മുങ്ങിക്കൊണ്ടിരുന്ന ഞങ്ങളെ യഥോചിതം ഉപചരിപ്പാൻ അവിടെ തടിച്ചുകൂടിയിരുന്ന സാഹിത്യരസികന്മാർക്ക് ഒരു കയ്യും കണക്കുമുണ്ടായിരുന്നില്ല. ആ മഹാകേമമായ സാഹിത്യവിനോദവും അവസാനിപ്പിച്ചശേഷം പിറേറന്നും പന്തളത്തിൻെറ വസതിയിൽ എല്ലാവരും വന്നുചേരണമെന്നുള്ള നിബന്ധനയോടുകൂടി ഞങ്ങൾ അന്നു പിരിഞ്ഞു.

മുൻ നിശ്ചയപ്രകാരം പിറേറന്നു രാവിലെത്തന്നെ ഞങ്ങളെല്ലാവരും പന്തളത്തിൻെറ വസതിയിൽ ചെന്നു ചേന്നു. അന്ന് അവിടെ പരേതനായ മൂലൂർ എസ്. പത്മനാഭപ്പണിക്കരുമെത്തിയിരുന്നു. അവിടെവെച്ച് ഞങ്ങളെല്ലാവരും ചേന്ന് ഒരു ഗ്രൂപ്പ് ഫോട്ടോ (ഒന്നിച്ചിരുന്നുള്ള ഛായാപടം) എടുപ്പിക്കുകയുണ്ടായി. അതിനും ആദ്യവസാനവേഷക്കാരനായി നിന്നിരുന്നതു് ഉള്ളൂരായിരുന്നു. അന്നും സാഹിത്യപരമായ സരസസംഭാഷണം കൊണ്ടും വളരെ സമയം ചെലവഴിച്ചശേഷം ഇയ്യുള്ളവൻ ഉള്ളൂരിനോട്, കൊടുങ്ങല്ലൂർനിന്നു ഞങ്ങൾ പുറപ്പെടുവിക്കാനാലോചിക്കുന്ന 'കേരളവ്യാസൻ' എന്ന മാസികയ്ക്ക് എല്ലാവരും സകലവിധത്തിലുള്ള സഹായങ്ങളും ചെയ്തുതരേണ്ട കാൎയ്യത്തെപ്പററി അപേക്ഷിച്ചു. "കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമേനിയുടെ സ്മാരകമായി പുറപ്പെടുന്ന ഒരു മാസിക, വിശേഷിച്ച് അതിൻെറ പ്രവൎത്തക

ന്മാർ നിങ്ങൾ ചിലർ, ഇക്കാര്യത്തിൽ നിങ്ങൾക്കു ഏതു കാലത്തും ശുഭപ്രതീക്ഷയോടുകൂടിയിരിക്കാം," എന്നാകു ന്നു ഉടനടി ഉള്ളൂർ സമാധാനം പറഞ്ഞതു്. വീണ്ടും പ ല സംഗതികളും സംസാരിച്ചശേഷം ആശ്രിതവത്സല നും, അത്യുദാരമതിയും, അഗാധപണ്ഡിതനും, മഹാക വിയുമായ അദ്ദേഹം എനിക്കു സാഹിത്യവിഷയകമായി സാരതരങ്ങളായ പല ഉപദേശങ്ങളും തരികയുണ്ടായി. അതു് ഉററു നോക്കിക്കൊണ്ടിരുന്ന ഒടു, ഉള്ളൂരിനോട് "എന്തോ, കൊയിപ്പിള്ളിയോട്ട് എപ്പോഴും ഉള്ളൂരിന്നു കൂടുതൽ പ്രതിപത്തികാണുന്നു. രണ്ടുപേരും പരമേശ്വ രന്മാരാകയാലാണോ ഇത്രയൊക്കെ അടുപ്പം നിങ്ങൾ തമ്മിൽ," എന്നു ചിരിച്ചുകൊണ്ടു ചോദിക്കയും, ഉടനടി ഉള്ളൂർ, "നമ്മളൊക്കെ പഴമക്കാരല്ലേ, ഉയൻവരുന്നവ രല്ലേ കൊയിപ്പള്ളിയുംമററും, അവരെയൊക്കെ ആത്മാ ത്ഥമായി പ്രോത്സാഹിപ്പിക്കേണ്ടതു് നമ്മുടെ ചുമതല യല്ലേ," എന്നു മറുപടി പറയുകയും ചെയ്തു. അന്നത്തെ സാഹിത്യവിനോദച്ചടങ്ങും അങ്ങനെ അവസാനിപ്പിച്ചു് ഏതാണ്ടു് പത്തുമണിക്കു് ഞങ്ങൾ പിരിഞ്ഞു.

ഒടുവിന്നു് ഔദ്യോഗികഭാരം ധാരാളമുള്ളതിനാൽ കൂടുതൽ അവധിക്കു വഴികാണാഞ്ഞതിനാലും, എനിക്കു് എൻെറ എളിയ ഉദ്യോഗസ്ഥലത്തെത്തുവാൻ വൈകി യതിനാലും ഞങ്ങൾ രണ്ടുപേരും പിന്നെ ഒരു ദിവസ ത്തിലധികം അവിടെ താമസിച്ചില്ല. ഉള്ളൂരിനോടും, പ ന്തളത്തിനോടും ഞങ്ങൾ യാത്രപറഞ്ഞു പിരിയുമ്പോൾ തല്ക്കാലം സാഹിത്യവിനോദം നിൎത്തിവെയ്ക്കേണ്ടിവന്ന തിനാൽ ഞങ്ങളേററവും സങ്കടപ്പെട്ടു കണ്ണുനീർ വാൎത്തു

പോയി. അങ്ങനെയുള്ള ഞങ്ങളുടെ രസകരമായ തിരുവനന്തപുരം സക്കീട്ടിനെപ്പററി ഇതുകാലമൊക്കെയായിട്ടും ദിവസത്തിലൊരിക്കലെങ്കിലും ഞാൻ ഓക്കാതിരിക്കാറില്ല.

ഞാൻ തിരുവനന്തപുരത്തുനിന്നു് അങ്ങനെ തിരിച്ചുവന്നശേഷം 'കേരളവ്യാസൻ'·എന്ന മാസിക പുറത്തിറക്കുവാൻ സകല ഒരുക്കങ്ങളും ചെയ്തു. ആ അവസരത്തിൽ പ്രസ്തുത മാസികയിലേയ്ക്കു് എനിക്കു് ആദ്യമായി കിട്ടിയ ലേഖനം കുഞ്ഞിക്കുട്ടൻതമ്പുരാനെക്കുറിച്ചു് ഉള്ളൂർ സരസമായി എഴുതിയ 'സ്മരണകൾ'തന്നെയായിരുന്നു. അതോടുകൂടി അദ്ദേഹം എനിക്കയച്ച കത്തിൽ മാസികാപ്രവത്തനവിഷയത്തിൽ എന്നെ പ്രത്യേകം പ്രോത്സാഹിപ്പിക്കയും, കുഞ്ഞിക്കുട്ടൻതമ്പുരാനെപ്പററി പറയുകയാണെങ്കിൽ പല നിലയിലും തൻെറ ഗുരുവായിരുന്നു അദ്ദേഹമെന്നു പ്രസ്താവിക്കുകയും ചെയ്തിരുന്നു.

അദ്ദേഹത്തിൻെറ ഗുരുഭൂതനായിരുന്ന ശ്രീ. ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ രവിവമ്മ കോയിത്തമ്പുരാനും, കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമേനിയും തമ്മിൽ നടത്തിയിരുന്ന പല കവിതക്കത്തെിടപാടുകളിലും അവർ തമ്മിലുള്ള അകൃത്രിമസ്നേഹം പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. ഒരു കവിതക്കത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമേനി തൻെറ ഗുരുനാഥനെപ്പററി,

"ലക്ഷ്മീപുരത്തു രവിവമ്മനൃപൻ കവീന്ദ്ര
ലക്ഷ്മീപുരത്തു വിലസുന്ന മണിപ്രദീപം."

എന്നും,

തൻെറ ഗുരുനാഥൻ കുഞ്ഞിക്കുട്ടൻതമ്പുരാനെക്കുറിച്ച്,

"ശിതമതികരം ശിരസ്സിൽച്ചൂടിടും കുഞ്ഞികുട്ട-
ക്ഷിതിപരിവൃഢനസ്സൽകാവ്യകൃത്താത്തമിത്രം."

എന്നും മററും പ്രസ്താവിച്ചിരുന്നതും തനിക്കു കേരളവ്യാസനിൽ കൂടുതൽ ഭക്തിക്കു ഹേതുഭൂതമായിട്ടുണ്ടെന്നും അദ്ദേഹം സൂചിപ്പിക്കാതിരുന്നിട്ടില്ല. മാത്രമല്ല, താൻ എഫ്. ഏ. ക്ലാസ്സിൽ വായിക്കുമ്പോറം തമ്പുരാൻെറ 'ലക്ഷണാസംഗം' എന്ന ഭാഷാനാടകം തനിക്കുള്ള പാഠപുസ്തകങ്ങളിൽ ഒന്നായിരുന്ന സംഗതിയും, തമ്പുരാൻ തൻെറ ഗുരുവാണെന്നു സമത്ഥിക്കുവാൻ മതിയായ തെളിവുകളിലൊന്നാണെന്നുകൂടി വിനയാനതനായ ആ കവികുലകൂടനാഥൻ തൻെറ കത്തിൽ പ്രസ്താവിച്ചിരുന്നു. ഉള്ളൂരാകട്ടേ തൻെറ വാഗ്ദാനപ്രകാരം കേരളവ്യാസന്, ആ മാസിക നടത്തിയിരുന്നേടത്തോളംകാലം ഏററവും വിലയേറിയ പല സഹായങ്ങളും ചെയ്തുതരികയുണ്ടായിട്ടുണ്ടെന്നുള്ള സംഗതി കൃതജ്ഞതാപുരസ്സരം ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

സ്മൎയ്യപുരുഷനും ഞാനും തമ്മിൽ അനന്തരകാലത്തും കൂടക്കൂടെ കത്തിടപാടുകറം നടത്തിക്കൊണ്ടിരുന്നു. അക്കാലത്തൊരിക്കൽ ഇരിങ്ങാലക്കുടയിൽനിന്നു പുറപ്പെട്ടിരുന്ന 'സദ്ഗുരു' എന്ന മാസികയിൽ ഉള്ളൂർ 'ഇന്ത്യൻ റവ്യൂ' എന്ന ഇംഗ്ലീഷ്പത്രഗ്രന്ഥത്തിൽ എഴുതിയിരുന്ന 'Mountain Summit' എന്ന ചെറുകവിതയുടെ തർജ്ജമ 'പർവ്വതശിഖരം' എന്ന ശീർഷകത്തിൽ ഞാൻ

പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഉള്ളൂരിന്റെ ഇംഗ്ലീഷിലുള്ള മയൂരസന്ദേശം തർജ്ജമ മുമ്പുതന്നെ വായിച്ചിട്ടുള്ള എനിക്ക് അദ്ദേഹത്തിന് ഇംഗ്ലീഷിലും തന്മയത്വത്തോടുകൂടി ഒന്നാന്തരം കവിതകളെഴുതുവാൻ സാധിക്കുമെന്നു മനസ്സിലായിരുന്നു. 'പർവ്വതശിഖരം' എന്ന കവിത 'സദ്ഗുരു'വിൽ കണ്ടു ഉടനെ എനിക്ക് ഉള്ളൂർ അയച്ച കത്തിൽ പ്രസ്താവിച്ചിരുന്നതു് ഇപ്രകാരമാണു്: "ആ ഇംഗ്ലീഷ് കവിതയ്ക്കു് അത്രയൊക്കെ പ്രാധാന്യമുണ്ടോ? പക്ഷേ, നിങ്ങൾക്കെന്നോടുള്ള സ്നേഹത്താലായിരിക്കാം അതു പരിഭാഷപ്പെടുത്തുവാൻ തോന്നിയതു്. ഏതായാലും തർജ്ജമ നന്നായിട്ടുണ്ടു്. മൂലവും പരിഭാഷയുമായി ഞാൻ ഒത്തുനോക്കി. നിങ്ങളുടെ കവിതാകാമിനി ക്രമപ്രവൃദ്ധമായ അന്തസ്സോടും, അഴകോടുമാണു് ഉത്തരോത്തരം പരിലസിക്കുന്നതു്." ഈ വാത്സല്യസൂചകമായ കത്തു് എന്നെ ഏററവും സന്തുഷ്ടനാക്കുകയാൽ, എന്നോടു് അത്രമാത്രം സ്നേഹവാത്സല്യാദികളുള്ള ആ മഹാകവിക്കു ഞാൻ ആരോഗ്യവും ദീർഘായുസ്സും നേരുകയുണ്ടായി.

പിന്നീടും ഞാൻ ഉള്ളൂരുമായി തുടരെത്തുടരെ കത്തിടപാടു നടത്തുകയും, പല മാസികകളിലും അദ്ദേഹത്തിന്റെ കൃതികളെപ്പററി അഭിനന്ദിച്ചുകൊണ്ടു് ചില നിരൂപണങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തുകൊണ്ടിരുന്ന കാലത്താണു് എന്നെ മിതവാദിയുടെ സഹപത്രാധിപസ്ഥാനത്തേയ്ക്കു് കഴിഞ്ഞുപോയ ശ്രീ. സി. കൃഷ്ണൻ ('മിതവാദി'പത്രാധിപർ) ക്ഷണിച്ചതു്. ആ ഉദാരതയോടുകൂടിയ ക്ഷണനം കയ്യേററുകൊണ്ടു ഞാൻ ഉടനെ മിതവാദി

സഹപത്രാധിപജോലിയും, കൂടാതെ 'കേരളസഞ്ചാരി' (അന്നു സഞ്ചാരിയുടേയും ഉടമസ്ഥൻ ശ്രീ. സി. കൃഷ്ണനായിരുന്നു.) യുടെ പത്രാധിപത്യവും ഏറെറടുത്തു. ആയിടയ്ക്ക് എന്റെ അഭിപ്രായത്തോടുകൂടി യോജിച്ചുകൊണ്ടു ശ്രീ. കൃഷ്ണൻ, മിതവാദിക്ക് ഉടനെ ഒരു വാർഷികവിശേഷാൽപ്രതി പുറത്തിറക്കണമെന്നും തീർച്ചപ്പെടുത്തി. ശ്രീ. പി. വി. കൃഷ്ണവാരിയരാണു മലയാളമാസികകൾക്ക് ഇദംപ്രഥമമായി വിശേഷാൽപ്രതികൾ ആവശ്യമാണെന്നനിലയിൽ 'കവനകൌമുദി'ക്കു 'ഭാഷാവിലാസ'മെന്ന പേരിൽ വിശേഷാൽപ്രതികൾ പുറപ്പെടുവിക്കാൻ തുടങ്ങിയതു്. അദ്ദേഹത്തിന്റെ ആദർശവും നയവും അനുസരിച്ചാണു് എനിക്കും മിതവാദിക്കു വിശേഷാൽപ്രതി വേണമെന്നു തോന്നിയതു്. അതിലേയ്ക്കു സരസഗംഭീരങ്ങളായ ലേഖനങ്ങൾ കിട്ടുവാൻ ഞാൻ പല സുപ്രസിദ്ധസാഹിത്യകാരന്മാൎക്കും, വിശേഷിച്ചു് ഉള്ളൂരിന്നും എഴുതി. ഉള്ളൂരാകട്ടെ, ഒരാഴ്ച കഴിഞ്ഞപ്പോൾ ഒരു കത്തോടുകൂടി എനിക്കു് ഏററവും മനോഹരമായ 'വിചാരധാര' എന്നൊരു ചെറുകവിത അയച്ചുതന്നു. പക്ഷെ, ആ കത്തിൽ പ്രസ്താവിച്ചിരുന്ന രഹസ്യസംഗതികളിൽ ഒന്നു്, "കവികൾ വൎത്തമാനപത്രങ്ങളുടെ അധിപന്മാരാകരുതു്; അങ്ങനെ ചെയ്താൽ അവരുടെ കവനചാതുൎയ്യം, പത്രഭാഷയുമായി (ഗദ്യങ്ങളുമായി) വന്നുകൂടാവുന്ന സമ്പൎക്കത്താൽ നഷ്ടപ്പെടും. അതുകൊണ്ടു് സൂക്ഷിക്കണേ. ഈ സംഗതി ഒരിക്കൽ വള്ളത്തോളിനെ, അദ്ദേഹം 'കേരളോദയം' പത്രാധിപരായിരുന്നകാലത്തു ഞാനുപദേശിച്ചിട്ടുണ്ടു്." എന്നും മററുമായിരുന്നു. എന്റെ ഗുണത്തെ ആസ്പദിച്ചു് അ

ങ്ങനെ അദ്ദേഹം എഴുതിയ അഭിപ്രായം അക്ഷരംപ്രതി പരമാൎത്ഥമാണെന്നു് എനിക്കു വഴിയെ ബോധം വന്നു. ഇംഗ്ലീഷുപത്രങ്ങളിൽനിന്നു് അപ്പപ്പോഗം അതിവേഗത്തിൽ പല ലേഖനങ്ങളും തർജ്ജമചെയ്യുകയും, രാഷ്ട്രീയ കാൎയ്യങ്ങളെപ്പററി പലതും എഴുതുകയും ചെയ്യേണ്ടിവന്നിരുന്ന എനിക്കു്, കവികൾക്കു വൎത്തമാനപത്രങ്ങളുടെ ആധിപത്യം, അവരുടെ കവിതാവാസന കുറയ്ക്കുവാനിടയാക്കുന്നതാണെന്നു തോന്നിയതുകൊണ്ടുതന്നെ ഉള്ളൂരിന്റെ അഭിപ്രായം സശിരഃകമ്പം സമ്മതിക്കേണ്ടിവന്നു. പക്ഷേ, ഉപജീവനമാൎഗ്ഗാന്വേഷണം സുകരമല്ലാത്ത ഒരു നിലയാണു നമ്മുടെയിടയിൽമിക്കസാഹിത്യകാരന്മാരുടേയും സ്ഥിതി. അതുകൊണ്ടു് ഒരുവിധം മൎയ്യാദയായ ശമ്പളമുള്ള പ്രസ്തുത പത്രാധിപത്യം ഞാൻ വളരെ കാലത്തോളം കൈവെടിഞ്ഞില്ല. ഉള്ളൂർ കത്തോടുകൂടി അയച്ചിരുന്ന 'വിചാരധാര'യെന്ന ആ ചെറുകവിതയെപ്പററി ഈ അവസരത്തിൽ രണ്ടു വാക്കു പറയാതിരിപ്പാൻ നിവൃത്തിയില്ല. 'വിചാരധാര' വാസ്തവത്തിൽ ഒരു വിചാരധാരതന്നെയായിരുന്നു. അത്രമാത്രം ആശയപുഷ്ടിയും തന്മയത്വവും അതിന്നുണ്ടായിരുന്നു.

ഭാഷാസാഹിത്യം കാലാനുകൂലമായ പരിഷ്കാരത്തോടുകൂടി കൂടുതൽ സംസ്കാരത്തോടെ പുരോഗമനം ചെയ്യുന്നുണ്ടെന്നുള്ളതിന്നു് ഉള്ളൂരിന്റെ അന്നത്തെ കൃതിയായ 'വിചാരധാര'തുടങ്ങിയവ ഉത്തമസാക്ഷ്യങ്ങളാണു്. പ്രകൃതകൃതിയിൽ, പുൽക്കെട്ടു തലയിൽ വെച്ചുപോകുന്ന ഒരു ചെറുമിപ്പെൺകിടാവിനെക്കുറിച്ചു പറയുന്നതു നോക്കുക:

"തടിച്ചപുൽക്കെട്ടു തലയ്ക്കൽവെച്ചു
താങ്ങിത്തളർന്നെത്തിടമിക്കിടാത്തി
ത്തുണ്ണത്തിലും തൻനില താഴെയെന്നു
തീരത്താതിടുന്നുണ്ടു ജനത്തൊടെല്ലാം."

എത്ര മനോഹരമായ ആശയം! ഇത്തരത്തിലുള്ള തത്വ പരമായ കവനരത്നങ്ങളാണു ഭാഷാസാഹിത്യഭണ്ഡാരത്തിലേയ്ക്കത്യാവശ്യം.

ഉള്ളൂരിൻെറ 'വിചാരധാര'യ്ക്ക മുഖലേഖനസ്ഥാനമാണു ഞാൻ അന്നു മിതവാദി വിശേഷാൽപ്രതിയിൽ നൽകിയതു്. തന്മൂലം മിതവാദിയുടെ പ്രചാരം കണക്കിലേറെ വർദ്ധിച്ചു. അടുത്ത വർഷത്തിലും അതിന്നു ശേഷവും എൻെറ ഉത്സാഹത്താൽ ഉള്ളൂർ മിതവാദി വിശേഷാൽപ്രതികൾക്ക സരസഗംഭീരമായ കൃതികൾ സമ്മാനിച്ചിട്ടുണ്ടു്. അവയിലൊന്നാണു 'പാവങ്ങൾ' എന്ന കൃതി. അതിൽ,

"തന്നാൽക്കരേറേണ്ടവരെത്രപേരോ
താഴത്തുപാഴ്ച്ചേറിലമന്നിരിക്കെ
താനൊററയായ് ധന്യപദംകൊതിക്കും
താപോനിധിക്കെന്തൊരു ചാരിതാത്ഥ്യം."

എന്നു തുടങ്ങിയുള്ള ചില പദ്യരത്നങ്ങളുണ്ടല്ലൊ. അവയുടെ മാഹാത്മ്യത്തെപ്പററി കേവലം അസൂയാലുക്കളായ നിരൂപകന്മാർകൂടി മുക്തകണ്ഠം പുകഴ്ത്തുന്നതു് എൻെറ ചെവിട്ടുകൊണ്ടുതന്നെ ഞാൻ കേട്ടിട്ടുണ്ടു്. അങ്ങനെ മിതവാദിക്കും, കേരളസഞ്ചാരിക്കും ഉള്ളൂരിൽനിന്നു് എനിക്ക വളരെ സഹായം ലഭിച്ചിട്ടുണ്ടു്. അപ്രകാരം കേവലം

മിതവാദി തുടങ്ങിയ പത്രങ്ങളിലേയ്ക്കു താൻ സഹായിച്ചതു തനിക്കു് എന്നോടുള്ള സ്നേഹത്താൽ മാത്രമാണെന്നുകൂടി അദ്ദേഹം ഒരിക്കൽ ഒരു സ്വകാര്യക്കത്തിൽ എനിക്കു് എഴുതിയിരുന്നു. എന്റെ പേരിൽ ആ മഹാകവിക്കുണ്ടായിരുന്ന വാത്സല്യം എത്രമാത്രമായിരുന്നുവെന്നു് ഇങ്ങനെ പല സംഗതികളാലും അനുമാനിക്കാമല്ലൊ.

നമ്മുടെ മഹാകവിയുടെ 'പിംഗള,' 'കണ്ണുഭൂഷണം,' 'ശിവജി' തുടങ്ങിയ പല കവിതകളും അക്കാലത്താണു പുറത്തിറങ്ങിയതു്. കാലാനുകൂലമായ പരിഷ്കാരത്തോടുകൂടി ഭാഷാസാഹിത്യലോകത്തിലുള്ള 'പ്രസ്ഥാനവാദ'ത്തെ സംബന്ധിച്ച അഭിപ്രായങ്ങൾക്കുകൂടി പ്രസ്തുതകൃതികൾ നല്ലപോലെ സാക്ഷ്യംവഹിച്ചു. 'വല്ലഭനു പുല്ലുമായുധം' എന്ന നിലയിൽ ഉള്ളൂരിന്നു് ഏതു രീതിയിലും കവിത എഴുതാമെന്നു് യഥാർത്ഥനിരൂപകന്മാർക്കു് ബോദ്ധ്യംവരുവാൻ സംഗതിയാക്കി.

അങ്ങനെയിരിക്കുന്ന ഒരു കാലഘട്ടത്തിലാണു് സമസ്തകേരളസാഹിത്യപരിഷത്തിന്റെ രണ്ടാംവാർഷികസമ്മേളനം മഹാമഹിമശ്രീ അപ്പൻതമ്പുരാൻതിരുമനസ്സിലെ അത്യുത്സാഹത്തിലും, ചുമതലയിലും തൃശ്ശിവപേരൂർവെച്ചു കെങ്കേമമായി നടന്നതു്. പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കുവാൻ ഞാനും പോയിരുന്നു. അതോടുകൂടി സ്വർഗ്ഗപുരുഷനെ ഞാൻ നേരിട്ടു കാണുന്നതു് നാലാമത്തെ തവണയാണു്. അന്നു തൃശ്ശിവപേരൂരിൽ കാലേകൂട്ടി എത്തിച്ചേർന്നിരുന്ന അദ്ദേഹം എന്റെ വരവിനെ

കാത്തിരിക്കയും, ഞാൻ വരില്ലേ എന്നു പലരോടും അന്വേഷിക്കുകയും ചെയ്തതായി എനിക്ക് അറിയാനിടയായി. ഞാനാകട്ടെ, പരിഷൽസമ്മേളനം തുടങ്ങുന്ന ദിവസമേ അവിടെ എത്തിച്ചേന്നുള്ളു. ഉള്ളൂർമഹാകവിയെ കണ്ടനിമിഷംമുതൽ അദ്ദേഹത്തിൻെറ അന്തേവാസിയായിത്തന്നെയാണു ഞാൻ രണ്ടുമൂന്നുദിവസം തൃശ്ശിവപേരൂരിൽ കഴിച്ചുകൂട്ടിയതു്. പരിഷൽസമ്മേളനത്തിൽ കാര്യപരിപാടിക്കനുസരിച്ചുള്ള ചില ചടങ്ങുകൾ നടത്തപ്പെടുവാൻ പ്രത്യേകമായ ചില കാരണങ്ങളാൽ അല്പം ബുദ്ധിമുട്ടിനിടവന്നപ്പോൾ സദസ്സിൽ ഒരു ചെറിയ ബഹളമുണ്ടാകാനിടവരികയും, അന്നു ചെറുപ്പക്കാരായ ഞങ്ങൾ ചിലർ കുറച്ചു് "എടുത്തുചാട്ടക്കാരാ"ണെന്നു പ്രത്യക്ഷപ്പെടുകയും ചെയ്തപ്പോൾ, സ്ഥൈര്യപുരുഷൻ കേവലം നയചാതുര്യത്തോടുകൂടി ഞങ്ങളെ അടക്കിയൊതുക്കിയിരുത്തുവാൻ പ്രയോഗിച്ച സാമർത്ഥ്യവും, തൻേറടവും സ്തുത്യർഹമാണെന്നു പറഞ്ഞുകഴിയൂ. ഇതുകൊണ്ടെല്ലാം തീർച്ചപ്പെടുത്താം, പരിപക്വമതിയായ ആ മഹാൻ്റെ മനോഭാവത്തിൻെറ മാഹാത്മ്യം. ആ പരിഷൽസമ്മേളനം വാസ്തവത്തിൽ, അപ്പൻതമ്പുരാൻ, ഉള്ളൂർ തുടങ്ങിയ മഹാശയന്മാരുടെ അത്യുത്സാഹത്തിലും, പ്രത്യേകമേൽനോട്ടത്തിലും ഏററവും ഭംഗിയായിത്തന്നെയാണു നടന്നതു്. അതുപോലെ അത്ര കെങ്കേമമായ ഒരു പരിഷൽസമ്മേളനം പിന്നീടുണ്ടായിട്ടുണ്ടോ എന്നു സംശയമാണു്.

മഹാകവിയെ ഞാൻ പിന്നീടു കണ്ടതും എൻെറ ഭക്തിബഹുമാനാദികൾ അദ്ദേഹത്തിൽ സമപ്പിക്കുവാനിടവന്നതും എറണാകുളത്തുവെച്ചു് 1931-ലൊമറോ

(ഇംഗ്ലീഷുവഷം) നടന്ന പരിഷൽസമ്മേളനത്തിൽവെച്ചാണ്. അന്നും ആ മഹാശയൻ എൻെറ അഭിവൃദ്ധിയെ ലാക്കാക്കി എന്നെ അനുഗ്രഹിക്കയും, എനിക്കു പല ഉപദേശങ്ങൾ തരികയുമുണ്ടായി.

കോഴിക്കോട്ടുവെച്ചു നടന്ന പരിഷൽസമ്മേളനത്തിൽവെച്ചാണ് ഞങ്ങൾ അധികസമയം അഭിമുഖസംഭാഷണം നടത്തി അത്യാനന്ദഭരിതരാകുവാനിടവന്നത്. അന്നു പരിഷത്തിനെസംബന്ധിച്ച് ഉല്പതിഷ്ണുക്കളെന്നു സ്വയം അഭിമാനിക്കുന്ന ചിലരുടെ ക്രൂരമായ പല നിരൂപണങ്ങൾക്കും അദ്ദേഹത്തിന്നു പാത്രീഭവിക്കേണ്ടിവന്നുവെങ്കിലും, അതിലും സൗഹാർദ്ദസമ്മേളനാവസരത്തിലും മററും പരക്കെ പ്രീതി സമ്പാദിക്കുവാനും, സർവ്വരാലും ആരാദ്ധ്യനാകുവാനും അദ്ദേഹത്തിന്നു സംഗതിവന്നു.

നിലമ്പൂർ പരിഷൽസമ്മേളനാവസരത്തിലും കാര്യമായ പല സംഗതികളിലും ആ മഹാൻ എൻെറ അഭിപ്രായവുംകൂടി സ്വീകരിച്ചതും, ആ സന്ദർഭങ്ങളിലും എന്നോടു വാത്സല്യം കാണിച്ചതുമോർക്കുമ്പോൾ അദ്ദേഹവും ഞാനുമായി മുജ്ജന്മത്തിൽ എന്തോ കടമുള്ളതുപോലെ കണക്കാക്കേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ, ആ മഹാശയൻ, കേവലം എളിയവനായ എന്നോടു കാണിച്ചിരുന്ന പ്രതിപത്തി സാഹിത്യത്തെ സംബന്ധിച്ചേടത്തോളം ഞാനുമായി വിഭിന്നാഭിപ്രായത്തിന്നിടവന്നിട്ടുള്ള പലർക്കും വലിയ 'കണ്ണുകടി'ക്കുകൂടി സംഗതിയായിട്ടുണ്ടെന്നുപോലും തുറന്നുപറയുവാൻ ഞാൻ ഒട്ടും ശങ്കിക്കുന്നില്ല.

കോഴിക്കോട്ടു നടത്തപ്പെട്ട ഒരു സ്വദേശിപ്രദർശന ത്തിന്റെ ഉൽഘാടനകർമ്മത്തിന്നായി അദ്ദേഹം പിന്നീട് അവിടെ വന്നപ്പോഴാണ് എനിക്ക് എൻെറ 'ഇഷ്ടകവി' യായ അദ്ദേഹത്തെ കുറേക്കൂടി സൗകര്യമായി അഭിവാദ്യം ചെയ്യുവാൻ സംഗതിവന്നതു്. അന്നും അദ്ദേഹം സാഹിത്യസംബന്ധമായി അക്കാലത്തു നടന്നിരുന്ന പല അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ചും നിർമ്മത്സരനിലയിലുള്ള നിരൂപണമാണു പുറപ്പെടുവിച്ചിട്ടുള്ളതു്. പഴമക്കാരെ മറക്കരുതെന്നും, പുതിയകൂട്ടർ ഉയൎന്നുവരണമെന്നും കാര്യമായി സിദ്ധാന്തിച്ചിരുന്ന ഒരു മഹാശയനാണദ്ദേഹം.

തിരുവനന്തപുരത്തുവെച്ചു നടന്ന പരിഷൽസമ്മേളനത്തിലും എനിക്ക് അദ്ദേഹത്തിൻെറ അനുഗ്രഹം വാങ്ങിപ്പാനും, ഉപദേശം സ്വീകരിച്ചു തൃപ്തിയടയുവാനും സംഗതിവന്നു. ഈ അത്യാനന്ദകരമായ സംഭവങ്ങളെല്ലാം യഥാൎത്ഥത്തിൽ എൻെറ ജീവിതത്തിൽ എനിക്ക് ഏററവും സന്തുഷ്ടിപ്രദമായവയായിരുന്നുവെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. പാലക്കാട്ടുവെച്ചുണ്ടായ പരിഷത്തിലും ഞങ്ങൾക്കന്യോന്യം സംഭാഷണംനടത്തി രസിക്കുവാൻ സമയം കിട്ടാതിരുന്നിട്ടില്ല.

മഹാകവിയെ പിന്നീടുകണ്ടു് ആനന്ദിപ്പാൻ എനിക്കു ഭാഗ്യം സിദ്ധിച്ചില്ല. എന്നാൽ ഞങ്ങൾതമ്മിൽ ആഴ്ചയിലൊരിക്കൽ എന്നനിലയിൽ കത്തിടപാടുകൾ നടത്തിയിരുന്നു. അവയിലെല്ലാം അദ്ദേഹം എന്റെ ക്ഷേമാദികളെപ്പററി അന്വേഷിച്ചിരുന്നു എന്നു മാത്രമല്ല, എനിക്കു വീണ്ടുംവീണ്ടും പല ഉപദേശങ്ങളും തരികയും ചെയ്തിരുന്നു. കൂടാതെ, ഓരോ കത്തിലും അദ്ദേഹം,

താൻ എഴുതിയിരുന്ന ഏററവും വിലപിടിച്ച സാഹിത്യ ചരിത്രത്തിലേയ്ക്കു പല പ്രധാന സാഹിത്യകാരന്മാരെ ക്കുറിച്ചുമുള്ള സൂക്ഷ്മവിവരങ്ങൾ ശേഖരിച്ചയച്ചുകൊടുക്കു വാൻ എന്നോടാവശ്യപ്പെട്ടിരുന്നു. അതുപ്രകാരം അദ്ദേ ഹത്തിന്റെ നിര്യാണത്തിന്നു മൂന്നാഴ്ചമുമ്പുവരെ ഞാൻ പ്ര സ്തുത കൃത്യത്തിൽ ഏററവും ശ്രദ്ധിച്ചു് അദ്ദേഹത്തെ പ്ര ത്യേകം സഹായിച്ചിട്ടുണ്ടെന്നുള്ളതു് എനിക്കു് ഏറെക്കു റെ ചാരിതാൎത്ഥ്യത്തിന്നു വഴിയായിട്ടുണ്ടു്.

ഞാൻ കോഴിക്കോട്ടുനിന്നു താമസം തീരെ മാററി ഏതാണ്ടു് മൂന്നു കൊല്ലത്തിന്നുമുമ്പു ചിററൂരിൽവന്നു സ്ഥി രതാമസമാക്കുകയും, 'വേണുഗോപാലമുദ്രാലയം' എന്ന പേരിൽ ഒരച്ചുക്കൂടം തുടങ്ങുകയും ചെയ്തു. ഉടനെ ഒരു മല യാളമാസികകൂടി തുടങ്ങുവാൻ ആലോചിച്ചു. ആ വിഷ യത്തിൽ അദ്ദേഹത്തിൻെറ അഭിപ്രായമറിയുവാനും, മാ സികയ്ക്കു തക്കതായ ഒരു പേർ നല്കുവാനും, കേവലം 'മുദ്രാവാക്യ'മെന്നനിലയിൽ മാസികയുടെ പുറംകവറിൽ എല്ലാക്കാലത്തും ചേൎക്കുവാനായി ഒരു പദ്യവുംകൂടി തരു വാനും അദ്ദേഹത്തോടപേക്ഷിച്ചു. ഉടനെ അദ്ദേഹം എ ന്നെ പ്രത്യേകം പ്രോത്സാഹിപ്പിച്ചുകൊണ്ടു് എനിക്കയ ച്ച കത്തിലെ ഉള്ളടക്കം ഇപ്രകാരമായിരുന്നു: "പ്രിയ പ്പെട്ട കുറുപ്പേ! നിങ്ങൾ സ്നേഹപൂൎവ്വം അയച്ച കത്തുകിട്ടി. നിങ്ങൾ ഇനി സാഹിത്യപരമായ വ്യവസായത്തിൽത്ത ന്നെ ഏപ്പെട്ടു് അതിന്നു പററിയ നിലയിൽ ഒരു മലയാ ളമാസിക തുടങ്ങുവാൻ ആലോചിക്കുന്നതു് ഏററവും സ ന്തോഷംതന്നെ. ഇക്കാലത്തു് നിങ്ങൾ തുടങ്ങുന്ന മാസി കയ്ക്കു് പഴമക്കാരും, യഥാൎത്ഥവിദ്വാന്മാരുമായ സാഹി

ത്യകാരന്മാരുടെ സഹായസഹകരണങ്ങൾ നിശ്ചയമായും ലഭിക്കും. നിങ്ങളുടെ മാസിക നന്നാകാതിരിക്കയില്ല. പത്രങ്ങൾ, മാസികകൾ എന്നിവ നടത്തി പഴക്കവും, തഴക്കവും സിദ്ധിച്ച ഒരാളാണല്ലോ നിങ്ങൾ. നിങ്ങൾക്ക് ഇന്നു കേരളത്തിലുള്ള യഥാൎത്ഥ സാഹിത്യകാരന്മാർ പലരും സ്നേഹിതന്മാരുമാണല്ലോ. ഒരു സരസകവിക്കുട്ടിയായ നിങ്ങൾ നല്ല ഒരു മലയാളമാസിക തുടങ്ങുന്നതു് നിൎമ്മത്സരമതികളായ സാഹിത്യനായകന്മാൎക്കു നിശ്ചയമായും നിസ്സീമമായ സന്തുഷ്ടിക്കിടയാകും. 'പാരിജാതം' എന്നാവട്ടെ മാസികയുടെ പേർ. പല നിലയിലും അഭീഷ്ടസിദ്ധിവരുത്തുന്ന ഒരു അമരതരുവാണല്ലോ പാരിജാതം. പേരിന്നും ഭംഗിയുണ്ടു്. പുറംകവറിൽ,

"ദിക്കാലദ്യനവിച്ഛിന്നാ-നന്ത ചിന്മാത്രമൂൎത്തയേ
സ്വാനുഭൂത്യേകമാനായ-നമശ്ശാന്തായതേജസേ,"

എന്ന സംസ്കൃതപദ്യമിടുക. ഇതു മഹത്തായ ഒരു തത്ത്വവും എല്ലാ ജാതിമതസ്ഥൎക്കും പറയുന്നതുമായ ഒരു പരിപാവനപദ്യവുമാണു്. ഞാൻ ഒന്നാംലക്കത്തിലേയ്ക്കു് ഉടനെ ഒരു ഗദ്യലേഖനം അയയ്ക്കാം.

"ഇനി ദേഹത്തിന്നു വലിയ അസ്വാസ്ഥ്യമുണ്ടാവില്ലെങ്കിൽ ഓരോ ലക്കത്തിലേയ്ക്കും ഇടതടവെന്യേ ഗദ്യം, പദ്യം എന്ന ക്രമത്തിൽ ലേഖനങ്ങളയച്ചുതന്നു സഹായിക്കാമെന്നു വാഗ്ദാനം ചെയ്തുകൊള്ളുന്നു. സാഹിത്യചരിത്രം മുഴമിപ്പിക്കുക, പാരിജാതത്തിലേയ്ക്കു് എഴുതുക ഇവ മാത്രമായിരിക്കും എന്റെ മേലാലുള്ള സാഹിത്യവ്യവസായം. നിങ്ങൾ ഒട്ടും അധൈൎയ്യപ്പെടേണ്ട. കൊട്ടങ്ങ

ല്ലൂർ ഭഗവതിയും, ആ അഭിവന്ദ്യ മഹാകവിയായ കുഞ്ഞിക്കുട്ടൻതമ്പുരാനും നിങ്ങളെ അനുഗ്രഹിക്കും. തല്ക്കാലം എനിക്കു ദേഹാലസ്യമധികമില്ല. നിങ്ങൾക്കു ക്ഷേമമെന്നു കരുതുന്നു. കഴിഞ്ഞുപോയ സി. എസ്സ്. ഗോപാലപ്പണിക്കരേയും, 'പറങ്ങോടീപരിണയ'കർത്താവായ കിഴക്കേപ്പാട്ട് കുട്ടിരാമൻമേനോനേയും പററിയുള്ള വിവരങ്ങൾ കഴിയുന്നതും വേഗത്തിൽ ശേഖരിച്ചയയ്ക്കുമല്ലോ.

സ്വന്തം ഉള്ളൂർ (ഒപ്പ്.)"

ഉള്ളൂർ ഇപ്രകാരം പ്രോത്സാഹനജനകമായി അയച്ച കത്താണ് ഉടനടി 'പാരിജാതം' പുറപ്പെടുവിക്കുവാൻ എന്നെ ഉദ്യുക്തനാക്കിയത്. താൻ വാഗ്ദാനംചെയ്ത പ്രകാരം ഈ അടുത്തകാലംവരെ എന്നെ ലേഖനങ്ങൾ മൂലവും, മററുനിലയിലും അദ്ദേഹം ആത്മാർത്ഥമായി സഹായിച്ചിട്ടുണ്ടെന്നു ഞാൻ ഇവിടെ നിസ്സീമമായ കൃതജ്ഞതയോടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. അദ്ദേഹമാകട്ടെ, സ്വന്തം നിലയിൽ ഏററവും വിലയേറിയ സഹായങ്ങൾ പാരിജാതത്തിന്നു ചെയ്തിരുന്നതിന്നു പുറമെ, മററു പല സാഹിത്യകാരന്മാരേയും എന്നെ സഹായിപ്പാൻ പ്രത്യേകം ഉപദേശിക്കയും, മാസികയുടെ നടത്തിപ്പിനെപ്പററി ആഴ്ച്ചതോറും എനിക്ക് ഉപദേശരൂപത്തിൽ കത്തുകളയയ്ക്കയും ചെയ്തിരുന്നു. 'രാമരാജ്യ'മെന്ന ഒരു ഒന്നാന്തരം ഗദ്യലേഖനമാണ് അദ്ദേഹം ഒന്നാം ലക്കത്തിലേയ്ക്കയച്ചുതന്നത്. അതിനെ അഭിനന്ദിച്ച് ഇവിടെ പല യഥാർത്ഥ സാഹിത്യകാരന്മാരിൽനിന്നും, രാഷ്ട്രീയചിന്തകന്മാരിൽനിന്നും അനവധി കത്തുകൾ കിട്ടി

യിട്ടുണ്ട്. രണ്ടാമതയച്ചുതന്ന 'പുനശ്ചിന്ത' എന്ന പദ്യലേഖനവും സാരതരവും ചമൽക്കാരപരവുമാണ്. അപ്പോഴേയ്ക്കും ഇടതടവെന്യേ എഴുതുവാൻ അദ്ദേഹത്തിന്ന് ദേഹാലസ്യം പ്രതിബന്ധമായിത്തീൻ. എന്നിട്ടുംകൂടി എൻെറ യഥാൎത്ഥ രക്ഷാധികാരിയായിരുന്ന അദ്ദേഹം ചിലപ്പോൾ വിലയേറിയ പല ലേഖനങ്ങളും വളരെ സാരതരങ്ങളായ ഉപദേശങ്ങളും തരികയാണുണ്ടായത്ു്. മഹാത്മാഗാന്ധിയുടെ സമാധിയെ സംബന്ധിച്ചു കുറച്ചു പദ്യങ്ങൾ തന്നേകഴിയൂ എന്നു ഞാൻ നിർബ്ബന്ധിച്ചെഴുതിയ സമയത്തു് അദ്ദേഹം കൂടുതൽ സുഖക്കേടായിക്കിടപ്പായിരുന്നു. എന്നിട്ടുകൂടി അതിവേഗത്തിൽ അൎത്ഥവത്തായ ഒരു കവിത എഴുതി അയച്ചുതരുവാൻ സന്മനസ്സുണ്ടായ ആ ഉദാരാശയനോടു ഞാൻ എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്ന് ഇവിടെ വിവരിക്കവെയ്യ. തന്റെ നിൎയ്യാണത്തിന്നു മൂന്നാഴ്ചമുമ്പുവരെ എനിക്കു മുടങ്ങാതെ എഴുത്തുകൾ അദ്ദേഹം അയച്ചിരുന്നു. അദ്ദേഹം ആവശ്യപ്പെട്ടിരുന്ന കാൎയ്യങ്ങൾ മിക്കവാറും ഞാൻ കുറെയേറെ പ്രയത്നിച്ചു സാധിപ്പിച്ചുകൊടുക്കുകയുമുണ്ടായിട്ടുണ്ട്.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു മഹാകവി ഉള്ളൂരിന്ന് എൻെറ പേരിലുള്ള അകൃത്രിമമായ വാത്സല്യാതിരേകം പ്രസ്പഷ്ടമായല്ലൊ. ചുരുക്കിപ്പറയുന്നതായാൽ, അദ്ദേഹത്തിൻെറ അഭാവത്താൽ എനിക്കു പോയതു് വലങ്കണ്ണാണ്. എൻെറ സാഹിത്യവ്യവസായത്തെ സംബന്ധിച്ചേടത്തോളം എനിക്ക് എൻെറ പ്രധാനോപ

ദ്രേഷ്ടാവും, മഹാനായ ഒരു ഗുരുഭൂതനും ഇതാ നഷ്ടമായി. 'പാരിജാത'മാകട്ടെ, കേവലമൊരു ഇളന്തൈയാണ്. അതിന്ന് ഈ ഘട്ടത്തിൽ തന്നെ തട്ടിയതു നിശ്ചയമായും ഭയങ്കരമായ തടിന്നിപാതവുമാണ്. ഞാൻ ഇനി ആരോട്ട് ഉപദേശം വാങ്ങും? ആർ എന്നെ സഹായിക്കും? ഇതിലധികം എനിക്ക് സ്വന്തനിലയ്ക്കു പററിയ നഷ്ടത്തെപ്പററി ഞാൻ ഇപ്പോൾ വിവരിക്കുന്നില്ല.

ഉള്ളൂരിൻെറ ശാശ്വതമായ വേർപാടാൽ ഭാഷാസാഹിത്യലോകം ഇന്ന് ഏററവും സങ്കടത്തിൽപ്പെട്ടിരിക്കുന്നു. ഉത്തമോത്തമമായ 'ഉമാകേരളം' മഹാകാവ്യം ഒന്നു മതി അദ്ദേഹത്തിന്ന് ചരിത്രത്തിലും സാഹിത്യത്തിലുമുള്ള ഉറച്ച പാണ്ഡിത്യം പ്രസ്പഷ്ടമാക്കുവാൻ. കൂടാതെ ചമ്പുക്കൾ, താരാഹാരം, തരംഗിണി, കിരണാവലി, ഹൃദയകൗമുദി, ചിത്രശാലാ, മണിമഞ്ജൂഷ തുടങ്ങിയ ഒട്ടനേകം വിശിഷ്ടകാവ്യങ്ങൾക്കുപുറമെ കാലാനുകൂലമായ സാഹിത്യസരണിയിലിറങ്ങി പരിലസിക്കുവാൻതക്ക 'പിംഗള,' 'കർണ്ണഭൂഷണം' തുടങ്ങിയ കമനീയകാവ്യങ്ങളെ മററനേകം ഗവേഷണപരങ്ങളായ ലേഖനപരമ്പരകളും, വിവിധവിഷയത്തിൽ പ്രത്യേകിച്ചു—ചരിത്രവിഷയത്തിൽ—പ്രസിദ്ധിയേറിയ അസംഖ്യം ഗദ്യലേഖനങ്ങളും ഗദ്യഗ്രന്ഥങ്ങളും (ഗദ്യകലിക, വിജ്ഞാനദീപിക മുതലായവ) എഴുതിത്തള്ളി യഥാൎത്ഥ ഭാഷാസാഹിത്യ നഭോമണ്ഡലത്തിൽ നാൾക്കുനാൾ പ്രോജ്ജ്വലിച്ചിരുന്ന ഒരുൽകൃഷ്ടതേജഃപുഞ്ജമാണ് ഇപ്പോൾ നമുക്കു നഷ്ടമായിട്ടുള്ളതു്. ഈ കഠോരമായ വിപത്തു്, അഥവാ വമ്പിച്ച നഷ്ടം, ഇനി എങ്ങനെ നികത്തുവാൻ

സാധിക്കും? വാസ്തവത്തിൽ, സമസ്തകേരളസാഹിത്യപരിഷത്തെന്ന മഹത്തായ സ്ഥാപനത്തിൻെറ വലങ്കയ്യുതന്നെയായിരുന്നു അദ്ദേഹം. ആ മഹനീയസ്ഥാപനത്തെ വളരെക്കാലത്തോളം അതിൻെറ അന്തസ്സിന്ന് ഹാനിതട്ടാതെ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുത്തിയതു്, 'ത്രൈമാസിക'ത്തെ യഥോചിതം നടത്തി അതിപ്രശസ്തമായ ഒരു സാഹിത്യമഹാസമാജത്തിൻെറ ജിഹ്വയാണെന്നു വിശദമാക്കിയതും അദ്ദേഹംതന്നെയാണ്. അദ്ദേഹവുമായി കാര്യമായി ബന്ധമുണ്ടായിരുന്ന കാലംവരെ പരിഷത്തിൻെറ ആഭിമുഖ്യത്തിൽ നടന്നിരുന്ന ആ പത്രഗ്രന്ഥം കൈക്കൊണ്ടിരുന്ന തറവാടിത്തവും, അന്തസ്സും, അഴകും ഒന്നു വേറെതന്നെയായിരുന്നു. 'കണ്ണിരിക്കുമ്പോൾ അതിന്റെ ഗുണമറിയില്ല,' അതു പോകുമ്പോഴെ അറിയുള്ളൂ അതിന്റെ കോട്ടം. ഈ പഴമൊഴിയെ ആസ്പദിച്ചു പറയുകയാണെങ്കിൽ, ഉള്ളൂരിൻെറ പിടിപാടിൽനിന്നു പ്രസ്തുത പത്രഗ്രന്ഥം പുറത്തു പോകുവാനിടവന്നശേഷം അതിൻെറ അന്തസ്സിന്നു തട്ടിയിട്ടുള്ള ഗുരുതരമായ മാററം ഏതു നിലയിലിരിക്കുന്നുവെന്നും യഥാർത്ഥ സാഹിത്യനിരൂപകന്മാർതന്നെ തീർച്ചപ്പെടുത്തട്ടെ. ഇത്രയും പറഞ്ഞതുകൊണ്ടായില്ല. യഥാൎത്ഥത്തിൽ അദ്ദേഹം അത്യുത്തമനായ ഒരു ചതുശ്ശാസ്ത്രപണ്ഡിതൻ (ഇംഗ്ലീഷ്, മലയാളം, തമിഴ്, സംസ്കൃതം എന്നിവയിൽ അതിനിപുണനാകയാൽ)തന്നെയായിരുന്നു, കവിയുടെ നിലയിൽ അദ്ദേഹത്തിന്നുള്ള സ്ഥാനം ഒന്നാന്തരം ഒരു തത്വജ്ഞാനി എന്ന നിലയിലുള്ളതാണ്. യഥാൎത്ഥ മഹാകവിയായ അദ്ദേഹം സാമുദായികകാര്യങ്ങളെ സംബന്ധിച്ചേടത്തോളവും വലി

യ ഒരു ഉൽപ്പതിഷ്ണുവായിരുന്നുവെന്ന് ഹരിജനോദ്ധാരണം, ക്ഷേത്രപ്രവേശനം മുതലായ പ്രധാന സംഗതികളെപ്പററി പര്യാലോചിച്ചാലറിയാം. സമഭാവനയും, വിനയവും, മഹാ പണ്ഡിതന്മാരിൽ അധിപക്ഷക്കാക്കും കാണില്ലെന്നും, അവർ പ്രായേണ അസൂയാലുക്കളായിരിക്കുമെന്നും ഒരു ചൊല്ലുണ്ട്. എന്നാൽ, ഉള്ളൂരിനെ സംബന്ധിച്ചേടത്തോളം ആ ചൊല്ലു കേവലം നിരത്ഥകമാണെന്ന് അദ്ദേഹവുമായി അൽപമെങ്കിലും പരിചയമുള്ളവക്ക് എളുപ്പത്തിൽ ഉച്ചൈസ്തരം ഉൽഘോഷിക്കുവാൻ കഴിയും. ഈശ്വരഭക്തി എന്ന മഹത്തായ ഗുണത്തെപ്പററി പര്യാലോചിക്കുകയാണെങ്കിൽ, യഥാത്ഥ മതനിഷ്ഠയുള്ള ഒരു അത്യുത്തമ ഹിന്ദുവാണദ്ദേഹം. എന്നാൽ ഈ മഹനീയങ്ങളായ സൽഗുണങ്ങളിലെല്ലാററിലും മേലെയായി അദ്ദേഹത്തിന്നു സഹജമായി ഉണ്ടായിരുന്ന അത്യുൽകൃഷ്ടസ്വഭാവമാണ് സാഹിത്യലോകത്തിൽ പെരുമാറുന്ന സകലസഹൃദയന്മാരോടുമുള്ള സഹോദരനിവ്വിശേഷമായ സ്നേഹം. യുവസാഹിത്യകാരന്മാരേയും, ചെറുപ്പക്കാരായ ഭാഷാസ്നേഹികളേയും ഉയത്തിക്കൊണ്ടുപോരുവാനും, അവരെ ഉള്ളഴിഞ്ഞു പ്രോത്സാഹിപ്പിച്ച് ഉന്നതസ്ഥാനത്തെത്തിക്കുവാനും അദ്ദേഹത്തിന്ന്, മഹാമഹിമശ്രീ കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമേനിയും മററുമായുള്ള സംസഗ്ഗംമൂലം സിദ്ധിച്ച ഗുണവിശേഷങ്ങളെപ്പററി എത്ര പുകഴ്ത്തിയാലും മതിയാവുകയില്ല. അദ്ദേഹത്തിൻെറ ജീവിതത്തിൽ ഏതാണ്ട് അദ്ധ്ഭാഗത്തോളമുള്ള പ്രവത്തനത്തിന്നിടവന്നിട്ടുള്ള 'കേരളസാഹിത്യചരിത്രം' ഒരുവിധം പരിപൂൎണ്ണമാക്കിവെച്ചിട്ടാണ് അദ്ദേഹം ദിവംഗതനായിട്ടുള്ളത്. അത് അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം സുസ്ഥിരമായ ഒരു സ്മാരകമാ

യിത്തീരുമെന്നും, അതുമൂലം ഭാഷാസാഹിത്യചരിത്രങ്ങൾ എന്ന പേരിൽ ഇതേവരെ പ്രസിദ്ധീകൃതമായിട്ടുള്ള—പല കെട്ടുകഥകളേയും ഐതിഹ്യങ്ങളേയും ഊഹങ്ങളേയും ആസ്പദിച്ചുള്ള—പല ഗ്രന്ഥങ്ങളാലും യഥാർത്ഥ സാഹിത്യകാരന്മാരെപ്പററിയുംമററും സാമാന്യേന പലക്കും നേരിട്ടിട്ടുള്ള സംശയങ്ങളും തെററിദ്ധാരണകളും തീരെ നീങ്ങുമെന്നുമാകുന്നു എൻെറ പ്രബലമായ അഭിപ്രായം.

മഹാകവി ഉള്ളൂരിൻെറ അപദാനങ്ങളെപ്പററി ഇനിയും വിസ്തരിക്കുവാൻ തുടങ്ങിയാൽ ഇതുപോലെ സുദീർഘമായ നൂറിലധികം ലേഖനങ്ങൾ എനിക്ക് എഴുതേണ്ടിവരും. തല്ക്കാലം ഇതിലധികം ആ മഹാശയനെപ്പററി പ്രസ്താവിക്കുവാൻ അദ്ദേഹത്തിൻെറ ദേഹവിയോഗംമൂലം നേരിട്ടിട്ടുള്ള 'കഠോരദുഃഖ'ത്താൽ അതിവിവശനായിരിക്കുമ്പോൾ എനിക്കു സാദ്ധ്യമല്ല. ആ മഹാമനസ്കൻ, ഭാഷാസാഹിത്യസരണിയിൽ സുഗമമായി സഞ്ചരിക്കുവാൻതക്ക നിലയിൽ നമുക്കു കാണിച്ചുതന്നിട്ടുള്ള യഥാർത്ഥ തത്വപ്രദീപം നമ്മുടെ അജ്ഞാനാന്ധ്യത്തെ തീരെ ദൂരീകരിച്ചു്, അതു നമ്മെ ഉത്തരോത്തരം ഉൽബുദ്ധരാക്കുവാനിടവരുത്തട്ടെയെന്നും, ആ പുണ്യചരിതൻെറ പരിശുദ്ധാത്മാവു നിത്യസമാധാനത്തിൽ ലയിക്കുമാറാകട്ടെ എന്നും പ്രാത്ഥിക്കുന്നതോടുകൂടി അദ്ദേഹത്തിൻെറ കുടുംബാംഗങ്ങൾക്കും മററു ബന്ധുക്കൾക്കും സംഭവിച്ചിട്ടുള്ള കഠിനമായ ദുഃഖത്തിൽ ഞാൻ ആത്മാത്ഥമായി അനുശോചിക്കയും ചെയ്തുകൊള്ളുന്നു.

★

# ബ്രഹ്മശ്രീ നടുവത്തു് അച്ഛൻനമ്പൂതിരി

അന്നു ഞാൻ നന്നെ ചെറുപ്പമായിരുന്നു. പതിനഞ്ചോ പതിനാറോ വയസ്സു മാത്രമെ പ്രായമായിരുന്നുള്ളൂ. അക്കാലത്തുതന്നെ സ്മൎയ്യപുരുഷനെ, ചിലപ്പോൾ കൊടുങ്ങല്ലൂർ കോവിലകത്തും, അങ്ങനെയിരിക്കുമ്പോൾ കാത്തുള്ളിവീട്ടിലുംവെച്ചു ഞാൻ കണ്ടിട്ടുണ്ടെന്നു പറയാം; നേരിട്ടു പരിചയിച്ചിട്ടില്ല. എന്നാൽ, ആ മാന്യകവിയുടെ,

"താപം തീരെശ്ശമിച്ചൂ, തരണി ജലധിയിൽ-
ച്ചെന്നു താനേപതിച്ചൂ,
ദീപം പാരം ജ്വലിച്ചൂ, ദിശിദിശി ശശിബിം-
ബം പ്രകാശിച്ചുദിച്ചൂ.
ചാപല്യത്തിന്നുറച്ചൂ ചടുലനയനമാർ,
ഭൂഷണൌഘം ധരിച്ചൂ,
ശ്രീ പത്മത്തെ ത്യജിച്ചൂ, ചിതമൊടു സമയം
സായമേവം ഭവിച്ചൂ."

എന്നു സന്ധ്യാവൎണ്ണനാപദ്യവും,

"തായത്തിലങ്ങനെയൊരംഗനയായ് ചമഞ്ഞ-
കായത്തിനുള്ള കമനീയത കണ്ടനേരം
മായംവെടിഞ്ഞു മദനാരികൊതിച്ച വിഷ്ണു-
മായേ! മദീയ ഹൃദയേ മരുവീടയേ! നീ."

എന്ന മംഗളവും,

"വട്ടംതിരിച്ചു ചിലരെച്ചിലരെത്തരത്തിൽ
നട്ടംതിരിച്ചു ശിവരാമ! പണംപിടുങ്ങും
ചട്ടറെറാരെന്ത്രപദപൂർവ്വകമാമുഴിഞ്ഞൊാ-
ലിട്ടാട്ടിടുന്നതഹമങ്ങനെ കണ്ടുനിന്നു."

എന്ന 'അഷ്ടമിയാത്ര'യിലെ യന്ത്ര ഊഞ്ഞാലയെപ്പററിയുള്ള ഫലിതശ്ലോകവും മററും വായിച്ചു ഞാൻ മുമ്പുതന്നെ സന്തുഷ്ടിയടഞ്ഞിട്ടുണ്ട്. മാത്രമല്ല, കൊടുങ്ങല്ലൂർ കവിസദസ്സിലെ ഒരു പ്രധാനാംഗമായിരുന്ന അദ്ദേഹത്തെപ്പററി വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്, "ഭാഷാരീതിക്കൊക്കും പഴക്കത്തിന്നു നടുവം" എന്നും മററും അഭിപ്രായപ്പെട്ടിട്ടുള്ളതിനാലും, അദ്ദേഹത്തിൻെറ (നടുവത്തച്ഛൻെറ) 'ഭഗവദ്ദൂതു്' ഭാഷാനാടകവുംമററും വായിച്ചിട്ടുള്ളതിനാലും എനിക്കു് ആ മാന്യകവിയോടുള്ള ഭക്തിക്കും ബഹുമാനത്തിന്നും ഒരു കയ്യും കണക്കുമുണ്ടായിരുന്നില്ല. തന്മൂലം ആ മഹാശയനെ, അദ്ദേഹത്തിൻെറ ചാലക്കുടിയിലുള്ള ഇല്ലത്തു പോയി ഒന്നു കണ്ടു കൈവണങ്ങേണമെന്നു ഞാൻ തീർച്ചയാക്കി. ചരിത്രപുരുഷൻെറ സീമന്തപുത്രനും, നല്ലൊരു ഭാഷാകവിയുമായിരുന്ന നടുവത്തു മഹൻനമ്പൂതിരിയെ എനിക്കു മുമ്പുതന്നെ നല്ല പരിചയമുണ്ടായിരുന്നതിനാൽ, നടുവത്തുമനയ്ക്കൽ പോയി അച്ഛൻനമ്പൂതിരിയെ കാണ്മാൻ ഞാൻ അത്യുത്സുകനമായിരുന്നു.

പ്രസ്തുതോദ്ദേശ്യത്തെ മുൻനിർത്തി, ഞാൻ ഒരുദിവസം രാവിലെ കൊടുങ്ങല്ലൂർനിന്നു പുറപ്പെട്ടു് ഏതാണ്ടു പത്തുമണിയോടുകൂടി നടുവത്തുമനയ്ക്കൽ ചെന്നെത്തി. ഭാ

ഗ്ര്യവശാൽ, പ്രസിദ്ധ കവികളായ അച്ഛനും മഹനും അ ന്നവിടെത്തന്നെയുണ്ടായിരുന്നു. ഞാൻ നേരെ മഹന്റെ സമീപത്തുചെന്ന് അദ്ദേഹത്തെ അഭിവാദ്യം ചെയ്തു നി ല്പായി. ഉടനെ ആ സൗജന്യനിധി എന്നോടിപ്രകാരമാ ണു സദയം പറഞ്ഞതു്: "അല്ലാ, തനിക്കു് ഇങ്ങോട്ടു ഇ പ്പോളെങ്കിലും ഒന്നു വരാൻ തോന്നിയല്ലോ. അച്ഛന്നു് ഇപ്പോൾ ദേഹസുഖമുള്ള കാലമാണു്. തന്നെ കണ്ടാൽ അദ്ദേഹത്തിന്നു സന്തോഷമാവും. ആട്ടെ, താൻ ഉടനെ കുളിച്ചു കാപ്പി കുടിക്കൂ. എന്നിട്ടു് അദ്ദേഹത്തെ നമുക്കു കാണാം." മഹൻ നമ്പൂതിരിയുടെ അത്യുദാരമായ വാ ക്കുകൾ കേട്ടമാത്രയിൽ ഞാൻ കുളിക്കുവാൻ ഒരുങ്ങുക യും, കുളികഴിഞ്ഞശേഷം കാപ്പികഴിക്കുകയും ചെയ്തു. ഉടനെ, "അച്ഛനെ കാണ്മാൻ ഇപ്പോൾ സമയമുണ്ടു്." എന്നദ്ദേഹം എന്നോടു ദയാപൂൎവ്വം പറഞ്ഞു. ഞാൻ അ തുപ്രകാരം മഹനോടുകൂടി അച്ഛന്റെ സമീപത്തെത്തി. അപ്പോൾ എനിക്കു കാണായ ആ മഹാകവിയുടെ ആക ൎഷണീയമായ ആകൃതിയെപ്പററി ഇവിടെ അൽപമൊ ന്നു വിവരിക്കുന്നതു് അനൗചിത്യമാവുമെന്നു കരുതുന്നില്ല. ഒത്ത ഉയരം, അതിന്നു യോജിച്ച അംഗപുഷ്ടി, നീണ്ട കൈകൾ, പ്രകാശമേറിയ കണ്ണുകൾ, ലക്ഷണമൊത്ത മൂക്കു്, കഷണ്ടിയാണെങ്കിലും ബുദ്ധി ധാരാളമുണ്ടെന്നു തെളിയിക്കുന്ന ശിരസ്സ്, ശരിയായ കൊന്നപ്പൂവിന്റെ നിറം, ഒന്നാംതരം 703 മൽമുണ്ടു്, ഈ വിധത്തിലെല്ലാ മായിരുന്നു ആ മഹാശയന്റെ ആകൃതിവിശേഷം. ആ സമയത്തു് അദ്ദേഹം തന്റെ വിശാലമായ മുറിയിൽ എ ന്തോ ആലോചിച്ചുകൊണ്ടു്—പക്ഷെ, വല്ല കവിതയുമാ

യിരിക്കാം—ലാത്തുകയായിരുന്നു. ആ മഹാമനസ്സൻെറ തന്മസൗഷ്ഠവം കണ്ടപ്പോൾ എനിക്കു തോന്നി,

"ഒന്നിപ്പോളുലാക്കന്നം നീയൊരു പരിമളമി-
ല്ലെങ്കിലും, കൊന്നാകാന്ത്യാ
പൊന്നായ്പ്പോരാടിടുന്നു,ണ്ടതു കണിയതിനും
മൂല്യമാണായതൊന്നും
നിന്നൾപ്പൂപോത്തിടാതീ'നടുവ വസുമതീ-
ദേവ'നെക്കഷ്ടമെന്തി-
ക്കൊന്നപ്പൂവാകുവാ,നിന്നവനു ഗുണമിതിൽ-
ക്കൂട്ടുവാൻ കോഴതന്നോ?"

എന്നു വെണ്മണി മഹൻനമ്പൂതിരിപ്പാട്ടു കാത്തുള്ളിയുടെ 'കവിപക്ഷിമാല'യിലെ ചില ശ്ലോകങ്ങളെ ഖണ്ഡിച്ചു് എഴുതിയ ഏതാദൃശപദ്യങ്ങൾ ഒരുവിധം അത്ഥവത്താണെന്നു്. കാരണം, നടുവത്തച്ഛൻെറ മനോഹരമായ നിറം ശരിക്കു കൊന്നപ്പൂവിന്നു തുല്യമായിരുന്നു. പക്ഷെ, മേലുദ്ധരിച്ച പദ്യത്തിൽ ആ ഒരഭിപ്രായത്തോടുമാത്രമെ ഞാൻ യോജിക്കുന്നുള്ളൂ. നടുവത്തച്ഛൻെറ കവിതയെ കേവലം നിസ്സാരമാക്കിക്കൊണ്ടു് വെണ്മണി ഫലിതരീതിയിൽ തട്ടിവിടക്കിയ അഭിപ്രായം എനിക്കു വളരെ രസിച്ചിട്ടില്ല. വെണ്മണിക്കാകട്ടെ, മുഖം നോക്കാതെ ആരെപ്പററിയും എന്തഭിപ്രായം പറയുവാനും കുസലില്ലെന്നുള്ളതിന്നു് ഉത്തമദൃഷ്ടാന്തമാണു് അതെന്നോ ഞാൻ പരിഗണിക്കുന്നുള്ളൂ. അച്ഛൻനമ്പൂതിരിയെപ്പററി കവിതാവിഷയത്തിൽ വെണ്മണി പറഞ്ഞ അഭിപ്രായം ഒരിക്കലും അഭിനന്ദനീയമല്ലെന്നു സൂചിപ്പിക്കേണ്ട ചുമതലയും ഈ സന്ദർഭത്തിൽ എനിക്കുണ്ടു്. അക്കൈയങ്ങനെയ

രിക്കട്ടെ. എന്നെയും മഹനെയുംകൂടി അടുത്തുകണ്ടമാത്ര യിൽ ചരിത്രപുരുഷൻ സദയം മഹനോട്ട ചോദിച്ചു,

"ഈ ചെറുപ്പക്കാരൻ ആരാണ്, കവിതാവാസന യുണ്ടായിരിക്കണം, അല്ലെങ്കിൽ എന്നെക്കാണ്മാൻ പാട്ട പെട്ട് ഇവിടെ വരുമോ?" എന്ന്. അതിന്ന മറുപടിയാ യി മഹൻ ഇപ്രകാരം പറഞ്ഞു:

"ചിലപ്പോൾ പത്രങ്ങളിൽ കാണാറുണ്ടല്ലോ ഒരു കോയിപ്പിള്ളി പരമേശ്വരക്കുറുപ്പിന്റെ ചില കവി തകൾ. അയാൾ ഇയാളാണ്. ചെറുപ്പത്തിൽത്തന്നെ കവിതാവാസന പ്രത്യക്ഷപ്പെട്ടത്തിയിട്ടുണ്ട്. കാത്തു ള്ളിയുടെയും, കുഞ്ഞിക്കുട്ടൻതമ്പാന്റെയും ശിഷ്യനാണ്. അവിട്ടത്തെക്കണ്ട് അനുഗ്രഹം വാങ്ങവാൻ വന്നതാ ണ്." മഹൻനമ്പൂതിരി ഇപ്രകാരം മറുപടി പറഞ്ഞ പ്പോൾ അച്ഛൻ പറഞ്ഞു:

"എന്നാലിന്നെനിക്കൊരു സുദിനമാണ്, ഒരു യുവ കവിയുമായി സാഹിത്യസല്ലാപത്തിന്ന സാധിച്ചല്ലോ, മറെറാരു മെച്ചംകൂടിയുണ്ട്, ആ 'ലക്ഷ്മീഭായി' മാസിക ക്കാർ ഒരു മംഗളപദ്യത്തിന്ന് അലട്ടിക്കൊണ്ടുള്ള കത്ത് ഇതാ കിട്ടിയതേയുള്ളൂ, ഞാൻ അതാലോചിക്കയായി രുന്നു, ഇനി ഞാൻ തല കളയുന്നില്ല,"എന്ന്. അപ്പോൾ മഹൻ എന്നോട്ട പറഞ്ഞത്, അച്ഛന്റെ അഭിപ്രായം, ഇപ്പോൾ താൻ അദ്ദേഹത്തിന്നുവേണ്ടി ഒരു മംഗളപദ്യം 'ലക്ഷ്മീഭായി'ക്കായി ഉണ്ടാക്കണമെന്നുള്ളതായിരുന്നു. ഉട നെ അച്ഛൻ പറഞ്ഞു: "എനിക്ക് പരമേശ്വരന്റെ കവി താവാസനയും നേരിട്ടറിയണമല്ലോ. അതിനാൽ, വേഗ ത്തിൽ മംഗളപദ്യം ഉണ്ടാക്കൂ; പക്ഷെ, ആ പദ്യം എന്റെ

പേർവെച്ചാണു ഞാൻ 'ലക്ഷ്മീഭായി'ക്കയയ്ക്കുക; അതു കൊണ്ട് ഭാഷാരീതിയും എൻെറ കവിതയ്ക്ക് യോജിച്ച തായിരിക്കണം," എന്ന്. ഞാനാകട്ടെ, 'ധർമ്മസങ്കട'ത്തി ലായി. ഒരു പ്രസിദ്ധകവിയുടെ ഭാഷാരീതിക്കു യോജി ച്ചവണ്ണം കേവലം നിസ്സാരനായ ഞാൻ എങ്ങനെ പദ്യം നിർമ്മിക്കും? "ആട്ടെ, അവിടുത്തെ അനുഗ്രഹമുണ്ടെങ്കിൽ ശ്രമിച്ചുനോക്കാം," എന്ന് അച്ഛൻനമ്പൂതിരിയോടു ഞാൻ വിനയപൂർവ്വം മറുപടിപറയുകയും, ഉടനെതന്നെ മഹനൊരുമിച്ച് അദ്ദേഹത്തിൻെറ മുറിയിലേയ്ക്കുപോ യി മംഗളപദ്യനിർമ്മാണത്തിനൊരുങ്ങുകയും ചെയ്തു. സു മനസ്സായ മഹൻ എന്നെ പ്രോത്സാഹിപ്പിക്കുവാനും തുട ങ്ങി. ഞാൻ ഉടനെ രണ്ടു പദ്യം നിർമ്മിച്ചു. 'അച്ഛൻ നമ്പൂതിരിക്ക് തൃപ്തിപ്പെട്ടതെടുത്തോട്ടെ' എന്നു കരുതി യാണ് രണ്ടെണ്ണം നിർമ്മിച്ചതു്. അതു രണ്ടും ഇപ്പോഴും എനിക്ക് ഓർമ്മയുള്ളതിനാൽ താഴെ ഉദ്ധരിക്കുന്നു:

"ദിനമനു മലയാളസ്ത്രീജനങ്ങൾക്കു വിദ്യാ-
ധനമൊരുപടി നല്കി, കേരളേ കേളിയാടി
അനവധിസമ'ലക്ഷ്മീഭായി'വർത്തിക്കുവാൻ കൺ-
മുന കനിവൊടയയ്ക്ക പാറമേക്കാവിലമ്മേ!"

"വായിക്കുന്നോർക്കഖിലമഭിതാമോദമേകുന്ന 'ലക്ഷ്മീ-
ഭായി'ക്കുട്ടിക്കഖിലസുഖസമ്പത്തുമമ്പൊത്തുകൂട്ടി
ഭൂയിഷ്ഠശ്രീപുലരുമമലാപാംഗലക്ഷ്മീവിലാസം
വായിപ്പിക്കൂ! ഭവതി! ഭവതാരുണ്യപുണ്യപ്പുളപ്പേ!"

ഈ രണ്ടു പദ്യങ്ങളും ഞാൻ മഹനെ കേൾപ്പിച്ചപ്പോൾ അദ്ദേഹം അഭിപ്രായപ്പെട്ടതു്, ആദ്യത്തെ പദ്യം എനി

ക്കു പിടിച്ചു, അച്ഛന്റെ ശ്ലോകമാണ് അതെന്നേ യഥാർത്ഥസാഹിത്യനിരൂപകന്മാർ പറയൂ. നല്ല ഒഴുക്കും പഴക്കവും തന്മയത്വവുമുണ്ട്. പക്ഷെ, രണ്ടാംപദ്യം അച്ഛന്ന് അത്ര സുഖമാവില്ല, ആദ്യത്തേതു് അദ്ദേഹം നിശ്ചയമായും പാസ്സാക്കും," എന്നായിരുന്നു. ഉടനെ ഞാനും മഹനുംകൂടി അച്ഛന്റെ സന്നിധിയിൽച്ചെന്നു പദ്യം തെയ്യാറായിട്ടുണ്ടെന്ന് അദ്ദേഹത്തെ സവിനയം അറിയിച്ചു. പ്രസന്നവദനനായ ആ തിരുമേനി, "എന്നാൽ കേൾക്കട്ടെ," എന്നു കല്പിച്ചു. ഞാൻ രണ്ടുപദ്യവും അദ്ദേഹത്തെ ചൊല്ലികേൾപ്പിച്ചു. ആദ്യത്തെ പദ്യം, അതായതു്, 'ദിനമനു' ഇത്യാദി കേട്ടപ്പോൾ അദ്ദേഹത്തിന്നു സന്തോഷമായെന്ന് എനിക്കു മനസ്സിലായി. രണ്ടാംപദ്യം, അതായതു് 'വായിക്കുന്നോക്ക്' ഇത്യാദി കേട്ടപ്പോൾ അദ്ദേഹത്തിന്നു വലിയ രസം തോന്നിയില്ലെന്ന് അദ്ദേഹത്തിന്റെ മുഖഭാവംകൊണ്ടു് ഉടനെ എനിക്കു മനസ്സിലായി. മാത്രമല്ല, അദ്ദേഹം അഭിപ്രായപ്പെട്ടു: "ആദ്യം ചൊല്ലിയ ശ്ലോകം മിക്കവാറും എന്റെ പദ്യമാണെന്നുതന്നെ തോന്നും, രണ്ടാമത്തെ പദ്യം ഇന്നത്തെ പച്ചപ്പരിഷ്കാരികളായ യുവകവികൾക്കേ പററു," എന്ന്. ഇത്രയും പറഞ്ഞശേഷം കേവലം പ്രോത്സാഹനജനകമാംവണ്ണം എന്നെ അദ്ദേഹം അനുമോദിക്കുകയും, മഹനോട് എന്റെ ഒന്നാമത്തെ പദ്യം ഉടനെതന്നെ ലക്ഷ്മീഭായി പത്രാധിപക്ക്, അദ്ദേഹത്തിന്റെ (നടുവത്തച്ഛന്റേ) പേർ വെച്ചു് അയയ്ക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. വീണ്ടും അദ്ദേഹം എന്നെ പല വിധേനയിലും പ്രോത്സാഹിപ്പിച്ചു. മഹൻനമ്പൂതിരിയും എനിക്ക് കവനവിഷ

യത്തിൽ പല ഉപദേശങ്ങളും തന്നതിന്നു പുറമെ, ഞാൻ അപ്പോൾ ഉണ്ടാക്കിയ ആ ഒന്നാമത്തെ മംഗളപദ്യം അച്ഛന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ (അച്ഛന്റെ) പേർവെച്ച് 'ലക്ഷ്മീഭായി'ക്കയയ്ക്കുകയുമുണ്ടായി. ഈ നിലയിൽ അന്നു സസന്തോഷം അവിടെ കഴിച്ചുകൂട്ടി, പിറേറ ദിവസം രാവിലെ ഞാൻ സ്വദേശത്തേയ്ക്കു മടങ്ങുകയും ചെയ്തു.

അങ്ങനെ കുറച്ചുദിവസം കഴിഞ്ഞപ്പോൾ മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേയ്ക്കു് എഴുതിയ ഒരു കവിതക്കത്തിൽ അച്ഛൻനമ്പൂതിരി എന്നെപ്പററി പ്രോത്സാഹനജനകമാംവണ്ണം രേഖപ്പെടുത്തിയിരുന്നു. പ്രസ്തുതപദ്യം താഴെ ഉദ്ധരിക്കാം:

"ഇന്നാളെൻ നികടത്തിൽ വന്നൊരു യുവാ-
 വെന്നാജ്ഞകൈക്കൊണ്ടുടൻ
നന്നായ്ത്തീർത്തൊരു മംഗളം ഝടിതി ഞാൻ
 വായിച്ചു സന്തുഷ്ടനായ്;
ഒന്നും ഞാനതുമാററിടാതെയുടനെ
 'ഭായി'ക്കയച്ചേനതാ-
ണിന്നാമാസികയിങ്കലെന്റ കൃതിയായ്
 കാണുന്നതെന്നോർക്കണം.

അക്കുട്ടിയാകിയകവിക്കു പഠിപ്പുമുണ്ടു,
ചട്ടററവാസനയുമുണ്ടതു കണ്ടറിഞ്ഞേൻ
ഒട്ടിപ്രകാരമവനേറെദിനം കഴിഞ്ഞാൽ
പുഷ്ടപ്രമോദമൊരു സല്ക്കവിവര്യനാകും."

ഈ രണ്ടു പദ്യങ്ങളും ആയിടയ്ക്കു് കൊരിക്കൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു എന്നെ കാണിച്ചു തരികയും, സ്വസ്ഥ്യപുരുഷന്നു് എന്നോടുള്ള താല്പര്യത്തെപ്പററി എടുത്തുപറകയും ഉണ്ടായി. ഇതുകൊണ്ടെല്ലാമറിയാം മഹാമനസ്കനായ നടുവത്തച്ഛൻ നമ്പൂതിരിതിരുമനസ്സിലെ മനോഗുണവും.

കുറച്ചുകാലം കഴിഞ്ഞപ്പോൾ കൊടുങ്ങല്ലൂരുള്ള ഒട്ടുവിൻെറ വസതിയിൽവെച്ചു സ്വസ്ഥ്യപുരുഷനെപ്പററി, ഞങ്ങൾപലരുംചേൎന്നു് അദ്ദേഹത്തിൻെറ ആരോഗ്യത്തിന്നു വേണ്ടി ഓരോരുത്തർ 26 പദ്യംവീതം എഴുതുകയുണ്ടായി. ഒട്ടു, ശങ്കരൻകുട്ടിമേനോൻ, കാത്തുള്ളി, ഇയ്യുള്ളവൻ തുടങ്ങിയവർ ആ വിഷയത്തിലേപ്പെട്ടിരുന്നു. അന്നു് അച്ഛൻ തിരുമനസ്സിലേയ്ക്കു കാലിന്മേൽ ഒരു വ്രണം വന്നു്, അതു് അധികരിച്ചു വളരെ അപകടനിലയിലെത്തുകയുണ്ടായി. ആ സുഖക്കേടിൽ അദ്ദേഹത്തിന്നു് അപായം വരാതിരിപ്പാനും, ദീർഘായുസ്സുണ്ടാവാനും അന്നുള്ള ഭാഷാകവികളെല്ലാം ചേൎന്നു് 'ആരോഗ്യസ്തവം' എന്നൊരു പുസ്തകം പദ്യരൂപത്തിൽ നിൎമ്മിക്കണമെന്ന മഹന്നുണ്ടായിരുന്ന ആഗ്രഹമനുസരിച്ചാണു ഞങ്ങൾ അപ്രകാരം കവിതയെഴുതിയതു്. പ്രസ്തുതകൃതികൾ മററു പല കവികളുടെയും കൃതികളോടുകൂടി 'ആരോഗ്യസ്തവം' എന്ന പേരിൽ പുസ്തകരൂപത്തിൽ പുറപ്പെടുകയുമുണ്ടായിട്ടുണ്ടു്. അതിന്നു് നടുവം മഹൻെറ കൃതിയിലുള്ള ആദ്യത്തെപദ്യം, (എനിക്കു് മുഴവനും ഓൎമ്മയില്ലാത്തതു്)

"ചെരിപ്പിട്ടുതാതൻ കുറച്ചൊന്നുലാത്തി-
ത്തിരിച്ചിങ്ങു വന്നിട്ടുതുരുന്ന നേരം

*   *   *

അരിപ്രായമൽപം ക്ഷതം കണ്ടു കാലിൽ."

എന്നതാണു്.

നിർഭാഗ്യവശാൽ പ്രസ്തുതകൃതികളിലുള്ള ഏതെങ്കിലും ഒരു കവിയുടെ പൂർണ്ണമായ ഒരു പദ്യംപോലും ഇപ്പോൾ എനിക്കോർമ്മയില്ലാത്തതിൽ ഞാൻ നിർവ്യാജം വ്യസനിക്കുന്നു. അച്ഛൻനമ്പൂതിരിതിരുമനസ്സിലെയ്ക്കുണ്ടായ ആ കഠിനമായ സുഖക്കേടു വഴിയെ ഭേദമാവുകയും, അദ്ദേഹം നന്ദിപൂർവ്വം 'ആരോഗ്യസ്തവ'ത്തിൽ ഭാഗഭാക്കായ കവികൾക്കെല്ലാം വിവരത്തിന്നു് എഴുതുകയുമുണ്ടായിട്ടുണ്ടു്.

കഥാപുരുഷന്നു് അയപ്പാൻ ഒരു കവിതക്കത്തു് ഇപ്പോൾ തയ്യാറാക്കണമെന്നു് പിന്നീടൊരിക്കൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് എന്നോടു കല്പിക്കയുണ്ടായി. അദ്ദേഹവും സ്വർഗ്ഗപുരുഷനുംതമ്മിൽ മിക്ക സമയങ്ങളിലും കവിതയിലാണു കത്തുകൾ എഴുതാറുള്ളതെന്നുള്ളതും, സ്മരണീയമാണു്. അന്നു തമ്പുരാൻ എന്നെക്കൊണ്ടു പറഞ്ഞെഴുതിച്ച പദ്യങ്ങൾ താഴെ ഉദ്ധരിക്കുന്നു:

"മന്മഥനുടെ തടിമുടിയൻ
നിർമ്മലതാരേശ ജാഹ്നവീമുടിയൻ
നമ്മുടെ ഗരളം കുടിയൻ
നന്മതരട്ടെ ഭവാനുമാമടിയൻ."

"എന്താണിതെന്തു കഥ,യിങ്ങനെ മൗനഭാവം
എന്താധികം കലരുമങ്ങയെ,യൊന്നലട്ടി
ചിന്താരസത്തിൽ മുഴകിക്കഴവന്നമിപ്പോ-
ളെന്താകിലും മടിപിടിച്ചരുളേണ്ടതെല്ലും."

"'ഭാരത'പ്പണികഴിഞ്ഞുവെങ്കിലും
ഭാരമേറെയിനിയേററിരിക്കിലും
നീരസം ചെറുതുമില്ല,കത്തിലി-
ന്നേരമൊട്ടു കൃതി ചെയ്തയയ്ക്കുവാൻ."

"മുമ്പു താങ്കളൊടു ഞാനുരച്ചതു-
ണ്ടമ്പുപൂണ്ടു മമ കത്തു മിക്കതും
ഇമ്പമോടു കൃതിയിങ്കൽ വേണമെ,ന്നെ-
'മ്പിരാന്ത'തു ഫലിച്ചിടാതെയായ്!"

"ഇതിലധികമിവണ്ണം കത്തുവാക്കായിഞാനെൻ
കൃതിവര! പറയുന്നില്ലാകയാ,ലായപോലെ
മതി രസമൊടു പദ്യത്തിൽക്കൃതിച്ചിങ്ങയയ്ക്കു
മതിമതിമടി,ഞാനങ്ങെത്തുമില്ലത്തുവേഗം."

ഉടനെ തമ്പുരാൻ തിരുമനസ്സുകൊണ്ടു് മേലുദ്ധരിച്ച കത്തു് അദ്ദേഹത്തിന്നു് അയയ്ക്കുകയുണ്ടായി. കവിതയിൽ കത്തെഴുതുകയെന്നതിൽ എല്ലായ്പോഴും പ്രസക്തനായിരുന്ന കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് സ്ഥൂപുരുഷനും കൊട്ടാരത്തിൽ പ്രസിദ്ധകവി ശങ്കുണ്ണി അവർകൾക്കുമാണു് കൂടുതൽ കവിതക്കത്തുകളയച്ചിട്ടുള്ളതു്. കഥാപുരുഷന്നു് അദ്ദേഹം അയച്ചിട്ടുള്ള കത്തുകളിൽ പലതും ഇപ്പോൾ കോഴിക്കോട്ടുള്ള പി. കെ. ബ്ര

ഭേഴ്സ് എന്ന പുസ്തകവ്യാപാരികൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 'കുഞ്ഞിക്കുട്ടൻതമ്പുരാൻകൃതികളിൽ' ഉള്ളതിനാൽ, ഞാൻ ആവക പദ്യങ്ങളിൽ ചിലതൊന്നും ഇവിടെ ഉദ്ധരിക്കുവാൻ ശ്രമിക്കുന്നില്ല. പക്ഷെ, ആദ്യകാലം മുതല്ക്കേ കവിതക്കത്തിടപാടിൽ വളരെ താല്പര്യമുള്ള ഒരാളായിരുന്നു നടുവത്തു് അച്ഛനെന്നു സൂക്ഷ്മമായിപ്പറയുവാൻ എനിക്കു സാധിക്കും. ഉദാഹരണമായി, അദ്ദേഹം കഴിഞ്ഞുപോയ മഹാമഹിമശ്രീ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേയ്ക്കു് ആദ്യകാലത്തു് അയച്ചിട്ടുള്ള ചില കവിതക്കത്തുകളിലെ ഒന്നുരണ്ടു പദ്യങ്ങൾതന്നെ എടുക്കാം. അവയിൽ,

"പാരാതന്നു പിരിഞ്ഞുപോന്നതുമുതൽ-
ക്കൊന്നങ്ങുവന്നീടുവാൻ
പാരംമോദമെനിക്കു ചിത്തതളിരിൽ
ചേൎന്നാണിരുന്നീടിലും
ഓരോ ജോലികൾ കൊണ്ടതിന്നു കഴിവായ്
വന്നീല; വന്മോഹമാം
പാരാവാരമതിൽക്കിടന്നു പകലും
രാവും പരുങ്ങുന്നു ഞാൻ."

"മുപ്പത്തൊമ്പതിലങ്ങെഴും 'മുറജപ'-
ത്തിന്നായിവന്നപ്പൊളങ്ങൾപ്പൂവിൽ കുതുകം കലൎന്നയി! ഭവാ-
നൊന്നിച്ചു നന്ദിച്ചുഞാൻ

അല്പംനാളിലിരുന്നതോർമ്മയവിടെ-
യ്ക്കുണ്ടായിരിക്കാമെനി-
ക്കിപ്പോറംത്തന്നെ കഴിഞ്ഞപോലെ കരളിൽ-
ത്തോന്നുന്ന മന്ദേതരം."

എന്ന പദ്യങ്ങളും മററും പ്രസിദ്ധവുമാണു്. ഇതിൽനിന്നെല്ലാം വ്യക്തമാകുന്നതു് അച്ഛൻനമ്പൂതിരി തിരുമനസ്സിലെ ഭാഷാശുദ്ധിയും രചനാഭംഗിയുമാണു്.

സ്മര്യപുരുഷൻ പലപ്പോഴും കാത്തുള്ളിക്കും പല കവിതക്കത്തുകളുമയച്ചിട്ടുണ്ടു്. അവയും നല്ല തന്മയത്വമുള്ളവയാണു്. ചുരുക്കിപ്പറയുന്നതായാൽ, അച്ഛൻനമ്പൂതിരി തിരുമനസ്സിലെ ലളിതവും ശുദ്ധവുമായ കവിത അദ്ദേഹത്തിൻെറ മനസ്സുപോലെ ഏററവും നിർമ്മലമാകുന്നു എന്നാണു് യഥാർത്ഥ സാഹിത്യനിരൂപകന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. അദ്ദേഹം പലതരം കൃതികറം രചിച്ചിട്ടുണ്ടു്. ആ മഹാൻെറ 'ഭഗവദ്ദൂതു്' എന്ന ഭാഷാനാടകംതന്നെ അദ്ദേഹത്തിൻെറ കറകളഞ്ഞ യശസ്സ് ഏതു കാലത്തും ഭാഷാസാഹിത്യലോകത്തിൽ നിലനിത്തുന്നതാണു്. അദ്ദേഹം ഒരു നല്ലവൈദ്യനംക്രൂടിയായിരുന്നതിനാൽ, ആ വിഷയത്തിലും ആ തിരുമേനി ചില കൃതികറം നിർമ്മിച്ചിട്ടുണ്ടു്. ക്രൂടാതെ, കഥാപുരുഷൻ 'മലയാളമനോരമ' പത്രത്തിലും, 'വിദ്യാവിനോദിനി,' 'രസികരഞ്ജിനി,' 'ഭാഷാപോഷിണി' മുതലായ ഉത്തമ മാസികകളിലും പ്രസിദ്ധംചെയ്തിട്ടുള്ള പലതരം കൃതികളും പ്രശംസാർഹങ്ങളാണു്. പഴയകൊടുങ്ങല്ലൂർ കവിതാസദസ്സിലെ ഒരംഗത്തിൻെറയും വെ

ണ്മണി അച്ഛൻനമ്പൂതിരിപ്പാടിലെയും മററും പ്രധാന സ്നേഹിതൻെറ നിലയ്ക്കും അദ്ദേഹത്തിന്ന ഭാഷാസാഹിത്യലോകത്തിൽ സിദ്ധിച്ചിട്ടുള്ള പേരും പെരുമയും നിസ്സീമമാണെന്ന തീൎത്തു പറയാം. അദ്ദേഹത്തിൻെറ ശാശ്വതവിയോഗം, ഏറെക്കുറെ വാൎദ്ധക്യദശയിൽതന്നെയായിരുന്നെങ്കിലും, അദ്ദേഹം എല്ലാ നിലയിലും പ്രമാണിയായിരുന്നതിനാൽ അതു് (നിൎയ്യാണം) ഭാഷാസാഹിത്യലോകത്തിന്നുണ്ടാക്കിത്തീൎത്ത നഷ്ടം നിശ്ചയമായും അപരിഹാൎയ്യമാണെന്നു പറഞ്ഞേ കഴിയൂ.

★

# മഹാകവി
# വി. സി. ബാലകൃഷ്ണപ്പണിക്കർ

അന്ന് എനിക്ക് ഏതാണ്ടു പതിനെട്ടു വയസ്സായിരുന്ന പ്രായം. ഇംഗ്ലീഷ്പഠിപ്പ് അവസാനിപ്പിക്കേണ്ടിവന്ന ഈയുള്ളവന്ന്, അന്നത്തെ കവികളെയും, സാഹിത്യരസികന്മാരെയും ആത്മാർത്ഥമായ ബഹുമാനമായിരുന്നു. ഞാനും പല 'നാല്ക്കാലി'കളും പുറത്തിറക്കുകകൂടി ചെയ്തിരുന്നു. ഉപജീവനമാർഗ്ഗത്തിന്നുപയുക്തമായ ഒരു തൊഴിൽ ആവശ്യമെന്നുകരുതി ഞാറയ്ക്കൽ (Narakkal) എന്ന പ്രദേശത്തുള്ള ഇംഗ്ലീഷുസ്കൂളിൽ മലയാളം മുൻഷിപ്പണി ഞാൻ സ്വീകരിച്ചു. അന്ന് ആ പാഠശാലയിൽ പ്രധാനാദ്ധ്യാപകൻ ഒരു യഥാർത്ഥസാഹിത്യരസികനായ ശ്രീ. വി. കെ. രാമൻമേനോൻ ആയിരുന്നു എന്നെ സാഹിത്യവിഷയത്തിൽ പ്രത്യേകം പ്രോത്സാഹിപ്പിക്കുവാനും, എന്റെ വാസനയ്ക്കുപററിയ ഒരു ജോലി എനിക്കു തരുവാനും ബദ്ധശ്രദ്ധനായത്. സ്വതവേ ഫലിതക്കാരനായിരുന്ന ആ മാന്യൻ അക്കാലത്തും അതിന്നുമുൻപും രസകരങ്ങളായ പല ഗദ്യലേഖനങ്ങളും ചെറുകഥകളും അന്നത്തെ പല പ്രധാന മലയാളമാസികകളിലും പത്രങ്ങളിലും എഴുതിയിട്ടുണ്ട്. 'ലക്ഷ്മീഭായി,' 'രസികരഞ്ജിനി,' 'ഭാഷാപോഷിണി' മുതലായ ഉത്തമമലയാളമാസികകൾക്ക്, വിനോദകരവും വിജ്ഞാനപ്രദവുമായ അദ്ദേഹത്തിന്റെ ലേഖനങ്ങൾ പലതും പ്രശസ്താലങ്കാരങ്ങളായിരുന്നു.

പ്രസ്തുതകാലഘട്ടത്തിലാണു ഞാനും 'കവനകൗമുദി' എന്ന സുപ്രസിദ്ധ പത്രത്തിൽ ചില കവിതകൾ എഴുതുവാൻ തുടങ്ങിയതു്. അതിന്നുമുമ്പുതന്നെ ഞാൻ ശ്രീ. വി. സി. ബാലകൃഷ്ണപ്പണിക്കരെ, അദ്ദേഹത്തിൻെറ കവിതകളാലും ലേഖനങ്ങളാലുംമററും നല്ലപോലെ മനസ്സിലാക്കിവെച്ചിരുന്നു. ആ മഹാശയനാകട്ടെ, അന്നു് എന്നെക്കാൾ രണ്ടോ മൂന്നോ വയസ്സുമാത്രമേ കൂടുതലായിരുന്നുള്ളൂ. അത്രചെറുപ്പത്തിൽതന്നെ ആശയപുഷ്ടിയും രചനാഭംഗിയുമുള്ള ഗദ്യപദ്യലേഖനങ്ങൾ നിർമ്മിപ്പാൻ അതിവിദഗ്ദ്ധനായിരുന്നു അദ്ദേഹം. വാസ്തവത്തിൽ പണിക്കർ സ്വപ്രയത്നത്താൽ സാമാന്യമായ ഇംഗ്ലീഷുപരിജ്ഞാനവും സമ്പാദിച്ചിരുന്നു. സംസ്കൃതവിദ്യാഭ്യാസത്തിൽ ബാല്യകാലത്തുതന്നെ വാസന പ്രദർശിപ്പിച്ചിരുന്നതിനാൽ, അക്കാലത്തു നല്ലൊരു വ്യുല്പന്നനും, കാവ്യനാടകാലങ്കാരാദികളിൽ പ്രത്യേകം പാണ്ഡിത്യം നേടിയിരുന്ന ഒരു യഥാർത്ഥ ബുദ്ധിമാനുമായിരുന്നു ശ്രീ. ബാലകൃഷ്ണപ്പണിക്കർ എന്നു് വിശേഷിച്ചു പറഞ്ഞേ കഴിയൂ. അന്നുതന്നെ അദ്ദേഹത്തിന്നു ഭംഗിയായും സരസമായും പ്രസംഗിപ്പാനും പാടവമുണ്ടായിരുന്നു.

ഏവംവിധങ്ങളായ പല വിശേഷയോഗ്യതകളാലും എനിക്കു് ആ മാന്യയുവാവു്, അഥവാ ആ 'ജ്ഞാനവൃദ്ധൻ' ഒരാരാദ്ധ്യപുരുഷൻതന്നെ ആയിരുന്നു. ഏകദേശം 16 വയസ്സു തികയുന്നതോടുകൂടി അന്നത്തെ പൊതുക്കാര്യങ്ങളിൽ പ്രസക്തിയും പരിചയവും അദ്ദേഹം നേടുകകൂടിച്ചെയ്തിരുന്നു. തൃശ്ശിവപേരൂരിൽനിന്നു പുറപ്പെട്ടിരുന്ന 'കേരളചിന്താമണി' എന്ന മലയാളപത്രത്തി

ൻെറ ആധിപത്യം വഹിച്ച് ശ്രീ. പണിക്കർ കൂടുതൽ സുപ്രസിദ്ധനാകുവാൻ തുടങ്ങിയ ആ കാലം അന്നത്തെ കൊച്ചി-തിരുവിതാംകൂറിലെ രാഷ്ട്രീയകാൎയ്യങ്ങളെക്കുറിച്ചും കുറെയൊക്കെ പറയുവാൻ പററിയതായിരുന്നു. അന്ന് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് മി. കാർ എന്ന് പേരായിരുന്ന ബ്രിട്ടീഷ് റസിഡണ്ട്, ദേശീയബോധത്താൽ പല പ്രധാന കാൎയ്യങ്ങളിലും ഏൎപ്പെട്ടിരുന്ന ത്യാഗശീലന്മാരായ മിക്ക രാഷ്ട്രീയപ്രസക്തന്മാരെയും തങ്ങാംക്ക തലപൊന്തിക്കുവാൻ ഇടയാകാത്ത വിധത്തിൽ ചവുട്ടി അമൎത്തുവാൻ പോലും ശ്രമിച്ചിരുന്നു. അന്ന് തൃശ്ശിവപേരൂർ സി. എം. എസ്. ഹൈസ്കൂൾ അങ്കണത്തിൽവെച്ച് ഒരു പൊതുയോഗം നടന്നു. അന്നത്തെ രാഷ്ട്രീയകാൎയ്യങ്ങളെപ്പററി പ്രതിപാദിക്കുവാനും, നാട്ടിന്നും നാട്ടുകാൎക്കും അഭ്യുന്നതിക്കിടയാകുന്ന പല കാൎയ്യങ്ങളും ആലോചിപ്പാനുമായിരുന്നു പ്രസ്തുത സമ്മേളനം. ആ യോഗത്തിൽ കേവലം യുവാവും കാഴ്ചയിൽ ആൎക്കും കാൎയ്യമായി കണ്ണിൽ പിടിക്കുവാൻ ഇടയില്ലാത്ത ഒരു കൃശാംഗനുമായ ശ്രീ. പണിക്കർ ഉജ്ജ്വലവും, സാരസമ്പൂൎണ്ണവും, സാഹിത്യഗുണപരിപൂരിതവുമായ ഒരു സരസഗംഭീര വാചാപ്രസംഗത്താൽ സദസ്സിനെ പ്രത്യേകം രസിപ്പിക്കുകയും വിസ്മയിപ്പിക്കുകയുംചെയ്തു. ബ്രിട്ടീഷ്ഭരണത്തിൻെറ ചില ന്യൂനതകളെയും ദേശീയബോധമുള്ള പലരും തുറന്നാക്ഷേപിക്കുവാൻ തുടങ്ങിയതും ഏതാണ്ട് അക്കാലം മുതല്ക്കാണ്. പ്രകൃതയോഗത്തിൽ നമ്മുടെ സ്മൎത്ത്യപുരുഷൻ 'കൊച്ചി-തിരുവിതാംകൂർ' സംസ്ഥാനത്തിലെ 'കാറുപിടിച്ച ഭരണം' എന്ന വിഷയത്തെ ആസ്പദ

മാക്കി നടത്തിയ ശക്തിമത്തായ പ്രസംഗം അക്കാലത്തു്, ബ്രിട്ടീഷ്ഭരണാധികാരികളെ സ്തുതിക്കുവാനും ഭ്രമിക്കുവാനും പ്രസക്തരായിരുന്ന പല 'രാജഭക്തന്മാക്കും' കഠിനമായ നീരസത്തിന് ഇടവരുത്തി. തന്മൂലം, അന്ന് സി. എം. എസ്. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന കഴിഞ്ഞുപോയ മി. പി. ഏ. സ്റ്റീഫൻ, നമ്മുടെ മാന്യയുവാവിന്റെ പ്രസംഗം തുടൎന്നുകൊണ്ടുപോകുവാൻ അനുവദിച്ചില്ല അവിടവിടെ തരംനോക്കിയിരുന്നിരുന്ന ചില 'സി. ഐ. ഡി.'ക്കാരും അദ്ദേഹത്തെ അറസ്റ്റ് ചെയ്യുവാൻ സന്നദ്ധരായി. പക്ഷെ, വേണ്ടതിലധികം ജനസ്വാധീനവും, പത്രപ്രവൎത്തനചാതുൎയ്യവും, സാഹിത്യപാടവവും ഉണ്ടായിരുന്ന അദ്ദേഹത്തിന്നു് അന്നത്തെ യാഥാസ്ഥികഭരണത്തെ പിൻതാങ്ങുന്ന പ്രമാണികളെന്നു പറയപ്പെട്ടിരുന്ന ചിലരെ 'പഞ്ചപുച്ഛമടക്കി' വണങ്ങുവാനും, പോലീസ്സുകാരെ ഭയപ്പെടുവാനും ഒട്ടുംതന്നെ താല്പൎയ്യമോ ആശയോ ഉണ്ടായിരുന്നില്ല. മി. ബാലകൃഷ്ണപ്പണിക്കർ ഒരു യഥാൎത്ഥ പൊതുക്കാൎയ്യപ്രസക്തനും, തന്റേടമുള്ള ഒരു പത്രാധിപരും, രസികത്വമേറിയ ഒരു സാഹിത്യകാരനും ആണെന്നു് അന്നുമുതൽ നിൎമ്മത്സരമതികളായ പൊതുജനങ്ങൾ പ്രസ്താവിക്കുവാനും തുടങ്ങി.

സാഹിത്യപരമായ പല പ്രധാന സംഗതികളിൽ ഇടപഴകുകയും, നല്ല ഗദ്യപദ്യലേഖനങ്ങൾ എഴുതുകയും, കൂസൽകൂടാതെ രാഷ്ട്രീയപ്രസംഗങ്ങൾ നടത്തുകയും ചെയ്തിരുന്ന അദ്ദേഹത്തിന്നാകട്ടെ, ബഹുമാനം വൎദ്ധിച്ചുവന്നിരുന്നു. മുമ്പുതന്നെ—പത്തോ പന്ത്രണ്ടോ വയസ്സുള്ള

പ്പോൾ—അദ്ദേഹം നിർമ്മിച്ചിട്ടുള്ള ചില കാവ്യങ്ങളും ക ഥകളുംമററും അവയുടെ സാഹിത്യപരവും ഫലിതമയവു മായ യോഗ്യതയാൽ ഞാൻ മിക്കപ്പോഴും ഹൃദിസ്ഥമാക്കി യിരുന്നു. വിശേഷിച്ച്, അനന്തരകാലത്ത് 'കവനകൗ മുദി'യിൽ എഴുതിയിട്ടുള്ള 'വിലാപ'മെന്ന വിശിഷ്ടകാ വ്യമാണ് എന്നെ സാഹിത്യവിഷയത്തിൽ അദ്ദേഹത്തോ ടു കൂടുതൽ കൂട്ടിയിണക്കുവാൻ സംഗതിവരുത്തിയതു്. ആ വിലാപകാവ്യത്തിലെ പ്രഥമശ്ലോകംതന്നെ യഥാർത്ഥ സാഹിത്യരസികന്മാരെ ആവേശഭരിതരാക്കിത്തീർക്കു വാൻ സമർത്ഥമായ ഒരൊന്നാന്തരം പദ്യരത്നമാണെന്നു പറഞ്ഞേ കഴിയൂ.

"തിങ്ങിപ്പൊങ്ങും തമസ്സിൽ കടലിലൊരു
കുടംപോലെ ഭൂചക്രവാളം
മുങ്ങിപ്പോയീ, മുഴക്കെക്കുളിരിളകുമിളം-
കാററു താനേ നിലച്ചു;
മങ്ങിക്കാണുന്ന ലോകപ്രകൃതിയുടെ പക-
പ്പെന്നമട്ടന്നു മൗനം
തങ്ങിക്കൊണ്ടർദ്ധരാത്രിക്കൊരു പുരുഷനിരു-
ന്നീടിനാനാടലോടെ."

പ്രസ്തുത പദ്യത്തിനുള്ള ആകർഷണീയമായ ആദർശശുദ്ധി യും രചനാഭംഗിയും എത്രമാത്രം ഹൃദയംഗമമായിരിക്കു ന്നു എന്നു നോക്കുക. കൂടാതെ, അദ്ദേഹത്തിൻെറ പ്രകൃ തിനിരീക്ഷണപാടവവും തത്വോപദേശപരമായ സാമ ർത്ഥ്യവും ആലോചിച്ചാൽ, ഒരു യഥാർത്ഥ മഹാകവി ആ യിരിപ്പാൻ അന്നുതന്നെ ആ 'കൊച്ചുമനുഷ്യൻ' എല്ലാ

നിലയിലും അർഹനായിരുന്നു. 'വിലാപകാവ്യ'ത്തിലുള്ള മറ്റോരോ പദ്യവും, അന്നത്തെ രീതി അനുസരിച്ചു തത്വചിന്തയിൽ കാര്യമായി കണ്ണുചെലുത്താത്ത പല പ്രസിദ്ധ കവികൾക്കും, സാരവത്തായ ഒരു സാധനപാഠവും ആയിത്തീർന്നതിനാൽ അദ്ദേഹത്തെ അവർ ഉള്ളഴിഞ്ഞു ബഹുമാനിക്കാനും സംഗതിയായി. ഉദാഹരണമായി,

ആ മട്ടാളും കഠോരപ്രകൃതിരചനയിൽ
പാട്ടുകാരൻ കണ്ടകൈ-
ക്രൂമൻ മൂളുന്നു, കൃകന്നിതു ചിറകടിയൊ-
ടൊത്തുകുററിച്ചുള്ളാനും
പ്രേമം, വിഭ്രാന്തി, താപം, ഭയമിവയിലലി-
ഞ്ഞാകുവേ രക്തനാഡി-
സ്തോമം സ്തംഭിക്കയാലക്കഥകളവനറി-
ഞ്ഞില്ലതേ നല്ലതായി."

എന്ന പദ്യവും മററും അന്നും ഇന്നും പ്രത്യേകം പ്രശംസയാണദ്ദേഹത്തിന്നു സമ്പാദിച്ചുകൊടുത്തിട്ടുള്ളതു്. ഭാഷാകവിതാപ്രസ്ഥാനം വേണ്ടപോലെ പരിഷ്കൃതമാകുവാൻ തുടങ്ങിയിട്ടില്ലാത്ത ഒരു പഴയ കാലഘട്ടത്തിലാണു്, ആ 'ചെറിയ മനുഷ്യൻ' അഥവാ 'കുട്ടിക്കവി' ഇപ്രകാരമെല്ലാം പ്രകൃതിനിരീക്ഷണംചെയ്തു നമ്മെ തത്വചിന്താപരരാക്കിത്തീർത്തതു്. കൂടാതെ,

"സ്വാതന്ത്ര്യത്തോടുകൂടി സ്വയമുയരുമൊരീ-
നിന്റെ ജീവൻ ക്രമത്തിൽ
കൈതന്നുംവെച്ചുവാനോർവനിതകളരുളീ-
ട്ടന്നൊരഗ്രാസനത്തിൽ

ആതങ്കം വിട്ടു ചിന്നിക്കിളികളിളകുമാ-
നന്ദന ത്തോപ്പിലേന്തും
ഗീതത്തോടൊത്തു പൂത്തൻ മണമണിയുമിളം-
കാററുതെല്ലേററിടട്ടേ."

എന്ന പദ്യത്തിലുള്ള കവിയുടെ മനോധർമ്മ'മർമ്മ'ജ്ഞതേ ത്ത്വാസ്പദമായ, ആശയത്തേയും അതിന്നനുഗുണമായ ശബ്ദഭംഗിയേയും ഉള്ളഴിഞ്ഞു പുകഴ്ത്താത്തവരായ യഥാർത്ഥ സാഹിത്യനിരൂപകന്മാർ മലയാളത്തിലുണ്ടായിട്ടില്ലെന്നുതന്നെ പറയാം.

"സാനന്ദം സുപ്രഭാതോദയമഹിമ പുക-
ഴ്ത്തുന്ന പക്ഷിവ്രജത്തിൻ
ഗാനത്താലോ, ഗവാക്ഷംവഴി ദിനമണിതൻ
കൈകളാൽ പുൽകയാലോ,
തേനഞ്ചും വാണിയാളേ! ചുടലയൊടു സമീ-
പിച്ച നിൻ ദീർഘനിദ്ര-
യ്ക്കൂനംപററില്ല; നിൻകണ്ണുകൾ നിയതിനിയോ-
ഗത്തിനാൽ മുദ്രിതങ്ങൾ."

തുടങ്ങി 'വിലാപ'ത്തിലുള്ള മററു വിശിഷ്ട പദ്യങ്ങളിൽ പലതും ഞാനിവിടെ പകർത്തുവാൻ തുടങ്ങുന്നതു ക്ഷിപ്രസാദ്ധ്യമല്ല. പ്രസ്തുത 'വിലാപം' സ്വാനുഭവത്തിന്നാസ്പദവും കരുണരസപ്രധാനവുമത്രെ.

പാശ്ചാത്യകവികൾ വിലാപാദികാവ്യങ്ങളെഴുതുന്നതിൽ പ്രദർശിപ്പിക്കാറുള്ള പ്രസന്നവും, പ്രകൃതിമനോഹരവുമായ ആശയവിശേഷം സ്വർഗ്ഗപുരുഷൻെറ വിലാപാദികവിതകൾ സൂക്ഷ്മമായി പരിശോധിച്ചാൽ കാണുവാൻ കഴിയും:-

'വിലാപ'കാവ്യവും, വഴിയെ 'വിശ്വരൂപം' എന്ന വിശിഷ്ടകാവ്യവുംകൂടിപ്പുറപ്പെട്ടപ്പോൾ അതിൽ, 'ബാലകൃഷ്ണ'ൻെറ 'ആ വിശ്വരൂപ'ത്തിൽ എന്നുതന്നെ പറയട്ടെ, അന്നത്തെ പ്രമാണികളും പ്രസിദ്ധരുമായ ചില വലിയ കവികൾക്കുകൂടി അദ്ദേഹത്തോട് ബാഹ്യമായി ബഹുമാനവും, ആന്തരമായി അസൂയയുമാണുണ്ടായിരുന്നതെന്നു പറയുവാൻപോലും എനിക്കശേഷം സങ്കോചമില്ല. 'വിശ്വരൂപ'ത്തിലെ,

"പാശ്ചാത്യപദ്ധതി പിടിച്ചുഴലും ജനത്തെ-
പ്പുഷ്ടിച്ചുകൊണ്ടു നിജ ഗോപ്രസരം പുലർത്തി
പൂർവ്വാശയാം കമനിതൻ തിലകായമാനൻ
പീയൂഷദീധിതിജനോത്സവമൊത്തുദിച്ചു."

എന്ന ചമൽക്കാരപരമായ പദ്യം ആ സരസഗംഭീരമായ കാവ്യത്തിലുള്ള മനോഹരപദ്യങ്ങൾക്ക് ഒരു നട്ടനായകം തന്നെയാണ്. അക്കാലത്തു ഭരണാധികാരികളായ ബ്രിട്ടീഷുകാരെ ഭയപ്പെട്ടും, പക്ഷേ, ഭ്രമിച്ചിട്ടും പല മുഖസ്തുതികളും പദ്യരൂപത്തിൽ അവരെപ്പററിയെഴുതിവിട്ടു സ്ഥാനമാനസൂചകമായിരുന്ന പല ബിരുദങ്ങളും നേടിയിരുന്ന ഗംഭീരകവികളിൽ ചിലർക്കുകൂടി അന്ന്, നമ്മുടെ ചരിത്രപുരുഷൻ അതിബുദ്ധിമാനാണെങ്കിലും അവിവേകിയും അധികപ്രസംഗിയുമാണെന്നു തുറന്നുഘോഷിപ്പാൻ യാതൊരു ശങ്കപോലുമുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ പ്രകൃതിനിരീക്ഷണപ്രധാനമായ ആ പദ്യരത്നത്തിൽ രാഷ്ട്രീയചിന്തയ്ക്കാസ്പദമായ ദേശഭക്തി പ്രതിബിംബിച്ചിരുന്നു എന്ന് 'തിലകായമാനൻ' എന്ന

പ്രയോഗംകൊണ്ടുംമററും നിഷ്പ്രയാസം മനസ്സിലാക്കാമല്ലോ. മഹാത്മരനും, സുപ്രസിദ്ധ ദേശഭക്തനും, അഗാധബുദ്ധിമാനും, വലിയ തത്വചിന്തകനും, ഉറച്ച പണ്ഡിതനുമായിരുന്ന 'ലോകമാന്യ'ബാലഗംഗാധരതിലകനെ ഉദ്ദേശിച്ചാണു് നമ്മുടെ കവി അലങ്കാരധോരണിയോടുകൂടി ആ ഉത്തമപദ്യം നിൎമ്മിച്ചിട്ടുള്ളതു്. അതേവിധത്തിൽ ഇനിയും അനേകം പദ്യങ്ങൾ 'വിശ്വരൂപ'ത്തിലുണ്ടു്. കൂടാതെ, 'വിശ്വരൂപ'ത്തിൻെറ വിചിത്രവും, വിശേഷാത്തരവുമായ പ്രകാശം പ്രത്യേകം പ്രതിബിംബിക്കുന്ന,

"അങ്ങോട്ടുനോക്കുക ചുവപ്പു്, വെളുപ്പു്, പച്ച,-
യെന്നീനിറങ്ങളിടതിങ്ങിടുമംബരാന്തം
ചെന്താരുമാമ്പലുമൊരേസമയം വിരിഞ്ഞു
പൊന്തുന്നപൊയ്കയുടെ ചന്തമിയന്നിടുന്നു."

എന്ന പ്രകൃതിമനോഹരമായ പദ്യവുംമററും അക്കാലത്തു വായിച്ചുരസിച്ചു് ആ മാന്യയുവാവിനെ ഉള്ളഴിഞ്ഞു ബഹുമാനിച്ച നിഷ്പക്ഷമതികളായ യഥാൎത്ഥസാഹിത്യരസികന്മാരും നമ്മുടെ ഇടയിൽ ധാരാളമുണ്ടായിരുന്നു.

"അമ്മാമനമ്പിളിപരാബ്ധ്വം ഖനായമൂലം
മാനംവിടാതെ പുലരാൻപണിയെന്നുറച്ചോ
താരാക്കുടുംബമിതു ചുററുവ,തത്രശക്തി-
പോരാത്തവക്കിതുവരാം നിയമപ്രകാരം."

എന്ന പദ്യവും, അതുപോലെതന്നെ മനോഹരമായ മനോധൎമ്മവും ഉചിതമായ ആശയഗാംഭീൎയ്യവും പ്രസ്പഷ്ടമാക്കുന്ന മററനേകം പദ്യങ്ങളും 'വിശ്വരൂപ'ത്തിൽനി

ന്ന് യഥേഷ്ടം തിരഞ്ഞെടുക്കുവാൻ യാതൊരു പ്രയാസ
വുമില്ല.

എൻെറ 'ഇഷ്ടകവി'യും, അതിബുദ്ധിമാനുമായ അദ്ദേഹത്തോട്ട് ഏവംവിധങ്ങളായ പല സംഗതികളാലും നാൾക്കുനാൾ എനിക്കു സ്നേഹബഹുമാനാദികൾ വർദ്ധിക്കയാൽ, ഒന്നദ്ദേഹത്തെ നേരിട്ടുകണ്ടേ കഴിയൂ എന്നു ഞാൻ തീർച്ചപ്പെടുത്തി. അദ്ദേഹം 'കേരള ചിന്താമണി' മന്ത്രചിന്തനയിൽതന്നെ ഉത്സുകനായി, ദേശഭക്തിദ്യോതകങ്ങളായ പല രാഷ്ട്രീയപ്രവൎത്തനങ്ങളിലും ഏൎപ്പെട്ടിരിക്കയായിരുന്നു. ഞാൻ പക്ഷെ, മുൻഷിപ്പണി വിട്ടിരുന്നില്ലെങ്കിലും, അതു കൈവിട്ടു സാഹിത്യപരമായ പല വ്യാപാരങ്ങളിലുമേൎപ്പെടുവാൻതക്കവണ്ണം ചില പ്രധാനമാസികകൾവഴിയായി പല ഗദ്യപദ്യലേഖനങ്ങളുമെഴുതുകയായിരുന്നു. ഒരുരാവിലെ ഞാൻ സ്മൎത്ത്യപുരുഷനെക്കണ്ടു സന്തുഷ്ടി അടയുവാൻവേണ്ടി തൃശ്ശിവപേരൂരിലുള്ള 'കേരള ചിന്താമണി'ആപ്പീസിൽ എത്തി. 'ചിന്താമണി' ഉടമസ്ഥനായിരുന്ന പള്ളത്തു കൃഷ്ണൻ അവർകളെ ആണു് ഞാൻ ആദ്യമായിക്കണ്ടതു്. ഞാൻ അവിടെ ചെല്ലുവാനുള്ള സംഗതി ധരിപ്പിച്ചപ്പോൾ ആ മാന്യൻ ഉടനെ ഒരു ഭൃത്യൻമുഖേന എൻെറ 'ഇഷ്ടകവി' ഇരുന്നിരുന്ന സ്ഥലത്തേയ്ക്കു് എന്നെ ആനയിച്ചു.

"ശ്രീതിങ്ങും പ്രതിഭാങ്കുരസ്ഫുരണമാ-
ന്നുള്ളോരു കണ്ണാം, ക്രമാൽ-
പ്രീതിക്കാസ്പദമായിടും മധുരവാ,-
ക്കേറേക്കുറപ്പാകിലും

ജ്യോതിസ്സൊന്ത മെലിഞ്ഞമെയ്യു,മലമാം-
മൽഷർട്ട, ഷങ്ങാതിമാ-
ക്കാതിഥ്യത്തിന്ന് ബീടി,യിപ്പടിയിരി-
പ്പാണാ മിടുക്കൻ കവി."

"തുമ്പിൽകെട്ടിയൊതുക്കിയിട്ട മുടിയും,
തെല്ലൊന്നു ഭംഗ്യാ വള-
ർന്നമ്പിൽച്ചേന്നൊരു 'താടിമീശ'യുമിയ-
ന്നാലോചനാമഗ്നനായ്
കുമ്പിട്ടക്കടെലാസ്സുവെച്ചെഴുതുവാൻ
ഭാവിച്ചുകൊണ്ടെൻെറ കൺ-
മുമ്പിൽകാണ്മൊരു കൊച്ചുമാനുഷനിനി-
ക്കാരാദ്ധ്യനാണാ മഹാൻ." (സ്വന്തം)

കാഴ്ചയ്ക്കു വെറും കൃശഗാത്രനായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ പ്രകാശമേറിയ കണ്ണുകൾക്കുണ്ടായിരുന്ന പ്രതിഭാസൂചകമായ ശക്തി പ്രത്യേകം പ്രസ്താവ്യമത്രെ. മുടി കെട്ടിവെച്ചിരുന്ന ആ യുവാവ് അന്നത്തെ രീതിക്കു യോജിക്കാത്തവിധം താടിവളർത്തിയിരുന്നതു്, തൻെറ പ്രിയപ്പെട്ട മാതാവ് ദിവംഗതയായതിനാൽ 'സംവത്സരദീക്ഷ' ആചരിക്കുന്നതിൻെറ ഒരു ചിഹ്നമായിരുന്നുവെന്ന്, എനിക്കു പിന്നീടു മനസ്സിലായി. ഭള്ളോ, തള്ളിച്ചയോ ലവലേശം തീണ്ടാത്ത പ്രതിഭാശാലിയായ ആ സരസഗംഭീരകവി എന്നെ കണ്ടമാത്രയിൽ ചാരുകസേരയിൽ നിന്നെഴുന്നീററു വിനയാനതനായി "എവിടുന്നാണാവോ?" എന്നാണാദ്യം ചോദിച്ചതു്. എന്നിട്ട് അത്യുദാരതയോടെ, "കുറച്ചു ചായ കുടിക്കാം" എന്ന് ഉപചാ

രപൂർവ്വം ക്ഷണിച്ചു. "ആദ്യം ചായകുടിക്കു, പിന്നെപ്പറയാം കാര്യം." എന്നദ്ദേഹം പറഞ്ഞു. ഞങ്ങൾ ചായ കുടിച്ചു. അദ്ദേഹം പറഞ്ഞു: "എൻെറ കീശയിൽ കുറെ ബീഡിയുണ്ട്. ഞാൻ ഇടക്കിടയ്ക്കു ചായ കുടിക്കും, അതേ സമയത്തുതന്നെ 'കൊണ്ടോട്ടി മാപ്പിള'മാരെപ്പോലെ ബീടിയും വലിക്കും. ഇതൊക്കെ പരിചയിച്ചു പോയതാണ്, ക്ഷമിക്കണം. നിങ്ങൾ പുകവലിക്കുമെങ്കിൽ ബീടി എടുക്കാം. മുറുക്കുവാൻ പഠിച്ചിട്ടുണ്ടെങ്കിൽ മുറുക്കാനും വിരോധമില്ല." ഞാനും ബീടി വലിച്ചു. ശ്രീ ബാലകൃഷ്ണപ്പണിക്കരെ പരിചയപ്പെടുവാൻ വേണ്ടി മാത്രമാണ് വളരെ ദൂരത്തുള്ള കൊടുങ്ങല്ലൂരിൽനിന്ന് ഇത്രത്തോളം വന്നത് എന്നു പറഞ്ഞു. ഉടനടി അദ്ദേഹം പറഞ്ഞു: "മതി, നിങ്ങളാരെന്നിനി പറയണ്ടാ; കോയിപ്പിള്ളി പരമേശ്വരക്കുറുപ്പല്ലെ?" ഉടനെ, "നിങ്ങൾ ഇത്രവേഗത്തിൽ എന്നെ മനസ്സിലാക്കിയല്ലൊ; അതാണത്ഭുതം." എന്നു ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു, "കൊടുങ്ങല്ലൂരിൽനിന്ന് ഏതാണ്ട് എൻെറ സമവയസ്കനായ ഒരു യുവാവ് ഉത്സാഹഭരിതനായി ഇവിടെ വന്നെന്നെക്കാണാനാഗ്രഹിക്കുമ്പോൾ അദ്ദേഹം ആരാണെന്ന് വലിയ ആലോചനകൂടാതെ സമർത്ഥിക്കുവാൻപോലും സാധാരണബുദ്ധി എനിക്കില്ലാതെ പോവില്ലെന്നു നിങ്ങൾ ധരിച്ചാൽ കൊള്ളാം."

അപ്രകാരമുള്ള കുശലപ്രശ്നങ്ങൾ പലതും ഞങ്ങൾ തമ്മിൽ കഴിഞ്ഞശേഷം ഭാഷാസാഹിത്യവിഷയകമായ ചില പ്രധാന സംഗതികളും സംസാരിക്കയുണ്ടായി. ആദ്യമായി അദ്ദേഹം എന്നോടു ചോദിച്ചതു്, "ആ മഹാശ

യനും നിഷ്കളങ്കനുമായ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേയ്ക്കു സുഖമല്ലെ?" എന്നാണ്. അതിനു മറുപടി സന്തുഷ്ടിപ്രദമാംവണ്ണം പറഞ്ഞശേഷം ഞാൻ, 'കാറുപിടിച്ച ഭരണ'ത്തെ പ്രശംസിച്ചു പലതും പറയുകയുണ്ടായി. മാത്രമല്ല, 'വിലാപം,' 'വിശ്വരൂപം' തുടങ്ങിയ ഒന്നാന്തരം ഭാഷാകാവ്യങ്ങളെ പരാമർശിച്ചും എനിക്കുള്ള അഭിനന്ദനം പുറപ്പെടുവിക്കയും ചെയ്തു. അനന്തരം കവനകൗമുദി, ഭാഷാപോഷിണി, രസികരഞ്ജിനി, തുടങ്ങിയ അന്നത്തെ പ്രശസ്തമാസികകളെയും, അവയിൽ സാധാരണമായി എഴുതാറുള്ള പല മാന്യസാഹിത്യകാരന്മാരെയും കുറിച്ചു ഞങ്ങൾ പലതും സംസാരിപ്പാൻ തുടങ്ങി. അങ്ങനെ സമയം ഏതാണ്ടു പതിനൊന്നേകാൽ കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത്, "നമുക്കിപ്പോൾതന്നെ പടിഞ്ഞാറെ ചിറയിൽ പോയി കുളിക്കയല്ലേ നല്ലതു്? നിങ്ങൾക്കു യാത്രാക്ഷീണമുള്ളതിനാൽ കുളിക്കുന്നതു് എല്ലാ നിലയിലും നല്ലതാണ്. ചിറയിലെ വെള്ളം ഇപ്പോൾ തരക്കേടില്ലതാനും." ഉടനെ അദ്ദേഹത്തിൻെറ അഭിപ്രായാനുസരണം ഞങ്ങൾ പടിഞ്ഞാറെച്ചിറയിൽ കുളിക്കുവാൻ എത്തിച്ചേർന്നു.

കുളികഴിഞ്ഞു് ഞങ്ങൾ അടുത്തുള്ള ഒരു ഹോട്ടലിൽ പോയി ഊണു് കഴിച്ചു് 'കേരളചിന്താമണി' ആപ്പീസിൽപോയി വളരെനേരം പലതിനെപ്പററിയും സംസാരിച്ചുകൊണ്ടിരുന്നു. വൈകുന്നേരം യാത്ര ചോദിച്ചപ്പോൾ രണ്ടുദിവസംകൂടി ഒന്നിച്ചു താമസിച്ചു തിരിക്കാമെന്നദ്ദേഹം പറഞ്ഞു. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരു

മനസ്സിലെ 'ഭാരതതജ്ജമ'യുടെ കാര്യത്തിൽ എനിക്കു് കൊടുങ്ങല്ലൂർ എത്തിയിട്ടു് പല കാര്യങ്ങളുമുണ്ടെന്നു് ഞാൻ അദ്ദേഹത്തോടു് അപേക്ഷിച്ചു പറഞ്ഞതിനാൽ തൽക്കാലം എന്നെ വിട്ടയക്കാമെന്നു് അദ്ദേഹം സമ്മതിച്ചു. താമസിയാതെ തീവണ്ടിസ്സമയംനോക്കി, എന്നെ ഒരു കുതിരവണ്ടിയിൽ കയററി അതിൽ അദ്ദേഹവും കയറി ഞങ്ങൾ രണ്ടുപേരുംകൂടി സ്റ്റേഷനിൽ എത്തിച്ചേന്നു. ഉടനെ വണ്ടിയും വന്നു. അപ്രകാരം എന്നെ സന്തുഷ്ടചിത്തനാക്കി, "വഴിയേകാണാ"മെന്നു് സുസ്മേരവദനനായി പറഞ്ഞുകൊണ്ടു് അദ്ദേഹം അവിടെനിന്നു പിരിഞ്ഞു.

ഞാനും ശ്രീ. ബാലകൃഷ്ണപ്പണിക്കരും തമ്മിലുള്ള ഇദംപ്രഥമമായ എന്റെ ആ സന്ദശ്നം എനിക്കു് ഏതുകാലത്തും ഹൃദയഭിത്തിയിൽനിന്നും മാഞ്ഞു പോകാത്ത മനോഹരവും മധുരവുമായ അദ്ധ്യായങ്ങളാണു്.

## ii

എന്റെ ഇഷ്ട കവിയായ ബാലകൃഷ്ണപ്പണിക്കരെ ഞാൻ പിന്നീടു കണ്ടതു് അദ്ദേഹം 'കേരളചിന്താമണി'യുടെ പത്രാധിപത്യംവിട്ടു തൃശ്ശിവപേരൂരിൽ കുറച്ചുകാലം വിശ്രമം എടുത്തിരുന്നപ്പോളാണു്. ശ്രീ. പണിക്കർ 'ചിന്താമണി' വിടുവാൻ ചില പ്രത്യേകകാരണങ്ങൾ ഉണ്ടായിരുന്നു. അന്നു് മലയാളപത്രങ്ങളുടെ അധിപന്മാക്കു ലഭിച്ചിരുന്ന പ്രതിഫലം പ്രായേണ തീരെ പ്രോത്സാഹനജനകമായിരുന്നില്ല. വാസ്തവത്തിൽ, ഇന്നത്തെ നിലയിൽ പത്രങ്ങൾ നടത്തുവാൻ അന്നു് മിക്കവൎക്കും

അഭിരുചിയുമുണ്ടായിരുന്നില്ല. തന്മൂലം, ചുരുക്കം ചില പത്രങ്ങൾ ഉണ്ടായിരുന്നവ തൽപത്രാധിപന്മാരുടെ ഉദാരതയാൽ മാത്രമാണു് പ്രചരിച്ചിരുന്നതു്. പത്രമുടമസ്ഥന്മാരുടെ മനഃസ്ഥിതിയൊ, ഒരുവിധം പഠിപ്പും പരിചയവുമുള്ള പത്രാധിപന്മാൎക്കു് വല്ലതും കൊടുത്തു കാൎയ്യമൊപ്പിക്കുക എന്ന രീതിയിൽ മാത്രമായിരുന്നു. അവൎക്കാകട്ടെ, കാൎയ്യവിവരമുള്ള പത്രാധിപന്മാരെപ്പററി വലിയ ഭയാശങ്കകളുമായിരുന്നു. നാട്ടിൽ പ്രമാണികളുടെയോ പ്രഭുക്കന്മാരുടെയൊ സേവയും ഗവണ്മെന്റിൻെറ ആനുകൂല്യത്തെയും ആസ്പദിച്ചാണു് മിക്ക പത്രമുടമസ്ഥന്മാരും തങ്ങളുടെ പത്രാധിപന്മാരുടെ അഭിപ്രായസ്വാതന്ത്ര്യത്തെ നിയന്ത്രിച്ചിരുന്നതു് എന്നുകൂടിപ്പറയാം. ആകയാൽ, പത്രാധിപന്മാരും പത്രമുടമസ്ഥന്മാരും തമ്മിൽ പലപ്പോഴും അഭിപ്രായവ്യത്യാസങ്ങൾക്കിടവന്നിരുന്ന പല പത്രങ്ങളുടെയും ആയുഷ്കാലം ഏററവും പരിമിതമായ ഒരു ദശാഘട്ടത്തിലേയ്ക്കു മാത്രമേ നിലനിന്നിരുന്നുള്ളു. പൊതുവിൽ മലയാളപത്രപ്രവൎത്തനത്തെസംബന്ധിച്ചേടത്തോളം അന്നത്തെ ആ അനഭിലഷണീയമായ സ്ഥിതി ഇന്നു് മിക്കവാറും അസ്തമിച്ചിട്ടുണ്ടെന്നും, ഇപ്പോഴാകട്ടെ മലയാളപത്രപ്രവൎത്തകന്മാരും പത്രങ്ങളും ഒരുവിധം അഭിനന്ദനീയമായ ജീവിതമാൎഗ്ഗത്തിലാണു് എത്തിച്ചേൎന്നിട്ടുള്ളതെന്നും ഈ സന്ദൎഭത്തിൽ സന്തോഷപൂൎവ്വം ഇവിടെ രേഖപ്പെടുത്തിയേ കഴിയൂ.

സൂൎയ്യപുരുഷൻ അക്കാലത്തു് 'കേരളചിന്താമണി' പത്രം വിട്ടുമാറുവാൻ ഇടവന്നതു് ഇനി കാരണത്താലാണെന്നു് ഇപ്പോൾ ഏറെക്കുറെ മനസ്സിലാക്കാമല്ലോ.

അദ്ദേഹം 'ചിന്താമണി'വിട്ടാലും അന്നുള്ള പല മലയാള പത്രങ്ങൾക്കും മാസികകൾക്കും രസകരവും സന്ദർഭോചിതവുമായ പല ലേഖനങ്ങളും എഴുതിക്കൊണ്ടിരുന്നു. ആവക സുസ്ഥിരമല്ലാത്ത സാഹിത്യവ്യവസായംമൂലം പണിക്കർക്ക് ഉപജീവനമാർഗ്ഗാന്വേഷണം കേവലം വിജാതീയമായിരുന്നതിനാൽ, അദ്ദേഹം പത്രപ്രവർത്തനത്തെ സംബന്ധിച്ചേടത്തോളം കൂടുതൽ പ്രോത്സാഹനജനകവും സ്ഥിരവുമായ ഒരു തൊഴിൽ അന്വേഷിക്കുകയും ചെയ്തിരുന്നു. കൂടാതെ, അന്ന് അദ്ദേഹം തന്റെ സ്നേഹിതന്മാരായ ചിലരെ സാഹിത്യവിഷയകമായ ചില പാഠപുസ്തകപ്രസിദ്ധീകരണങ്ങളിലും മററും ഉള്ളഴിഞ്ഞു സഹായിച്ചിട്ടുമുണ്ട്. എന്നാൽ, ഒരു തരത്തിൽ നിഷ്കാമകർമ്മേച്ഛുവായ അദ്ദേഹം ആ വിഷയത്തിൽ യാതൊന്നും ആഗ്രഹിച്ചിട്ടില്ലെന്നു മാത്രമല്ല, ആവക ഏർപ്പാടുകളെല്ലാം അദ്ദേഹത്തിന്നു വിനോദകരങ്ങളായ ചില സംരംഭങ്ങൾ മാത്രവുമായിരുന്നു.

അങ്ങനെയുള്ള ഒരു കാലഘട്ടത്തിലാണ് എന്റെ ഇഷ്ടകവിയെ ഒരിക്കൽക്കൂടി കണ്ടു ഞങ്ങളുടെ മൈത്രീബന്ധം കൂടുതൽ സുദൃഢമാക്കുവാൻ ഞാൻ തൃശ്ശിവപേരൂരിൽ അദ്ദേഹം താമസിച്ചിരുന്ന തീയാട്ടിൽ എന്ന ഗൃഹത്തിൽ ചെന്നതു്. അപ്പോൾ ചരിത്രപുരുഷൻ ഒരു കടലാസ്സുപെൻസിൽ കയ്യിൽ വെച്ചു ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു. അടുത്തുള്ള ഒരു മേശയിൽ കുറെ പദ്യങ്ങളും എഴുതിവെച്ചിട്ടുണ്ട്. അതിൽ അവസാനത്തെ പദ്യത്തിൽ മൂന്നു വരി തീൻ്റു; നാലാംവരി

ക്കുള്ള ആലോചനയിലാണ് അദ്ദേഹത്തിൻെറ ഇരിപ്പ്. എന്നെ കണ്ടമാത്രയിൽ അദ്ദേഹം പറഞ്ഞതു്, നിങ്ങളു ടെ അവിചാരിതമായുള്ള ആഗമനം എനിക്ക് ഏററ വും സന്തുഷ്ടിക്കിടയാക്കി. പക്ഷേ, ഞാൻ ഒരു കാവ്യ ത്തിൽ ചില ഭാഗങ്ങളെഴുതുവാൻ ഏററിരുന്നു. അതു മു ഴുമിക്കുവാനാണു ശ്രമിച്ചതു്. ഇനി ഇപ്പോൾ ഭയമില്ല. നിങ്ങൾ മടങ്ങിപ്പോയേ ആ പണി പൂൎത്തിയാക്കയുള്ളു എന്നായിരുന്നു. അങ്ങനെ അപൂൎണ്ണമായിക്കിടന്നിരുന്ന ആ പദ്യം ഞാൻ വായിച്ചു:

"സ്വപക്ഷമസാധനമഹാധനമുണ്ടതൊട്ടും
പക്ഷേ മരിക്കിലുമെടുക്കുകയില്ല,യെന്നാൽ
യക്ഷേശ്വരൻെറ നിധികൊണ്ടൊരു ധന്യനാകാ"

എന്നുവരെ ആ കടലാസ്സിലുള്ളതു ഞാൻ വായിച്ചുകഴി ഞ്ഞപ്പോൾ "നിക്ഷേപരക്ഷയുടെ ജോലി ചുരുങ്ങുമ ല്ലോ" എന്നു് അദ്ദേഹം അതു മുഴുമിച്ചു. അന്നു തൃശ്ശിവ പേരൂർ 'ബാലികാ വിദ്യാലയ'ത്തിൽ മലയാളം മുൻഷി യായിരുന്ന ശ്രീ. തോരണത്തു പരമേശ്വരമേനോൻെറ ആവശ്യപ്രകാരം അദ്ദേഹത്തിൻെറ ഭാൎയ്യാഗൃഹമായ തി യ്യാട്ടിൽ എന്ന വീട്ടിൽ വെച്ചാണു നമ്മുടെ കവി അങ്ങ നെ കാവ്യനിൎമ്മാണം ചെയ്തിരുന്നതു്. പരോപകാരേച്ഛ യെ ലാക്കാക്കി ബാലകൃഷ്ണപ്പണിക്കർ മിക്കവാറും സഹാ യഹസ്തം നൽകിയിട്ടുള്ള 'ബാലോപദേശ'മെന്ന പ്രസ്തു ത കൃതിയിൽ,

"മോദാമയപ്രസരമി,ല്ലരിയില്ല,പക്ഷ-
ഭേദാദി,യില്ല തുണയി,ല്ലിണയില്ലിവണ്ണം

വാദാത്ഥമാകമുടൽപൂണ്ടരുളും വിശുദ്ധ-
വേദാത്ഥവിഗ്രഹനനുഗ്രഹമേകിടട്ടെ."

എന്നും മററുമുള്ള മംഗളാചരണമുൾപ്പെടെയുള്ള പല വിശിഷ്ടപദ്യങ്ങളും അദ്ദേഹം നിമ്മിച്ചിട്ടുള്ളതാണ്. 'ബാലോപദേശ'ത്തിന്റെ കഥയെപ്പററി ഞങ്ങൾ തമ്മിൽ പലതും സംസാരിച്ചശേഷം, അക്കാലത്തു സരസഗംഭീരമായ നിലയിൽ നടന്നിരുന്നതും, ഭാഷാസാഹിത്യലോകത്തിൽ പ്രായേണ പ്രക്ഷോഭമുണ്ടാക്കിയിരുന്നതുമായ 'ദ്വിതീയാക്ഷരപ്രാസ'വാദത്തെപ്പററി നിമ്മത്സരനിലയിൽ പലതും സംസാരിച്ചു. ആ സമയം ഞാൻ മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെവകയായ,

"പ്രായേണ ദ്രാവിഡച്ചൊൽകളിലിടകലരും-
പ്രാസസൗഭാഗ്യമുണ്ടെ-
ന്നായെ ലോകം രസിക്കു കവിതയിലതിനാൽ,
ഭൂരിപക്ഷത്തെ നോക്കി
ചായേണം നമ്മളങ്ങോട്ടതിനിടയിൽ വെറും
വാഗ്വിവാദം തുടങ്ങി-
പ്പോയെച്ചാൽ കാര്യമുണ്ടോ, കവിതകളെഴുതി-
ക്കൂട്ടുവിൻ, കൂട്ടുകാരെ!"

എന്ന പദ്യം അദ്ദേഹത്തെ കേൾപ്പിക്കയും, കക്ഷിവഴക്കു കൂടാതെ സമാധാനപരമായ നിലയിൽ പ്രാസവഴക്കു തീരുവാൻ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെപ്പോലെയുള്ള മഹാമനസ്കന്മാരെ പ്രത്യേകം സമീപിക്കണമെന്ന് ഉൗന്നിപ്പറയുകയുണ്ടായി. "അത്ഥത്തെ ബലികഴിക്കാതെ ശബ്ദഭംഗിയുംകൂടി കൈവരുത്തി കാവ്യനിമ്മാണം

ചെയ്യുന്നവരുടെ ചേരിയിലാണു ഞാൻ നില്ക്കുവാൻ വിചാരിക്കുന്നതു്," എന്നു പണിക്കർ ഉടനെ സകൗതുകം പ്രസ്താവിച്ചു. പ്രസ്തുതാഭിപ്രായം സംതൃപ്തികരമായ ഒന്നാണെന്നു് എനിക്കും തോന്നുകയുണ്ടായി.

ഇങ്ങനെ പല സംഗതികളും പ്രസ്താവിച്ചതിന്നു ശേഷം അദ്ദേഹം കാവ്യനാടകാലങ്കാരാദികളിൽ, 'കവിസാർവ്വഭൗമൻ' കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലേയ്ക്കുള്ള വിദഗ്ദ്ധതയെപ്പററി എന്നോടു് ആത്മാർത്ഥമായ അഭിനന്ദനരൂപത്തിൽ പലതും പറഞ്ഞു. അദ്ദേഹത്തിന്നു് 'ഭരതശാസ്ത്ര'ത്തിലുള്ള അതിവിദഗ്ദ്ധതയും, കവനകലയിലുള്ള അഗാധമായ വാസനയും പരിചയവും അദ്ദേഹത്തിൻെറ 'ഉമാവിവാഹം' നാടകത്തിലെ,

"പട്ടൊന്നമ്പോട്ടുടുക്കും പുനരതുതെളിയാ-
ഞ്ഞിട്ടഴിക്കും,കചത്തെ-
ക്കെട്ടും, പിന്നീടഴിക്കും, കുറിതൊടുമുടനേ
മായ്ക്കുമീമട്ടിലായി
കഷ്ടം കാലം വൃഥാ നീ കളയുക ചിതമ-
ല്ലിസ്സഭാവാസികൾക്കി
മട്ടിന്നൊട്ടും രസിക്കി,ല്ലയി!വരിക ചലാ-
പാംഗി! നീ രംഗദേശേ!"

എന്ന പദ്യം പ്രസ്പഷ്ടമാക്കുന്നുണ്ടെന്നു് അദ്ദേഹം പ്രസ്താവിച്ചു. മാത്രമല്ല, അദ്ദേഹം കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ 'മലയാംകൊല്ല'മെന്ന വിശിഷ്ടകാവ്യത്തെപ്പററി ആത്മാർത്ഥമായി പ്രശംസിക്കുകയും ചെയ്തു. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമേനിയേയും ഒടുവിൽ കുഞ്ഞി

കൃഷ്ണമേനവനേയും, കാത്തുള്ളി അച്യുതമേനവനേയും പററി പല സംഗതികളും പണിക്കർ പ്രശംസാരൂപത്തിൽ പ്രസ്താവിച്ചശേഷം അദ്ദേഹവുമായി ഭാഷാസാഹിത്യപരമായ പല സംഗതികളും പിന്നീടു ഞാൻ സംസാരിച്ചു സംതൃപ്തിയടഞ്ഞശേഷം കൊടുങ്ങല്ലൂക്ക് അവിടെനിന്നുതന്നെ യാത്രപറഞ്ഞു പിരിയുകയുമുണ്ടായി. പക്ഷെ, യാത്രപറയുമ്പോൾ, താമസിയാതെ കൊടുങ്ങല്ലൂർ വന്ന് എൻെറ ആതിത്ഥ്യം സ്വീകരിച്ച് കുറച്ചുദിവസം അവിടെ താമസിക്കുവാനും പ്രസിദ്ധ സാഹിത്യകേസരികളായ തമ്പുരാക്കന്മാരെക്കണ്ടു് സന്തുഷ്ടി അടയുവാനും ഞാൻ അദ്ദേഹത്തെ പ്രത്യേകം ക്ഷണിച്ചിരുന്നു. എന്റെ ആ അത്യുദാരപരമായ ക്ഷണത്തെ താൻ നന്ദിപൂർവ്വം സ്വീകരിക്കുന്നു എന്ന് എൻെറ 'ഇഷ്ടകവി' വാഗ്ദാനം നല്കിയതനുസരിച്ച് ഞാൻ ഒട്ടും താമസിയാതെ കൊടുങ്ങല്ലൂക്ക് മടങ്ങുകയുമുണ്ടായി.

iii

കൊച്ചിയിൽനിന്നു കുറച്ചുകാലം പ്രചരിച്ചിരുന്ന 'ചക്രവത്തി' എന്ന മലയാളപ്രതിവാരപത്രത്തിൻെറ അധിപരായി പണിക്കർ അവിടെ ചെന്നശേഷമാണ് അദ്ദേഹത്തെ കാണ്മാൻ എനിക്ക് പിന്നീടു സംഗതി വന്നതു്. ഒരുദിവസം രാവിലെ പത്തുമണിയോടുകൂടി അദ്ദേഹം കൊച്ചിയിൽനിന്ന് ബോട്ടുവഴിയായി എൻെറ ഭവനത്തിൽ വന്നുചേൻറു. താൻ വന്നെത്തിയ ഉടനെ സ്മൃത്യപുരുഷൻ എന്നോടഭ്യത്ഥിച്ചതു് എനിക്കു നിങ്ങളുടെ ആതിത്ഥ്യം സ്വീകരിപ്പാൻ കുറച്ചു കാലതാമസം വേണ്ടിവന്നതു് ക്ഷമിക്കേണമെന്നായിരുന്നു. പത്രസംബന്ധ

THE KOTTAYAM PU
KOTTAYA

മായ പല പ്രവൃത്തിയും ഇപ്പോഴും ബാക്കിയാണു്. എന്നാൽ ആ രണ്ടു മഹാമനസ്കന്മാരായ തമ്പുരാക്കന്മാരെയും കാണ്മാൻവൈകി. മാത്രമല്ല, ഭദ്രകാളിക്ഷേത്രവും,തിരുവഞ്ചിക്കുളം ക്ഷേത്രവും, പഴയ 'ചേരമാൻ' കോവിലകവും പരിസരവും കണ്ടേ കഴിയൂ എന്നും അദ്ദേഹം താല്പൎയ്യമായി പറഞ്ഞു. തന്മൂലം ചായയും കുളിയും ഊണും കഴിഞ്ഞു് ഞങ്ങൾ മഹാകവികളായ തമ്പുരാക്കന്മാരെ കാണ്മാൻ പുറപ്പെട്ടപ്പോൾ, താൻ അതിനിടെ നിൎമ്മിച്ച 'മാലതി' എന്ന ചെറുകഥയുടെ ഏതാനും പ്രതികളും തമ്പുരാക്കന്മാൎക്കു പാരിതോഷികമായി നൽകുവാൻ അദ്ദേഹം കൈയിൽ എടുത്തിരുന്നു.

ആദ്യമായി കൊടുങ്ങല്ലൂർ പുത്തൻകോവിലകത്തുള്ള പഴയ ബംഗ്ലാവിലേയ്ക്കാണു് ഞങ്ങൾ ചെന്നതു്. അവിടെയായിരുന്നുവല്ലോ മഹാകവി കൊച്ചുണ്ണിത്തമ്പുരാൻ നിവസിച്ചിരുന്നതു്. ഞങ്ങൾ രണ്ടുപേരും അവിടെ എത്തിയപ്പോൾ തന്റെ ഭ്രാതാക്കന്മാരും വിദ്വാന്മാരുമായ ചില തമ്പുരാക്കന്മാരോടും പഠിപ്പുള്ള ചില നമ്പൂതിരിമാരോടും സാരവത്തായ പല കാൎയ്യങ്ങളും സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു ആ മഹാൻ. കൊച്ചുണ്ണിത്തമ്പുരാൻതിരുമനസ്സിലെ കണ്ടമാത്രയിൽ 'എന്റെ ഇഷ്ടകവി' അദ്ദേഹത്തിനോടു തനിക്കുള്ള ഉറച്ച ഭക്തിബഹുമാനാദികൾ പ്രസ്പഷ്ടമാക്കി. പണിക്കരെപ്പററി ഞാൻ ചുരുങ്ങിയനിലയിൽ കവിസാൎവ്വഭൗമന്നു് പരിചയത്തിന്നിടയാക്കി. ശ്രീ മാനവിക്രമനെന്ന (വിദ്വാൻ ഏട്ടൻതമ്പുരാൻ) സാമൂതിരിപ്പാട്ടിലെ കീഴിൽ തനിക്കു ലഭിച്ച സംസ്കൃതവിദ്യാഭ്യാസത്തെപ്പററിയും, ആ മഹാശയനിൽനിന്നു സിദ്ധിച്ച കവിതാപരിശീലനത്തേയും, അനുഗ്രഹ

ത്തേയും പുരസ്കരിച്ചു പണിക്കർ തമ്പുരാൻതിരുമേനിയോടു പലതും സവിനയം പ്രസ്താവിച്ചു. തമ്പുരാൻതിരുമേനിക്കാകട്ടെ, പണിക്കരുടെ യഥാൎത്ഥബുദ്ധിശക്തിയിലും പാണ്ഡിത്യത്തിലും കവിതാവാസനയിലും അത്യന്തം കൗതുകവും താല്പൎയ്യവും ജനിക്കുകയും, പ്രത്യേകാഭിനന്ദനരൂപത്തിൽ പണിക്കരെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു പലതും സംസാരിക്കുകയും ചെയ്തു. ആ സന്ദൎഭത്തിൽ പണിക്കരുടെ 'വിലാപം,' 'വിശ്വരൂപം'മുതലായ പല കാവ്യങ്ങളെക്കുറിച്ചും അദ്ദേഹം പ്രശംസാരൂപത്തിൽ പ്രസ്താവിക്കുകയുണ്ടായി. അങ്ങനെ കവിസാൎവ്വഭൗമനിൽനിന്നു് അനുഗ്രഹവും അഭിനന്ദനവും കൈയ്ക്കലാക്കിയശേഷം അദ്ദേഹത്തിന്നു് തന്റെ 'മാലതി'യുടെ രണ്ടു പ്രതികൾ പണിക്കർ തമ്പുരാന്നു സമൎപ്പിക്കുകയുമുണ്ടായി. അപ്രകാരം ഞങ്ങൾ രണ്ടുപേരുംകൂടി സന്തുഷ്ടചിത്തരായി വീണ്ടും ചില സാഹിത്യപരമായ സംഗതികൾ തമ്പുരാനോടു സംസാരിച്ചു രസിച്ചശേഷം 'കേരളവ്യാസ'നെന്ന സുപ്രസിദ്ധമഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സിലെ കോവിലകത്തേയ്ക്കാണു് ഞങ്ങൾ ചെന്നുകയറിയതു്.

മഹാമനസ്കനും പരിശുദ്ധഹൃദയനും,

"ശബ്ദങ്ങളെദ്ദാസരെയെന്നപോലെ,
ശരിക്കു് കീഴ്നിൎത്തിയ ശക്തിയുക്ത"നും,
"തനിച്ചു മൂവ്വാണ്ടിടകൊണ്ടു സാക്ഷാൽ"

'ശ്രീഭാരതം' തൎജ്ജമചെയ്ത ധീരനുമായ, 'കേരളവ്യാസൻ' തിരുമേനി അപ്പോൾ പണിക്കരെ കണ്ടു് സന്തുഷ്ടഹൃദയനായി തന്റെ പതിവായുള്ള ചതുരംഗക്കളികൂടി തൽക്കാലം നിൎത്തിവെച്ചു് അദ്ദേഹത്തെ (പണിക്കരെ) സംതൃപ്തനാക്കുവാൻ സന്നദ്ധനായി. അന്നത്തെ സാഹിത്യ

പരമായ പല സംഗതികളും പണിക്കരോടു തമ്പുരാൻ പ്രത്യേകം ചോദിച്ചു മനസ്സിലാക്കി രസിച്ചശേഷം, അദ്ദേഹത്തിന്നു പണിക്കർ, 'ചക്രവർത്തി'യിൽ വന്നുചേർന്നതിനെപ്പററിയുള്ള അഭിപ്രായവും അദ്ദേഹം തുറന്നു പറഞ്ഞു. ബുദ്ധിമാനായ പണിക്കരെ നമ്മുടെ മഹാകവിക്കു് അത്രമാത്രം താല്പര്യമായിരുന്നതിനാൽ, മാത്രമാണു് ആവക സംസാരങ്ങളിൽ അദ്ദേഹം ഏർപ്പെട്ടതു്. താമസിയാതെ ഞങ്ങൾ മൂന്നുപേരുംകൂടി (തമ്പുരാനും പണിക്കരും ഞാനും) തിരുവഞ്ചിക്കുളവും, ചേരമാൻ കോവിലകവും പരിസരവും സന്ദർശിച്ചു ചരിത്രപരങ്ങളായ പല സംഗതികളും തമ്പുരാനിൽനിന്നു മനസ്സിലാക്കി ഉടനേതന്നെ ഭഗവതിക്ഷേത്രത്തിലേയ്ക്കു് സകൗതുകം പുറപ്പെട്ടു. അവിടെ എത്തി അവിടെ സന്ദർശനം നടത്തുന്നതിനിടയിൽ തമ്പുരാൻ ആ ക്ഷേത്രത്തിലെ സ്ഥലമാഹാത്മ്യത്തെക്കുറിച്ചും സംക്ഷിപ്തമായി പണിക്കർക്കു വിവരിച്ചു കൊടുത്തു. തന്മൂലം പണിക്കർക്കുണ്ടായ കൃതാർത്ഥത നിസ്സീമമായിരുന്നു.

അനന്തരം ഞങ്ങൾ അവിടെയുള്ള 'പടാകുള'മെന്ന വലിയ ശുദ്ധജലതടാകത്തിന്റെ തീരത്തിൽ ചെന്നിരുന്നു് ഭാഷാസാഹിത്യപരമായും മററുമുള്ള പല സംഭാഷണങ്ങളിലും ഏർപ്പെട്ടു. ആ സമയത്തു് ഒരു മാന്യഭാഷാകവിയും പ്രമാണിയുമായിരുന്ന ശ്രീ. നന്ത്യേലത്തു പത്മനാഭമേനോനും അവിടെ സന്നിഹിതനായി. അതോടുകൂടി ഞങ്ങൾക്കുണ്ടായ ആഹ്ലാദത്തിന്നു് ഒരു കയ്യും കണക്കുമുണ്ടായിരുന്നില്ല. പടാകുളത്തിൻെറ പരിശുദ്ധവും ധവളവുമായ തീരത്തിരുന്നു പരിപൂർണ്ണമായ ചന്ദ്രികയു

മേററു് (അന്നു് ഭാഗ്യവശാൽ, പൗർണ്ണമിദിനവും, സമയം രാത്രി എട്ടുമണിയുമായിരുന്നു എന്നു പറയാം) ഞങ്ങൾ പരമാഹ്ലാദഭരിതരായി രസിക്കുമ്പോൾ തമ്പുരാൻ അവിടെവെച്ചു കാര്യമായി പ്രസ്താവിച്ചതു്, നമ്മുടെ സ്മര്യപുരുഷൻെറ ബുദ്ധിയെയും, വിദഗ്ദ്ധതയേയും, കവിതാവാസനയേയും കുറിച്ചായിരുന്നു. ശ്രീ. പത്മനാഭമേനോനോടു് അവയെ സവിസ്തരം വിവരിക്കുവാൻ പ്രദർശിപ്പിച്ച താല്പര്യം പ്രത്യേകം പ്രസ്താവ്യമത്രെ. അങ്ങനെ പലതും പറയുന്നക്രൂട്ടത്തിൽ ബുദ്ധിയും, കഴിവും, നല്ല കവിതാവാസനയുമുള്ള പണിക്കർ ഇനി ഒട്ടും താമസിയാതെ സരസഗംഭീരമായ ഒരു മഹാകാവ്യം എഴുതിയേ കഴിയൂ എന്നുകൂടി തമ്പുരാൻ സൂചിപ്പിച്ചു. അന്നു മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ തുടങ്ങിയ സുമനസ്സുകളായ കവികൾ ചെറുപ്പക്കാരായ കവികളേയും സാഹിത്യകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നുവെന്നു് ഇതിൽനിന്നെല്ലാം പ്രസ്പഷ്ടമത്രെ.

'പടാകുള'ത്തിൻെറ പുളിനത്തിലിരുന്നുകൊണ്ടുണ്ടായ സരസമായ സാഹിത്യസംഭാഷണം അങ്ങനെ അവസാനിപ്പിച്ചശേഷം ഞങ്ങൾ തമ്പുരാനെ അനുഗമിച്ചു് അദ്ദേഹത്തിൻെറ ബംഗ്ലാവിലേയ്ക്കു പോവുകയും, അവിടെവെച്ചു പണിക്കർ തൽക്കാലം അദ്ദേഹത്തോടു സസന്തോഷം യാത്ര പറഞ്ഞു പിരിയുകയും ചെയ്തു. അപ്രകാരം ബാലകൃഷ്ണപ്പണിക്കരുടെ ആ സന്ദർഭത്തിലെ കൊടുങ്ങല്ലൂർ സക്കീട്ടു പല രീതിയിലും സന്തോഷപ്രദവും, സ്മരണീയവുമായിത്തീർന്നുവെന്നു് അദ്ദേഹം ആത്മാർത്ഥമായ ചാരിതാർത്ഥ്യസമേതം പ്രസ്താവിക്കുവാനുമിടയായി.

ഞങ്ങളുമൊന്നിച്ചു രസകരമായ സംഭാഷണത്തിൽ ഏർപ്പെട്ടിരുന്ന ശ്രീ. പത്മനാഭമേനോൻെറ ആതിത്ഥ്യം അന്നു സ്വീകരിച്ചേ കഴിയൂ എന്നു് അദ്ദേഹം ഞങ്ങളോടു് അപേക്ഷിച്ചതിനാൽ, അന്നു രാത്രി ഞങ്ങൾ രണ്ടുപേരും ആ മാന്യൻെറ അതിഥികളായിരുന്നു. ആ നിലയിൽ, ശ്രീ. പത്മനാഭമേനോനേയും സംതൃപ്തനാക്കി, പിറേറന്നു രാവിലെ പണിക്കർ കോട്ടപ്പുറത്തുനിന്നുള്ള മോട്ടോർബോട്ടിൽ കൊച്ചിയിലേയ്ക്കു് പുറപ്പെട്ടപ്പോൾ, അദ്ദേഹം എന്നോടു പ്രത്യേകിച്ചു പറഞ്ഞതു്, "എൻെറ ഈ കൊടുങ്ങല്ലൂർ സക്കീട്ടിനെപ്പററി നിങ്ങൾ തന്നെ സാഹിത്യപരമായ ധാടിയും, മോടിയുമുൾക്കൊള്ളിച്ചു സരസഗംഭീരമായ ഒരു ലേഖനമെഴുതി 'ചക്രവർത്തി' പത്രത്തിലേയ്ക്കു് ഉടനെ അയച്ചേ കഴിയൂ എന്നാണു്. പ്രസ്തുത കൊടുങ്ങല്ലൂർയാത്ര എൻെറ 'ഇഷ്ടകവി'ക്കു് എല്ലാ നിലയിലും അത്രമാത്രം സന്തുഷ്ടിപ്രദമായിരുന്നുവെന്നു പറഞ്ഞേ കഴിയൂ.

അന്നു യാത്രപറഞ്ഞു പിരിയുമ്പോൾ, "കൊടുങ്ങല്ലൂർ കൊച്ചിക്കടുത്താകയാൽ പലപ്പോഴും ഇങ്ങോട്ടുംവന്നുകൊണ്ടിരിക്കാം," എന്നുകൂടി ആശിച്ചുകൊണ്ടു് അഥവാ അസ്മാദൃശർക്കും അളവററ താല്പര്യം ജനിപ്പിച്ചു തല്ക്കാലം ഞങ്ങളെ വിട്ടുപിരിഞ്ഞ ശ്രീ. ബാലകൃഷ്ണപ്പണിക്കരുടെ നേരെ ദുർവ്വിധി പ്രയോഗിച്ച കടുംകയ്യ് ഇത്രവേഗത്തിൽ അദ്ദേഹത്തിൻെറ അകാലമായ ദേഹവിയോഗത്തിനിടവരുത്തുമെന്നു വാസ്തവത്തിൽ ആരും ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.

അമിതമായ മാനസികവ്യവസായമാണു് അദ്ദേഹ

ത്തിൻെറ അകാലവും, അത്യന്തം സങ്കടകരവുമായ വേർപാടിന്നു് ഇടവന്നതെന്നു പറയുന്നവർ പലരുമുണ്ടു്. എന്നാൽ അത്ര ബുദ്ധിമാന്മാരായ പലക്കും ആയുസ്സ കുറവായിരിക്കുമെന്നു ചില തത്വജ്ഞാനികൾ അഥവാ മനശ്ശാസ്ത്രപണ്ഡിതന്മാർ പറയാറുള്ളതിലും അസ്മാദൃശർ വിശ്വസിക്കാതിരിക്കുന്നില്ല.

ശ്രീ. ബാലകൃഷ്ണപ്പണിക്കരുടെ ദയനീയകഥ ആലോചിച്ചാൽ ഏതുകാലത്തും കണ്ണുനീർ പൊഴിക്കാതിരിക്കുവാൻ അദ്ദേഹവുമായി അല്പ പരിചയമെങ്കിലുമുള്ള യാതൊരാൾക്കും സാദ്ധ്യമല്ല.

ശ്രീ. പണിക്കർ മലയാളവർഷം 1064-ാം ആണ്ടിൽ ജനിച്ചു. രണ്ടു പന്തീരാണ്ടും അൽപകാലവുംകൂടി മാത്രമേ ജീവിച്ചിരുന്നിട്ടുള്ളു. ഏററവും ഹ്രസ്വമായ ഈ ആയുഷ്കാലത്തിൽ, ആ മഹാശയൻ സംസ്കൃതത്തിൽ സാമാന്യമായ വ്യുൽപത്തിയും, ഒരുവിധം ശാസ്ത്രപരിചയവും (മൂന്നുനാലു ശാസ്ത്രങ്ങളിൽ) നേടിയിരുന്നുവെന്നു മാത്രമല്ല, സ്വപ്രയത്നത്താൽ ഇംഗ്ലീഷിലും സാമാന്യം പരിജ്ഞാനം സമ്പാദിച്ചിരുന്നു. സാഹിത്യപരിചയത്താലും യഥാർത്ഥമായ കവിതാവാസനയാലും അഗാധമായ ബുദ്ധിവൈഭവത്താലും അന്നു ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ പ്രത്യേകം പ്രശോഭിച്ചിരുന്ന മഹാസമർത്ഥന്മാരായ ഭാഷാകവികളുടെ കൂട്ടത്തിൽ എല്ലാംകൊണ്ടും ഒരുന്നതസ്ഥാനം തന്നെയാണു പണിക്കർ സമ്പാദിച്ചിരുന്നതു്. ഏററവും പരിമിതമായ തൻെറ ജീവിതദശയിൽ, കുമാരസ്തോത്രം, ഇന്ദുമതീസ്വയംവരം, മുക്താമണിമാല, മാനവിക്രമീയം, സാമ്രാജ്യഗീത, ദേവീ

സ്തവം, ദുർഗ്ഗാഷ്ടകം, നിശ, ഒരു വിലാപം, വിശ്വരൂപം, മങ്കിഗീത, എന്നിങ്ങനെ സരസനിഷ്യന്ദികളായ നിരവധികൃതികൾ അദ്ദേഹം നിർമ്മിച്ചിട്ടുണ്ട്. അവയിൽ വിശ്വരൂപം, വിലാപം എന്നീ രണ്ടുത്തമകൃതികൾ മൂലമാണു് അദ്ദേഹത്തിന്നു ഭാഷാസാഹിത്യലോകത്തിൽ അഭിമാനജനകവും, ഏററവും പ്രശസ്തവുമായ സ്ഥാനം സിദ്ധിച്ചിട്ടുള്ളതു്. സുപ്രസിദ്ധനും, ഉത്തമസാഹിത്യകാരനും, യഥാൎത്ഥനിരൂപകനും, മനസ്സാക്ഷിയുള്ള ഒരു വിദഗ്ദ്ധ പത്രാധിപരുമായിരുന്ന 'സ്വദേശാഭിമാനി' ശ്രീ. കെ. രാമകൃഷ്ണപിള്ളയെ തിരുവിതാംകൂർഗവമ്മേണ്ടു നാടു കടത്തിവിട്ട അവസരത്തിൽ നിർമ്മിച്ചിട്ടുള്ള 'പരിഷ്കാരബഹിഷ്ക്കാരം' എന്ന ആവേശജനകമായ ഗദ്യഗ്രന്ഥം, മാലതി എന്ന ചെറുകഥ, എന്നുമാത്രമല്ല, മററു പലഗദ്യപുസ്തകങ്ങളും പണിക്കരുടെ മഹനീയവും, നിർമ്മലവുമായ കീൎത്തിക്കു വാസ്തവത്തിൽ മകുടം ചാൎത്തുകയാണു ചെയ്തിട്ടുള്ളതു്. പത്രപ്രവൎത്തനത്തിൽ പല നിലയിലും വിദഗ്ദ്ധനും, സുപരിചിതനുമായ പണിക്കർ അസംഖ്യം മാസികകളിലും, പത്രങ്ങളിലും എഴുതിയിട്ടുള്ള വിലയേറിയ ലേഖനങ്ങളും എല്ലാംകൊണ്ടും പ്രശംസാൎഹങ്ങളാണു്. എന്നാൽ പണിക്കരെ തന്റെ പരിശുദ്ധമായ യശോവിലാസം ഭാഷാസാഹിത്യലോകത്തിൽ ശാശ്വതമായി നിക്ഷേപിച്ചുകാണ്മാൻ ഇടയാക്കിയിട്ടുള്ളതു ഭാവസുന്ദരങ്ങളായ അദ്ദേഹത്തിന്റെ പദ്യകൃതികളാണെന്നു പറയുന്നതു് ഒരിക്കലും അബദ്ധമായിരിക്കയില്ല.

മലബാറിലെ പ്രകൃതിസുന്ദരമായ ഏറനാട്ടുതാലൂക്കിൽ ജനിച്ചുവളൎന്നെങ്കിലും വളരെക്കാലം മദ്ധ്യമലയാള

മായ തൃശ്ശിവപേരൂർ തുടങ്ങിയ പല പ്രശസ്തപട്ടണങ്ങളിലും ജീവിച്ചു പ്രസിദ്ധനും, പ്രമാണിയുമായിത്തീൎന്ന അദ്ദേഹത്തിൻെറ ബുദ്ധിശക്തിക്കനുഗുണമായ നിലയിൽ അദ്ദേഹത്തെ ശ്രീസാഹിത്യദേവി ആത്മാൎത്ഥമായ കാരുണ്യത്താൽ കടാക്ഷിച്ചതു്, എല്ലാ നിലയിലും സമുചിതമായിരുന്നുവെന്നു പറയേണ്ടതു കഴിയൂ. പക്ഷേ, അപ്രകാരം കവനകലയിൽ സൎവ്വോപരി സമൎത്ഥനായ അദ്ദേഹത്തിന്നു ലോകോപകാരാൎത്ഥം കുറച്ചു കാലവുംകൂടി ജീവിച്ചിരുന്നു തൻെറ സദുദ്ദേശപരമായ തത്വങ്ങളെ പ്രചരിപ്പിക്കുവാൻ വിധിവൈപരീത്യം സംഗതിവരുത്താഞ്ഞതിൽ യഥാൎത്ഥമായ മനോവേദനയുള്ള പല മാന്യസാഹിത്യകാരന്മാൎക്കും മഹാകവി വള്ളത്തോളിൻെറ അൎത്ഥവത്തായ,

> "മുരണ്ടു മൂത്തൊന്നിനുമാവതല്ലാ-
> തിങ്ങെത്രപേരുണ്ടവരെത്തൊടാതെ
> ലോകോപകാരത്തിനുതക്കശേഷി-
> യുള്ളോരെയല്ലോ മൃതി തീണ്ടിടുന്നു."

എന്ന പദ്യരത്നമാണു ദയനീയമായ നിലയിൽ ഓൎമ്മവരുന്നതു്. എതായാലും, മഹാശയനും, സുപ്രസിദ്ധനുമായ അദ്ദേഹത്തിൻെറ ആത്മാവും പരമാനന്ദത്തിൽ ലയിക്കുമാറാകട്ടെ എന്നു നമുക്കു് എക്കാലത്തും ആത്മാൎത്ഥമായി പ്രാൎത്ഥിക്കതന്നെ ചെയ്യാം.

★

# 'സാഹിത്യകുശലൻ' ശ്രീ. ടി. കെ. കൃഷ്ണമേനോൻ

അടുത്തകാലത്തു ദിവംഗതനായ 'സാഹിത്യകുശലൻ' ശ്രീ. ടി. കെ. കൃഷ്ണമേനോൻ, ഭാഷാപോഷണവിഷയത്തിൽ അനേകസംവത്സരങ്ങളായി അശ്രാന്തപരിശ്രമം ചെയ്തിട്ടുള്ള ഒരു മഹാശയനാണെന്നുള്ളതിന്നു സംശയമില്ല. വിശേഷിച്ച്, അദ്ദേഹം യുവസാഹിത്യകാരന്മാരെയും, ഭാഷാസ്നേഹികളായ ചെറുപ്പക്കാരേയും പ്രോത്സാഹിപ്പിക്കുന്നതിൽ ഉള്ളഴിഞ്ഞ ഉത്സുകത പ്രദർശിപ്പിച്ചിരുന്നു. പരേതൻെറ വാത്സല്യപൂർവ്വകമായ സദുപദേശങ്ങൾ ഇതെഴുതുന്ന ആൾക്കു പല നിലയിലും ഭാഷാസാഹിത്യപരിശ്രമത്തിന്നു സർവ്വോപരി സഹായകമായിട്ടുണ്ട്. തന്മൂലം, ആ മഹാമനസ്കൻെറ ശാശ്വതമായ വേർപാടിൽ അദ്ദേഹത്തോട് എന്നെന്നും കടപ്പെട്ടിട്ടുള്ള ഇയ്യുള്ളവന്ന് ഈ അവസരത്തിൽ അദ്ദേഹത്തിൻെറ മഹനീയങ്ങളായ ഗുണങ്ങളെ ആത്മാർത്ഥമായി അനുസ്മരിക്കാതിരിപ്പാനും അഭിനന്ദിക്കാതിരിപ്പാനും നിവൃത്തിയില്ല.

തോട്ടയ്ക്കാട്ടു കുഞ്ഞിക്കൃഷ്ണമേനോൻ അഥവാ ടി. കെ. കൃഷ്ണമേനോൻ എന്ന പേർ ഭാഷാസാഹിത്യലോകത്തിൽ ഒരു ശാശ്വതസ്ഥാനം കൈക്കൊണ്ടിട്ടു നാലു പതീരാണ്ടിലധികമായിരിക്കണം. ആ മഹാനുഭാവൻെറ

യും അദ്ദേഹത്തിൻെറ സഹധർമ്മിണിയായ ശ്രീമതി (സാഹിത്യസഖി) ടി. സി. കല്യാണിഅമ്മയുടേയും പേരുകൾ, ഇതിനിടെ ജ്ഞാനവൃദ്ധനും, വയോവൃദ്ധനുമായ ശ്രീ. കുന്നേഴത്തു പരമേശ്വരമേനോൻ പ്രസ്താവിച്ചതുപോലെ, "വസിഷ്ഠൻെറയും, അരുന്ധതിയുടെയും പേരുകൾപോലെ നമുക്കു പരിപാവനമായ സ്മരണയ്ക്കു പാത്രീഭവിച്ചിട്ടുള്ളവയാണു്." അപ്രകാരം യശസ്സിന്നും ശ്രേയസ്സിന്നും വിളനിലങ്ങളായി പ്രശോഭിച്ചിരുന്ന ആ അനുഗൃഹീത ദമ്പതിമാരുമായി ധാരാളം ഹൃദയപരിചയം വളരെ ചെറുപ്പത്തിൽത്തന്നെ എനിക്കു സിദ്ധിച്ചിരുന്നു. എന്നാൽ അവരെ നേരിട്ടുകണ്ടു്, അവരുടെ അനുഗ്രഹവും, ഉപദേശവും വാങ്ങുവാൻ എനിക്ക് അവസരം സിദ്ധിച്ചതു് 1085-ാമാണ്ടു കന്നിമാസത്തിൽ വയ്ക്കത്തുവെച്ചു നടന്ന 'ഭാഷാപോഷിണി'സഭാ സമ്മേളനത്തിൽ നിന്നാണു്. 'ഭാഷാപോഷിണിസഭ'യുടെ ആ അവസാനത്തെ യോഗം പക്ഷേ, 'ഇങ്ങിനി വരാത്ത' ഒരു മഹായോഗംതന്നെയായിരുന്നു എന്നും തീർത്തുപറയാം. കാരണം തദനന്തരം പ്രസ്തുത സഭാസമ്മേളനം ഒരു സ്ഥലത്തുവെച്ചും നടന്നിട്ടില്ല. ആ അവസാനത്തെ യോഗം പക്ഷേ, എല്ലാ നിലയിലും പ്രശംസാർഹമായിരുന്നുവെന്നു സമ്മതിച്ചേ കഴിയൂ. കഴിഞ്ഞുപോയ മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ 'എണ്ണത്തിലും വണ്ണത്തിലുമുള്ള' അന്നത്തെ സകല സാഹിത്യനായകന്മാരും ഒന്നിച്ചു കേവലം ഭാഷാപോഷണാഭിലാഷത്തെ മുൻനിർത്തിക്കൊണ്ടുള്ള ഒരു യഥാർത്ഥ സൗഹാർദ്ദസമ്മേളനമായിരുന്നു ആ മഹാസഭസ്സെന്നു

കൂടി പറയേണ്ടിയിരിക്കുന്നു. സ്ത്രീപുരുഷൻെറ സഹധർമ്മിണിയായ 'സാഹിത്യസഖി' ശ്രീമതി കല്യാണിഅമ്മയുടെ ഒരു പ്രസംഗവും ആ സഭയിലുണ്ടായിരുന്നു. ആ പ്രസംഗം സ്തുത്യർഹമായിരുന്നുവെന്നു സദസ്യർ സശിരഃകമ്പം സമ്മതിക്കുകയുമുണ്ടായി. അദ്ധ്യക്ഷൻ തിരുമേനിയാകട്ടെ, ആ മനസ്വിനിയുടെ പ്രസംഗാനന്തരം, "പരസ്പരതപസ്സമ്പൽ" എന്നിത്യാദി സുപ്രസിദ്ധ സംസ്കൃതപദ്യത്തിൻെറ അവസാനവരി "കല്യാണികൃഷ്ണമേനവൗ" എന്നു മാററി ഭാഗ്യനിധികളായ ആ ദമ്പതിമാരെ ഉള്ളഴിഞ്ഞു ശ്ലാഘിച്ചതും, അനുഗ്രഹിച്ചതും എനിക്ക് ഇന്നും സ്മൃതിപഥത്തിലുണ്ട്. ആ ഘട്ടത്തിൽത്തന്നെയാണു പരേതനായ സരസകവി, അഥവാ നിമിഷകവി, ശ്രീ. കെ. സി. നാരായണൻനമ്പ്യാർ—അദ്ദേഹം ഭാഷാപോഷിണിയുടെ ജോയിൻറു സിക്രട്ടരികൂടെയായിരുന്നു—ശ്രീമതി കല്യാണിഅമ്മയെ അനുമോദിച്ചുകൊണ്ടു പെട്ടെന്ന്,

"ശ്രീസീമാതീതവിദ്യാവിമലതരപരി-
ഷ്കാരസാരാദിയേന്തും
ടീ. സീ. കല്യാണിയമ്മേ! കുശല,മിഹഭവ-
ദ്വാഗ്വിശേഷപ്രകാശം
കേ. സീ. നാരായണൻവാക്പെരുമഴചൊരിയും
നമ്പിയാർ തൊട്ടിവണ്ണം
ക്രൂസീടാതുള്ള കൂട്ടക്കമലരുതെളി-
ഞ്ഞോതുവാൻ ഹേതുവായി"

എന്ന പദ്യം ഉണ്ടാക്കിച്ചൊല്ലി സഭാവാസികളെ ഒട്ടാകെ ആനന്ദതുന്ദിലരാക്കിയത്. സഭയുടെ ആഭിമുഖ്യ

ത്തിൽ സാഹിത്യത്തെ സംബന്ധിച്ച പല മത്സരപരീക്ഷകളും, വിശേഷിച്ച് ഒരു ദ്രുതകവനപരീക്ഷയും നടക്കുകയുണ്ടായി. ആ ദ്രുതകവനപരീക്ഷയിൽ, ഭാഗ്യവശാൽ കേവലം യുവാവായിരുന്ന എനിക്കാണ് (അന്നെനിക്കു 18 വയസ്സിലധികമായിട്ടില്ല) ഒന്നാം സമ്മാനം ലഭിച്ചത്. കൊടുങ്ങല്ലൂർ ഭഗവതിയുടെയും, എൻെറ അഭിവന്ദ്യഗുരുവായ മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെയുംമററും അനുഗ്രഹത്താൽ മാത്രം, കവനവിഷയത്തിൽ കേവലം അപടുവായിരുന്ന ഞാൻ സമ്മാനാർഹനായതിനെ പുരസ്കരിച്ച് അദ്ധ്യക്ഷൻ തിരുമേനി, എനിക്കു സമ്മാനം തന്നപ്പോൾ, വാത്സല്യപൂർവ്വം തന്ന സദുപദേശം ഇന്നും എൻെറ ഹൃദയഭിത്തിയിൽ എഴുതപ്പെട്ടിട്ടുള്ളപോലെ വ്യക്തമായി നിലകൊള്ളുന്നുണ്ട്. അന്നുതന്നെയാണ്, എനിക്കു "തേടിയവള്ളി കാലിൽ തടഞ്ഞതപോലെ" ആ യഥാർത്ഥ ഭാഷാസാഹിത്യനായകനായ സ്ത്യുപുരുഷൻെറ പരിചയം സമ്പാദിപ്പാനും, അദ്ദേഹത്തിൻെറ ആത്മാർത്ഥമായ വാത്സല്യം തുളുമ്പുന്ന ഉപദേശാമൃതംകൊണ്ടു കേവലം സാഹിത്യവാസന പുറപ്പെടുവിക്കുവാൻ സരസ്വതീകാരുണ്യത്തെ അവലംബിച്ചിരുന്ന എൻ്റെ ഹൃദയവല്ലരിയെ പ്രത്യേകം പരിപോഷിപ്പിക്കുവാനിടവന്നതും. ആ മഹാമനസ്കൻ—സ്വതവേ വിനയാന്വിതനാണദ്ദേഹം, "നിറഞ്ഞ കുടം തുളുമ്പാറില്ലല്ലൊ"—എന്നെ തൻെറ അരികെ വിളിച്ചിരുത്തി അരമണിക്കൂറിലധികം സമയം എനിക്കു സാഹിത്യത്തെ സംബന്ധിച്ചു തന്ന പ്രോത്സാഹജനകമായ ഉപദേശഭേഷജം, വാസ്തവത്തിൽ എനിക്കുണ്ടായിരുന്ന (സാഹിത്യവിഷയത്തിൽ) ചില ന്യൂനതകൾ തീരെ

പരിഹരിക്കപ്പെട്ടവാനും, പ്രത്യേകിച്ച് എനിക്ക കവന വിഷയത്തിൽ പതിന്മടങ്ങ് ഉത്സാഹം വദ്ധിക്കവാനുമിട യാക്കി. അദ്ദേഹത്തിന്റെ സഹധൎമ്മിണിയായ 'സാഹിത്യ സഖി'യും അന്ന് എന്നെ കേവലം മാതൃനിൎവ്വിശേഷമായ വാത്സല്യത്തോടുകൂടി അനുഗ്രഹിക്കുകയുണ്ടായി. ആ സു ദിനത്തെ അഥവാ ആ സുവൎണ്ണാവസരത്തെപ്പററി ഞാൻ അന്നുമുതൽ ഇന്നേവരെ ദിവസത്തിലൊരിക്കലെങ്കിലും അനുസ്മരിക്കാറുണ്ട്. ഭാഷാപോഷണാഭിലാഷത്തിൽ അ ത്യുത്സുകത പ്രദർശിപ്പിച്ചിരുന്ന അന്നത്തെ സുപ്ര സിദ്ധസാഹിത്യകാരന്മാരുടെകൂട്ടത്തിൽ പരേതന്നു മുഖ്യ മായ ഒരു സ്ഥാനമുണ്ടായിരുന്നു എന്ന് അതുകൊണ്ടെല്ലാം എനിക്കു നിസ്സംശയം പ്രഖ്യാപിക്കവാൻ കഴിയും.

സ്മൎയ്യപുരുഷനെ, ഞാൻ പിന്നീടു പലപ്പോഴും എറ ണാകുളത്തുള്ള അദ്ദേഹത്തിൻെറ വസതിയിൽ('കുമാ രാലയ'ത്തിൽ)ച്ചെന്നു ഭക്തിപൂൎവ്വം സന്ദൎശിച്ചു പ്രോത്സാ ഹജനകങ്ങളായ പല ഉപദേശങ്ങളും വാങ്ങിയിട്ടുണ്ട്. ആ അവസരങ്ങളിലും ഉദാരമതിയും, ഉത്തമഭാഷാപ്രണ യിനിയുമായ ശ്രീമതി കല്യാണിഅമ്മയും എന്നെ സാനു കമ്പം അനുഗ്രഹിക്കുകതന്നെ ചെയ്തിട്ടുണ്ട്. അദ്ദേഹത്തി ൻെറ സാഹിത്യവിഷയകമായ സംസാരം മിക്കവാറും ഭാഷാപോഷണാഭിലാഷത്തെ മുൻനിൎത്തിക്കൊണ്ടുള്ള മി കച്ച തത്വങ്ങൾതന്നെയായിരുന്നു. പഴയ കവികൾ, പഴയ കൃതികൾ മുതലായവയെപ്പററി നമുക്കു സുദൃഢമാ യ അറിവുണ്ടാകേണ്ടതു് ഭാഷാപോഷണത്തിന്നു് അത്യാ വശ്യമാണെന്നും, നാം 'തല്മറന്നു് എണ്ണതേയ്ക്കരു'തെ ന്നും, പൂൎവ്വസാഹിത്യകാരന്മാരുടെ അപദാനങ്ങളെ പ്ര

ത്ത്യേകം അഭിനന്ദിക്കേണമെന്നും, പുരാതനവസ്തുക്കളെ സംബന്ധിച്ചുള്ള ഗവേഷണത്തിൽ നാം സർവ്വഥാ ഉത്സു കരായിരിക്കേണമെന്നും അദ്ദേഹം എന്നോടു പലപ്പോഴും പറഞ്ഞിട്ടുണ്ട്. ആ ഘട്ടങ്ങളിലെല്ലാം പത്രപ്രവർത്തനം കൊണ്ടു് ഭാഷയ്ക്കും വിശിഷ്യാ നാട്ടിന്നുമുള്ള ഉപകാരത്തെ പുരസ്കരിച്ചും, പണ്ടത്തെ ഉത്തമമലയാളമാസിക യായ 'വിദ്യാവിനോദിനി'യുടെ പത്രാധിപർകൂടിയായിരുന്നിട്ടുള്ള അദ്ദേഹം എന്നോട് ഊന്നിപ്പറയുകതന്നെ ചെയ്തിരുന്നു.

'കേരളവ്യാസൻ' എന്ന പേരിൽ മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാന്റെ സ്മാരകമായി കൊടുങ്ങല്ലൂർനിന്നു് ഇറങ്ങുള്ളവനും, പരേതനായ സരസകവി ശ്രീ. നന്ത്യേലത്തു പത്മനാഭമേനോനുംകൂടി നടത്തിയിരുന്ന മലയാള മാസികയ്ക്കു് സ്വയ്യപുരുഷൻ കർമ്മവാക്കായങ്ങളാൽ ചെയ്തിട്ടുള്ള ഗണ്യങ്ങളായ സഹായങ്ങളെ ഞാൻ കൃതജ്ഞതാപൂർവ്വം എന്നും അനുസ്മരിക്കുന്നുണ്ടു്. മാസികയുടെ നടത്തിപ്പിലും മററും അദ്ദേഹം തന്നിട്ടുള്ള ഉപദേശങ്ങൾ നിശ്ചയമായും ശരിയായ 'വേദവാക്യങ്ങൾ'പോലെയാണു ഞാൻ കരുതുന്നതു്. പത്രപ്രവർത്തനവിഷയത്തിൽ പ്രത്യേകോത്സാഹവും ഉള്ളുറപ്പും എനിക്കുണ്ടാക്കിത്തീർത്തവരിൽ ഒരു പ്രധാനിയായിരുന്നു അദ്ദേഹം.

ഇരിങ്ങാലക്കുടനിന്നു പുറപ്പെട്ടിരുന്ന 'സദ്ഗുരു' എന്ന മലയാളമാസികയുടെ നടത്തിപ്പിൽ എനിക്കും ഒരു പങ്കുണ്ടായിരുന്നു. അക്കാലത്തും അദ്ദേഹം വാത്സല്യപൂർവ്വം തന്നിട്ടുള്ള ഉപദേശങ്ങൾക്കു കയ്യും കണക്കുമില്ല. ഞ

ങ്ങൾതമ്മിൽ കാണ്മാനിടയായാൽ അദ്ദേഹം, കേവലം ആവേശഭരിതനായി സാഹിത്യപരമായ സരസഗംഭീര സംഭാഷണം തുടങ്ങുക പതിവായിരുന്നു. അക്കാലഘട്ടങ്ങളിലെല്ലാം എൻെറ ഹൃദയം അദ്ദേഹത്തെ കാണ്മാൻ വെമ്പുകതന്നെയായിരുന്നു എന്നും പറഞ്ഞേ കഴിയു.

ഞാൻ കോഴിക്കോട്ടു 'മിതവാദി'യുടെ സഹപത്രാധിപരും, 'കേരളപത്രിക'യുടെ (1924-25 ഇക്കാലത്തും അതിനുശേഷവും) അധിപരുമായിരുന്നകാലത്തും, അദ്ദേഹത്തെ കാണ്മാനും പത്രപ്രവൎത്തനവിഷയത്തിൽ ഏററവും ആവശ്യമായ പല ഉപദേശങ്ങളും, ഗവേഷണവിഷയത്തിൽ പല വിവരങ്ങളും സമ്പാദിപ്പാനും എനിക്കു സാധിച്ചിട്ടുമുണ്ട്. ഭാഷാസാഹിത്യപരമായ സംഭാഷണം തുടങ്ങിയാൽ അതു് അവസാനംവരെ ഇടതടവെന്യേ ഭംഗിയായി നിൎവ്വഹിക്കുവാൻ ശാന്തനും, സരസചതീഭക്തനുമായ അദ്ദേഹത്തിൻെറ മാധുൎയ്യമേറിയ നാക്കിനുള്ള സാമൎത്ഥ്യം ഒന്നു വേറെതന്നെയായിരുന്നു. അമൂല്യങ്ങളായ ആവക ഉപദേശരത്നങ്ങൾ സമ്പാദിപ്പാനായി ചിലപ്പോൾ കോഴിക്കോട്ടുനിന്നു് എറണാകുളംവരെ പോയി ആ മനോഹരമായ സാഹിത്യരത്നാകരത്തെ ഞാൻ സമീപിക്കാറുമുണ്ട്.

അദ്ദേഹവും ഞാനുമായി പിന്നീട് അധികസമയം സംഭാഷണം ചെയ്തു കൂടുവാൻ സന്ദർഭമുണ്ടായിട്ടുള്ളതു രണ്ടുമൂന്നു 'സമസ്തകേരളസാഹിത്യപരിഷൽസമ്മേളന'ങ്ങളിൽവെച്ചാണ്. തൃശ്ശിവപേരൂർ വെച്ചു നടന്ന കെങ്കേമമായ ദ്വിതീയ (പരിഷത്തിൻെറ) സമ്മേളനത്തിൽ

വെച്ചാണു് അദ്ദേഹം ഏററവും സാരതരവും, ഗൗരവാവഹവുമായ ഒരു ഉപദേശം എനിക്കു തന്നതു്. പരിഷത്ത്സമ്മേളന കാൎയ്യപരിപാടിയിലെ ചില പ്രത്യേക സംഗതികഠം സംബന്ധിച്ചു് അന്നു ചെറുപ്പക്കാരായിരുന്നഞങ്ങളിൽ ചിലരെ അദ്ദേഹം 'എടുത്തുചാട്ട'ത്തിന്നിടയാക്കാതെ സമാധാനിപ്പിച്ചു് അടക്കിയൊതുക്കിയിരുത്തിയതോൎക്കുമ്പോഠം അദ്ദേഹത്തിൻെറ വിനയവും, നയവും, സമാധാനപരിപാലനപ്രസക്തിയും പ്രത്യേകിച്ചും ശ്ലാഘ്യമത്രെ. അവസരം കിട്ടുമ്പോളെല്ലാം ഒതുക്കത്തോടും, വാത്സല്യത്തോടുംകൂടി സ്വതവേ മധുരതരമായ തൻെറ വചോവിലാസത്താൽ അസ്മാദൃശരുടെ അവിവേകാന്ധ്യം ദൂരീകരിക്കുവാൻ ഭാഷാസാഹിത്യനഭോമണ്ഡലത്തിലെ ആ ഉജ്ജ്വലതേജഃപുഞ്ജത്തിന്നു് നിഷ്പ്രയാസം സാധിച്ചിരുന്നു. നേരിട്ടു കാണ്മാനിടവരാത്ത ഘട്ടങ്ങളിൽ കത്തുമൂലം ഞാൻ അദ്ദേഹത്തിൻെറ സദുപദേശം പല കാൎയ്യങ്ങളിലും കൈപ്പററിയിട്ടുണ്ടു്. ആവക സാരോപദേശസമ്പൂൎണ്ണങ്ങളായ കത്തുകഠം ഭംഗിയേറിയ അക്ഷരവടിവാലും മററും ഏററവും മനോഹരങ്ങളാകയാൽ, അവയിൽ മിക്കവയും ഭാഷാസാഹിത്യഭണ്ഡാരത്തിലേയ്ക്കു് മുതൽക്കൂട്ടുവാൻ തക്ക ശാശ്വതരേഖകളായിപ്പരിഗണിക്കാവുന്നതാണു്.

അടുത്തകാലത്തു് 'പാരിജാതം'മാസിക തുടങ്ങുവാൻ ആലോചിച്ചു് അതിനെ സംബന്ധിച്ചുള്ള അഭിപ്രായമറിയുവാൻ ഞാൻ അദ്ദേഹത്തിന്നയച്ച കത്തിന്നു്, ആ മഹാശയൻ സദയം തന്ന മറുപടി ഇപ്രകാരമാകു

ന്നു: "ഇപ്പോൾ പഴമക്കാരായ സാഹിത്യകാരന്മാരേയും, അവരുടെ അപദാനങ്ങളേയുംപററി പ്രദിപാദിക്കുന്ന മലയാളിമാസികകൾ ഒന്നുമില്ലെന്നുതന്നെ പറയാറായിരിക്കുന്നു. നിങ്ങൾ ഒരു നല്ല മലയാളമാസിക തുടങ്ങുകയാണെങ്കിൽ, മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ തുടങ്ങിയ പരേതരായ മഹാശയന്മാരുടെ അനുഗ്രഹത്താൽ നിങ്ങൾക്കു വിജയം സിദ്ധിക്കും. ഞാൻ നിങ്ങളുടെ മാസികയ്ക്കു് എല്ലാ നിലയിലുമുള്ള സഹായവും ചെയ്യുവാൻ സന്നദ്ധനാണു്. പക്ഷെ, ഞാൻ വയോവൃദ്ധനാകയാൽ പണ്ടത്തെ നിലയിലൊന്നും ആവില്ല. അതേ വ്യസനമുള്ളു. എന്നെപ്പോലെതന്നെ കല്യാണിയും നിങ്ങളുടെ പരിശ്രമത്തിൽ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ടു്. 'പാരിജാതം' തുടങ്ങിയാൽ ആദ്യലക്കംതന്നെ എനിക്കു് ഒരു കൊല്ലത്തെ വരിസംഖ്യ ചുമത്തി വി. പി. യായി അയച്ചുതരിക. മററു പല സഹായങ്ങളും എന്നിൽനിന്നു പ്രതീക്ഷിക്കാം."

മേലുദ്ധരിച്ച കത്തു് എന്നെ എത്രമാത്രം കൃതാൎത്ഥനാക്കിയിരിക്കുമെന്നു ഞാൻ ഇവിടെ എടുത്തുപറയാതെതന്നെ ആൎക്കും അനുമാനിക്കാമല്ലൊ. അദ്ദേഹമാകട്ടെ, തൻെറ വാഗ്ദാനം അക്ഷരംപ്രതി ഫലപ്രദമാക്കണമെന്ന നിശ്ചയത്തിന്മേൽ എനിക്കു് പിന്നീടും പല നിലയിലുള്ള സഹായങ്ങളും ചെയ്തുതരികയുണ്ടായി. മാസത്തിലൊരിക്കൽ 'പാരിജാത'ത്തിൻെറ അഭിവൃദ്ധിയെ ഉദ്ദേശിച്ചു് ഉപദേശരൂപത്തിൽ ഓരോ കത്തുതന്നെ എനിക്കദ്ദേഹം അയച്ചിരുന്നു. വിശേഷിച്ചു്, അദ്ദേഹം എഴ

തിക്കൊണ്ടിരുന്ന ഗവേഷണപരങ്ങളായ ചില ഗൗരവമേറിയ ലേഖനപരമ്പരകൾകൂടി അല്പജ്ഞനായ എൻെറ അഭിപ്രായത്തിന്നായി അദ്ദേഹം എനിക്ക് അയച്ചുതരികയുണ്ടായിട്ടുണ്ട്. അതുകൊണ്ടൊക്കെ നമുക്ക് അദ്ദേഹത്തിൻെറ വിനയാദിഗുണഗണങ്ങളെ നിസ്സംശയം മനസ്സിലാക്കാമല്ലൊ. 'പാരിജാത'ത്തിൽ പഴയ കവികളുടെ കൃതികൾ കഴിയുന്നതും പ്രസിദ്ധപ്പെടുത്തുന്നതു ഭാഷാപോഷണത്തെ സംബന്ധിച്ചേടത്തോളം വലിയ ഒരു ഉപയോഗമായിരിക്കുമെന്ന് ഉപദേശിച്ച് ആ വിഷയത്തിൽ എന്നെ ഉത്സുകനാക്കിയവരിൽ പ്രഥമഗണനീയൻ അദ്ദേഹമാണ്. എന്തിന്നധികം പറയുന്നു? അദ്ദേഹത്തിൻെറ ശാശ്വതമായ ദേഹവിയോഗത്തിന്ന് ഏതാണ്ട് രണ്ടാഴ്ചയ്ക്കു മുമ്പുകൂടി അദ്ദേഹം 'പാരിജാത'ത്തിൻെറ വളർച്ചയെ ആസ്പദമാക്കി എനിക്കു കത്തയച്ചിരുന്നു. ഞാനും അതിന്നു തക്ക മറുപടി അയയ്ക്കുകയും, എൻെറ എളിയ സാഹിത്യപരിശ്രമങ്ങളിൽ അദ്ദേഹത്തിൻെറ വലിയ സഹായം കാമ്യമായി പരിഗണിക്കുകയും ചെയ്തിരുന്നു. അപ്പോഴെയ്ക്കും,

"ദൈവഗതിക്കഥവാ ഭുവനേസ്മിൻ
നൈവ കവാടനിരോധമൊരേടം"

എന്ന കവിവാക്യാനുസരണം അദ്ദേഹത്തിൻെറ ചരമവൃത്താന്തം "ഝടിതി ഹഠാൽ തടിന്നിപാതമേററാലെന്നപോലെ" എന്നെ അത്യന്തം വ്യാകുലപ്പെടുത്തുകയാണു ചെയ്തിട്ടുള്ളതു്.

പഴക്കം, പരിചയം, പഠിപ്പ്, ഭക്തി, കൃത്യനിഷ്ഠ,

വിനയം മുതലായവയുള്ള വിളനിലമായ ഒരു ഉത്തമ ഭാഷാസാഹിത്യനായകനാണ് നമുക്ക് അദ്ദേഹത്തിൻെറ ശാശ്വതമായ വേർപാടാൽ നഷ്ടമായിട്ടുള്ളത്. വാസ്തവത്തിൽ ഭാഷാസാഹിത്യലോകത്തിലെ 'ഭീഷ്മർ' എന്ന നിലയിലും പരിപക്വമതിയായ അദ്ദേഹത്തെ ഞാൻ എപ്പോഴും ആരാധിക്കുന്നുണ്ട്. ആ മഹാമനസ്കൻെറ അഭാവത്തിൽ ഭാഷാസാഹിത്യത്തിന്ന് പൊതുവിൽ വന്നുകൂടിയ നഷ്ടം ഇനി എങ്ങനെ തീക്കുമെന്ന് എനിക്കു സമത്ഥിക്കുവാൻ സാദ്ധ്യമല്ല. 'പാരിജാത'ത്തിന്ന് പ്രത്യേകിച്ചും അദ്ദേഹത്തിൻെറ പേർപാട്ട് കഠിനമായ സങ്കടവും, നഷ്ടവുമാണുണ്ടാക്കിത്തീത്തിട്ടുള്ളത്. ഏതായാലും, ഈ അവസരത്തിൽ ഇനി അദ്ദേഹത്തിൻെറ പുണ്യാത്മാവിന്ന് നിത്യശാന്തി നേരുകയേ നമുക്കു ഗത്യന്തരമുള്ളു.

★

# പ്രസിദ്ധകവി
# ശ്രീ. ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ

1907 ജനവരിമാസത്തിലാണെന്നു തോന്നുന്നു, ഞാൻ തൃശ്ശിവപേരൂർ സി. എം. എസ്. ഹൈസ്കൂളിൽ 8-ാംക്ലാസ്സിൽ ചേൎന്നു പഠിക്കുവാൻതുടങ്ങിയതു്. അന്നു് എനിക്കു് അവിടെ താമസത്തിന്നും, മററു സഹായങ്ങൾക്കുമായി എന്നെ സഹായിപ്പാൻ, കഴിഞ്ഞുപോയ പ്രസിദ്ധകവി ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്നു് ഒരു കത്തു്, പരേതനായ മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു് എനിക്കു സദയം തരികയുണ്ടായി. തൻെറ സ്നേഹിതന്മാരായ കവികൾക്കും, സാഹിത്യരസികന്മാരായ മററു പലൎക്കും തമ്പുരാൻ തിരുമനസ്സുകൊണ്ടു് സാധാരണമായി പദ്യത്തിലാണു കത്തിടപാടു നടത്തിവന്നിരുന്നതു്. ആ നിയമമനുസരിച്ചു് ആശ്രിതവത്സലനായ അദ്ദേഹം പദ്യത്തിൽതന്നെ ശ്രീ. കുഞ്ഞിക്കൃഷ്ണമേനോന്നുതന്ന ചെറുകത്തു താഴെ ഉദ്ധരിക്കുന്നു:

“ഈ വരുന്നൊരു കിശോരനെബ് ഭവാൻ
കൈവരുന്ന കനിവോടുമേററുടൻ
ഹേ! വരിഷ്ഠകവിരത്നമേ! ഭവ-
ത്സേവനാക്കിയരികത്തിരുത്തണം.

കവിതയിലതിയായ മോഹമിപ്പോൾ
കവിയുമിവ, നതു വാസനാബലത്താൽ

അവികലമല്ലവായതോ, അതെന്തോ
കവിവര! നോക്കി മറയ്ക്കു തീർച്ചയാക്കു.

ഒരു ജോലിയെന്നിയെ നടന്നിവൻ സദാ
തെരുവിൽ കളിക്കുകിലൊരിക്കലും സഖേ!
കരുണാവിഹീനമയി! ചൂരൽകൊണ്ടു കൈ-
വിരുതൊന്നു കാട്ടു,കൊരു കുറ്റമില്ലതിൽ.

ബാലനാകുമിവനെൻ പ്രിയപ്പെട്ടും
സ്യാലനാ,ണതു വഴിക്കിവന്നിനി
ശീലമേറെ ഗുണമുള്ളതാക്കുവാൻ
വേല ചെയ്തിടുക വേണ്ടതല്ലയോ?

ആവശ്യമുള്ളതിവനേകുക,മൊന്നുകൊണ്ടും
വൈവശ്യമേല്ക്കരുതിവൻ, വഴിപോലെ മേലിൽ
ദൈവപ്രസാദവഴിയുന്നതിയേൽക്കിൽ നോക്കി-
നോവക്കു,മായതു കൃതാർത്ഥതയേകുമല്ലോ.

പല പുതിയ കൃതിപ്രകാണ്ഡവും ഞാൻ
ചില സമയത്തു രചിക്കുവാൻ ശ്രമിപ്പൂ
അലസതയുമിടയ്ക്കുലട്ടിടുന്നു-
ണ്ടല,മതു തീരെയകന്നിടാത്തതെന്തോ?

'കോട്ടയ്ക്ക'ലേയ്ക്കുഹമടുത്തു പുറപ്പെടുന്നു
കൂട്ടത്തിലങ്ങുമൊരുനാൾ സരസം കഴിക്കാം
കോട്ടം വരാത്ത തവ പദ്യരസം നുകന്നെൻ
വാട്ടം ഭവാൻ കളയുമെങ്കിലതെത്ര മെച്ചം."

മേലുദ്ധരിച്ച കത്തുംകൊണ്ടു തുള്ളിവപേരുർ 'ബ്രഹ്മസ്വം

മഠ'ത്തിന്നു സമീപമുള്ള 'ഒട്ട്'വിൻെറ അന്നത്തെ വാസസ്ഥലത്തു ഞാൻ ചെന്നപ്പോൾ, ആ ഔദാൎയ്യനിധി ഒരു ചാരുകസാലയിൽക്കിടന്നു 'കവനകൗമുദി' എന്ന പദ്യപത്രം വായിക്കുകയായിരുന്നു. അന്നു കേവലം പദ്യപത്രമായിരുന്ന 'കവനകൗമുദി'യാണു് വഴിയെ മാസികയായി രൂപാന്തരപ്പെട്ടതു്. പ്രസ്തുതപത്രത്തിൻെറ ഉടമസ്ഥനും, പത്രാധിപരും ഒട്ടവിൻെറ സ്യാലനും, പ്രസിദ്ധ കവിയുമായിരുന്ന പന്തളം ശ്രീ. കേരളവൎമ്മ തമ്പുരാനായിരുന്നുവെന്ന സംഗതി ഇവിടെ സ്മരണീയമാണു്. ഞാൻ അടുത്തുചെന്നു് കത്തുകൊടുത്തപ്പോൾ അദ്ദേഹം പ്രസന്നവദനനായി, "എവിടുന്നാ വരുന്നതു്? ആരുടെ കത്താണു്?" എന്നു് എന്നോടു ചോദിച്ചപ്പോൾ, "കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻതിരുമനസ്സിലെ കത്താണു്," എന്നു ഞാൻ മറുപടി പറയുമ്പോഴെയ്ക്കും കത്തു പൊളിക്കുവാനും, സസന്തോഷം അതു വായിക്കുവാനും ആ സരസകവി കാണിച്ച താല്പൎയ്യം നിസ്സീമമായിരുന്നു. കത്തുമുഴുവനും തലയാട്ടി രസിച്ചു വായിച്ചശേഷം അദ്ദേഹം, "എന്നാൽ ഇനി 'കുട്ടിക്കവി' ഇവിടെത്തന്നെ താമസിച്ചു പഠിച്ചോളു, ഉച്ചയ്ക്കുമുമ്പു് അടുത്തുള്ള മിഷ്യൻ ഹൈസ്കൂളിൽചെന്നു ചേരാം. സ്റ്റീഫൻമാസ്റ്ററാണു് ഇപ്പോൾ അവിടെ ഹെഡ്മാസ്റ്റർ. ഞാൻ ഒരു കത്തോടുകൂടി എൻെറ ശിവായിയെക്കൂടെ അയയ്ക്കാം," എന്നാണദ്ദേഹം സ്വാഭാവികമായ പുഞ്ചിരിയോടുകൂടി എന്നോടു പറഞ്ഞതു്. എനിക്കാകട്ടെ, ആ മഹാമനസ്കൻെറ ഔദാൎയ്യാതിരേകവും സ്നേഹാധിക്യവും

കണ്ടു് അദ്ദേഹത്തോടു് ഉള്ളഴിഞ്ഞ നന്ദി പ്രദൎശിപ്പിക്കു വാൻ ഒട്ടും സങ്കോചമുണ്ടായില്ല. ആ മഹാശയനു തമ്പുരാൻതിരുമേനിയോടുള്ള ആത്മാൎത്ഥമായ ഭക്തിബഹുമാനാദികൾക്കുപുറമെ ഉള്ളിൽ തീരെ 'കലവറയില്ലാത്ത' ഉറച്ച സ്നേഹവും എനിക്കു പ്രത്യക്ഷത്തിൽ അനുഭവമായി.

താമസിയാതെ, ഒട്ടു സുശീലയും തന്റെ പ്രിയപ്പെട്ട സഹധൎമ്മിണിയുമായ ശ്രീമതി ചിന്നമ്മുഅമ്മയെ വിളിച്ചു്, അവരോടു പറഞ്ഞതു് ഇപ്രകാരമാണു്: "ഈ നില്ക്കുന്ന കുട്ടിയെ കണ്ടോ? ഈയാൾ നമ്മുടെ കുഞ്ഞിക്കുട്ടൻതമ്പുരാൻെറ സ്യാലനും, കവിതാവാസനയുള്ള ഒരു മിടുക്കനുമാണു്. ഇവിടെ പഠിക്കുവാൻവേണ്ടി തമ്പുരാൻ ഒരു കത്തോടുകൂടി ഇങ്ങോട്ടയച്ചിരിക്കുന്നു. മിഷ്യൻ ഹൈസ്കൂളിൽ ചേൎക്കാം. അടുത്തു് ആ സ്കൂളാണല്ലോ. ഇവിടെത്തന്നെയാണു താമസവും ഭക്ഷണവും മററും. നമുക്കു നന്നായി. ഒരു കൊച്ചുകവിയെ കൂട്ടുകിട്ടിയല്ലോ. ഈയാളുടെ കവിതാവാസനയെപ്പററി നമുക്കു വഴിയെ മനസ്സിലാകാം. ഉടനെ ഈയാൾക്കു് ഇവിടെ എല്ലാ സൗകൎയ്യവും ചെയ്തുകൊടുക്കു." ഒട്ടു ഇത്രയും പറഞ്ഞപ്പോൾ ആ മാന്യമനസ്വിനി തമ്പുരാൻെറ കത്തെടുത്തു് സശ്രദ്ധം വായിച്ചു രസിച്ചശേഷം, വേലക്കാരൻ നാണുവിനെ വിളിച്ചു് എനിക്കു താമസത്തിന്നു് അവിടെ സകല സൗകൎയ്യങ്ങളും ചെയ്തുകൊടുക്കുവാൻ ആജ്ഞാപിച്ചു. ഞാൻ ആ നിലയ്ക്കു്, അവിടെ സുഖമായി താമസിക്കുകയും, അന്നുതന്നെ ഉച്ചയ്ക്കുമുമ്പായി ഒട്ടുവിൻെറ ഉപദേശാനുസരണം സി. എം. എസ്സ്. ഹൈസ്കൂൾ ഹെഡ്

മാസ്റ്ററെക്കണ്ടു കത്തുകൊടുത്തു് അവിടെ ഫസ്റ്റ്ഫോറ ത്തിൽ ചേരുകയും ചെയ്തു.

ഈ സന്ദർഭത്തിൽ ഒടുവിൻെറ പ്രിയപത്നിയായ ചിന്നമ്മുഅമ്മയെക്കുറിച്ചും കുറഞ്ഞൊന്നു് ഇവിടെ പ്രസ്താവിക്കുന്നതു് എല്ലാ നിലയിലും സമുചിതമായിരിക്കുമെന്നു കരുതുന്നു. ഒടുവിൻെറ പ്രഥമപത്നിയായ ശ്രീമതി ഇട്യാണത്തു നാരായിണിഅമ്മ ദിവംഗതയായി കുറച്ചുകാലം കഴിഞ്ഞപ്പോളാണു് അദ്ദേഹം ചിന്നമ്മുഅമ്മയെ കല്യാണംകഴിച്ചതു്. ചിന്നമ്മുഅമ്മ, സുപ്രസിദ്ധനും, ഒരു നല്ല സംസ്കൃതപണ്ഡിതനും, സാഹിത്യരസികനും, സബ്ബ്ജഡ്ജിയും, സമത്ഥനുമായിരുന്ന കഴിഞ്ഞുപോയ ശ്രീ. ടി. വി. അനന്തൻനായരുടെ പുത്രിയാണു്. ശ്രീ. അനന്തൻനായർ മഹാകവി ശ്രീ. കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ 'മയൂരസന്ദേശ'കാവ്യത്തിന്നുംമററും രസകരമായ അഭിപ്രായവും വ്യാഖ്യാനവും എഴുതി നല്ല പേരെടുത്ത ഒരു രസികശിരോമണിയുമാണു്. പാരമ്പര്യത്തിന്നനുസരിച്ച സാഹിത്യരസികത്വം സമ്പാദിച്ചിരുന്ന ചിന്നമ്മുഅമ്മ സുഭഗയും, സുശീലയും, കാലോചിതമായ ഇംഗ്ലീഷുവിദ്യാഭ്യാസംകൂടി സിദ്ധിച്ച ഒരു മാന്യയുവതിയുമായിരുന്നു. ആ മനസ്വിനിയുമായുള്ള ദാമ്പത്യബന്ധം ഒടുവിന്നു് "പരസ്പരതപസ്സമ്പൽ......" എന്നിത്യാദി സംസ്കൃതപദ്യത്തിന്നാസ്പദമായി സവ്വോപരി സമുചിതമായിട്ടുണ്ടെന്നു സമ്മതിച്ചേ കഴിയൂ. കൂടാതെ, ഒടു ചിന്നമ്മുഅമ്മയെ വിവാഹം കഴിച്ച അവസരത്തിൽ പരേതനായ സരസകവി, ശ്രീ. കെ. സി. നാരായണൻനമ്പ്യാർ,

"മേളത്തിൽപ്പൂ,ണ്ട'നന്താത്ഭുത' സുകൃതപയോ-
രാശി തന്നിൽപ്പിറന്ന,-
'നാ[1]ളത്തിൽ' പ്പെട്ട 'നാരായിണി' പുനരൊട്ടവിൽ
കൃഷ്ണനിൽ തൃഷ്ണയോടും
നീളത്തിൽ ഭംഗികോലും നിജനയനമയ-
ച്ചപ്പൊളന്നുത്ഭവിച്ച-
'ക്കോ'ളത്ത്യന്തം ശുഭശ്രീയരുളുമുടനീ
വേളിയിൽ കേളിചേൎപ്പാൻ.

'[2]തെക്കന്മാർ' വീട്ടിലെന്നാകില്ല,മധികവട-
ക്കായി നാനാഗുണൗഘം
തിക്കുംമാറുള്ള മാന്യൻ, മമസുഹൃദണി മാ-
ണിക്യമാം ഭാഗ്യശാലി
തെക്കുംമാൎക്കേററമേററിപ്പുകൾ പെരുമൊര-
നന്താഭിധതൻ തന്റെ പുത്രി-
ക്കൊക്കുംമാറൊത്തുചേർന്നു മതികമലലസൽ
കൃഷ്ണനാം കൃഷ്ണമേനോൻ
'[3]സമ്പ്രതിമേനോൻ' സരസം
സമ്പ്രതിസംബന്ധമായ സാദ്ധ്വിയൊടും
സമ്പ്രതിപത്തിയൊടും ദിവ-
സമ്പ്രതി സൗഖ്യം കലൎന്നു വിലസട്ടേ!"

---

1 തൃശ്ശിവപേരൂരുള്ള 'ആളത്തു' വീടെന്നും വ്യക്തം.

2 തെക്കന്മാർ വീട് എന്നതു ശ്രീ. അനന്തൻനായരുടെ വീട്ടുപേർ.

3 അക്കാലത്തു ഒട്ട റവന്യൂഡിപ്പാർട്ടുമെൻറിലെ താലൂക്കാപ്പീസ്സുകളിലുള്ള 'സമ്പ്രതി' എന്നു പറഞ്ഞിരുന്ന ഹെഡ് അക്കൗണ്ടൻറ് എന്ന ഒരു ഉദ്യോഗസ്ഥനായിരുന്നു. ഈ ഉദ്യോഗസ്ഥൻ ഒരു നായരാണെങ്കിൽ അദ്ദേഹത്തെ 'സമ്പ്രതിമേനോൻ' എന്നും, ഒരു ബ്രാഹ്മണനാണെങ്കിൽ അദ്ദേഹത്തെ 'സമ്പ്രതിഅയ്യൻ' എന്നും മററും വിളിച്ചുവന്നിരുന്നു.

എന്ന മംഗളപദ്യങ്ങൾ ഉടനടി ഉണ്ടാക്കിച്ചൊല്ലിയതായും, അതേസന്ദർഭത്തിൽ മഹാകവി കുഞ്ചിക്കുട്ടൻതമ്പുരാൻ, "എന്താ, കേ. സി., ആദ്യത്തെ പദ്യത്തിലെ 'കോളും' മററും കേമമായിട്ടുണ്ടല്ലൊ. കേ. സി. യുടെ തലയ്ക്കും ഇപ്പോൾ കോൾതന്നെ അല്ലേ?" എന്നു ചിരിച്ചുകൊണ്ടു ചോദിച്ചതായും, അതിന്നു മറുപടിയായി, "അനന്തൻനായർ എന്ന സമുദ്രത്തിൽ കോളും വേണ്ടേ?" എന്നു മറുപടി പറഞ്ഞതായും കേട്ടിട്ടുണ്ടു്. ചിന്നമ്മുഅമ്മയ്ക്കു് ഒട്ടുവിന്റെ ധർമ്മപത്നിയായിരിപ്പാൻ തക്ക സാഹിത്യരസികതാവുമുണ്ടായിരുന്നുവെന്നു് ഇയ്യുള്ളവനു പിന്നീടു പല സന്ദർഭങ്ങളിലും പ്രത്യക്ഷത്തിൽ അനുഭവപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞേ കഴിയൂ. മാത്രമല്ല, ഒട്ടു, 'കുംഭകോണയാത്ര' എന്ന സരസകൃതി നിർമ്മിച്ചതും, തന്റെ ശ്വശുരനായ അനന്തൻനായർ കുംഭകോണത്തു സബ്ജഡ്ജിയായിരുന്ന കാലത്തു സപത്നിയായ ചിന്നമ്മുഅമ്മയോടും മററുംകൂടി തന്റെ മകന്റെ അന്നപ്രാശനം സംബന്ധിച്ചു് അങ്ങോട്ടു പോയതു് ആസ്പദിച്ചാണെന്നും, അതിന്നു നിദർശനമാണു്,

"ധാരാളം പുകൾ പൊങ്ങുമെൻ ശ്വശുരനാം
സബ്ബ്ജഡ്ജനന്താഹ്വയൻ
ദാരാപത്യസമന്വിതം വിലസുമാ-
ശ്രീകുംഭകോണാലയേ
താരാധീശ്വരവക്ത്രയാം ദയിതയും
തത്സോദരീയുഗ്മവും
താരാളം തനുവാണ്ടൊരെൻതനയനും
കൂടിപ്പുറപ്പെട്ടു ഞാൻ."

എന്നിത്യാദിയായ 'കുംഭകോണയാത്ര'യിലെ പദ്യങ്ങളെന്നും സ്മരണീയമാണു്. ഈ വിഷയത്തെപ്പററി കൂടുതലായി ഇവിടെ വിവരിക്കുവാൻ സൗകൎയ്യമില്ല.

മുൻവിവരിച്ചപ്രകാരം ഞാൻ മിഷ്യൻഹൈസ്കൂളിൽ ചേൎന്നു പഠിക്കുവാൻ തുടങ്ങി. മിക്കപ്പോഴും ഒട്ടുവും, പത്നിയുംകൂടി എന്നെ കവനവിഷയത്തിൽ പ്രോത്സാഹിപ്പിക്കുകയും, പഠനകാൎയ്യം മടികൂടാതെ നിൎവ്വഹിക്കുവാൻ ഉപദേശിക്കുകയും ചെയ്തിരുന്നു. ചിലപ്പോൾ ഒട്ടു, എന്റെ കവിതാഭ്രമം വാസ്തവത്തിൽ വാസനാജന്യമാണോ എന്നു പരീക്ഷിപ്പാൻ എന്നോടു ചില മംഗളപദ്യങ്ങളുണ്ടാക്കുവാൻ ആവശ്യപ്പെടാറുമുണ്ടായിരുന്നു. ആ ഘട്ടങ്ങളിൽ ഞാൻ ഒരിക്കൽ നിൎമ്മിച്ച,

"താളംപിടിച്ചു തരളാക്ഷികളൊത്തു തള്ള-
മോളം കവിഞ്ഞുമറിയും യമുനാതടത്തിൽ
മേളം കലൎന്നു കളിയാടിയാടിയ കണ്ണനുണ്ണി
നീളം വളൎന്നു നിജ കണ്ണിണ നീട്ടിടട്ടേ!"

എന്ന പദ്യവും മററും എനിക്കു് ഇന്നും ഓൎമ്മയുണ്ടു്. ഒട്ടു എന്നെ പ്രോത്സാഹിപ്പിക്കുവാൻ എന്റെ അടുത്തിരുന്നു രചിച്ച,

"തപ്പാതെ താരൊളിക്കൺകളികളി-
ലുലകം പെററു പോററീടുമമ്മേ!
മുപ്പാരിൽ മൂൎത്തിമത്തായ്‌വിലസിന സുഭഗേ!
ഭദ്രദേ! ഭദ്രകാളി!
തൃപ്പാദത്താമരത്താരടിയിണ പണിയു-
ന്നോരു പൈതങ്ങളാമേയോ-
രിപ്പാവങ്ങൾക്കു നീയേ ശരണമയി! സദാ
ശ്രീകരി! ശ്രീകുരുംബേ!"

എന്ന പദ്യവും മററും ഞാനും പലപ്പോഴും ഉരുവിടാറുണ്ട്. പ്രസ്തുതപദ്യം നിർമ്മിച്ച് എന്നെ കേൾപ്പിച്ച അവസരത്തിൽ ഒടു, "ഞാൻ തന്നെ പ്രോത്സാഹിപ്പിക്കുവാൻ തൻെറ ഭക്തവത്സലയായ കൊടുങ്ങല്ലൂർ ഭഗവതിയെക്കുറിച്ചാണിപ്പോൾ നിർമ്മിച്ച പദ്യമെ"ന്നു ചിരിച്ചുകൊണ്ടുച്ചരിച്ചതും എൻെറ സ്മൃതിപഥത്തിൽനിന്ന് ഒരുകാലത്തും മറയുവാനുമിടയില്ല.

മേൽപ്രസ്താവിച്ച പ്രകാരം എനിക്ക് ഒടുവിൻെറ ഗൃഹത്തിലുള്ള താമസം സൎവ്വോപരി സന്തുഷ്ടിപ്രദവും രസകരവുമായിരുന്നു. പക്ഷെ, ഞാൻ അവിടെ എൻെറ സ്കൂൾപഠിപ്പിനെക്കാൾ കൂടുതൽ ശ്രദ്ധ കാണിച്ചതു്, സാഹിത്യവ്യവസായത്തിലായിരുന്നതിനാൽ, എനിക്കെൻെറ ഉപാദ്ധ്യായനും, ശിഷ്യവത്സലനും, സമൎത്ഥനുമായിരുന്ന മസ്സിലാമണി മാസ്റ്ററിൽനിന്നു കിട്ടിയിരുന്നതും, ഉള്ളിൽ ഉപദേശഭേഷജം നിറഞ്ഞിരുന്നതും പുറമെ കയ്പുരസം പുരണ്ടിരുന്നതുമായ ശകാരങ്ങൾ ഞാൻ എന്നും മറക്കുകയില്ല. സുശീലനും, കൃത്യനിരതനും, യഥാൎത്ഥമായ ഗുരുധൎമ്മം ഉടലെടുത്തനിലയിൽ പ്രശോഭിച്ചിരുന്ന മാന്യദേഹവുമായ ആ മഹാൻെറ അന്നത്തെ തീവ്രമായ ശകാരം പിന്നീട് എനിക്കു പലനിലയിലും ഉപകാരപ്രദമായിത്തീൎന്നിട്ടുള്ളതിനാൽ അദ്ദേഹത്തോടുള്ള ശിഷ്യനിൎവ്വിശേഷമായ കൃതജ്ഞതയെ ഇപ്പോഴും ഇവിടെ രേഖപ്പെടുത്തുവാൻ ഞാൻ അത്യുത്സുകനാകുന്നു. അന്നത്തെ ഗുരുശിഷ്യബന്ധം അപ്രകാരം മഹനീയവും, പ്രയോജനകരവുമായിരുന്നുവെന്നു തുറന്നുപറയുവാനും ഞാൻ അശേഷം വൈമുഖ്യം പ്രദർശിപ്പിക്കുന്നില്ല.

ഈ നിലയിൽ, ഒട്ടുവിൻെറ അന്തേവാസിയായി കുറച്ചുകാലം കഴിക്കുവാനിടവന്നതുകൊണ്ട് ആ ഘട്ടങ്ങളിൽ അദ്ദേഹത്തെ കാണ്മാനും, സാഹിത്യവ്യാപാരത്തിലേപ്പെട്ടു രസിക്കുവാനുമായി, അവിടെ വന്നുചേർന്നിരുന്ന പല പ്രസിദ്ധകവികളുമായി അടുത്ത പരിചയം സിദ്ധിപ്പാൻ എനിക്കു സംഗതി വന്നതിനാലും, സാഹിത്യവിഷയത്തിൽ ഒട്ടു മൂലം എനിക്കുണ്ടായിട്ടുള്ള നേട്ടം എല്ലാനിലയിലും ഇവിടെ കൃതജ്ഞതാപൂർവ്വം സ്മരിക്കാതിരിപ്പാൻ നിവൃത്തിയില്ല. പക്ഷെ, ഞങ്ങൾതമ്മിലുള്ള ഈ അടുത്ത സമുചിതവും, സരസവുമായ സാഹചര്യം അധികകാലം നീണ്ടുനിന്നില്ല. മനുഷ്യർ തങ്ങളുടെ ആഗ്രഹാനുസരണം എല്ലാ സംഗതികളും ഏതുകാലത്തും നടന്നുപോകുവാൻ ഇടവരില്ലെന്നുള്ള പരമാൎത്ഥമാണു ഞാൻ അപ്പോൾ ശരിയായി മനസ്സിലാക്കിയതു്. ഒട്ടുവിനെ വളരെ താമസിയാതെ കൊടുങ്ങല്ലൂർക്കാണെന്നു തോന്നുന്നു, മജിസ്ട്രേട്ടായി മാററിയതു്. കൺട്രോളരുടെ ആപ്പീസ്സിൽ ഒരുയൎന്ന ഉദ്യോഗസ്ഥനായിരിക്കുന്ന സമയത്താണദ്ദേഹത്തെ അപ്രകാരം സ്ഥലംമാററം ചെയ്തതെന്നു തോന്നുന്നു.

എനിക്കു കഠിനമായ മനശ്ശല്യത്തിന്നിടവരുമാറു്, ഒട്ടു സ്ഥലംമാറിപ്പോകുമ്പോൾതന്ന സാരോപദേശങ്ങൾ ഏതാണ്ടിപ്രകാരമാകുന്നു: "ഗവൺമെൻറുദ്യോഗസ്ഥന്മാരായ ഞങ്ങളുടെ ജീവിതഗതി ഇപ്രകാരം അസ്ഥിരമാണു്. ഞങ്ങൾ തല്ക്കാലം കൊടുങ്ങല്ലൂർ മാറിപ്പോകുന്നു. പക്ഷേ, പോവുന്നതു സംസ്കാരത്തിൻെറയും, സാഹിത്യത്തിൻെറയും കേന്ദ്രവും, സാക്ഷാൽ ഭഗവതിയുടെ അധി

വാസത്താൽ പരിപാവനവുമായ കൊടുങ്ങല്ലൂക്കാകയാൽ എനിക്കു കുണ്ഠിതമില്ല. താൻ യാതൊരു മനസ്താപവും കൂടാതെ പഠിക്കു. തല്ക്കാലം താമസത്തിന്നു വേറെ ചില സൗകര്യങ്ങൾ ഞാൻ ഏപ്പെടുത്തിത്തരാം. ഒഴിവുദിവസങ്ങളിൽ കൊടുങ്ങല്ലൂരെത്തുമല്ലൊ, അപ്പോളെല്ലാം, നമുക്കു സാഹിത്യവിനോദത്തിലേപ്പെടാം" ശ്രീമതി ചിന്നമ്മു അമ്മയും, എനിക്കു കുണ്ഠിതമൊട്ടും വരാത്തനിലയിൽ എന്നെ പ്രത്യേകം പ്രോത്സാഹിപ്പിക്കുകയുണ്ടായിട്ടുണ്ട്. ആ മനസ്വിനിയുടെ മഹനീയമായ മനോഗുണത്തെപ്പററി ഇവിടെ എത്ര വർണ്ണിച്ചാലും ഒരിക്കലും അധികമാവുകയില്ല; തീച്ചതന്നെ.

ആ നിലയിൽ, പരോപകാരനിരതരും, പൊതുവിൽ ഗുണകാംക്ഷികളുമായ ആ മാന്യദമ്പതിമാർ കൊടുങ്ങല്ലൂർ സ്വയം മാറിപ്പോയപ്പോൾ എനിക്കു കഠിനമായ മനോവേദനയുണ്ടായെങ്കിലും, പഠനവിഷയത്തിൽ അലസത കാണിക്കാതെതന്നെയാണു ഞാൻ ദിവസം നയിച്ചത്. ഒടു പ്രത്യേകം താമസത്തിന്നും മററും എനിക്കു ചെയ്തുതന്നിരുന്ന ഏപ്പാടുകൾ എല്ലാംകൊണ്ടും അഭിലഷണീയങ്ങളായിരുന്നു. ഉദാരമതികളായ ആ ദമ്പതിമാരുമായുള്ള അടുത്ത പെരുമാററം തൽക്കാലം നഷ്ടപ്പെട്ടതുകൊണ്ടുമാത്രം മനസ്സുമടുത്ത ഞാൻ അന്നൊക്കെ ഒഴിവുകിട്ടുമ്പോൾ കൊടുങ്ങല്ലൂക്കു പൊയ്ക്കൊണ്ടിരുന്നു. കൊടുങ്ങല്ലൂർ എൻെറ നാട്ടുകൂടിയാകയാൽ, അവിടെയ്ക്കു ഇടയ്ക്കിടയ്ക്കുള്ള യാത്ര എനിക്കു കേവലം രസമായിത്തീരുകയുംചെയ്തു.

കൊടുങ്ങല്ലൂരെത്തിയാൽ ഞാൻ വീട്ടിൽച്ചെന്നു്,

ആളെക്കാണിച്ചുകഴിഞ്ഞ ഉടനെ ഒട്ടുവിന്റെ ഗൃഹത്തിലേ യ്ക്കു കുതിക്കുകയാണു പതിവ്. അന്ന് ഒട്ടുവിന്റെ ഗൃഹം വാസ്തവത്തിൽ ഒരു സാഹിത്യസദസ്സുതന്നെയായിരുന്നു. മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ കൊടുങ്ങല്ലൂർ സ്ഥിര താമസമുള്ളപ്പോഴം മിക്ക സമയങ്ങളിലും അവിടെയുണ്ടാ വും. പ്രസിദ്ധകവിയും എന്റെ ഇളയച്ഛനുമായിരുന്ന ശ്രീ. കാത്തുള്ളി അച്യുതമേനോൻ പ്രായേണ ഒട്ടുവിന്റെ ഭവനത്തിലാണു പകൽസമയമെല്ലാം കഴിച്ചുകൂട്ടുക. വി ശേഷിച്ച്, ഒരു പ്രസിദ്ധ സാഹിത്യകാരനും, പണ്ഡിത നുമായ ശ്രീ. കൂനേഴത്തു പരമേശ്വരമേനോനും (അദ്ദേ ഹവും കൊടുങ്ങല്ലൂക്കാരൻതന്നെയാണ്.) മിക്കസമയങ്ങ ളിലും അന്നു തഹശീൽദാരായി തൃശ്ശിവപേരൂരോ മററോ ഇരുന്നിരുന്ന പ്രസിദ്ധ കവി കുണ്ടൂർ നാരായണമേനോ നും, ചിലപ്പോഴം വള്ളത്തോഴം—ഇന്നു മഹാകവിയെ ന്നു നിസ്സംശയം പറയാവുന്ന മഹാൻ,—പ്രസിദ്ധകവി ഒറവങ്കര നീലകണ്ഠൻനമ്പൂതിരി (രാജാ), കഴിഞ്ഞുപോ യ മാന്യകവി ശ്രീ. കടത്തനാട്ടു കൃഷ്ണവാരിയർ, പ്രസിദ്ധ കവി കുററിപ്പുറത്തു കേശവൻനായർ, ചങ്ങരംകോത കൃഷ്ണൻകർത്താവ്, പരേതനായ ആലത്തൂർ അനുജൻനമ്പൂ തിരിപ്പാട്ട്, ഒറവങ്കര ചെറിയശങ്കരൻനമ്പൂതിരി, പരി യാടത്തു ഗോപാലമേനോൻ എന്നീ കവികൾക്കു പുറമെ ഒട്ടനേകം സാഹിത്യരസികന്മാരും, ഭാഷാഭിമാനികളും അവിടെ വന്നുചേരുക പതിവാണ്. ചിലപ്പോഴം കഴി ഞ്ഞുപോയ മഹാകവി പന്തളം കേരളവമ്മതമ്പുരാനും, തന്റെ സ്യാലനോടൊരുമിച്ചു രസിച്ചു കുറച്ചുകാലം കഴി ച്ചുകൂട്ടുവാൻ അവിടെ വന്നുചേരാറുണ്ട്. മാത്രമല്ല, ഒട്ടു

വിൻെറ കനിഷ്ഠസഹോദരനും, പ്രസിദ്ധ കവിയുമായിരുന്ന കഴിഞ്ഞുപോയ ശങ്കരൻകുട്ടിമേനോനും, ഒരു നല്ല കവിയായ കടത്തനാട്ടു ശങ്കരവാരിയരും അദ്ദേഹത്തിൻെറ ഗൃഹത്തിൽത്തന്നെ സ്ഥിരമായി താമസിക്കുകയും, കൊടുങ്ങല്ലൂർ കോവിലകത്തുനിന്നു ജ്യോതിഷത്തിൽ ഉപരിപഠനം നടത്തുകയും ചെയ്തുവന്നിരുന്നു. ഇങ്ങനെ പല നിലയിലും കേവലം സരസ്വതീസദനമായ ഒട്ടുവിൻെറ ഗൃഹത്തിൽ മിക്കപ്പോഴും സാഹിത്യവ്യവസായം തകൃതികുലുക്കപ്പെട്ടമ്പോൾ അവിടെ ചുരുക്കം ചില തമാശകളും—സാഹിത്യപരമായി എന്നുതന്നെ പറയട്ടെ—നടക്കാറുണ്ടു്.

ഒരിക്കൽ, അക്കാലത്തു പുറപ്പെട്ട ഒരു 'കവനകൗമുദി' യിൽ ഒരു പേരെടുത്ത കവി ഒരു 'ദേവീസ്തവം' ഓട്ടംതുള്ളൽ രീതിയിൽ എഴുതിയിരുന്നു. അതിലുള്ള ചില അനൗചിത്യങ്ങൾ യഥാൎത്ഥ സാഹിത്യനിരൂപകനും, നിഷ്പക്ഷമതിയും, ഒന്നാന്തരം കവിയുമായ ഒട്ടു കണ്ടുപിടിച്ചു. അന്നു ഞാനും സംഗതിവശാൽ, അവിടെയുണ്ടായിരുന്നു. ശങ്കരൻകുട്ടിമേനോൻ, കടത്തനാട്ടു ശങ്കരവാരിയർ, പരിയാടത്തു ഗോപാലമേനോൻ എന്നീ കവികളും അവരൊരുമിച്ചു ഞാനും ഇരുന്നു പല നേരമ്പോക്കും അപ്പോൾ പറയുകയായിരുന്നു. ആ സന്ദർഭത്തിൽ ഒട്ടു, തന്റെ സഹധൎമ്മിണിയോടുകൂടി ഞങ്ങളുടെ അടുത്തുവന്നു്, "ഇന്നത്തെ ചില പച്ചപ്പരിഷ്കാരികളായ ഭാഷാകവികളുടെ ദേവീസ്തവം കേവലം വിജാതീയമായിരിക്കുന്നു. ഇതാ നോക്കൂ, സ്തുതിപരമായി എഴുതിയിട്ടുള്ള ഒരു കവി

തയിൽ സാക്ഷാൽ ഭഗവതിയെ അഭിസംബോധനം ചെയ്യുന്നതു്,

"പേരുള്ള കൂട്ടരെക്കൊണ്ടെന്തുകാര്യമെൻ
'പാറു!' നീയല്ലയോ ചോടിവക്കോക്കയും"

എന്നും മററുമാണു്. ഇത്തരത്തിൽ, നമ്മുടെ സാഹിത്യത്തെ മലിനപ്പെടുത്തുന്നതും, നിന്ദ്യവുമായ കവനമാതൃകകളെ നാം കഠിനമായി ആക്ഷേപിക്കണം. ഈമാതിരി ജുഗുപ്സാവഹങ്ങളായ കാവ്യശകലങ്ങൾ മേലിൽ ഭാഷാസാഹിത്യത്തിൽ സ്ഥലംപിടിക്കരുതു്. ഭഗവതിയെ അഭിസംബോധനം ചെയ്തിരിക്കുന്നതു്, കേവലം അടിച്ചുതളിപ്പെണ്ണുങ്ങളോടു വിളിച്ചുപറയുന്ന മട്ടിലാണു്. ഏതായാലും, ഇതിന്നു് ഒരു 'തിരിച്ചടി' നാം കൊടുത്തേ കഴിയൂ. നമുക്കു കേവലം വിനോദരീതിയിൽ ഒരു സ്തവമുണ്ടാക്കി 'കവനകൗമുദി'യിലൊ മററേതെങ്കിലും മാസികയിലൊ പ്രസിദ്ധപ്പെടുത്തി വകതിരിവില്ലാതെ സാഹിത്യധർമ്മം വ്യഭിചരിപ്പിക്കുന്ന പ്രസ്തുത കവിക്കു്, മേലിൽ അത്തരം കുതന്ത്രങ്ങൾക്കു കോപ്പുകൂട്ടുവാൻ തോന്നാത്ത വിധത്തിൽ ചില 'പൊടിക്കൈകൾ' എടുക്കണം. ഇപ്പോൾത്തന്നെ ഹാസ്യരസപ്രധാനമായ ഒരു സ്തവമെട്ടക്കാം. തുടങ്ങുകതന്നെ." എന്നിപ്രകാരം പ്രസ്താവിച്ച ശേഷം അദ്ദേഹം ഞങ്ങളോടു പറഞ്ഞു, "നമുക്കു് ഓരോരുത്തർക്കും ഓരോ വരിയുച്ചരിച്ചു് ഒരു 'നമശ്ശിവായപഞ്ചകം'തന്നെ നിർമ്മിക്കാം. ഞാൻ ആദ്യത്തെ വരി തുടങ്ങാം." ഇങ്ങനെ പറഞ്ഞു് അദ്ദേഹം,

"നല്ലാർമണിത്തിലകമായിടുമിച്ചിരിക്കാ—"

എന്നുവരെ ഉച്ചരിച്ചു. ഉടനെ ശങ്കരൻകുട്ടിമേനോൻ,

"ഉല്ലാസമോട്ടുടൽപകുത്തു കൊടുത്തൊരാണേ!"

എന്നു തുടൻറു പരിയാടത്തു ഗോപാലമേനോൻ,

"മല്ലാരിനാണു തൊഴുമീശ്വര നീയൊഴിഞ്ഞി-"

എന്നു തുടൻറു.

"നില്ലാരുമാശ്രയമെനിക്കറികെൻെറ ചങ്ങു!"

എന്നു ഞാനും പറഞ്ഞു് ആ പദ്യം മുഴമിച്ചു. ഉടനെ ക്രമത്തിൽ ഞങ്ങളിൽ ഓരോരുത്തരായി വീണ്ടും ആ സ്തവം മുഴമിക്കുവാൻതന്നെ ശ്രമിച്ചു.

"മററൊന്നുമില്ല പരമൂ! തവപാദഭക്തി
ചെററൊന്നുവേണ'മിവനീവിഷയം നശിപ്പാൻ.'
തെററൊന്നു ഞാൻ പറകിലും തവചിത്തതാരിൽ
പററൊല്ല രോഷമൊരു ലേശവുമെൻെറ പാച്ചാ!"

എന്ന രണ്ടാംപദ്യം ഞങ്ങൾ ഓരോരുത്തർ ഓരോ വരി ഉച്ചരിച്ചു ശരിപ്പെടുത്തി. ഉടനെ മൂന്നാംപദ്യം,

"ശിക്ഷിച്ചിടായ്കയി! കറുത്ത കഴുത്ത! നിന്നെ
വീക്ഷിക്കുവാൻ കഴിവെനിക്കു വരുത്തിടേണം
സൂക്ഷിച്ചുവേണ്ട വഴിനീ മഴകയ്യ! നോക്കി
രക്ഷിക്കുകാനമുകറന്നുടെ നല്ലൊരച്ഛാ!"

എന്നുള്ളതും ഉച്ചരിക്കപ്പെട്ടു. ഇതിൽ "നിന്നെ വീക്ഷിക്കുവാൻ കഴിവെനിക്കു വരുത്തിടേണം" എന്ന വരി ജാത്യന്ധനായിരുന്ന ശങ്കരൻകുട്ടിമേനോൻെറതായിരുന്നുവെന്നുള്ളതു പ്രത്യേകം സ്മരണീയമാണു്. പിന്നീടു തീർത്ത പദ്യം,

"വായ്ക്കുന്നാമോദമോട്ടമിക്കൃതി കേട്ടു നീ, ന-
ന്നായ്ക്കുന്നുവീട! കുറെയൊന്നു കുണുങ്ങിടേണം.
പൈയ്ക്കൂട്ടവാഹന! രസേന സദാ ചെകുത്താൻ
മേയ്ക്കുന്ന നത്തുകുടിയാ! മുടിയാതെ കാക്ക!"

പ്രസ്തുത പദ്യത്തിൽ 'പൈയ്ക്കൂട്ടവാഹന' എന്ന പ്രയോഗം രസികതയും, സാഹിത്യമർമ്മജ്ഞതയും തികഞ്ഞ ചിന്നമ്മുഅമ്മയുടെ(ഒട്ടുവിൻെറ ധർമ്മപത്നിയുടെ)താണെന്നു് ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. അഞ്ചാമത്തെ പദ്യം,

"യതിച്ചുതീക്ഷ്ണമിതിലെപ്പിഴ കിട്ടുപെങ്ങൾ
പതിതപമാൻ വിലസുന്നവമൊന്തതന്തേ!
സ്വസ്തിശ്ശപാമ്പുവള! നീത്തല! ചമ്മമുണ്ട!
മൽസ്സ്തിശ്ശകാര്യമുടനേകുക പിച്ചതെണ്ടി!"

എന്നതാണു്. ഇങ്ങനെ 'നമശ്ശിവായ' എന്ന 'പഞ്ചാക്ഷരപഞ്ചകം' തീർന്നപ്പോൾ ഇതിന്നൊരു ഫലശ്രുതികൂടി അത്യാവശ്യമാണെന്നു് ഒട്ടു ഉടനെ അഭിപ്രായപ്പെടുകയും, അതു താൻതന്നെ ഉണ്ടാക്കുകയും ചെയ്തു:

"ഇസ്തോത്രരത്നമനുവാസരമുച്ചരിപ്പോ-
രസ്തോക'നവ്യകവിതാവിഷയജ്ഞ'രാകും
അസ്തോദയങ്ങളിനനെന്നുവിടുന്നുവന്നും
ശസ്തോരുകീർത്തിയുമവർക്കിടിവററുനിൽക്കും."

എന്നതാണു പ്രസ്തുത ഫലശ്രുതി.

ഈ 'വിനോദകവിത' ഉടനടി ഒട്ടുവിൻെറ അഭിപ്രായപ്രകാരം അന്നുതന്നെ പ്രസിദ്ധപ്പെടുത്തുവാൻ വേണ്ട ഏർപ്പാടും ചെയ്യപ്പെട്ടു. പ്രകൃതഹാസ്യകവിത പുറത്തു

വന്നപ്പോഠം അന്നത്തെ 'ഭാഷാസാഹിത്യരംഗ'ത്തിൽ രസകരവും അഭിലഷണീയവുമായ പല അഭിപ്രായങ്ങളും പുറപ്പെട്ടകയും, ആഭാസമായ നിലയിൽ കവിതകളെഴുതി സാഹിത്യധർമ്മം വ്യഭിചരിപ്പിക്കുന്ന ചില കവികഠംക്ക് അതു മുഖത്തു കരിതേച്ചവിധത്തിലായിത്തീൎന്നുവെന്നും പല മഹാശയന്മാരായ കവികളും, സാഹിത്യനിരൂപകന്മാരും അഭിപ്രായപ്പെട്ടകയുമുണ്ടായി. അപ്പോഠംതന്നെ, "വിനോദരീതിയിലാണെങ്കിലും, മോശമായ ഒരു കവിത നിൎമ്മിച്ചതിൽ തങ്ങഠംക്കു വല്ല ദോഷവും നേരിടുവാനിടയുണ്ടെങ്കിൽ അതെല്ലാം നീങ്ങിക്കിട്ടുവാൻ കേവലം പരിഹാരമായി സഭ്യമായ ഒരു സ്തവം നമുക്കിന്നു് എഴുതിയേ കഴിയൂ," എന്നു് ഒട്ടു പ്രസ്താവിച്ചു. ദേവീസ്തവമാവട്ടേ അതെന്നും, അതു 'ഗീതി'വൃത്തത്തിൽ 'അ,' 'ആ,' 'ഇ,' 'ഈ' എന്നീ അക്ഷരക്രമത്തിൽ വേണമെന്നും, നാമോരോരുത്തരും ഓരോസ്തവം നിൎമ്മിക്കണെ'മെന്നും, ആ മഹാൻ ഉപദേശിച്ചു. അതുപ്രകാരം ഞങ്ങളെല്ലാവരും ഓരോ ദേവീസ്തവവും നിൎമ്മിച്ചു. അവയിൽ,

"അഗവരസുകൃതപതാകേ!
ഭഗവതി! വന്ദ്യേ! ഭവാനി! ഭവദയിതേ!"

എന്നിത്യാദി സ്തവമായിരുന്നു ഒട്ടുവിൻേറതു്. അതും മററുള്ളവരുടെ സ്തവങ്ങളും അന്നുള്ള പല മാസികകളിലുമായി പ്രസിദ്ധംചെയ്യുകയുമുണ്ടായി. ഈ നിലയിൽ ആഭാസമായ കൃതികളുണ്ടാക്കി സാഹിത്യധൎമ്മത്തെ അലങ്കോലപ്പെടുത്തുന്നവൎക്കു കേവലം ശിക്ഷയെന്ന മട്ടിൽ

അഭിനന്ദനീയമായ പല സംഗതികളും പ്രവൎത്തിപ്പാൻ അദ്ദേഹം അന്ന് അത്യുത്സുകനായിരുന്നു.

ഒട്ടുവിൻെറ ഗൃഹത്തിൽവെച്ചു നടക്കാറുള്ള ഏവംവിധങ്ങളായ പല സാഹിത്യവിനോദങ്ങളിലും കേവലം ചെറുപ്പക്കാരനായിരുന്ന ഞാൻ ഇടയ്ക്കിടയ്ക്കു തൃശ്ശിവപേരൂർനിന്നു നാട്ടിൽ വരുമ്പോൾ സസന്തോഷം പങ്കുകൊണ്ടിരുന്നു. അപ്രകാരം ഏതാണ്ട് ഒരു കൊല്ലം കഴിഞ്ഞപ്പോഴേയ്ക്കും, ചില പ്രത്യേക സൗകൎയ്യങ്ങളെ ആസ്പദമാക്കി ഞാൻ പഠിപ്പു തുടരുവാൻ എറണാകുളത്തേയ്ക്കു പോയി. അപ്പോളാകട്ടെ, എനിക്കു നാട്ടിൽവരുവാനും, ഒട്ടുവുമായി കുറച്ചു കൂടുതലായ സമ്പൎക്കം സിദ്ധിക്കുവാനും സൗകൎയ്യമായി. കൊടുങ്ങല്ലൂക്ക് എറണാകുളത്തുനിന്നു മോട്ടോർബോട്ടുകൾ യഥേഷ്ടം പോയിരുന്നതുകൊണ്ടാണ് അപ്രകാരം കൂടുതൽ സൗകൎയ്യം എനിക്കു സിദ്ധിപ്പാനിടയായത്.

അങ്ങനെയിരിക്കുന്ന ഒരു ഘട്ടത്തിലാണ്, ഞങ്ങൾ പലരും ഒത്തൊരുമിച്ച് ഒട്ടുവിൻെറ നേതൃത്വത്തിൽ പല 'കൂട്ടുകവിതകൾ' എഴുതിയിട്ടുള്ളത്. അവയിൽ 'പഞ്ചാംഗി' എന്ന ചെറുകഥ ഒരു ദിവസം ആഫീസ്സുമുടക്കമായിരുന്നതിനാൽ ഒട്ടു സ്വസ്ഥമായിരിക്കുമ്പോൾ, അദ്ദേഹവും ശങ്കരൻകുട്ടിമേനോനും, കടുത്തനാട്ടു ശങ്കരവാരിയരും, പരിയാടത്തു ഗോപാലമേനോനും ഞാനുംകൂടി നിൎമ്മിച്ചിട്ടുള്ളതാണ്. ദുരാചാരനിരതയായ തൻെറ രാജ്ഞിയെ വേണ്ടവിധം ശിക്ഷിച്ചു, ദുർവൃത്തിയെസ്സംബന്ധിച്ചേടത്തോളം ആർതന്നെയായാലും ലവലേശം ദാ

ക്ഷിണ്യം കാട്ടുകയില്ലെന്നും, സദാചാരവൃത്തികൊണ്ടേ ആക്കും ശ്രേയസ്സിന്നിടവരികയുള്ളുവെന്നും പ്രസ്പഷ്ടമാക്കിയ ഒരു രാജാവിന്റെ കഥയാണ് 'പഞ്ചാംഗി.' ഒരു മണിക്കൂർകൊണ്ടു പ്രസ്തുത കഥയിൽ ഓരോ ഭാഗവും ഓരോരുത്തർ നിമിഷകവിതപോലെ 'വസന്തതിലകം' വൃത്തത്തിൽ എഴുതേണമെന്നായിരുന്നു നിശ്ചയം. കഥ യാകട്ടെ, ഓരോരുത്തർക്ക് ഓരോ ഭാഗമെന്നു നിശ്ചയിച്ചതു നറുക്കിട്ടെടുക്കുമ്പോൾ കിട്ടിയ ഫലം അനുസരിച്ചായിരുന്നു. പ്രസ്തുത കൃതിയിൽ ഒട്ടു നിർമ്മിച്ച ഭാഗം എല്ലാ നിലയിലും മെച്ചമേറിയതായിരുന്നു. കേവലം നിമിഷകവിതയായിരുന്നെങ്കിലും, അതിന്റെ സാഹിത്യഗുണത്തെ പ്രസ്പഷ്ടമാക്കുവാൻ ഇവിടെ രണ്ടു പദ്യങ്ങൾ ഉദ്ധരിക്കുന്നു:

"കാളുന്ന കോപമൊടു കണ്ണിണ കാട്ടുതീയെ-
ക്കാളും തുടുത്ത നിറമായ് വിറപൂണ്ടു മെയ്യും
വാളും കരത്തിൽ വടിവോടു വഹിച്ചു, യാതൊ-
രാളും പെടാത്ത ദയിതാ സദനത്തിലെത്തി."

"ചോരത്തിളപ്പു സംറിയാഞ്ഞഥ കച്ചകെട്ടി
മാരക്കളിക്കു മുതിരും കുലടേ! കുശീലേ!
നേരല്ലമിപ്പൊഴുതൊളിക്കുകിൽ നിൻതിളച്ച-
ചോരക്കളത്തിലുടനൊന്നു കളിച്ചിടും ഞാൻ."

കഥാനായകനായ രാജാവു സ്വപത്നിയിൽ ദുരാചാരദോഷമുണ്ടെന്നു കണ്ടു കോപാന്ധനായി അന്തഃപുരത്തിലേയ്ക്കു പുറപ്പെടുന്ന വീരരസപ്രധാനമായ ഒരു ഘട്ടമാണിതു്. കേവലം നിമിഷകവിതയും മററും ഇങ്ങനെ ആശയ

ഭംഗിയോടും രചനാഗുണത്തോടും നിമ്മിപ്പാൻ യഥാത്ഥവാസനക്കാരനും, ഭാഷാസാഹിത്യലോകത്തിൽ വളരെക്കാലമായി പരിശീലനം നടത്തി നല്ല പഴക്കവും തഴക്കവും സിദ്ധിച്ച് ഒട്ട മുതലായ ചുരുക്കം ചില കവികൾക്കല്ലാതെ ഒരിക്കലും സാദ്ധ്യമല്ല. പ്രസ്തുതകൃതി അന്നു 'കേരള ചിന്താമണി' മാസികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

ഒട്ടവിൻെറ നേതൃത്വത്തിൽ മേൽവിവരിച്ചപോലെ കവനവ്യവസായം ഇടതടവില്ലാതെ നടത്തുവാൻ എനിക്കു ഭാഗ്യം സിദ്ധിച്ചിട്ടുണ്ടു്. എൻെറ എറണാകുളത്തുള്ള പഠിപ്പു കഴിയുംവരെ ഞാൻ ഒഴിവുകിട്ടുന്ന അവസരങ്ങളിൽ കൊടുങ്ങല്ലൂർചെന്നു് അപ്രകാരമുള്ള സാഹിത്യവ്യാപാരങ്ങളിൽ പങ്കുകൊണ്ടിരുന്നു. തന്മൂലം എനിക്കു ഭാഷാസാഹിത്യവ്യവസായത്തിൽ നാൾക്കുനാൾ ലഭിച്ച പരിചയവും പ്രോത്സാഹനവും എല്ലാ നിലയിലും സംതൃപ്തികരമായിരുന്നുവെന്നുതന്നെ പറയാം. ഇതിന്നു നിശ്ചയമായും പ്രധാനമായി ഒട്ടവിനേയും, അദ്ദേഹത്തിൻെറ വയസ്യന്മാരും സമകാലീനന്മാരുമായ മററു കവികളേയും ഞാൻ ഏതു സമയത്തും കൃതജ്ഞതാപുരസ്സരം അനുസ്മരിക്കതന്നെ ചെയ്യുന്നു. അക്കാലത്തു് അസ്മാദൃശരായ യുവകവികൾക്കു് (അന്നത്തെ യുവകവികൾക്കു്) വല്ല പ്രോത്സാഹനവും, മെച്ചവും സിദ്ധിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം അന്നുള്ള പ്രസ്തുത സാഹിത്യവ്യാപാരങ്ങൾ വഴിക്കാണെന്നും, ആ സാഹിത്യപരിശ്രമങ്ങളുടെ പ്രയോജനത്തെ അന്നത്തെ സാഹിത്യകാരന്മാർ ഇന്നും ഹാർദ്ദമായി പുകഴ്ത്തുന്നുണ്ടെന്നും സമ്മതിച്ചേ കഴിയൂ.

അന്നുള്ള കവികൾ പലരും ഒത്തൊരുമിച്ചു പല സാഹിത്യഗ്രന്ഥങ്ങളെക്കുറിച്ചും നിരൂപണങ്ങൾ നടത്തുകയും, ആ അവസരങ്ങളിൽ പുറപ്പെട്ടിരുന്ന കവിതകളെപ്പററി യഥോചിതം ഗുണദോഷങ്ങൾ പ്രതിപാദിക്കുകയും ചെയ്യുക പതിവായിരുന്നു. വിശേഷിച്ച്, അന്നുണ്ടായിരുന്ന കൂട്ടുകവിതാപ്രസ്ഥാനം കൊണ്ടു പല കവികൾക്കും പ്രോത്സാഹനത്തിന്നും ഉന്നതിക്കും കാരണമായിട്ടുണ്ടെന്നും തുറന്നുപറയുന്നതിൽ യാതൊന്നും ശങ്കിക്കേണ്ടതില്ല.

പ്രസ്തുതരീതിയിലുണ്ടായിട്ടുള്ള ഈ കൂട്ടുകവിതകളിൽ ഞങ്ങൾ ഒടുവിൻെറ വസതിയിൽവെച്ച് ഒരിക്കൽ (ഒരു ശിവരാത്രിദിവസം) ഉറക്കമൊഴിക്കുവാൻവേണ്ടി കേവലം വിനോദരീതിയിൽ നിർമ്മിച്ചിട്ടുള്ളതാണ്, 'ചണ്ഡാലീമോക്ഷം' എന്ന മണിപ്രവാളകൃതി. അക്കാലത്ത് പ്രകൃതകൃതി വടക്കൻകോട്ടയത്തുനിന്ന് കോട്ടയത്തു വീരവർമ്മ എളയരാജാവിൻെറ ഉടമസ്ഥതയിലും, നല്ല ഒരു കവിയും സാഹിത്യരസികനുമായിരുന്ന കഴിഞ്ഞുപോയ നീലഞ്ചേരി ശങ്കരൻനായരുടെ പത്രാധിപത്യത്തിലും പുറപ്പെട്ടിരുന്ന 'സുജനവിനോദിനി' എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. 'കൂട്ടുകവിതാപ്രസ്ഥാന'ത്തിലുൾപ്പെട്ട ഒരു നിമിഷകവിതയായിരുന്നെങ്കിലും, അതിൽ ഒടുവിൻെറ കവിതയ്ക്കു് ഒരു പ്രത്യേക ചമൽക്കാരമുണ്ടായിരുന്നു. ശിവപുരാണത്തിലടങ്ങിയ 'ശിവരാത്രിമാഹാത്മ്യ'ത്തിലുള്ള ചണ്ഡാലിയുടെ മോക്ഷഗതിയെ പുരസ്കരിച്ചാണ് ഒടു, ശങ്കരൻകുട്ടിമേനോൻ, കടത്തനാട്ടു ശങ്കരവാരിയർ, പരിയാടത്തു ഗോപാലമേനോൻ,

ഞാൻ എന്നീ അഞ്ചുപേർ ഒത്തൊരുമിച്ച് ഒന്നര മണിക്കൂർ നേരംകൊണ്ട് അക്കഥ പ്രത്യേകഭാഗങ്ങളാക്കി വീതിച്ച വ്യത്യസ്തവൃത്തങ്ങളിൽ 26 പദ്യങ്ങളുള്ള ഓരോ സർഗ്ഗങ്ങളായി നിർമ്മിച്ചിട്ടുള്ളതു്. കഥയാകട്ടെ, ഓരോ പ്രത്യേകഭാഗം (അതിൻെറ ചുരുക്കവിവരത്തോടുകൂടി) ഓരോ നറുക്കിലെഴുതപ്പെട്ടുകയും, ഓരോരുത്തൎക്ക ലഭിക്കുന്ന ഭാഗം അവരവൎക്ക സ്വീകാൎയ്യമായിരിക്കുകയും വേണമെന്നു മുൻകൂട്ടി തീർച്ചപ്പെടുത്തുകയും ചെയ്തിരുന്നു. ഈവക പ്രാരംഭജാലികളെല്ലാം ശ്രീമതി ചിന്നമ്മുഅമ്മയുടെ അത്യുത്സാഹഭരിതമായ ചുമതലയിലാണു നിൎവ്വഹിക്കപ്പെട്ടതു്. അപ്രകാരം നറുക്കിട്ടെടുക്കപ്പെട്ടപ്പോൾ ഒടുവിന്നു കിട്ടിയ ഭാഗം ചണ്ഡാലി തൻെറ പിന്നത്തെ ജന്മത്തിൽ കുഷ്ഠരോഗം പിടിച്ചു, ബീഭത്സാകാരയായി കണ്ണും ചെകിടും കേൾക്കാതെ വഴിയിൽക്കിടന്നു പിച്ചയ്ക്കായി നിലവിളിക്കുന്ന ഘട്ടമായിരുന്നു. ആ ഭാഗം ഒടുവിന്നു കിട്ടിയതു് കേവലം അശുഭസൂചകമായിട്ടാണു് അദ്ദേഹത്തിൻെറ സഹധൎമ്മിണി പരിഗണിച്ചതു്. പക്ഷെ, അപ്രകാരം വികൃതാകൃതിയിലുള്ള ചണ്ഡാലിയെ വൎണ്ണിപ്പാനും കരുണരസപരിപൂരിതമായും മററും കവിതയെഴുതുവാനും ഞങ്ങളുടെ കൂട്ടത്തിൽ എല്ലാ നിലയിലും ശക്തിയും, ബുദ്ധിയും, യുക്തിയും ഒടുവിന്നുതന്നെയായിരുന്നതിനാൽ, ഞങ്ങൾക്കു് ആ വിഷയത്തെ സംബന്ധിച്ചേടത്തോളം ഒരുവിധം സംതൃപ്തിയുണ്ടായിരുന്നു. പ്രകൃതകൃതിയിലെ പ്രഥമഭാഗം ലഭിച്ചതു് എനിക്കാണു്. അതു ചണ്ഡാലിയുടെ പൂൎവ്വജന്മത്തെ ആസ്പദിച്ചുള്ള ശൃംഗാരമയമായ ഒരു ഘട്ടവുമാണു്. അപ്പോൾ

ത്തന്നെ ഒട്ടു പറയുകയുണ്ടായി, എന്നോടു നേരിട്ട്, “താൻ പരിഷ്ക്കാരരീതിയിൽ പട്ടശൃംഗാരവേഷം കെട്ടിച്ചു പുറപ്പെട്ടവിക്കുമായിരിക്കാം കഥാനായികയെ; ഞാൻ ആ വേഷത്തെ കേവലം ജുഗുപ്സാവഹമായ നിലയിൽ (പക്ഷേ, അവളുടെ രണ്ടാംജന്മത്തെപ്പററിയാണ്) വർണ്ണിക്കുന്നതു കണ്ടോളു,” എന്നും മററും. അദ്ദേഹത്തിൻെറ വാത്സല്യപൂർവ്വകമായ പ്രസ്തുത വെല്ലുവിളി എനിക്കും മററുള്ള കവികൾക്കും എല്ലാ നിലയിലും പ്രോത്സാഹജനകവും സന്തുഷ്ടിപ്രദവുമായിരുന്നു. ഞങ്ങൾ മുൻനിശ്ചയപ്രകാരം ‘ചണ്ഡാലീമോക്ഷം’ കേവലം നിമിഷകവിതയായി നിർമ്മിച്ചശേഷം എല്ലാവരും ഒത്തൊരുമിച്ചിരുന്ന്, അത് ഒട്ടാകെ വായിച്ച് അവരവരുടെ അഭിപ്രായങ്ങൾ തുറന്നു പറയുകയുണ്ടായി. ആ ‘കൂട്ടുകവിത’യിൽ ഒട്ടവിൻെറ ഭാഗമാണ് എല്ലാംകൊണ്ടും മെച്ചമായിട്ടുള്ളതെന്ന് ഞങ്ങൾക്കേവക്കും ബോദ്ധ്യമായി. മാത്രമല്ല, സാഹിത്യവ്യവസായത്തിൽ പഴക്കവും തഴക്കവും ചെന്ന ആ മഹാശയൻെറ മനോധമ്മമമ്മജ്ഞതതുളുമ്പുന്ന തൂലികയുടെ രസികതചവും ‘ചണ്ഡാലീമോക്ഷ’ത്തിൽ സർവ്വോപരി പ്രസ്പഷ്ടമായിട്ടുണ്ട്. ഉദാഹരണത്തിനായി ചണ്ഡാലി, കുഷ്ഠരോഗാർത്തയായി വഴിയിൽക്കിടന്നു നിലവിളിക്കുന്ന ഘട്ടത്തിലുള്ള ചില ശ്ലോകങ്ങളുംമററും ഇവിടെ ഉദ്ധരിക്കാം:

“കഴകിമിനുസമാക്കി,മുമ്പുപച്ച-
പ്പുഴ,പനിനീരൊടണിഞ്ഞകൊങ്കയുഗ്മം
കഴകിന്നവസരം വരായ്കമൂലം
പുഴ, പനി,നീരിടചേൎന്നു തത്തിടുന്നു,

വിട്ടവിടരെ വഴിക്കവെച്ചുകണ്ടാൽ
ചട്ടലതപൂണ്ടു കളിച്ചചാരുനേത്രം
കട്ടതരദുരിതക്കാറൊരികേറി-
പ്പട്ടകുഴിയായ് പരമേഷ്ഠിതീർത്തുപണ്ടേ.

ഒളിവരനന്നവേലമാസ്വാദിക്കും
തളിർമൃദുവാകിയ ചോരിവായ്ക്കിദാനീം
ഒളിമുഴവനകന്നു, ദുർവ്രണത്തിൽ-
ക്കളിയെഴമീച്ചകളാത്തുട്ടത്തിട്ടുന്നു.

സുലളിതകൃശമദ്ധ്യമന്നുമൂട്ടം
വിലപെരുകും മൃദുപട്ടുചേലയിപ്പോൾ
ചലമലരുധിരങ്ങൾ ചേർന്നുനാറി,-
പ്പുലവഴി കീറിമുഷിഞ്ഞ കച്ചയായി.

പലപല ഫലിതപ്രയോഗഗാന-
ക്കലവികളിൽപ്പുകൾപെട്ട തദ്രസജ്ഞ
അലഘുരുജ പൊറാഞ്ഞു ഹന്ത! 'ഹാ! ഹാ!'
നിലവിളി സാധകമാക്കിവാണിടുന്നു."

ചണ്ഡാലിയുടെ പൂർവ്വജന്മത്തിലെ ശൃംഗാരധോരണിയോടുകൂടിയ ആകാരസുഷമയേയും, അവളുടെ രണ്ടാം ജന്മത്തിലുള്ള ജുഗുപ്സാവഹമായ അംഗവൈരൂപ്യാദിയേയും സൂക്ഷ്മമായി ചർച്ചചെയ്തു്, താരതമ്യവിവേചനരീതിയിൽ യഥാർത്ഥ തന്മയത്വത്തോടുകൂടിയാണു് കേവലം നിമിഷകവിതയിൽ ഒരു പ്രശംസാർഹമാംവണ്ണം അവയെ നമ്മുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളതു്. മാത്രമല്ല, ആ ചണ്ഡാലി വഴിയിൽക്കിടന്നു നിലവിളിക്കുന്ന ഘട്ടം കേവലം 'പച്ചമലയാളഭാഷ'യിൽ അദ്ദേഹം വർണ്ണിക്കുന്നതും നോക്കുക;

"പറയനുടെ പഴങ്കിടാവു ഞാ,നെൻ
പിറവിയിലേ മിഴി രണ്ടുമില്ലയല്ലോ
കറപെടുമുടൽകണ്ടു തന്തയെന്തോ
പറവതു, ക്രൂരവെടിഞ്ഞു വിട്ടെറിഞ്ഞു.

ഒരുപിടിയരിയില്ല, കാശുകാശേ-
ന്നരുളുവതെങ്ങിനെയെന്നറിഞ്ഞുകൂട
കരുമനയിത്തുകണ്ടു നാഴിവെള്ളം
തരുവതിനുററവരും തരത്തിലില്ല."

അവൾ, 'ഗോകർണ്ണ'ത്തേയ്ക്കു് ശിവരാത്രി പ്രമാണിച്ചു പോയിരുന്ന യാത്രക്കാരുടെ ശ്രദ്ധയെ ആകർഷിച്ചിരുന്നതിനാൽ, അവരിൽ മിക്കവരും, "മഹാപാപിയായിരുന്നു പൂർവ്വജന്മത്തിൽ അവൾ, അതാണീ ദുരിതം വരുവാൻ കാരണം," എന്നു നിസ്സംശയം അഭിപ്രായപ്പെടുകയാണല്ലോ ചെയ്തതു്. ഒടുവിൽ അവരിൽ ഒരാൾ, ശിവപൂജയ്ക്കായിക്കൊണ്ടുപോയിരുന്ന വില്വപത്രങ്ങളിൽ ഒന്നെടുത്തു് അവൾക്കെറിഞ്ഞുകൊടുത്ത വസ്തുതയും നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ. ആ ഘട്ടം ഒടു വിവരിച്ചിട്ടുള്ളതു്,

"പ്ലവഗകരതലസ്ഥ മാലപോലാ-
യവ,ളതു നാററിവലിച്ചെറിഞ്ഞുദൂരെ
ശിവ! ശിവ! ഭഗവൻ! പ്രസീദ! ശംഭോ!
ജവമതു ചെന്നുപതിച്ചു ശൈവലിംഗേ."

എന്നും,

"ഭുജിപ്പതിനു നല്ലതല്ലിവയതെന്നു കല്പിച്ചുടൻ
ത്യജിച്ച ശിവപൂജനപ്രഥിത വില്വപത്രം സ്വയം

ദിജിഹകുല ഭൂഷന്നന്നുടയ സൽപ്രസാദാമൃതം
വൃജിച്ചു നിപതിച്ചതപ്പുറയിതന്റെ പുണ്യോദയം."

എന്നും മററും ഏററവും സ്വാഭാവികമായും തന്മയത്വത്തോടുകൂടിയുമാണ്. 'ചണ്ഡാലീമോക്ഷ'ത്തിലെ അദ്ദേഹത്തിൻെറ ഭാഗം വായിക്കുന്ന യഥാത്ഥ സാഹിത്യനിരൂപകന്മാക്ക്, ആ രസികശിരോമണിയായ വാസനാകവിയുടെ കവനകലാനൈപുണ്യം നിഷ്പ്രയാസം മനസ്സിലാക്കുവാൻ സാധിക്കും.

ഒട്ടു, തൻെറ കൂട്ടാളികളായ കവികളുമൊത്തു നിമ്മിച്ചിട്ടുള്ള മനോഹരമായ കവനമാതൃകകൾ മിക്കവാറും ഇത്തരത്തിലുള്ളവയാണ്. ഇതുപോലെ ഇനിയും പല കൂട്ടുകവിതകളിലും അദ്ദേഹം പങ്കുകൊണ്ടു് തൻെറ കാവ്യകലാനിപുണത പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളതും, പല നിലയിലും ഭാഷാസാഹിത്യാഭിവൃദ്ധിക്കു മുൻനിന്നു പ്രവത്തിച്ചിട്ടുള്ളതും അദ്ദേഹവുമായി ഏററവും അടുത്തു പരിചയപ്പെട്ടിട്ടുള്ള അസ്മാദൃശക്കു നല്ലപോലെ അറിയാവുന്ന സംഗതികളാണ്.

★

# ഒറവങ്കര നീലകണ്ഠൻനമ്പൂതിരി
## (രാജാ)

സ്മർയ്യപുരുഷനെ ഞാൻ നന്നെ ചെറുപ്പത്തിൽതന്നെ കണ്ടിട്ടുണ്ട്. അന്ന് കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ, കാത്തുള്ളി, നടുവം മുതലായ മാന്യകവികളുടെ കൂട്ടത്തിൽ അദ്ദേഹവും സാഹിത്യവിനോദങ്ങളിലേർപ്പെട്ടിരുന്നതിനാൽ കൊടുങ്ങല്ലൂർ കോവിലകത്തും കാത്തുള്ളിവീട്ടിലും വച്ചാണ് അദ്ദേഹത്തെ മിക്കവാറും ഞാൻ കണ്ടിട്ടുള്ളത്. രാജൻനമ്പൂതിരി എന്ന പേരിലാണ് അദ്ദേഹം പരക്കെ അറിയപ്പെട്ടിരുന്നത്.

രാജൻനമ്പൂതിരിയുടെ വിനയവും, വിവേകവും, പാണ്ഡിത്യവും, കവിതാവാസനയും, ഫലിതവും അന്നുള്ള സകല സാഹിത്യനിരൂപകന്മാരും നിർവ്യാജം അഭിനന്ദിച്ചിരുന്നു. മാത്രമല്ല, ഇടയ്ക്ക് അദ്ദേഹം കൊടുങ്ങല്ലൂർ കോവിലകത്തു വന്ന് അവിടെ അന്നു നടക്കാറുള്ള സാഹിത്യവിനോദങ്ങളിലേപ്പെട്ടു പ്രശംസാർഹനാവുക പതിവായിരുന്നതിനാൽ, അദ്ദേഹത്തോട് അസ്മാദൃശൎക്ക് പല നിലയിലും വളരെ ഭക്തിബഹുമാനാദികൾക്കിടവന്നിട്ടുണ്ട്. അദ്ദേഹത്തിന്നു കേവലം കവനകലാഭ്രമക്കാരായിരുന്ന അസ്മാദൃശരെ പ്രോത്സാഹിപ്പിക്കുകയെന്നത് ഏററവും സന്തുഷ്ടിപ്രദമായിരുന്നു. അതിനാൽ പലപ്പോഴും ഞാനും, എന്റെ സ്നേഹിതനായ നടുവത്തു പത്മനാഭമേനോനും (ഇദ്ദേഹം വാസനക്കാരനായ ഒരു കവിയായിരു

ന്നു.) അദ്ദേഹത്തെ കാണുന്നതു വലിയ ഒരു കാര്യമായി ക്കരുതിയിരുന്നു. കൂടാതെ, ചിലപ്പോൾ ഞങ്ങളെ പ്രത്യേകം പ്രോത്സാഹിപ്പിക്കുവാൻ ആ മഹാമനസ്സൻ ഞങ്ങളോടു കൂടിച്ചേർന്നു വിനോദത്തിന്നായി ചില കവിതകളും എഴുതിയിരുന്നു. ആ ഘട്ടത്തിലൊരിക്കലാണു ഞങ്ങൾ (ഞാനും ശ്രീ. നന്ത്യേലത്തു പത്മനാഭമേനോനും കൂടി) അദ്ദേഹത്തെ സമീപിച്ച്, മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ സ്മാരകമായി കൊടുങ്ങല്ലൂർനിന്നു പുറപ്പെട്ടിരുന്ന 'കേരളവ്യാസൻ' എന്ന മലയാളമാസികയ്ക്ക് ഒരു പദ്യലേഖനം എഴുതിത്തരുവാൻ അപേക്ഷിച്ചതു്. അന്നു് അദ്ദേഹം ശരീരത്തിന്നു നല്ല സുഖമില്ലാതെ കൊടുങ്ങല്ലൂർക്കടുത്തുള്ള പറൂരിൽ ചികിത്സയ്ക്കു ചെന്നു താമസിക്കുകയായിരുന്നു. ആരോഗ്യത്തിനു് ഏറെക്കുറെ ഹാനി തട്ടിയിരുന്നുവെങ്കിലും, അദ്ദേഹത്തിന്നു കവനവ്യവസായവിഷയത്തിൽ യാതൊരു ഉത്സാഹക്കുറവുമുണ്ടായിരുന്നില്ല. ഞങ്ങളോടു് അദ്ദേഹം ഇപ്രകാരം പുഞ്ചിരിപൂണ്ടു പറഞ്ഞു: "കുറച്ചു ദിവസമായി എനിക്കു നല്ല ദേഹസുഖമില്ല. എങ്കിലും നിങ്ങളെ ആശാഭംഗപ്പെടുത്താതിരിപ്പാനും, കുഞ്ഞിക്കുട്ടൻതമ്പാന്റെ സ്മാരകമായ ഒരു മാസികയെ സഹായിക്കേണ്ടു പ്രത്യേക ചുമതലയെനിക്കുമുള്ളതിനാലും ഒരു ചെറുകാവ്യം എഴുതിത്തരാം. അതു് ഒരു പുരാണകഥയെ ആസ്പദിച്ചാക്കാം. പ്രകൃത കഥ ഭാഷയിൽ വളരെ പ്രചാരമുള്ളതല്ലാത്തതിനാൽ വായനക്കാർക്കു് അതിൽ—ഏതാണ്ടു പുതിയ കഥയെന്ന നിലയിൽ—കുറച്ചു കൗതുകത്തിന്നും അവകാശമുണ്ടു്. നാരദമുനിയെക്കുറിച്ചുള്ളതാണു കഥ. ഇപ്പോൾ തന്നെ തുടങ്ങു

വാൻ ശ്രമിക്കാം." ഇപ്രകാരം ഞങ്ങളോടു സസന്തോഷം പ്രസ്താവിച്ചശേഷം അദ്ദേഹം പ്രകൃത കഥ ഞങ്ങളുടെ മുമ്പിൽവെച്ചുതന്നെ നിമ്മിക്കുവാൻ തുടങ്ങി. അതിലുള്ള,

"ശ്രീ നാരദാഖ്യ മുനി കാമിനിയായ വൃത്തം
ഞാനാദരേണ പറയാമറിവുള്ള വണ്ണം"

എന്നും മററുമുള്ള ചില പദ്യശകലങ്ങൾ എനിക്ക് ഓമ്മയുണ്ടു്. കുറെ പദ്യങ്ങൾ രാജൻനമ്പൂതിരി അപ്രകാരം എഴുതിയശേഷം കഴിയുന്നഃവഗത്തിൽ കഥ മുഴമിച്ചുയയ്ക്കാമെന്നു ഞങ്ങളോടേററുപറഞ്ഞു. അതുപ്രകാരം ഞങ്ങൾ സംതൃപ്തരായി അന്നു കൊടുങ്ങല്ലൂക്കു മടങ്ങുകയും ചെയ്തു.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ രാജൻനമ്പൂതിരിയുടെ സുഖക്കേടിൻെറ വത്തമാനം അറിയുവാനും, കേരളവ്യാസനിലേയ്ക്കു തരാമെന്നു് ഏററ കവിതയുടെ പണി കഴിഞ്ഞോ എന്നറിയുവാനും ഞങ്ങൾ വീണ്ടും അദ്ദേഹത്തെ പറൂരിൽത്തന്നെ പോയി കണ്ടു. അദ്ദേഹമാകട്ടെ, കഥയുടെ ഒരു ഭാഗം എഴുതിവെച്ചിരുന്നു. അതു ഞങ്ങൾ ഏററവും സന്തോഷത്തോടെ വാങ്ങി വായിച്ചു. സ്വതവേ ഒന്നാന്തരം വാസനക്കാരനും, നല്ല പണ്ഡിതനും, ഫലിതക്കാരനും, പഴക്കവും തഴക്കവുമുള്ള ഒരുത്തമ സഹൃദയനുമായ അദ്ദേഹത്തിൻെറ കഥയിലെ ഓരോ പദ്യവും വളരെ തന്മയത്വമുള്ളതായിരുന്നു. ഞങ്ങൾക്കു പ്രകൃത കൃതി വായിക്കയാലുണ്ടായ മനസ്സംതൃപ്തിക്കും ഒരു കയ്യും കണക്കുമുണ്ടായിരുന്നില്ല. ആദ്യഭാഗമാണു് അദ്ദേഹം എഴുതിത്തീത്തിരുന്നതെന്നു പ്രസ്താവിച്ചുവല്ലോ. അതിൽ

എല്ലാ പദ്യങ്ങളും മനോഹരങ്ങളായിരുന്നുവെങ്കിലും, അതിലടങ്ങിയ 'വൈകുണ്ഠവർണ്ണന'യ്ക്കു് ഒരു പ്രത്യേക മേന്മതന്നെ ഉണ്ടായിരുന്നു. പ്രസ്തുത പദ്യങ്ങൾ പലതും എനിക്കു് ഓർമ്മയുണ്ടായിരുന്നുവെങ്കിലും, ഇപ്പോൾ കാലപ്പഴക്കം ഹേതുവായി ഉദാഹരണത്തിന്നു മാത്രം വല്ലതും ഇവിടെ ഉദ്ധരിക്കുവാനേ സാധിക്കയുള്ളൂ. വൈകുണ്ഠവർണ്ണനയിലടങ്ങിയ,

"പൊന്മണിമണിമയമേന്തിയലങ്കരിച്ച
തങ്കകൾകൊണ്ടൊരു ഘനസ്തനി കൊട്ടിടുന്നു
കൊങ്കക്കുടങ്ങളുലയുംപടി മററൊരോമൽ-
ത്തങ്കത്തളക്കുഴലിരട്ടിചവിട്ടിടുന്നു"

എന്നും മററുമുള്ള പദ്യങ്ങൾക്കുള്ള ചമല്ക്കാരം ഞങ്ങളെ പ്രത്യേകം രസിപ്പിച്ചു. അപ്പോൾ എന്റെ സ്നേഹിതൻ പത്മനാഭമേനോൻ അദ്ദേഹത്തോട് ചിരിച്ചുകൊണ്ടു ചോദിച്ചു, എന്താ തിരുമേനി ഈ പദ്യത്തിൽ 'ഘനസ്തനി കൊട്ടിടുന്നു' എന്നു പ്രയോഗിച്ചതിലുള്ള ഔചിത്യം, ഘനിസ്തനിക്കും കൊട്ടിന്നുമായി എന്തൊരു പൊരുത്തമാണുള്ളതെന്നു്. ഉടനെ രസികനും, ശുദ്ധനും, സുസ്മേരവദനനുമായ അദ്ദേഹം തന്ന മറുപടി ഇപ്രകാരമായിരുന്നു: "നിങ്ങൾ ചെറുപ്പക്കാരാണു്. നിങ്ങൾക്കു് എന്നെ ഒന്നു പതുക്കെ കളിയാക്കുന്നതു് ഒരു രസമായിരിക്കാം.. 'ഘനസ്തനി'യുടെ കൊട്ടിന്നു മെച്ചമെന്തെന്നും മററുമുള്ള സംഗതി നിങ്ങൾതന്നെ ആലോചിച്ചാൽമതി. രസികതയാണു കവിതാസ്വാദനത്തിന്നു് അത്യാവശ്യമായിട്ടുള്ളതു്. അതു നിങ്ങൾക്കു നല്ലവണ്ണമുണ്ടു്. നിങ്ങൾ വാസനാകവികളുമാണു്. നിങ്ങൾ നിശ്ചയമായും ഉയർന്നുയരും സുപ്ര

സിദ്ധ കവികളാവും. കൊടുങ്ങല്ലൂർ കോവിലകവുമായും മററുമുള്ള സാഹചര്യം പല നിലയിലും നിങ്ങൾക്ക ശ്രേയസ്കരമാണ്." ഇത്രയും പറഞ്ഞു് അദ്ദേഹം ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. തദനന്തരം ഇനിയൊരിക്കൽ തമ്മിൽ കാണാമെന്നുള്ള ഉറപ്പിന്മേൽ ഞങ്ങൾ യാത്രപറഞ്ഞു പിരിയുകയുംചെയ്തു.

അധികകാലം പിന്നെ കഴിഞ്ഞില്ല. അദ്ദേഹം ഞങ്ങൾക്കു് എഴുതിത്തന്ന ആ അപൂർണ്ണകഥയുടെ പേർ 'നാരദോപാഖ്യാനം' എന്നായിരുന്നു. കേരളവ്യാസനിൽത്തന്നെ ആ കഥാഭാഗം പ്രസിദ്ധപ്പെടുത്തുകയും, അതിൻെറ യോഗ്യതയെപ്പററി നിർമ്മത്സരമതികളായ സാഹിത്യനിരൂപകന്മാർ ഹാർദ്ദമായി പുകഴ്ത്തുകയും ചെയ്തു. ബാക്കിഭാഗം 'വ്യാസ'നിൽ കാണ്മാൻ ഭാഷാഭിമാനികളായ സകല സഹൃദയന്മാരും അക്ഷമരായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ, രാജൻനമ്പൂതിരിക്കു ബാക്കിഭാഗം എഴുതുവാൻ സാധിക്കാത്തനിലയിൽ അദ്ദേഹം സുഖക്കേടുമൂർച്ഛിച്ചു കിടപ്പിലായിപ്പോയി. തന്മൂലം പ്രകൃതകഥ അപൂർണ്ണമായിത്തന്നെയിരിപ്പായി. മാത്രമല്ല, നിർഭാഗ്യവശാൽ കുറച്ചുനാൾ കഴിഞ്ഞപ്പോൾ ആ സുപ്രസിദ്ധകവി ഇഹലോകവാസം വെടിഞ്ഞ സങ്കടവൎത്തമാനം ഞങ്ങളുടെ കർണ്ണപുടങ്ങൾക്കു കർണ്ണകാകോളമായി ഭവിച്ചു. രാജൻനമ്പൂതിരിയുടെ ശാശ്വതവിയോഗത്താൽ ഭാഷാസാഹിത്യലോകത്തിന്നു് അത്യുത്തമനും, രസികശിരോമണിയും, യഥാർത്ഥ വാസനക്കാരനും, ഒന്നാന്തരം പണ്ഡിതനുമായ ഒരു ഭാഷാകവിയാണു നഷ്ടപ്പെട്ടതു്. വെണ്മണിനമ്പൂതിരിപ്പാടന്മാർ, കൊടുങ്ങല്ലൂർ തമ്പുരാക്ക

ന്മാർ തുടങ്ങിയ പഴയ പ്രസിദ്ധകവികളുടെ 'കമ്പനി' യിൽ വളരെക്കാലത്തോളം പങ്കുകൊണ്ടിരുന്ന ആ പരിശുദ്ധാത്മാവ് പല നിലയിലും അന്നുള്ള ഭാഷാഭിമാനികൾക്ക് ഒരു 'കണ്ണിലുണ്ണി'യായിരുന്നു. കാരണം, അദ്ദേഹത്തിന്റെ വിനയവും, വിശേഷവിധിയായി ആ മഹാശയൻ പ്രസ്പഷ്ടമാക്കിയിരുന്ന രസികത്വവുമാണ്. എല്ലാ നിലയിലും രാജൻനമ്പൂതിരി അന്നത്തെ ഭാഷാസാഹിത്യനഭോമണ്ഡലത്തിലെ ഒരു പ്രധാന തേജഃപുഞ്ജംതന്നെയായിരുന്നു. ഈ അഭിപ്രായം ഖണ്ഡിക്കുവാൻ നിർമ്മത്സരമതികളായ സാഹിത്യനിരൂപകന്മാർ ഒരിക്കലും ഒരുമ്പെട്ടുമെന്നു തോന്നുന്നില്ല.

സ്മർത്തവ്യപുരുഷന്റെ കവനകലാനൈപുണ്യവും, ഫലിതപ്രയോഗത്തിലുള്ള സാമർത്ഥ്യവും സുപ്രസിദ്ധമാകയാൽ അവയുടെ ചില മാതൃകകൾ ഇവിടെ എടുത്തുകാണിക്കുന്നതുകൂടി സന്ദർഭോചിതമാണെന്നു വിശ്വസിക്കുന്നു.

രാജൻനമ്പൂതിരിയുടെ ഫലിതരസപരിപൂരിതവും ആശയഗംഭീരവുമായ,

"മർത്ത്യാകാരേണ ഗോപീവസനനിര കവ-
ർന്നോരു ഗോപാലനെത്തൻ
ചിത്തേ ബന്ധിച്ച വഞ്ചീശ്വര,തവ നൃപനീ-
തിക്കു തെററില്ല ചെററും
പൊൽത്താർമാതാവിതാ°തൻകണവനെ വിട്ടവാ-
നാശ്രയിക്കുന്നു, ദാസീ-
വൃത്ത്യാനിത്യംഭവാനെ, ക്കനിവവളിലുദി-
ക്കൊല്ല കാരുണ്യരാശേ!"

എന്ന പദ്യം സുപ്രസിദ്ധമാണ്. അന്നത്തെ തിരുവിതാം കൂർമഹാരാജാവിന്ന് അദ്ദേഹം സമർപ്പിച്ച പ്രകൃതപദ്യത്തിലടങ്ങിയിരിക്കുന്ന അതിമനോഹരവും ഗംഭീരവുമായ ആശയഗുണവും, ഫലിതരസസ്ഫൂർത്തിക്കുത്തമനിദൎശനമായ പ്രയോഗവൈചിത്ര്യവും സാരമായ ഒരുപദേശവും അന്നും ഇന്നും സഹൃദയശിരോമണികൾ തലകുലുക്കി സമ്മതിച്ചിട്ടുള്ളതാണ്. ഈ നിലയിലാണ് ആ മഹാശയൻെറ മിക്ക പദ്യങ്ങളുമെന്നു തുറന്നു പറയുന്നതു് ഒരിക്കലും എനിക്ക് അദ്ദേഹത്തോടുള്ള പക്ഷപാതിത്വം കൊണ്ടല്ല; കേവലം പരമാൎത്ഥംമാത്രമാണ്. മാത്രമല്ല, അദ്ദേഹത്തിൻെറ സന്ദർഭോചിതമായ ബുദ്ധിസാമൎത്ഥ്യവും, ഫലിതവും, വ്യക്തമായി പ്രസ്പഷ്ടമാക്കുന്നതിന്നു ഇനിയും ഒരു ഉദാഹരണം ഇവിടെ കൊടുക്കാം.

ഒരിക്കൻ രാജൻനമ്പൂതിരിയുടെ സ്വദേശമായിരുന്ന അന്നമനടയിലുള്ള ക്ഷേത്രത്തിൽ ശാന്തിക്കാരനായി ഒരു ചെറുപ്പക്കാരൻ 'തുളുനാടൻ' എമ്പ്രാന്തിരി വന്നിരുന്നു. കുറച്ചുകാലം പ്രസ്തുതസ്ഥലവും ആ നാട്ടുകാരുമായി ഇടപെട്ടിട്ടും, അയാൾക്കു സ്വതവേയുണ്ടായിരുന്ന 'കാടൻസ്വഭാവം' വിട്ടുപോയിരുന്നില്ല. തുളുനാട്ടിൽനിന്ന് എമ്പ്രാന്മാർ മലയാളത്തിൽ വന്നിറങ്ങുമ്പോൾ കുറച്ചുകാലംകൊണ്ടേ അവർ നാട്ടുകാരായി ഇണങ്ങിക്കൂടുകയുള്ളു. എന്നാൽ പ്രസ്തുത എമ്പ്രാൻ കാലപ്പഴക്കം കൊണ്ട് നന്നാകാൻ പ്രയാസമുള്ള ഒരാളായിരുന്നു. അയാൾ, ക്ഷേത്രത്തിൽ ദർശനത്തിന്നു പോകുന്നവൎക്കു ശരിയായി പ്രസാദവും മററും കൊടുക്കാറില്ലെന്നു മാത്രമല്ല, അവരോടു മൎയ്യാദയായി പെരുമാറുകയും പതിവില്ല.

തന്മൂലം, നാട്ടുകാരായ ഭക്തന്മാക്ക് അദ്ദേഹത്തോടു വെറുപ്പുണ്ടായിരുന്നു. അന്നമനട ദേശത്തു പല നിലയിലും പ്രമാണിയും, പ്രസിദ്ധകവിയും, വലിയ ഒരു ഭക്തനുമായ രാജൻനമ്പൂതിരിയെ സമീപിച്ചു് ആ നാട്ടുകാർ, ശാന്തിക്കാരനായ തുള്ളനാടനെപ്പററി ആവലാതി ബോധിപ്പിച്ചു. ഫലിതക്കാരനായ സ്ലത്ത്വപുരുഷൻ അവരോടു സസന്തോഷം പറഞ്ഞയച്ചു, "ഞാൻ നാളെ രാവിലെ ക്ഷേത്രത്തിൽ ദർശനത്തിനു വരുന്നുണ്ടു്, നിങ്ങൾ എല്ലാവരും അവിടെ ഉണ്ടായാൽ മതി, നമുക്ക് അതിനു വേണ്ട വിധത്തിലുള്ള 'പോംവഴി'കാണാമെ"ന്നു്. അതുപ്രകാരം അദ്ദേഹം പിറേറന്നു രാവിലെ അമ്പലത്തിലേയ്ക്കു പുറപ്പെട്ടപ്പോൾ ഒരു കുറിമാനവും കയ്യിലെടുത്തിരുന്നു. അതിൽ എന്തോ ചിലതു കുറിച്ചിരുന്നുപോൽ. രാജൻനമ്പൂതിരി ക്ഷേത്രത്തിൽ ചെന്നപ്പോൾ ശാന്തിക്കാരനായ ആ ഇണങ്ങാത്ത എമ്പ്രാൻ കുറച്ചൊക്കെ വകതിരിവോടു കൂടി പെരുമാറുകയുണ്ടായി. അതു പക്ഷേ, അദ്ദേഹം (രാജൻനമ്പൂതിരി) പ്രസിദ്ധനും പ്രമാണിയുമായിരുന്നതു കൊണ്ടാണെന്നു പറയുവാനേ നിവൃത്തിയുള്ളു. വിശേഷിച്ചു്, ആ തുള്ളനാടൻ കേവലം കാടനായിരുന്നെങ്കിലും, അയാൾക്കു ഭാഷാകവിത കേൾക്കുവാനും, അവയിൽ ചിലതെല്ലാം മനസ്സിലാക്കുവാനും സാധിച്ചിരുന്നു. അതിന്നു് അയാൾക്ക് ഒരു കൗതുകമോ മോഹമോ ആയിരുന്നുപോൽ. രാജൻനമ്പൂതിരി ക്ഷേത്രത്തിൽ പ്രവേശിച്ചു തൊഴുതു നില്ക്കുമ്പോഴെയ്ക്കും ശാന്തിക്കാരൻ പ്രസാദവും കൊണ്ടുവന്നു് ഓച്ഛാനിച്ചു നിൽപ്പായി. ഉടനെ നമ്മുടെ

ചരിത്രപുരുഷൻ, തന്റെ പക്കലുള്ള കുറിമാനമെടുത്ത് അയാളെ നോക്കിക്കൊണ്ട്,

"ചോപ്പൻക,ണ്ണിടയിൽപ്പിടിച്ചു പറയും
ക്രൂരാക്ഷരാഭാഷണം,
ക്രൂപ്പൻമോന്ത, കറുകഴത്തിടപെട്ടും
ദന്താഭ കുന്തവ്രജം
മോപ്പാളപ്പുറമൊത്ത മാറിടവുമാ,-
യെല്ലാവരോടും പരം
മൂപ്പി'ച്ചിഞ്ചികടിച്ചു'കൊണ്ടുവരുമീ-
യുണ്ണായ്ക്കുനാരേതെടൊ?"

എന്ന പദ്യം ഉറക്കെ വായിച്ചു. അല്പം കവിതാഭ്രമമുള്ള അയാൾക്ക് അതു കലശലായ ജാള്യതയ്ക്കിടയാക്കി. കാരണം, ആ ഛായാശ്ലോകം അയാളുടെ ആകൃതിയുടെയും പ്രകൃതിയുടെയും തനിപ്പകർപ്പായിരുന്നു. പ്രകൃതപദ്യം കേട്ടുനിന്നിരുന്നവരായ നാട്ടുകാരും രാജൻനമ്പൂതിരിയുടെ രസികതയെപ്പറ്റി പ്രത്യേകം ശ്ലാഘിച്ചു. ആ ശാന്തിക്കാരനാകട്ടെ, തന്നെ ഒരു പാഠംപഠിപ്പിക്കുവാനാണു രാജൻനമ്പൂരി അപ്രകാരം ഒരു പദ്യത്തോടുകൂടി ക്ഷേത്രത്തിൽ ദർശനത്തിനു വന്നതെന്നു തീർച്ചപ്പെടുത്തുകയും, ഉടനെതന്നെ അദ്ദേഹത്തെ താണുതൊഴുത്, "തിരുമേനി, മേലാൽ നാൻ ഒരാവലാധീം ഉണ്ടാക്ക്വേല്ല; തിരുമേനീടെ കരുണ ബേണം," എന്നു വിനയപൂർവ്വം പറയുകയുണ്ടായി. അപ്രകാരം രാജൻനമ്പൂതിരി അന്നമനടക്ഷേത്രത്തിലെ വകതിരിവില്ലാത്ത ശാന്തിക്കാരനെ മര്യാദ പഠിപ്പിക്കുകയും, ആ നാട്ടുകാർക്കു ദേവദർശനത്തിനു കൂടുതൽ

സൗകര്യമുണ്ടാക്കിക്കൊടുക്കുകയും ചെയ്ത സംഗതി സുപ്രസിദ്ധമാണ്. ഇന്നും ആ രസകരമായ സംഭവത്തെപ്പററി അന്നമനടയുള്ള ചില വൃദ്ധന്മാർ, സകൗതുകം അനുസ്മരിക്കാറുണ്ടെന്നാണു വത്തമാനം.

ചരിത്രപുരുഷൻ ഒരു പ്രസിദ്ധകവിയും, പണ്ഡിതനും, രസികനും, സുശീലനുമായിരുന്നുവെന്നുള്ളതു പരക്കെ അറിവുള്ള ഒരു പരമാത്ഥമാണ്. അദ്ദേഹം അന്നത്തെ കൊടുങ്ങല്ലൂർ കവിസദസ്സിലെ അംഗങ്ങളോടുചേന്നു പലവിധ കൃതികളും നിമ്മിച്ചിട്ടുണ്ട്. അന്നുള്ള പലരും 'അംബോപദേശ'മെന്ന കൃതിയെഴുതിയതനുസരിച്ച് അദ്ദേഹവും അങ്ങനെ ഒരു കൃതി നിർമ്മിച്ചു. എന്നാൽ അതു് എല്ലാ നിലയിലും രസകരവും സഭ്യവുമാണ്. ചില നാടകങ്ങളും, വിദ്യാത്ഥികൾക്കു സാരോപദേശരീതിയിൽ ഒരു സദാചാരകൃതിയും, മററുപല ഖണ്ഡകൃതികളും അനേകം ഒററശ്ലോകങ്ങളും രാജൻനമ്പൂരി രചിച്ചിട്ടുണ്ടെന്ന് ഇയ്യുള്ളവനറിയാം. അവയെല്ലാം സഹൃദയസമ്മതി ലഭിച്ചിട്ടുള്ളവയുമാണ്. എന്നാൽ, ആ മഹാശയൻ ഒരൊന്നാന്തരം മാന്ത്രികനും, ദേവീഭക്തനും കൂടിയായിരുന്നുവെന്ന യാഥാത്ഥ്യം മിക്ക ഭാഷാഭിമാനികളും മനസ്സിലാക്കിയിരിക്കയില്ല. രാജൻനമ്പൂതിരിയുടെ ദൈവഭക്തി(ദേവീസേവ)യെക്കുറിച്ച്, അന്ന് അദ്ദേഹവുമായി അടുത്തു പരിചയിച്ചിട്ടുള്ളവർ പലരും പ്രത്യേകം പ്രശംസിച്ചു വിവരിക്കാറുണ്ട്. മന്ത്രവാദത്തിലുള്ള അദ്ദേഹത്തിൻെറ വൈദഗ്ദ്ധ്യവും സ്തുത്യർഹമാണ്. ഈ രണ്ടു വിഷയവും, സൂക്ഷ്മമായി പരിശോധിക്കുന്ന പക്ഷം, മഹാ

KOTTAYAM PUBLIC LIBRARY

[illegible] ന വ്യക്തമാകു[illegible] [illegible]സ്തവനിർമ്മാണത്തിനും ഭക്തിദ്യോതകങ്ങളായ മററുപല കൃതികൾ ഭംഗിയായി എഴുതുവാനും രാജൻനമ്പൂതിരിയോടുപമിക്കത്തക്ക യോഗ്യനായ ഒരു കവി അദ്ദേഹമല്ലാതെ മററാരുമില്ലെന്നു് അക്കാലത്തു് മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ പലപ്പോഴും ‘അനന്വയാലങ്കാര’ രൂപത്തിൽ പറയാറുണ്ടു്. പരമഭക്തനും, പരിശുദ്ധനുംകൂടിയായ അദ്ദേഹത്തിന്റെ പാവനമായ ആത്മാവു് നിത്യസമാധാനത്തിൽ ലയിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു.

★

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. 1201 PAR·B    Acc. No. 7363.

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

M01
PAR.B

7363.

പരമേശ്വരക്കുറുപ്പ്
(കോഴിപ്പള്ളി)
ഭാഷാസാഹിത്യത്തിലെ
പഴയ തലമുറ.

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. M01 PAR.B Acc. No. 7363

Author പരമേശ്വരക്കുറുപ്പ്
[illegible]

Title ഭാഷാസാഹിത്യത്തിലെ
[illegible]

gpura.org